## A welcome of deep felt affection to Hazrath Mirza Masroor Ahmed, Khalifathul Masih V on his historic visit to Holy Qadian

It is the second coming of the refulgence of Islam to the homeland of Ahmadiyyath as your gracious self is setting foot on the soil of holy Qadian. The first was when Hazrath Khalifathul Masih IV (R) made his visit to the holyland in the year 1991. It was the occasion when India was blessed with the presence of the Khalifa of Islam for the first time after the Partition. The relations between India and Pakistan were at the lowest ebb then. But your holy self is visiting India when its relations with its neighbour is firmly set on a peaceful and cordial base.

May Allah will it so that your sojourn in this country brings fruitful advance to the cause of Islam and Ahmadiyyath in this sub-continent. May Allah grant that the Ahmadis and non Ahmadis alike reap a glorious spiritual harvest as a result of this historic visit. May the true face of Islam with all its resplendence of peace and tolerance shine forth once again in this land of great spiritual heritage. We wish and pray that Huzoor, AmathusSabooh Begum Sahiba and the entire entourage who accompany your gracious self find this trip a very wholesome and pleasant experience. May Allah be with you in each step that your take in His cause.

We remain, your most obedient and loyal sisters in faith,

The Lajna Imaillah, Kerala.

# ആത്മീയജ്യോതിസ്സിന് സ്വാഗതം

**അ**ഹ്മദിയ്യത്തിന്റെ ജന്മഗേഹത്തിലേക്ക് അഹ്മദിയ്യാ സാരഥിക്ക് സ്വാഗതം. 21-ാം നൂറ്റാണ്ടിന്റെ ഹൃദയനിമന്ത്രണങ്ങളിൽ ഇസ്‌ലാമിന്റെ ഉജ്ജ്വലപ്രഭാവം ചൊരിഞ്ഞ ആത്മീയജ്യോതിസ്സിന് സ്നേഹാദരങ്ങളോടെ വരവേല്പ്!

ഹുസൂറിന്റെ ഇന്ത്യാസന്ദർശനം ഞങ്ങൾക്ക് ഓർമ്മയുടെ നിധിസഞ്ചയമായിത്തീരുന്നു. സഹസ്രാബ്ദങ്ങളുടെ സാഗരപ്രവാഹത്തിൽ സംസ്കാരത്തിന്റെ സ്വർണ്ണച്ചെപ്പുമായി നില്ക്കുന്ന ഒരു രാജ്യം- സിന്ധുഗംഗാ സമതലഭൂമിയിൽ ഹരിതക്കാഴ്ചകളുടെ നൂറുമേനിയുമായി നില്ക്കുന്ന ഒരു രാജ്യം- ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് എത്തിച്ചേർന്ന മതങ്ങളെ വാരിപ്പുണർന്ന മതസമന്വയത്തിന്റെ സംഗഭൂമി- അതെ, ഇവിടെ ഈ ഇന്ത്യയിലാണ് അവസാനകാലത്തേക്ക് വാഗ്ദത്തം ചെയ്യപ്പെട്ട പരിഷ്കർത്താവ് തന്റെ ദൗത്യനിർവ്വഹണത്തിന് തുടക്കമിട്ടത്. ഇസ്‌ലാമിന്റെ ആ സൂര്യതേജസ്സ് അസ്തമിക്കുന്ന പ്രശ്നമേയില്ല.

വിഭജനത്തിന്റെ മുറിപ്പാടിൽ വിങ്ങുന്ന വേദനയുമായി കഴിഞ്ഞുകൂടേണ്ടിവന്ന ഹതവിധി മറന്ന് സാഹോദര്യത്തിന്റെ ഒരു പൂക്കാലവുമായി ഇന്ത്യയും പാക്കിസ്ഥാനും കൈകോർക്കുന്ന നന്മയുടെ വസന്തം സമാഗതമായിക്കൊണ്ടിരിക്കുന്ന ഈ അസുലഭ സന്ദർഭത്തിൽ അങ്ങയുടെ വരവ് സ്നേഹസാഹോദര്യങ്ങളുടെ നേർക്കാഴ്ചയാണെന്ന് ഞങ്ങൾ അഭിമാനപൂർവ്വം കരുതുന്നു. ആത്മീയജീവിതത്തിന്റെ നിറസമൃദ്ധിയുമായാണ് അങ്ങ് വരുന്നത്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മൂല്യങ്ങളെ പുനഃസ്ഥാപിക്കാനാണ് അങ്ങയുടെ ശ്രമം. ധാർമ്മികതയുടെ വേരുകൾ ദ്രവിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് അത് നിലനിർത്താനുള്ള ഏക ആശ്രയം അങ്ങയുടെ നേതൃത്വത്തിൽ നടക്കുന്ന ധീരശ്രമമാണ്. മനസ്സിനെ ത്രസിപ്പിക്കുന്ന മാനവികതയുടെ സ്പന്ദതാളവും ആതുരശ്രമങ്ങളിലൂടെ ഒഴുകിയെത്തുന്ന സാന്ത്വനത്തിന്റെ തുടിപ്പും അങ്ങയിലൂടെ അഹ്മദിയ്യത്തിന്, ഇസ്‌ലാമിന് ജീവരാഗമായിത്തീരുന്നു.

അങ്ങ്, ഇവിടെ അഹ്മദിയ്യത്തിന്റെ പ്രഭവഭൂമിയിൽ കാൽവെയ്ക്കുമ്പോൾ ആത്മീയജീവിതസാഗരത്തിന്റെ അഗാധതലത്തിൽനിന്ന് വാരിയെടുത്ത അനേകം മുത്തുകളുമായാണ് അങ്ങ് എത്തിച്ചേരുന്നതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ആ മുത്തുകളിലൊന്നെങ്കിലും സ്വന്തമാക്കാൻ കഴിയണേയെന്നാണ് ഞങ്ങളുടെ പ്രാർത്ഥന.

ഞങ്ങളുടെ മനസ്സിന്റെ ആഴങ്ങളിൽനിന്ന് ഉറവെടുക്കുന്ന സ്നേഹവായ്പോടെ ഞങ്ങൾ അങ്ങയേയും പ്രിയപത്നി അമത്തുസ്സബൂഹ് ബീഗം സാഹിബയേയും സ്വാഗതം ചെയ്യുന്നു. അങ്ങയുടെ ഈ വരവിൽ ഞങ്ങൾ ആരോടാണ് നന്ദി പറയേണ്ടത്? ഇവിടെ ആ നന്ദി ഇങ്ങനെ രേഖപ്പെടുത്തുന്നു. '*അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ*'- സർവ്വസ്തുതിയും സർവ്വലോകരക്ഷിതാവായ അല്ലാഹുവിന്നാകുന്നു.

*ലജ്നാ ഇമായില്ലാഹ്- കേരള*

# വിശുദ്ധഖുർആനിൽനിന്ന്

**ഹ**ജ്ജ്(കാലം) സുപരിചിതങ്ങളായ മാസങ്ങളാകുന്നു. അതിനാൽ, ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് നിർവ്വഹിക്കുമെന്ന് ഉറച്ചുകഴിഞ്ഞാൽ പ്രേമസല്ലാപമോ, അതിക്രമമോ, ദുർവിവാദമോ ഹജ്ജിൽ പാടുള്ളതല്ല. നന്മയുടെ ഏത് കാര്യം നിങ്ങൾ ചെയ്താലും അത് അല്ലാഹു അറിയുന്നു. യാത്രയ്ക്ക് ആവശ്യമായ വിഭവങ്ങൾ കരുതിക്കൊള്ളുക. തീർച്ചയായും ഏറ്റവും നല്ല കരുതൽവിഭവം 'തഖ്‌വ' (ദൈവഭക്തി)യാകുന്നു. ബുദ്ധിമാന്മാരെ നിങ്ങൾ എന്നെ (മാത്രം) ഭയപ്പെടുക.
(ഹജ്ജ് വേളയിൽ) നിങ്ങളുടെ നാഥനിൽനിന്നുള്ള അനുഗ്രഹം അന്വേഷിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. അങ്ങനെ നിങ്ങൾ അറഫാത്തിൽനിന്ന് (കൂട്ടത്തോടെ) മടങ്ങിക്കഴിഞ്ഞാൽ, 'മശ്അറുൽ ഹറാ' മിനടുത്ത് വെച്ച് (മുസ്ദലിഫയിൽ) അല്ലാഹുവിനെ സ്മരിക്കുക. അവൻ നിങ്ങൾക്ക് മാർഗ്ഗദർശനം നൽകിയ പ്രകാരം നിങ്ങൾ അവനെ സ്മരിക്കുക. ഇതിനു മുമ്പ് തീർച്ചയായും നിങ്ങൾ വഴിപിഴച്ചവരിൽ പെട്ടവരായിരുന്നുവല്ലോ.
പിന്നീട് (മുൻഗാമികളായ) ജനങ്ങൾ മടങ്ങിക്കൊണ്ടിരുന്ന സ്ഥലത്തുകൂടി നിങ്ങളും മടങ്ങുക. അല്ലാഹുവിനോട് മാപ്പിനപേക്ഷിക്കുക. നിശ്ചയമായും അല്ലാഹു സർവ്വഥാ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമാകുന്നു.
അങ്ങനെ നിങ്ങളുടെ ആരാധനാകൃത്യങ്ങൾ നിർവ്വഹിച്ചുകഴിഞ്ഞാൽ, (മുമ്പ്) നിങ്ങളുടെ പൂർവ്വപിതാക്കളെ നിങ്ങൾ സ്മരിച്ചിരുന്നതുപോലെ, അഥവാ അതിലുപരിയായി അല്ലാഹുവിനെ (നിങ്ങൾ) സ്മരിക്കുക. എന്നാൽ, 'ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് ഇഹലോകത്തിൽ (സുഖജീവിതം) നല്കേണമേ!' എന്ന് പ്രാർത്ഥിക്കുന്ന ചില മനുഷ്യരുണ്ട്. അവർക്കാകട്ടെ പരലോകത്ത് യാതൊരു വിഹിതവുമില്ല.
'ഞങ്ങളുടെ നാഥാ! ഐഹികജീവിതത്തിൽ ഞങ്ങൾക്ക് നീ നന്മ നല്കേണമേ, പരലോകത്തും നീ ഞങ്ങൾക്ക് നന്മ നല്കേണമേ, നരകശിക്ഷയിൽ നിന്ന് നീ ഞങ്ങളെ കാത്തുരക്ഷിക്കേണമേ!' എന്ന് പ്രാർത്ഥിക്കുന്ന ചിലരും അവരിലുണ്ട്. അവർക്കത്രെ തങ്ങൾ സമ്പാദിച്ചതിന്റെ ഒരു (നല്ല) അംശം ലഭിക്കുക. അല്ലാഹു അതിവേഗം കണക്കെടുക്കുന്നവനാകുന്നു.
നിശ്ചിതദിവസങ്ങളിൽ നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുക. എന്നാൽ, ആരെങ്കിലും രണ്ട് ദിവസങ്ങളിലായി (കർമ്മങ്ങൾ നിർവ്വഹിച്ച്) ധൃതിപ്പെട്ട് (മടങ്ങുന്നു) വെങ്കിൽ അയാൾക്ക് കുറ്റമൊന്നുമില്ല. ആരെങ്കിലും, പിന്തിമടങ്ങുന്നുവെങ്കിൽ അയാൾക്കും കുറ്റമില്ല. (ഈ ആനുകൂല്യം) സൂക്ഷ്മത കൈക്കൊള്ളുന്നവർക്കുള്ളതാകുന്നു. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. (ഒരു നാളിൽ) നിങ്ങൾ അവന്റെ സന്നിധിയിൽ ഒരുമിച്ച് കൂട്ടപ്പെടുന്നവരാണെന്നറിയുക. (*2:198-204*)

# തിരുനബിസൂക്തങ്ങൾ

***അൽഅൻആം*** എന്ന അദ്ധ്യായത്തിലെ 122-ാം സൂക്തത്തെ സംബന്ധിച്ച് നബി(സ) അരുളുന്നു: (***അവമൻകാന*** എന്നതു മുതൽ ***യഅ്മലൂന*** വരെയാണ് ഈ പറഞ്ഞ സൂക്തം) ഫാത്തിഹയിൽ ഇല്ലാത്ത ഏഴക്ഷരങ്ങൾ ഈ ആയത്ത് ഉൾക്കൊള്ളുന്നു. ഇതുമുഖേന നിങ്ങൾ അല്ലാഹുവിനോട് നന്മയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും നാശത്തിൽനിന്ന് അഭയം തേടുകയും ചെയ്തുകൊള്ളുക. (അതിന്റെ അർത്ഥം: നിർജ്ജീവാവസ്ഥയിലായിരുന്നതിനുശേഷം നാം ജീവൻ നല്കുകയും മനുഷ്യർക്കിടയിൽ നടക്കുവാനായി നാം വെളിച്ചം നല്കുകയും ചെയ്തവൻ ഒരിക്കലും പുറത്തുപോരാൻ കഴിയാത്തവിധം അന്ധകാരത്തിലകപ്പെട്ടവനെപ്പോലെയാണോ? ഇപ്രകാരം അവിശ്വാസികൾക്ക് അവർ പ്രവർത്തിച്ചിരുന്നത് ഭംഗിയാക്കി കാണിക്കപ്പെട്ടിരിക്കുന്നു.)

***ഇസ്റാഅ്*** എന്ന അദ്ധ്യായത്തെ സംബന്ധിച്ച് നബി(സ) അരുളുന്നു! "വല്ലവനും രാവിലേയോ വൈകുന്നേരമോ ആ അദ്ധ്യായം അവസാനംവരെ പാരായണം ചെയ്താൽ അവന്റെ ഹൃദയം ആ പകലിൽ അല്ലെങ്കിൽ ആ രാത്രി മരവിക്കുകയില്ല."
*(അബുമൂസാ, ദൈലമിയ്യിൻ)*

നബി(സ) അരുളുന്നു! അല്ലാഹുവിന്നാണ് സർവ്വസ്തുതിയും. അവന്ന് സന്താനങ്ങളില്ല. ആധിപത്യത്തിൽ അവന്ന് യാതൊരു പങ്കാളിയുമില്ല. നിന്ദ്യതയിൽനിന്ന് രക്ഷപ്പെടുത്തുവാനായി രക്ഷാധികാരിയും അവന്നില്ല.

"നീ അവനെ നല്ലവണ്ണം മഹത്വപ്പെടുത്തുക" എന്ന ആയത്ത് പ്രതാപത്തിന്റെ ആയത്താണ്. (ആയത്ത് അൽഹംദു മുതൽ തക്ബീറൻവരെ) *(മുആബ്നു അനസ്, അഹ്മദ്, ത്വബ്റാനി)*

***അൽകഹ്ഫ്*** എന്ന അദ്ധ്യായത്തെ സംബന്ധിച്ച് നബി(സ) അരുളുന്നു! വല്ലവനും സൂറത്തുൽ കഹ്ഫ് എന്ന അദ്ധ്യായത്തിലെ ആദ്യത്തെ പത്തായത്ത് ഹൃദിസ്ഥമാക്കിയാൽ മസീഹു ദജ്ജാലിന്റെ കുഴപ്പത്തിൽ നിന്ന് അവൻ സംരക്ഷിക്കപ്പെടുന്നതാണ്."
*(ആയിശ: ഇബ്നുമുർദവൈഹി)*

ആയത്തുൽ കുർസിയ്യിനെ സംബന്ധിച്ചു നബി(സ) അരുളുന്നു. അൽബഖറ എന്ന അദ്ധ്യായത്തിൽ ഒരു സൂക്തമുണ്ട്. അത് ഖുർആനിലെ മറ്റ് സൂക്തങ്ങളുടെ നായികയാണ്. അത് ഒരു വീട്ടിൽവെച്ച് പാരായണം ചെയ്താൽ ആ വീട്ടിൽനിന്ന് പിശാച് പുറത്തുപോകാതിരിക്കുകയില്ല. ഈ പറഞ്ഞ സൂക്തം ആയത്തുൽ കുർസിയ്യ് ആണ്. (അല്ലാഹു ലാഇലാഹ് ഇല്ലാഹുവൽ ഹയ്യുൽഖയ്യൂം എന്ന് തുടങ്ങുന്ന ആയത്താണ്.) *(അബൂഹുറൈറ, ഹാകിം, ബൈഹഖി)*

സൂറത്തുൽ ബഖറായിലെ അവസാനത്തെ ആയത്തുകളെ സംബന്ധിച്ചു നബി(സ) അരുളുന്നു. നിശ്ചയമായും അല്ലാഹു അവന്റെ സിംഹാസനത്തിന്റെ അന്തർഭാഗത്ത് നല്കിയിട്ടുള്ള ആയത്തുകൾ കൊണ്ടാണ് അൽബഖറ എന്ന അദ്ധ്യായം അവസാനിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് നിങ്ങൾ അത് പഠിക്കുകയും നിങ്ങളുടെ സ്ത്രീകൾക്കും കുട്ടികൾക്കും അത് പഠിപ്പിച്ചു കൊടുക്കുകയും ചെയ്യുക. നിശ്ചയമായും ആ രണ്ട് ആയത്തുകൾ നമസ്കാരവും പാരായണവും പ്രാർത്ഥനയുമാണ്. (ആമനർ റസൂല് മുതൽ അവസാനം വരെയുള്ള രണ്ടായത്താണ് ഈ പറഞ്ഞത്) *(അബുദർദാഅ്, ഹാകിം)*

നബി(സ) അരുളുന്നു. അൽബഖറ എന്ന അദ്ധ്യായത്തിലെ അവസാനത്തെ രണ്ട് ആയത്തുകൾ മുഴുവനും ഒരുരാത്രി പാരായണം ചെയ്താൽ അവന്ന് (അവന്റെ എല്ലാ കാര്യങ്ങൾക്കും) അതുമതി. *(ഇബ്നുമസ്ഊദ്, അഹ്മദ്, ബുഖാരി, മുസ്‌ലിം, ഇബ്നു മാജ)*

ആലുഇംറാൻ (എന്ന അദ്ധ്യായത്തെ സംബന്ധിച്ച്) നബി(സ) അരുളുന്നു. താനല്ലാതെ മറ്റൊരു ആരാരാധ്യനുമില്ലെന്ന് നീതിയെ മുൻനിർത്തി അല്ലാഹു സാക്ഷ്യം വഹിക്കുന്നു. (അപ്രകാരംതന്നെ) മലക്കുകളും ജ്ഞാനികളും സാക്ഷ്യം വഹിക്കുന്നു. അവൻ നീതി പാലിക്കുന്നവനാണ്. അവനല്ലാതെ യാതൊരാരാധ്യനുമില്ല. അവൻ പ്രതാപശാലിയും അഗാധജ്ഞനുമാണ്. നിശ്ചയമായും അല്ലാഹുവിങ്കൽ സ്വീകാര്യമായ മതം ഇസ്‌ലാം മാത്രമാകുന്നു. എന്നീ അർത്ഥം കുറിക്കുന്ന ആയത്തുകൾ പാരായണം ചെയ്യുകയും അനന്തരം അല്ലാഹു ഏതൊന്നുകൊണ്ട് സാക്ഷ്യം വഹിച്ചുവോ അതുകൊണ്ട് ഞാനും സാക്ഷ്യം വഹിക്കുന്നു എന്ന്, ഈ സാക്ഷ്യം ഞാൻ അല്ലാഹുവിങ്കൽ നിക്ഷേപിക്കുകയാണ്. അത് അവന്റെ അടുക്കൽ സൂക്ഷിക്കാൻ ഏല്പിച്ചിട്ടുള്ള എന്റെ നിക്ഷേപമാണ് എന്ന് പറയുകയും ചെയ്താൽ അവനെ പുനരുത്ഥാനദിവസം ഹാജരാക്കപ്പെടുകയും എന്നിട്ട് എന്റെ ഈ ദാസൻ എന്നോട് ഒരു കരാർ ചെയ്തിരിക്കുന്നു, കരാർ പാലിക്കുവാൻ ഏറ്റവും അർഹൻ ഞാനാണ് (അതുകൊണ്ട്) എന്റെ ഈ ദാസനെ നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുക എന്ന് പറയപ്പെടുകയും ചെയ്യും." *(ഇബ്നു മസ്ഊദ്)*

നബി(സ) അരുളുന്നു! "വല്ലവനും ***ഖുൽഹുവല്ലാഹു അഹദ്*** എന്ന അദ്ധ്യായം ആയിരം പ്രാവശ്യം പാരായണം ചെയ്താൽ അവൻ അവനെ അല്ലാഹുവിങ്കൽനിന്ന് വിലക്കുവാങ്ങിയവനായി." *(ഹുദൈഫ)*

മുഅവ്വദതൈനി: നബി(സ) അരുളുന്നു: "***ഖുൽഹുവല്ലാഹു അഹദ്, ഖുൽഅഊദുബിറബ്ബിൽ ഫലഖ്, ഖുൽ അഊദബി റബ്ബിന്നാസി*** എന്നീ അദ്ധ്യായങ്ങൾ രാവിലെയും വൈകുന്നേരവും മൂന്ന് പ്രാവശ്യം വീതം നീ പാരായണം ചെയ്താൽ നിന്റെ എല്ലാ കാര്യങ്ങൾക്കും അതുമതി. *(അബ്ദുല്ലാഹിബ്നു ഹുബൈബ്: അഹ്മദ്, തുർമതി, നസാഇ)*

നബി(സ) അരുളുന്നു! "ഹേ ഉഖ്ബേ!! ശ്രേഷ്ഠമായ രണ്ട് ഖുർആൻ അദ്ധ്യായങ്ങൾ ഞാൻ നിനക്ക് അറിയിച്ചുതരട്ടെയോ? ***ഖുൽ അഊദുബിറബ്ബിൽ ഫലഖ്, ഖുൽ അഊദു ബി റബ്ബിന്നാസ്*** എന്നിവയാണത്. ഹേ! ഉഖ്ബേ!! നീ ഉറങ്ങുമ്പോഴും ഉണരുമ്പോഴുമെല്ലാം അത് പാരായണം ചെയ്തുകൊള്ളുക. പ്രാർത്ഥിക്കുവാനും അഭയംതേടുവാനും ഇതുപോലെ വേറെയൊന്നില്ല."
*(ഉഖ്ബ, അഹ്മദ്, നസാഈ, ഹാകിം)*

**സമ്പാ: നസീറ ജബ്ബാർ**




# ജമാഅത്തിനുള്ള ഉപദേശം

## ഹസ്റ്ത്ത് മിർസാ ഗുലാം അഹ്മദ്(അ)

ദൈവം നിങ്ങളെ നഷ്ടത്തിലാക്കുമെന്നു നിങ്ങൾ നിമിഷനേരംപോലും വിചാരിച്ചുപോകല്ല. നിങ്ങൾ ദൈവത്തിന്റെ കയ്യാൽ ഭൂമിയിൽ നടപ്പെട്ട ബീജമാകുന്നു. ഈ ബീജം മുളക്കുകയും വളരുകയും നാനാഭാഗങ്ങളിലും ശാഖകളായി പടരുകയും ഒരു വൻവൃക്ഷമായിത്തീരുകയും ചെയ്യുമെന്നു അല്ലാഹു പറയുന്നു. ആകയാൽ, ദൈവവിധിയിൽ വിശ്വാസം പുലർത്തുകയും ഇടയ്ക്ക്വെച്ചുണ്ടാകുന്ന പരീക്ഷണങ്ങളിൽ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവൻ അനുഗൃഹീതൻ. എന്തുകൊണ്ടെന്നാൽ, പരീക്ഷണങ്ങൾ വരേണ്ടതും ആവശ്യമാകുന്നു. തങ്ങളുടെ ബൈഅത്തിൽ (അനുസരണപ്രതിജ്ഞ) ആരാണ് സത്യവാന്മാരെന്നും ആരെല്ലാം കപടന്മാരെന്നും വേർതിരിക്കപ്പെടുന്നതിനുവേണ്ടിത്തന്നെ. പരീക്ഷണങ്ങളിൽ ഇടറിപ്പോകുന്നവൻ അല്ലാഹുവിന്ന് ഏതും ഊനം വരുത്തുന്നില്ല; ദുർഭാവന അവനെ നരകത്തിൽകൊണ്ടെത്തിക്കുകയും ചെയ്യും. അവൻ ജനിച്ചില്ലായിരുന്നുവെങ്കിൽ ഹാ, എത്ര നന്ന്! അന്ത്യംവരെ സഹനം കൈക്കൊള്ളുന്നവരാകട്ടെ, ആപത്തുകളുടെ ഭൂകമ്പങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നാലും, വിപത്തുകളുടെ കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചാലും, ജനങ്ങളിൽനിന്ന് അങ്ങേയറ്റത്തെ പരിഹാസങ്ങളും നിന്ദനങ്ങളും ഏല്ക്കേണ്ടിവന്നാലും ലോകർ തങ്ങളോടു കഠിനമായ വെറുപ്പോടെ പെരുമാറിയാലും പിന്തിരിയാതെ ഒടുക്കം വിജയശ്രീലാളിതരായിത്തീരുന്നവരാകുന്നു. അനുഗ്രഹങ്ങളുടെ വാതിലുകൾ അവർക്കായി തുറന്നിടപ്പെടും.

അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: ജമാഅത്തിനെ അറിയിക്കുക; വിശ്വസിച്ചവർ എന്നുവെച്ചാൽ, ലൗകികതയുടെ ചേറുപുരണ്ടിട്ടില്ലാത്ത സത്യവിശ്വാസം, കാപട്യവും ഭീരുത്വവും കൊണ്ട് മലീമസമായിട്ടില്ലാത്ത സത്യവിശ്വാസം, അനുസരണത്തിന്റെ യാതൊരു മേഖലയും ഒഴിഞ്ഞുപോയിട്ടില്ലാത്ത സത്യവിശ്വാസം സ്വീകരിച്ചിട്ടുള്ളവർ ആരോ അവർ ദൈവത്തിന്റെ ഇഷ്ടജനമാകുന്നു. അവരത്രെ സത്യത്തിന്റെ പാതയിൽ പദമൂന്നിയവർ.

ആകയാൽ എന്റെ ജമാഅത്തിൽ ഉൾപ്പെട്ടവരായി സ്വയം കണക്കാക്കുന്ന അല്ലയോ ജനസാകല്യമേ, ഭയഭക്തിയുടെ വഴിയിൽ ചരിക്കുമ്പോൾ മാത്രമെ സത്യമായും എന്റെ ജമാഅത്തിൽപെട്ടവരായി ദൈവസന്നിധിയിൽ നിങ്ങൾ എണ്ണപ്പെടുകയുള്ളൂ. നിങ്ങളുടെ അഞ്ചുനേര നമസ്ക്കാരം നിങ്ങൾ അല്ലാഹുവിനെ കാണുന്നു എന്ന നിലയിൽ ഭയത്തോടും ഭക്തിയോടും ആദരവോടുംകൂടി അനുഷ്ഠിക്കുവിൻ, സക്കാത്ത് നല്കാൻ അർഹനായിട്ടുള്ള ഓരോ ആളും സക്കാത്ത് നല്കട്ടെ; ആർക്ക് ഹജ്ജ് നിർബന്ധമാണോ, തടസ്സങ്ങളൊന്നുമില്ലെങ്കിൽ- അവൻ ഹജ്ജ് ചെയ്യട്ടെ! നന്മകൾ ശരിയായരൂപത്തിൽ അനുഷ്ഠിക്കുകയും തിന്മകളെ അറപ്പോടെ വിട്ടൊഴിയുകയും ചെയ്യുവിൻ! ഭക്തിശൂന്യമായ യാതൊരുകർമ്മവും ദൈവത്തിന്റെ അടുക്കലോളം എത്തുകയില്ലെന്നു നിങ്ങൾ ദൃഢമായും ഓർത്തുകൊള്ളുവിൻ. എല്ലാ ഓരോ നന്മയുടേയും വേര് ഭയഭക്തിയാകുന്നു. ഏതൊരു കർമ്മത്തിൽ ഈ വേര് നശിച്ചുപോകുകയില്ലയോ ആ കർമ്മവും നശിച്ചുപോകയില്ല. നാനാതരം ദുഃഖങ്ങളും കഷ്ടപ്പാടുകളുംകൊണ്ട് നിങ്ങൾ പരീക്ഷിക്കപ്പെടുകയും ചെയ്യുമെന്നതും തീർച്ചയാണ്; കഴിഞ്ഞകാലങ്ങളിൽ സത്യവിശ്വാസികൾ പരീക്ഷിക്കപ്പെട്ടതുപോലെ. ആകയാൽ, സൂക്ഷിച്ചുകൊള്ളുക, നിങ്ങൾ ഇടറിപ്പോകരുത്. അങ്ങനെ സംഭവിക്കാതിരിക്കട്ടെ. ആകാശവുമായി നിങ്ങൾക്ക് സുദൃഢമായ ബന്ധമുണ്ടെങ്കിൽ ഭൂമിക്ക് നിങ്ങളെ ഹാനിപ്പെടുത്തുവാൻ സാദ്ധ്യമേയല്ല. നിങ്ങൾക്ക് വല്ല നഷ്ടവും വന്നുഭവിക്കുന്നുവെങ്കിൽ അത് നിങ്ങളുടെ കൈകൾകൊണ്ട് തന്നെയായിരിക്കും; ശത്രുക്കളുടെ കൈകളാലായിരിക്കില്ല. ലൗകികമായ എല്ലാ ബഹുമാനങ്ങളും നിങ്ങൾക്ക് നഷ്ടപ്പെട്ടു പോകുന്നുവെങ്കിൽ സാരമില്ല, അല്ലാഹു അറുതിവരാത്ത ബഹുമാനങ്ങൾ ആകാശത്തിൽ നിങ്ങൾക്ക് നൽകും. ആകയാൽ നിങ്ങൾ അവനെ ഉപേക്ഷിച്ചുകളയൊല്ലാ. നിങ്ങൾക്ക് ദുഃഖം നേരിടുകയും നിങ്ങളുടെ ആഗ്രഹങ്ങൾ അസഫലങ്ങളായി ഭവിക്കുകയും ചെയ്യേണ്ടതും ആവശ്യമാകുന്നു. അതുകൊണ്ട് ഈ അവസ്ഥകളോടു നിങ്ങൾ ഒട്ടിനില്ക്കരുത്. എന്തെന്നാൽ നിങ്ങളുടെ ദൈവം നിങ്ങളെ പരീക്ഷിക്കുകയാകുന്നു. അവന്റെ മാർഗ്ഗത്തിൽ നിങ്ങൾ കാലുറച്ചു നില്ക്കുന്നുവോ ഇല്ലയോ എന്നു നോക്കുവാൻ. ആകാശത്തിൽ മലക്കുകൾ കൂടിയും നിങ്ങളെ സ്തുതിക്കുമാറാകണമെന്നു നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ അടികൊള്ളുകയും എന്നിട്ട് സന്തുഷ്ടരായിരിക്കുകയും ചെയ്യുവിൻ. ശകാരങ്ങൾ കേൾക്കുകയും എന്നിട്ട് നന്ദിപ്രകടിപ്പിക്കുകയും ചെയ്യുവിൻ. പരാജയങ്ങളെ അഭിമുഖീകരിച്ചാലും ബന്ധം മുറിക്കായ്വിൻ. നിങ്ങൾ ദൈവത്തിന്റെ അവസാനത്തെ ജമാഅത്താകുന്നു. അതിനാൽ, നിങ്ങൾ അത്യുദാത്തമായ സൽകർമ്മങ്ങൾ പ്രവർത്തിക്കുവിൻ! (*റൂഹാനീ ഖസായിൻ, വാള്യം 19, ഭാ. 15, കശ്തീ നൂഹ്, ഭാ.17*)



# പശ്ചാത്തപിക്കുക; ശയ്ത്താനിൽനിന്ന് രക്ഷനേടുക

وَّاَنِ اسْتَغْفِرُوْا رَبَّكُمْ ثُمَّ تُوْبُوْٓا اِلَيْهِ يُمَتِّعْكُمْ
مَّتَاعًا حَسَنًا اِلٰٓى اَجَلٍ مُّسَمًّى وَّيُؤْتِ كُلَّ ذِىْ فَضْلٍ
فَضْلَهٗ ۗ وَاِنْ تَوَلَّوْا فَاِنِّىْٓ اَخَافُ عَلَيْكُمْ عَذَابَ
يَوْمٍ كَبِيْرٍ ﴿۴﴾

**ഈ** ദുനിയാവും ഇതിലെ കളിതമാശകളും ഇതിലെ കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചകളും നിങ്ങൾ ഈ ഭൂമിയിൽ വന്നതിന്റെ ഉദ്ദേശ്യത്തിൽനിന്ന് നിങ്ങളെ അശ്രദ്ധരാക്കരുതെന്ന്, സൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് അല്ലാഹു മനുഷ്യനോട് പറഞ്ഞിരിക്കുന്നു. എന്നല്ല, എപ്പോഴും നിങ്ങളുടെ ഉദ്ദേശ്യം അല്ലാഹുവിന്റെ സാമീപ്യവും അവന്റെ തൃപ്തിയും കരസ്ഥമാക്കണമെന്നും അവനെ ആരാധിക്കണമെന്നും മാത്രമായിരിക്കണം. ഈ ഉദ്ദേശ്യം നിങ്ങളുടെ മുന്നിലുണ്ടെങ്കിൽ ദുനിയാവ് സ്വയം നിങ്ങളുടെ കീഴിൽ വരുന്നതാണ്. എന്നാൽ, എവിടെ നോക്കിയാലും ശയ്ത്താൻ ചിറകുവിരിച്ച് നിൽക്കുന്നതായിട്ടാണ് നാം കാണുന്നത്. അവന്റെ ആക്രമണവും അത്യാർത്തിയും എത്രമാത്രം ശക്തമാണെന്നുവെച്ചാൽ, അതിൽനിന്ന് രക്ഷപ്പെടേണ്ടത് എങ്ങനെയെന്ന് മനസ്സിലാകുന്നില്ല. ഓരോ മുക്കിലും മൂലയിലും വഴിയോരങ്ങളിലും തെരുവുകളിലും പട്ടണങ്ങളിലും സാത്താനിക ചക്രങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹമില്ലാതെ ഈ സാത്താനിക ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടുക പ്രയാസമാണ്. എവിടെനോക്കിയാലും ഏതെങ്കിലും വിപത്ത് വായ് തുറന്നുനില്ക്കുന്നതായി കാണാം. ദുനിയാവിലെ വസ്തുക്കൾ മനുഷ്യനെ എത്രമാത്രമാണ് ആകർഷിക്കുന്നതെന്ന് കാണുമ്പോൾ, ഇതിനിടയിൽ തന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം അവൻ എങ്ങനെ മനസ്സിലാക്കുമെന്നും അല്ലാഹുവിനെ ആരാധിക്കുമെന്നും മനസ്സിലാകുന്നില്ല. എന്നാൽ, നമ്മുടെമേലുള്ള അല്ലാഹുവിന്റെ പ്രത്യേകമായ ഔദാര്യംകൊണ്ട് അവൻതന്നെ നമുക്കിക്കാര്യങ്ങളിൽ രക്ഷപ്പെടാനുള്ള വഴി കാണിച്ചുതന്നിരിക്കുന്നു. സുസ്ഥിരമായ മനസ്സോടും ഉറച്ച ഉദ്ദേശ്യത്തോടുംകൂടി പാപപ്പൊറുതി തേടിയാൽ ശയ്ത്താൻ എത്രപ്രാവശ്യം ആക്രമിച്ചാലും പരാജയപ്പെടുന്നതാണ്. അവന്റെ ഒരു ശ്രമവും വിജയിക്കുകയില്ല.

ഞാനോതിയ ഖുർആനിക വചനത്തിൽ അല്ലാഹു പറയുന്നു: "നിങ്ങളുടെ നാഥനോട് നിങ്ങൾ പാപമോചനത്തിനായി അർത്ഥിക്കുകയും അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്താൽ അവൻ നിങ്ങൾക്ക് ഒരു നിശ്ചിതകാലംവരെ നല്ല സുഖസൗകര്യങ്ങൾ നല്കുന്നതാണ്. അർഹരായ ഓരോരുത്തർക്കും അവൻ തന്റെ അനുഗ്രഹം പ്രദാനം ചെയ്യുന്നതാണ്. ഇനി നിങ്ങൾ പിന്തിരിഞ്ഞുപോകുന്നപക്ഷം തീർച്ചയായും നിങ്ങളുടെ കാര്യത്തിൽ ഒരു ഭയാനകമായ നാളിന്റെ ശിക്ഷയെ ഞാൻ ഭയപ്പെടുന്നു." (*11:4*)

'അല്ലാഹുവേ, നിന്റെ അനുഗ്രഹം എനിക്കില്ലാതിരിക്കുകയോ നീ മഗ്ഫിറത്തിന്റെ പുതപ്പ് എന്നെ പുതപ്പിക്കാതിരിക്കുകയോ ചെയ്താൽ ഓരോ മുക്കിലും മൂലയിലും അടിഞ്ഞുകിടക്കുന്ന ഈ ഭൗതികമായ മാലിന്യങ്ങളിലും സമൂഹത്തിൽ കുമിഞ്ഞുകൂടിയിരിക്കുന്ന അഴുക്കുകളിലും ഞാനും വീണുപോകുമെന്ന് പറഞ്ഞുകൊണ്ട് അവന്റെ തിരുസന്നിധിയിൽ കുമ്പിടുകയും പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യേണ്ടതാണ്. ഞാൻ ഈ അഴുക്കുകളിൽ വീഴാൻ ആഗ്രഹിക്കുന്നില്ലെന്നും എന്നിൽ വന്നുപോയിട്ടുള്ള തെറ്റുകളും വീഴ്ചകളും മാപ്പാക്കിതരണമെന്നും ഭാവികാലങ്ങളിലേക്കായി എന്റെ തൗബ സ്വീകരിക്കണമെന്നും പറഞ്ഞുകൊണ്ട് സദുദ്ദേശ്യത്തോടെ ഇസ്തിഗ്ഫാർ ചെയ്യുകയാണെങ്കിൽ കഴിഞ്ഞപാപങ്ങൾ അല്ലാഹു പൊറുക്കുകയും തൗബ സ്വീകരിക്കുകയും തന്റെ പുതപ്പിൽ അവൻ പൊതിയുകയും ചെയ്യുന്നതാണ്. പിന്നീട് അവന്റെ അനുഗ്രഹങ്ങളിൽനിന്നുള്ള ഓഹരിയും തരുന്നതാണ്. ലോകർ മനസ്സിലാക്കുന്നത് ലോക

ത്തിന്റെ ഈ അഴുക്കുകളിൽ വീണെങ്കിലേ ഈ ഭൗതികകാര്യങ്ങൾ സാധിക്കുകയുള്ളൂ എന്നാണ്. എന്നാൽ അല്ലാഹു പറയുന്നത് പശ്ചാത്തപിക്കുകയും പാപപ്പൊറുതി തേടുകയും ചെയ്യുന്നവർക്ക് എപ്പോഴും ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങൾ അവൻ നല്കിക്കൊണ്ടിരിക്കുന്നുവെന്നാണ്. അവരുടെ ജീവിതത്തിലും ഈ ഭൗതികാനുഗ്രഹങ്ങളുടെ മഴ വർഷിക്കും. ഈ ഇസ്തിഗ്ഫാറും അവരുടെ സൽകർമ്മങ്ങളും അടുത്ത ജീവിതത്തിലും അവർക്ക് പ്രയോജനപ്പെടും. ഇതേ ഇസ്തിഗ്ഫാറിലൂടെതന്നെ ശയ്ത്താന്റെ എല്ലാ ആയുധങ്ങളും നശിച്ചൊടുങ്ങുന്നതാണ്. ഇസ്തിഗ്ഫാർ, എന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവിനോട് അവന്റെ അനുഗ്രഹത്തിന്റേയും സാമീപ്യത്തിന്റേയും പുതപ്പ് പുതപ്പിക്കാനുള്ള പ്രാർത്ഥനയാണ്. മനുഷ്യൻ ഇങ്ങനെ ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ അല്ലാഹു ആ ദുആ സ്വീകരിക്കാതിരിക്കുകയും മനുഷ്യന്റെ ദുനിയാവും ആഖിറത്തും അലങ്കരിക്കാതിരിക്കുകയും ചെയ്യുന്നതെങ്ങനെ? അല്ലാഹു അവൻ തന്നെയാണ് ***ഉദ്ഊനീ അസ്തജിബ് ലക്കും*** എന്ന് പറഞ്ഞത്. അവൻ വാഗ്ദാനം പൂർത്തീകരിക്കുന്നവനാണ്. തന്റെ ദാസർ എപ്പോഴാണ് തന്നോട് ചോദിക്കുന്നതെന്ന് പ്രതീക്ഷിച്ചിരിക്കുകയാണ് അവൻ. നീ എന്നോട് ചോദിക്കുക. ഞാൻ നിന്റെ പ്രാർത്ഥന സ്വീകരിക്കുമെന്ന് അവൻതന്നെയാണ് പറഞ്ഞത്. തന്റെ ദാസരുടെ ദുആ സ്വീകരിക്കാൻ എപ്പോഴാണവർ തന്നോട് പാപപ്പൊറുതി തേടുന്നതെന്നും സത്യമായനിലയിൽ പശ്ചാത്തപിച്ച് ഇതിലേക്ക് മടങ്ങുന്നതെന്നും അല്ലാഹു ചോദിക്കുന്നു.

ഹദീസിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: (യാത്രാമദ്ധ്യേ) മരുഭൂമിയിൽവെച്ച് നഷ്ടപ്പെട്ടുപോയ ഒട്ടകത്തെ (പല സ്ഥലങ്ങളിലും തിരഞ്ഞ് നടന്ന് കണ്ടെത്താതെ നിരാശനായിരിക്കുമ്പോൾ) തിരിച്ചുകിട്ടിയവനുള്ള സന്തോഷത്തേക്കാൾ കൂടുതൽ അല്ലാഹു അവന്റെ ദാസന്റെ പശ്ചാത്താപത്തിൽ സന്തോഷിക്കുന്നവനാണ്. അല്ലാഹു തന്റെ ദാസൻ പശ്ചാത്തപിച്ച് മടങ്ങുന്നതും ഇസ്തിഗ്ഫാർ ചെയ്യുന്നതും പ്രതീക്ഷിച്ചിരിക്കുകയാണ്- അവന്റെ പാപങ്ങൾ പൊറുക്കുന്നതിനും തന്റെ പുതപ്പിൽ അവനെ പൊതിയുന്നതിനും അങ്ങനെ അവൻ ശയ്ത്താന്റെ ആക്രമണങ്ങളിൽനിന്ന് സുരക്ഷിതനായിരിക്കുന്നതിനും വേണ്ടി. പക്ഷെ, സുസ്ഥിരമായ മനസ്സോടെ ഇതിൽ നിലകൊള്ളണമെന്ന് അല്ലാഹുതആല പറഞ്ഞത് ഓർക്കേണ്ടതാണ്. ഇല്ലെങ്കിൽ ഒരു പ്രാവശ്യം ഇസ്തിഗ്ഫാർ ചെയ്യുകയും വീണ്ടും അഴുക്കിൽ ചെന്ന് വീഴുകയും അങ്ങനെ ശയ്ത്താന്റെ പിടിത്തത്തിൽ അമർന്നിരിക്കുകയും ചെയ്യുമ്പോൾ മരണം ആസന്നമായാൽ, പാപങ്ങളിൽ അകപ്പെടുന്ന ആളുകൾക്കുള്ള ശിക്ഷ വളരെ വലുതായി അനുഭവപ്പെടുന്ന ആ നാളിനേയും ഭയപ്പെടുക. അതുകൊണ്ട് ഇസ്തിഗ്ഫാർ ചെയ്തും കഴിഞ്ഞ പാപങ്ങൾ പൊറുക്കുന്നതിനായി പ്രാർത്ഥിച്ചും തുടർന്ന് അത് ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്തും ഓരോ അഹ്മദിയും അല്ലാഹുവിന്റെ മുമ്പിൽ സ്ഥിരം നമ്രശിരസ്കരായിരിക്കേണ്ടതാണ്. ഇങ്ങനെ പ്രവർത്തിക്കുമ്പോൾ അല്ലാഹു തന്റെ അഭയത്തിൽ എടുക്കുന്നതാണ്. അല്ലാഹുവിന്റെ അഭയത്തിൽ വരുന്നവന് ഞാൻ പറഞ്ഞതുപോലെ ഒരു നഷ്ടവും ഉണ്ടാക്കാൻ ശയ്ത്താന് സാദ്ധ്യമല്ല. കാരണം അപ്പോൾ അവനിൽനിന്നുണ്ടാകുന്ന കർമ്മങ്ങൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ഉതകുന്നതായിരിക്കും. അതോടെ ദൈവസാമീപ്യം പ്രാപിക്കുന്നതിന് തടസ്സമായി നില്ക്കുന്ന എല്ലാ തിന്മകളും അവസാനിക്കും. ഓരോ അഹ്മദിയും എപ്പോഴും അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാൻ സത്യഹൃദയത്തോടെ പാപപ്പൊറുതി തേടിയും പശ്ചാത്തപിച്ചും കൊണ്ട് അല്ലാഹുവിന്റെ തിരുന്നിധിയിൽ കുമ്പിടുക. അല്ലാഹു തന്റെ ദാസന് തന്റെ സാമീപ്യവും സ്നേഹവും നല്കുന്നതിനായി തയ്യാറായിരിക്കുകയാണ്. എന്നല്ല, ആകുലനായിരിക്കുകയാണ്. ഇതുസംബന്ധമായി അവന്റെ നിസ്സാര ശ്രമത്തിനുപോലും അതിരറ്റ അനുഗ്രഹം നല്കുന്നു.

നബി(സ) തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു ആരാണോ എന്നിലേക്ക് ഒരു ചാൺ അടുക്കുന്നത് ഞാൻ അവനിലേക്ക് ഒരു മുഴം അടുക്കുന്നു. അവൻ എന്നിലേക്ക് നടന്നുവരുമ്പോൾ ഞാൻ അവനിലേക്ക് ഓടിപ്പോകുന്നു. നോക്കുക, അല്ലാഹു തന്റെ ദാസന്റെ തൗബ സ്വീകരിക്കാനായി ഇത്രമാത്രം ശ്രദ്ധിക്കുമ്പോൾ ദാസൻ എത്രമാത്രം പാരവശ്യത്തോടെ അവനിലേക്ക് കുതിക്കേണ്ടതാണ്.

ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹസ്റത്ത് അനസ്(റ) പറയുന്നു. ഞാൻ നബി(സ) ഇങ്ങനെ പറയുന്നതായി കേട്ടു. പാപങ്ങളിൽനിന്ന് സത്യഹൃദയത്തോടെ പശ്ചാത്തപിച്ചു മടങ്ങുന്നവൻ ഒരു പാപവും ചെയ്തിട്ടില്ലാത്തവനെ പോലെയാണ്. അല്ലാഹു ആരെയെങ്കിലും സ്നേഹിക്കുമ്പോൾ അവന് എന്തെങ്കിലു നഷ്ടമുണ്ടാക്കാൻ പാപത്തിന് സാധിക്കുകയില്ല. ഇതിന്റെ ഉദ്ദേശ്യം പാപത്തിന്റെ ചാലകശക്തിക്ക് അവനെ തിന്മയിലേക്ക് ചായ്ക്കാൻ സാധിക്കുകയില്ലെന്നാണ്. ഇതിന്റെ ഉദ്ദേശ്യം, പാപം ചെയ്തുകൊണ്ടേപോകുകയും മനഃപൂർവ്വം അഴുക്കുകളിൽ വീണുകൊണ്ടേയിരിക്കുകയും എന്നിട്ട് ഞാൻ ഇസ്തിഗ്ഫാർ

ചെയ്തതാണ്, ഇസ്തിഗ്ഫാർ ചെയ്തവന് നഷ്ടമുണ്ടാക്കാൻ പാപത്തിന് കഴിയുകയില്ലെന്ന് അല്ലാഹു പറഞ്ഞതാണ് എന്ന് മനസ്സിലാക്കുകയല്ല. ഇത് അല്ലാഹുവിന്റെ നിയമങ്ങൾക്ക് വിരുദ്ധമാണ്. പറഞ്ഞതിന്റെ ഉദ്ദേശ്യം അവന് ദോഷങ്ങളിലേക്കും തിന്മകളിലേക്കും ഒരു താല്പര്യവും ഉണ്ടാകുകയില്ലെന്നാണ്. പിന്നീട് നബി(സ) ഈ ഖുർആനിക വചനമോതി. ***ഇന്നല്ലാഹ യുഹിബ്ബു തവ്വാബീന വ യുഹിബ്ബുൽ മുത്തത്വഹ്ഹരീൻ*** അല്ലാഹു തൗബ ചെയ്യുന്നവനേയും പരിശുദ്ധി സ്വായത്തമാക്കുന്നവനേയും ഇഷ്ടപ്പെടുന്നു. അല്ലാഹുവിന്റെ റസൂലേ, തൗബയുടെ ലക്ഷണങ്ങൾ എന്തൊക്കെയാണെന്ന് ചോദിക്കപ്പെട്ടു. അവിടന്ന് പറഞ്ഞു: ലജ്ജയും ചെയ്തുപോയ ദുഷ്കർമ്മത്തെക്കുറിച്ച് ഖേദിക്കലുമാണ് തൗബയുടെ ലക്ഷണങ്ങൾ.

ലജ്ജയുണ്ടാകണമെന്നും, ചെയ്തുപോയ ദോഷങ്ങളിൽ ഖേദിക്കണമെന്നും പിന്നീട് അതിൽനിന്ന് സുരക്ഷിതനാവണമെന്നും ഇവയാണ് തൗബയുടെ ലക്ഷണങ്ങളെന്നും പറഞ്ഞിരിക്കുന്നു. ഏതെങ്കിലും കാര്യത്തിൽ ലജ്ജയും ഖേദവും ഉണ്ടാകുന്നപക്ഷം പിന്നീട് മനഃപൂർവ്വം അത് മനുഷ്യൻ ചെയ്യുകയില്ല. തൗബയെക്കുറിച്ച് മസീഹ് മൗഊദ്(അ) പറയുന്നു: "തൗബക്ക് മൂന്ന് നിബന്ധനകളുണ്ടെന്ന കാര്യം ഓർക്കേണ്ടതാണ്. ഇതുകൂടാതെ ശരിയായ തൗബ ലഭ്യമാവുകയില്ല. അതിൽ ഒന്നാമത്തേതിന് അറബിഭാഷയിൽ ***ഇക്ലാഅ്*** എന്നാണ് പറയുന്നത്. അതായത്, ദുഷിച്ച സ്വഭാവങ്ങളുടെ ചാലകശക്തിയായ ദുർവിചാരങ്ങളെ ദൂരീകരിക്കുക. യഥാർത്ഥത്തിൽ ഭാവനകൾക്ക് ശക്തമായ സ്വാധീനമാണുണ്ടാകുന്നത്. കർമ്മപഥത്തിൽ വരുന്നതിനുമുമ്പേ ഓരോ കർമ്മവും ഒരു ഭാവനാരൂപമുൾക്കൊള്ളുന്നതായിരിക്കും. അതുകൊണ്ട് തൗബ ചെയ്യുന്നതിനുള്ള ഒന്നാമത്തെ നിബന്ധന ദുഷ്ചിന്തകളും ദുർഭാവനകളും ഉപേക്ഷിക്കുക എന്നതാണ്. ഉദാഹരണത്തിന് ഒരാൾക്ക് ഏതെങ്കിലും സ്ത്രീയുമായി അവിശുദ്ധബന്ധമുണ്ടെങ്കിൽ, അയാൾ തൗബ ചെയ്യുന്നതിനുമുമ്പേ അവളുടെ രൂപം കാണാൻ കൊള്ളരുതാത്തതാണെന്ന് നിശ്ചയിക്കണം. അവളുടെ എല്ലാ ദുഷ്പ്രവർത്തികളും ഓർത്തുകൊണ്ട് വെറുപ്പ് പ്രകടിപ്പിക്കണം. ഞാനിപ്പോൾ പറയുകയുണ്ടായി, ഭാവനയുടെ സ്വാധീനശക്തി വളരെ വലുതാണ്. ചീത്തഅഭിരുചിയാൽ നല്ലതെന്ന് മനസ്സിലാക്കിയിട്ടുള്ള എല്ലാ വിചാരങ്ങളും ഉന്മൂലനം ചെയ്യുക എന്ന് അവിടന്ന് പറഞ്ഞു. രണ്ടാമത്തെ നിബന്ധന '***നദം***' ആണ്. അതായത് ലജ്ജയും ഖേദവും പ്രകടിപ്പിക്കൽ. ഓരോ മനുഷ്യന്റേയും കോൺഷ്യസ് ഓരോ തിന്മയെക്കുറിച്ചും മുന്നറിയിപ്പ് നൽകാനുള്ള ശക്തിയുൾക്കൊള്ളുന്നതാണ്. എന്നാൽ, നിർഭാഗ്യനായ മനുഷ്യൻ അലസനായി അതിനെ വിട്ടുകളയുന്നു. അതുകൊണ്ട് പാപവും ദോഷവുമുണ്ടായാൽ ലജ്ജയും ഖേദവും പ്രകടിപ്പിക്കുകയും ഇവിടെ കിട്ടുന്ന ആനന്ദം താൽക്കാലികവും അല്പനാളത്തേക്കുള്ളതുമാണെന്ന് കരുതുകയും ചെയ്യുക. നിങ്ങൾക്ക് കിട്ടുന്ന ഇത്തരം രുചിയിലും ആനന്ദത്തിലും ഓരോ പ്രാവശ്യവും കുറവ് വന്നുകൊണ്ടിരിക്കുന്നില്ലേ എന്ന് ചിന്തിച്ചുനോക്കുക. വാർദ്ധക്യം ബാധിച്ച് ബലഹീനനും ക്ഷീണിതനുമാകുമ്പോൾ ഈ എല്ലാ രുചിയും ആനന്ദവും കൈവിടേണ്ടിയും വരും. ജീവിതകാലത്തുതന്നെ ഇതെല്ലാം കൈവിടേണ്ടി വരുമ്പോൾ, പിന്നെ ഈ ദുഷ്പ്രവൃത്തികൊണ്ട് എന്ത് നേട്ടമുണ്ടാകാനാണ്. തൗബയിലേക്ക് മടങ്ങുന്ന മനുഷ്യൻ വലിയ ഭാഗ്യവാനാണ്. ഒന്നാമതായി ***ഇക്ലാഅ്*** എന്ന വശം ഉണ്ടാകണം. അതായത് ദുഷ്ചിന്തകളേയും ദുർഭാവനകളേയും ഉന്മൂലനം ചെയ്യണം. ഈ മാലിന്യവും അശുദ്ധിയും പുറത്തുപൊയ്ക്കഴിഞ്ഞാൽ, ചെയ്ത പ്രവൃത്തിയിൽ ലജ്ജിതനാവുകയും ഖേദിക്കുകയും വേണം.

അവിടന്ന് പറഞ്ഞു. മൂന്നാമത്തെ നിബന്ധന ***അസം*** ആകുന്നു. അതായത് ഭാവിയിൽ ഒരിക്കലും ഈ തെറ്റുകളിലേക്ക് തിരിച്ചുപോവുകയില്ലെന്ന് ഉറച്ച തീരുമാനമെടുക്കുക. ഇങ്ങനെ തുടർച്ചയായി ഉറച്ചു നില്ക്കുമ്പോൾ അല്ലാഹു അയാൾക്ക് സത്യമായനിലയിൽ പശ്ചാത്തപിക്കാനുള്ള തൗഫീഖ് നല്കുന്നതാണ്. അങ്ങനെ അവനിൽനിന്ന് എല്ലാ തിന്മകളും തികച്ചും അകലുകയും തൽസ്ഥലം സൽസ്വഭാവങ്ങളും സ്തുത്യർഹമായ കർമ്മങ്ങളും കൈവശപ്പെടുത്തുകയും ചെയ്യും. ധാർമ്മികഗുണത്തിനുമേലുള്ള വിജയമാണിത്. ഇതിന് ശക്തിയും കഴിവും നല്കേണ്ടത് അല്ലാഹുവിന്റെ പ്രവർത്തിയാണ്. കാരണം എല്ലാ ശക്തികളുടേയും കഴിവിന്റേയും ഉടമസ്ഥൻ അവൻതന്നെയാണ്. അവൻ പറഞ്ഞു: ***അന്നൽ ഖുവ്വത്ത ലില്ലാഹി ജമീആ*** തീർച്ചയായും എല്ലാ ശക്തിയും അല്ലാഹുവിനുള്ളതാണ്. എങ്ങനെയാണ് ലജ്ജയും ഖേദവും പ്രകടമാക്കേണ്ടതെന്ന ഹദീസിന്റെ വിശദീകരണമാണിത്.

എപ്പോഴും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് അവന്റെ മുമ്പിൽ കുമ്പിട്ടിരിക്കാനും ഈ ദുനിയാവിലെ അഴുക്കുകളിൽനിന്ന് രക്ഷപ്പെടാനും അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവന്റെ സ്നേഹം കരസ്ഥമാക്കാനും അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുമ്പോൾ ദുനിയാവിലെ പാപങ്ങളിലേക്ക് നമ്മെ തള്ളിയിടാൻ ഒരു ശയ്ത്താനും സാധിക്കുകയില്ല. അല്ലാഹു നമുക്ക് യഥാർത്ഥമായ തൗബ ചെയ്യാൻ സൗഭാഗ്യം തന്നരുളുമാറാകട്ടെ. *(20.5.05, കെനിയ)*



**മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് ഖാമിസ്**

# ലജ്നഇമാഇല്ലായുടെ അഖിലേന്ത്യാ വാർഷിക ഇജ്തിമാക്ക് അയച്ചുകൊടുത്ത സന്ദേശം

**ഭാ**രതത്തിലെ പ്രിയമുള്ള ലജ്ന ഇമാഇല്ലാഹ് അംഗങ്ങളെ

*അസ്സലാമു അലൈക്കും*

ലജ്ന ഇമാഇല്ലായുടെ അഖിലേന്ത്യാ വാർഷിക ഇജ്തിമയും നവഅഹ്മദി വനിതകളുടെ ആദ്യത്തെ വാർഷിക ഇജ്തിമയും നടക്കുന്ന ഈ സന്ദർഭത്തിൽ എന്നോട് സന്ദേശം അയച്ചുതരാൻ പറഞ്ഞിരിക്കുകയാണ്. അല്ലാഹു ഈ ഇജ്തിമയിൽ പങ്കെടുക്കുന്ന എല്ലാ ലജ്നകൾക്കും നാസിറാത്തുകൾക്കും നല്ലപോലെ പ്രയോജനമെടുക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഇതിനെ (ഈ ഇജ്തിമയെ) നിങ്ങൾക്കെല്ലാവർക്കും എല്ലാ നിലക്കും അനുഗൃഹീതമാക്കിത്തരുമാറാകട്ടെ.

നിങ്ങൾ അഹ്മദി സ്ത്രീകളാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിന്റെ ഫലമായി നിങ്ങൾക്ക് ഒരു വ്യത്യസ്തമായ സ്ഥാനമാണുള്ളത്. ഭാവിതലമുറകളുടെ ശിക്ഷണത്തിന്റെ ചുമതല നിങ്ങളിൽ അർപ്പിതമാണ്. എന്തുകൊണ്ടെന്നാൽ കുട്ടികളുടെ പ്രഥമപാഠശാല ഉമ്മമാരുടെ മടിത്തട്ടാണ്. ഇങ്ങനെ വരുമ്പോൾ നിങ്ങൾക്ക് നിങ്ങളുടെ ജീവിതത്തെ തഖ്വയുടെ പ്രകാശംകൊണ്ട് പ്രകാശിതമാക്കേണ്ടതായിവരും. അപ്പോൾ നിങ്ങളിൽനിന്ന് ശിക്ഷണം ലഭിച്ച കുട്ടികൾ ലോകത്ത് പ്രയോജനപ്പെടുന്ന വ്യക്തികളായിമാറും. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

എല്ലാ കല്പനകളും തഖ്വയോടും സൂക്ഷ്മതയോടുംകൂടി കൊണ്ടുനടക്കാൻ വിശുദ്ധഖുർആൻ ശക്തമായി താക്കീത് ചെയ്യുന്നുണ്ട്. കാരണം തഖ്വ എല്ലാ തിന്മകളിൽനിന്നും രക്ഷപ്പെടാനുള്ള ശക്തി പ്രദാനം ചെയ്യുന്നു. എല്ലാ ഓരോ നന്മകളിലേക്കും പ്രയാണം ചെയ്യുന്നതിനുള്ള കഴിവും പ്രദാനം ചെയ്യുന്നു. ഇത്രയധികം താക്കിത് ചെയ്തതിലുള്ള രഹസ്യം എന്താണെന്നുവെച്ചാൽ തഖ്വ മനുഷ്യരുടെ ഓരോ കവാടത്തിലും സമാധാനമന്ത്രവും എല്ലാതരം കുഴപ്പങ്ങളിൽനിന്നും സുരക്ഷിതരാവുന്നതിനുള്ള കോട്ടയുമാണ്. മറ്റുള്ളവർ കുടുങ്ങിക്കിടക്കുന്നതും ചിലപ്പോൾ അവരെ നാശത്തിലേക്കുതന്നെ കൊണ്ട്ചെന്നെത്തിക്കുന്നതുമായ നിരർത്ഥകവും അപകടകരവുമായ എല്ലാ കുഴപ്പങ്ങളിൽനിന്നും മുത്തഖിയായ ഒരു മനുഷ്യന് രക്ഷ ലഭിക്കുന്നു. തങ്ങളുടെ എടുത്തുചാട്ടവും ദുർഭാവനയും കൊണ്ട് സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കുകയും ശത്രുക്കൾക്ക് ആക്ഷേപത്തിനുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നവരാണ് മറ്റുള്ളവർ.

വീണ്ടും അദ്ദേഹം പറയുന്നു: ആകയാൽ എന്റെ ജമാഅത്തിൽ ഉൾപ്പെട്ടവരായി സ്വയം കണക്കാക്കുന്ന സഹോദരങ്ങളേ തഖ്വയുടെ വഴിയിൽ ചലിക്കുമ്പോൾ മാത്രമേ സത്യമായും എന്റെ ജമാഅത്തിൽപെട്ടവരായി ദൈവസന്നിധിയിൽ നിങ്ങൾ എണ്ണപ്പെടുകയുള്ളൂ. നിങ്ങളുടെ അഞ്ചുനേര നമസ്കാരം നിങ്ങൾ അല്ലാഹുവിനെ കാണുന്നു എന്നനിലയിൽ ഭയത്തോടും ഭക്തിയോടും ആദരവോടുംകൂടി അനുഷ്ഠിക്കുവിൻ. നിങ്ങളുടെ ഉപവാസങ്ങൾ അല്ലാഹുവിനുവേണ്ടി സത്യസന്ധമായി പൂർത്തിയാക്കുവിൻ. തഖ്വയില്ലാത്ത യാതൊരു കർമ്മവും ദൈവത്തിന്റെ അടുക്കലോളം എത്തുകയില്ലെന്ന് നിങ്ങൾ ദൃഢമായും ഓർത്തുകൊള്ളുവിൻ. എല്ലാ ഓരോ നന്മയുടേയും വേര് തഖ്വയാകുന്നു. ഏതൊരു കർമ്മത്തിൽ ഈ വേര് നശിച്ചുപോവുകയില്ലയോ ആ കർമ്മവും നശിച്ചുപോവുകയില്ല.

ആകയാൽ മനുഷ്യന്റെ എല്ലാ ആത്മീയമായ സൗന്ദര്യവും തഖ്വയുടെ ലോലമായ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നതിൽ നിലകൊള്ളുന്നു. അതുകൊണ്ട് നിങ്ങളുടെ പകലുകളെ ദൈവഭയം കൊണ്ട് അലങ്കരിക്കുവിൻ. നിങ്ങളുടെ രാവുകളെ തഖ്വകൊണ്ട് ഭംഗികൂട്ടുവിൻ. എന്തുകൊണ്ടെന്നാൽ ശരീഅത്തിന്റെ സംക്ഷിപ്തം തഖ്വയാണ്. അല്ലാഹു നിങ്ങൾക്കെല്ലാം ഇതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.



# കാശ്മീർ –
## ഭൂമിയിലെ പറുദീസ

**സൈനബി മസൂദ്**

മസീഹ് മൗഊദ്(അ)ന്റെ കാലത്തുതന്നെ അഹ്മദിയ്യാ സന്ദേശം കാശ്മീർ മലനിരകളിലും എത്തിത്തുടങ്ങിയിരുന്നു. സത്യം ഗ്രഹിച്ച് മഞ്ഞണിഞ്ഞ മലനിരകളെ താണ്ടി കാലത്തിന്റെ മഹ്ദിക്ക് സലാമെത്തിച്ച് നബി(സ)ന്റെ പ്രവചനം പൂർത്തിയാക്കാൻ ഭാഗ്യം ലഭിച്ച ഏഴ് സഹാബിമാർ അന്നവിടെയുണ്ടായി. അവരുടെ കഠിനമായ ത്യാഗത്തിന്റെയും ആത്മാർത്ഥമായ ദുആയുടേയും ഫലമായി ഇന്ന് കാശ്മീരിൽ ഇരുപത്തിരണ്ട് ജമാഅത്തുകളിലായി ഒട്ടനവധി സഹോദരങ്ങൾ അവരുടെ പിൻഗാമികളായുണ്ട്. അഹ്മദികൾ മാത്രമുള്ള ഒട്ടും ചെറുതല്ലാത്ത അഞ്ചുഗ്രാമങ്ങളും.

തലസ്ഥാനമായ ശ്രീനഗറിൽ നഗരമദ്ധ്യത്തിലായി എന്നാൽ നഗരത്തിന്റെ കോലാഹലങ്ങളൊന്നുമില്ലാതെ ശാന്തമായ അന്തരീക്ഷത്തിൽ നമ്മുടെ പള്ളി സ്ഥിതി ചെയ്യുന്നു. വളരെ വിശാലമായതാണ് പള്ളിയും പരിസരവും. താഴത്തെനിലയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും നമസ്കരിക്കാനായി സൗകര്യമേർപ്പെടുത്തിയിരിക്കുന്നു. മുകളിൽ ജമാഅത്തിന്റെ ഓഫീസും അതിഥികൾക്ക് താമസിക്കാനുള്ള മുറികളുമുണ്ട്. മുകളിലെ വിശാലമായ ഹാളിൽ പല ഭാഷകളിലുള്ള ജമാഅത്തിലെ മുഴുവൻ പ്രസിദ്ധീകരണവും പ്രദർശിപ്പിച്ചിരിക്കുന്നു. വിശുദ്ധഖുർആന്റെ ഇതുവരെയായി പുറത്തിറങ്ങിയ എല്ലാ പരിഭാഷകളും അവിടെകണ്ടു. പല ഭാഷകളിലുള്ള പുസ്തകങ്ങളുടെ കൂട്ടത്തിൽ മലയാളത്തിലുള്ള പുസ്തകങ്ങളും കാണാനിടയായി. അത് കണ്ടപ്പോൾ ലജ്നാ ഇമാഇല്ലായുടെ ഇന്ത്യയിലെ ഏകപ്രസിദ്ധീകരണമായ 'അന്നൂർ'നും അവിടെ സ്ഥാനം കൊടുക്കാമായിരുന്നെന്ന് തോന്നി. കയ്യിലുണ്ടായിരുന്ന പ്രതികൾ തീർന്നുപോയിരുന്നു.

പുസ്തകങ്ങൾ കൂടാതെ മസീഹ് മൗഊദ്(അ)ന്റെ സഹാബിമാരേയും, ഖലീഫമാരുടെ കാലത്തുണ്ടായ ചരിത്രസംഭവങ്ങളേയും, വിദേശയാത്രകളേയുമൊക്കെ അനുസ്മരിപ്പിക്കുന്ന ഫോട്ടോകളും നിരവധിയുണ്ട്. അഹ്മദിയ്യാ സന്ദേശം ലോകത്തിന്റെ ഏതെല്ലാം കോണുകളിലെത്തിയെന്നറിയിക്കുന്ന വലിയൊരു വേൾഡ് മാപ്പും.

പള്ളിമുറ്റത്ത് മനോഹരമായ പൂന്തോട്ടം. അതിന്റെ ഒരുഭാഗത്ത് മുബല്ലിഗ് ക്വാർട്ടേഴ്സും മറുഭാഗത്ത് നിരനിരയായി കുറേ മുറികളും. കച്ചവടാവശ്യത്തിനും വിദ്യാഭ്യാസത്തിനും മറ്റ് അത്യാവശ്യ കാര്യങ്ങൾക്കുമായി തലസ്ഥാനത്തെത്തുന്ന നമ്മുടെ സഹോദരങ്ങൾക്ക് അവിടെവന്ന് താമസിക്കാം. ചെറിയൊരു തുക വാടകയായി ജമാഅത്തിന് നൽകിയാൽ മതി. പുറമേയുള്ള താമസം വളരെ ചെലവേറിയതിനാൽ എപ്പോഴും അവിടെ താമസിക്കാനാളുകളെത്തുന്നു. വളരെ പഴക്കമുള്ളതാണ് കെട്ടിടങ്ങളൊക്കെ. അവയൊക്കെ പൊളിച്ച് പുതുക്കിപണിയാൻ ഹുസൂറിൽ നിന്ന് നല്ലൊരു തുക അനുവദിച്ച് കിട്ടിയിട്ടുണ്ടെന്ന് അവിടത്തെ മുബല്ലിഗും കാശ്മീരിലെ ചീഫ് മിഷ്യണറിയുമായ മൗലവി ഗുലാം നബി സാഹിബ് പറഞ്ഞു. പള്ളിയുടെ തൊട്ടടുത്തുതന്നെ പോലീസിന്റെ ഡി.ജി ഓഫീസാണ്. അതിനാൽ ഏതുനേരവും പള്ളിക്ക് കാവലിനെന്നപോലെ പോലീസുകാർ റോന്ത്ചുറ്റിക്കൊണ്ടിരിക്കും. പള്ളിയുടെനേരെ ജനങ്ങൾ പലപ്പോഴും ഭീഷണി ഉയർത്താറുണ്ടെങ്കിലും തൊട്ടുകളിക്കാൻ ധൈര്യം വരാത്തത് പോലീസിന്റെ കണ്ണ് വെട്ടിക്കാൻ കഴിയാത്തതുകൊണ്ടായിരിക്കാം. അല്ലാഹുവിന്റെ മസീഹിനെ വിശ്വസിച്ചവർക്ക് അല്ലാഹുതന്നെ സുരക്ഷയും ഏർപ്പെടുത്തിയിരിക്കുന്നു. ജുമുഅ ദിവസം സ്ത്രീകളും പുരുഷന്മാരുമടക്കം മുന്നൂറിലധികം പേർ ഇവിടെ നമസ്കരിക്കാനെത്തുന്നു.

കാശ്മീരിലെ ആദ്യത്തെ ജമാഅത്തും ഏറ്റവും വലിയ ജമാഅത്തും 'ആസ്നൂർ' ഗ്രാമത്തിലേതാണ്. മൂവായിരത്തിഅഞ്ഞൂറിലധികം അംഗങ്ങളുള്ള ആസ്നൂർ ഗ്രാമത്തിലെ മുഴുവൻപേരും അഹ്മദികളാണ്. നമ്മുടെ നാട്ടിൽ കാണാനിടയില്ലാത്ത ഒരന്തരീക്ഷമാണവിടെ. എവിടെ നോക്കിയാലും ഏത് ജോലി ചെയ്യുന്നവരായാലും അഹ്മദികൾ. റോഡിലൂടെ നടക്കുമ്പോൾ നാലുഭാഗത്തുനിന്നും ഉറക്കെ സലാം പറയുന്നവർ. മനസ്സ് സന്തോഷത്താൽ വീർപ്പുമുട്ടുന്നതുപോലെ. അല്ലാഹുവിന്റെ മസീഹിന്റെ ശബ്ദം ആദ്യമെത്തിയതും ഈ ഗ്രാമത്തിൽതന്നെ. മസീഹ് മൗഊദ് (അ)ന്റെ കാലത്ത് ആസ്നൂർ ഗ്രാമത്തിലെ ഒരു മാന്യവ്യക്തി ഹജ്ജ് യാത്രക്കായ് പുറപ്പെട്ടു. യാത്രാമദ്ധ്യേ ഹജ്ജിന് പോകാൻ അനുവാദമില്ലെന്നറിഞ്ഞ് തിരിച്ചുപോരേണ്ടിവന്നു. വടക്കേന്ത്യയിലന്ന് പടർന്നുപിടിച്ച പ്ലേഗായിരിക്കാം കാരണം. നിരാശനായി മടങ്ങിയ അദ്ദേഹത്തെ അല്ലാഹു മറ്റൊരുതരത്തിൽ അനുഗ്രഹിച്ചു. 'മഹ്ദി ആഗതമായാൽ ഹജ്ജ് തടയപ്പെടും' എന്ന ഹദീസ് അദ്ദേഹത്തിന്റെ ചിന്തയിലുണർന്നു. എവിടെ

യെങ്കിലും മഹ്ദി വെളിപ്പെട്ടിരിക്കും എന്ന ദൃഢവിശ്വാസം അദ്ദേഹത്തിനുണ്ടായി. അപ്പോഴാണ് പഞ്ചാബിലൊരാൾ താൻ മഹ്ദിയാണെന്ന് വാദിക്കുന്നുണ്ടെന്ന് ഒരു സ്നേഹിതനിൽനിന്നറിയാൻ കഴിഞ്ഞത്. കാര്യത്തിന്റെ വാസ്തവമറിയാൻ കുറച്ചുനാൾ കഴിഞ്ഞ് അദ്ദേഹം വീണ്ടും യാത്രപുറപ്പെട്ടു. കാൽനടയായിതന്നെ. മറ്റ് യാത്രാസൗകര്യങ്ങളൊന്നും അക്കാലത്തില്ല. ഇന്നും കാശ്മീരിൽനിന്നും ജമ്മുവിലെത്താൻ റോഡ് മാർഗ്ഗം ഒരേയൊരു വഴിയേയുള്ളൂ. മലയിടിച്ചിലോ മണ്ണിടിച്ചിലോ ഉണ്ടായി ഗതാഗതം തടസ്സപ്പെട്ടാൽ പിന്നെ യാത്ര മാറ്റിവെക്കേണ്ടിവരും. സത്യം തിരിച്ചറിയാനുള്ള ഉൽക്കടമായ ആഗ്രഹത്താൽ എന്തെല്ലാം കഷ്ടപ്പാടുകൾ സഹിച്ചായിരിക്കും അന്ന് അദ്ദേഹം ഖാദിയാനിലെത്തിയത്. ത്യാഗപൂർണ്ണമായ യാത്രയുടെ അവസാനം മസീഹ് മൗഊദ്(അ)നെ നേരിൽകാണാനും അദ്ദേഹത്തിന്റെ കയ്യിൽ ബൈഅത്ത് ചെയ്യാനും അങ്ങനെ തന്റെ ആഗ്രഹം സഫലമാക്കാനും അല്ലാഹു തൗഫീഖ് നൽകി. മഞ്ഞിൻമലകളിലിഴഞ്ഞ് നീങ്ങി നബി(സ)ന്റെ സലാമെത്തിച്ച കാശ്മീരിലെ ആദ്യ അഹ്മദി. അദ്ദേഹത്തിന്റെ പൗത്രൻ ബിശാറത്ത് അഹ്മദ് സാഹിബാണ് ആസ്നൂർ ജമാഅത്തിന്റെ ഇപ്പോഴത്തെ പ്രസിഡന്റ്.

ഇവിടെ നമുക്ക് നല്ലൊരു മസ്ജിദും വിദ്യാഭ്യാസ സ്ഥാപനങ്ങളുമുണ്ട്. ജമാഅത്തിന്റെ സ്കൂളിൽ പ്ലസ്ടുവരെ പഠിക്കാനുള്ള സൗകര്യമുണ്ട്. പ്രസിഡന്റിന്റെ വീടിനുമുന്നിൽ പഴയൊരു കെട്ടിടം. ഖലീഫത്തുൽ മസീഹ് സാനി(റ)യും കുടുംബവും മൂന്നുമാസം ഈ വീട്ടിൽ താമസിച്ചിരുന്നെന്ന് അവർ അഭിമാനപൂർവ്വം പറഞ്ഞു. അതിന്റെ സ്മരണയ്ക്കായാണ് ആ പഴയ കെട്ടിടം പൊളിച്ചുമാറ്റാത്തതെന്നും, അവിടെവെച്ച് സാനി(റ)ന്റെ ഒരുമാസം പ്രായമായ കുഞ്ഞ് വഫാത്തായിപ്പോയെന്നും പറഞ്ഞു. അന്ന് ഖലീഫത്തുൽ മസീഹിന് ഓഫീസ് കടലാസുകളും കത്തുകളും ഖാദിയാനിൽനിന്ന് ശ്രീനഗറിലാണെത്തിക്കുന്നത്. അതുവാങ്ങാൻ ആസ്നൂറിൽനിന്ന് 180 കി.മീ. ദൂരെയുള്ള ശ്രീനഗറിൽ എല്ലാ ദിവസവും കുതിരപ്പുറത്തു ഒരാൾ പോകും. ഇന്ന് പോയ ആൾ നാളെ കത്തുകളുമായി മടങ്ങും. അപ്പോഴേക്കും അടുത്ത തപാലിനായി ഇവിടെനിന്ന് വേറൊരാൾ പുറപ്പെട്ടിരിക്കും. അന്ന് ഹുസൂറിന്റെ താൽക്കാലികഭരണം ആസ്നൂറിൽ നിന്നായതിനാൽ ആ ഗ്രാമം അന്ന് 'ഛോട്ടാഖാദിയാൻ' എന്ന പേരിലും അറിയപ്പെട്ടു.

ആസ്നൂറിൽനിന്ന് ഏകദേശം മൂന്നുമണിക്കൂർ കാറിൽ യാത്ര ചെയ്താൽ നാസിറാബാദ് ഗ്രാമത്തിലെത്തും. ആസ്നൂറിലുള്ള അംഗസംഖ്യ ഇവിടെയില്ലെങ്കിലും ഒട്ടും ചെറുതല്ലാത്ത ഗ്രാമം. മുഴുവൻപേരും അഹ്മദികൾ. ഇതിന്റെ പഴയപേര് 'കന്നിപുര' എന്നാണ്. പന്ത്രണ്ട് വർഷങ്ങൾക്കുമുമ്പ് ഗ്രാമത്തിലെ മുഴുവൻ ആളുകളും ജമാഅത്തിൽ ചേർന്നപ്പോൾ ഖലീഫത്തുൽമസീഹ് റാബിഅ് തിരുമനസ്സ് ഗ്രാമത്തിന്റെ പേര് മാറ്റി മൂന്നാം ഖലീഫയുടെ പേര് ചേർത്ത് 'നാസിറാബാദ്' എന്നാക്കി. പിന്നീട് പേര് മാറ്റാൻ ഗവർമ്മെന്റിൽ അപേക്ഷ സമർപ്പിക്കുകയും ഗവർമ്മെന്റ് പുതിയ പേര് അംഗീകരിക്കുകയും ചെയ്തു. അവിടെയുള്ള പള്ളി അല്പം ചെറുതാണ്. ഇപ്പോൾ ഹുസൂറിന്റെ അനുമതിയോടെ വലിയൊരു പള്ളിയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. പള്ളിയുടെ ജോലി മുഴുവൻ ചെയ്യുന്നത് ഖാദിമീങ്ങളാണ്. എല്ലാ സഹോദരങ്ങളും ഒരുമാസത്തെ ശമ്പളം പള്ളിനിർമ്മാണത്തിനു വേണ്ടി തന്നിട്ടുണ്ടെന്ന് പ്രസിഡന്റ് സാഹിബ് പറഞ്ഞു.

ഈ ഗ്രാമത്തിലും പ്ലസ്ടുവരെയുള്ള വിദ്യാഭ്യാസം ജമാഅത്തിന്റെ സ്കൂളിൽതന്നെ. അഹ്മദികുട്ടികൾക്ക് പുറമേ കുറച്ചകലെയുള്ള ഗ്രാമത്തിലെ അനഹ്മദികുട്ടികളും പഠിക്കാൻ വരുന്നുണ്ട്. അനഹ്മദി ടീച്ചർമാരും ഇവിടെ ജോലിചെയ്യുന്നുണ്ട്. എല്ലാവരും വളരെ സൗഹാർദ്ദത്തിലാണ് കഴിയുന്നത്. ആൺകുട്ടികളും പെൺകുട്ടികളും പ്ലസ്ടുവരെ ഒരേക്ലാസ്സിൽ പഠിക്കുന്നു. ഒരു ക്ലാസ്സിലും ബെഞ്ചോ ഡസ്കോ ഇല്ല. നിലത്തിരുന്നാണ് എഴുത്തും വായനയും. ഇവിടെയുള്ള ലബോറട്ടറി സൗകര്യം വളരെ മെച്ചപ്പെട്ടതാണ്. കുട്ടികളുടെ പഠനാവശ്യത്തിനുള്ള എല്ലാ സജ്ജീകരണങ്ങളും ലബോറട്ടറികളിലുണ്ട്. ഗവർമ്മെന്റ് സ്കൂളുകളും ആശുപത്രികളും മറ്റ് സർക്കാർ കെട്ടിടങ്ങളും സ്ഥിതിചെയ്യുന്നത് അഹ്മദികളുടെ സ്ഥലങ്ങളിലാണ്. സ്ഥലം വിട്ടുകൊടുക്കണം ബാക്കി എല്ലാ സൗകര്യങ്ങളും ഗവർമ്മെന്റ് ചെയ്തുകൊടുക്കും. അതാണവരുടെ വ്യവസ്ഥ. കെട്ടിടങ്ങളിലെ ചുമരുകളിൽ പല സ്ഥലങ്ങളിലും മസീഹ് മൗഊദ്(അ)ന്റെ വചനങ്ങൾ എഴുതിവെച്ചിരിക്കുന്നു. പലതരത്തിലുള്ള പരസ്യങ്ങളും ആഭാസങ്ങളായ സിനിമാപോസ്റ്ററുകളും കാണേണ്ടിവരുന്ന നമുക്ക് തികച്ചും വ്യത്യസ്തമായ കാഴ്ച. ഇതിനേക്കാൾ നല്ല പരസ്യം മറ്റെവിടെ കാണാൻ കഴിയും?

ഗ്രാമങ്ങളൊക്കെ സമനിരപ്പിലാണെങ്കിലും മലകളിൽ നിന്നൊഴുകിവരുന്ന വെള്ളം പല സ്ഥലങ്ങളിലും ചെറിയ തോടുകളിലായി ഒഴുകുന്നുണ്ട്. നടന്നുപോകാൻ ചെറിയ പാലങ്ങൾ കെട്ടും. അതിനുവേണ്ട സിമന്റും കമ്പിയും ഗവർമ്മെന്റ് കൊടുക്കും. ജോലി ചെയ്ത് പാലം പണി പൂർത്തിയാക്കുന്നത് ഖുദ്ദാമുൽ അഹ്മദിയ്യാ ആണ്. ഗവർമ്മെന്റ് ചെയ്യേണ്ട ജോലിയിലും നമ്മുടെ സഹോരങ്ങൾ സഹകരിച്ച് പ്രവർത്തിക്കുന്നു. അതുകൊണ്ടായിരിക്കും ഗവർമ്മെന്റിൽനിന്ന്

എല്ലാ കാര്യത്തിലും നല്ല സഹകരണം കിട്ടുന്നത്. ഒരിക്കൽ കലാപക്കാർ ഗ്രാമം മുഴുവൻ വളഞ്ഞെങ്കിലും ഉപദ്രവങ്ങളൊന്നും ചെയ്യാതെ തിരിച്ചുപോയെന്ന് പ്രസിഡന്റ് സാഹിബ് പറഞ്ഞു. കാശ്മീരിൽ ഏറെ നാളായി തുടർന്നുകൊണ്ടിരിക്കുന്ന കലാപത്തിൽ ഇതുവരെ ഒരു അഹ്മദിക്കും ജീവഹാനി നേരിട്ടിട്ടില്ല. അൽഹം ദുലില്ലാഹ്. റോഡിലിറങ്ങിയാൽ പോലീസും പട്ടാളവുമില്ലാത്ത ഒരു സ്ഥലവുമില്ല. പല സ്ഥലങ്ങളിലും ഓരോ കിലോമീറ്ററിലും പരിശോധനയാണ്. ചിലർ കാറിന്റെ ഡിക്കിയും ബോണറ്റും തുറന്നുനോക്കും. ചിലർ കാറിനുള്ളിലും പരിശോധന നടത്തും. ചിലപ്പോൾ കാറിനുള്ളിലുള്ളവരെ മുഴുവൻ ഇറക്കി കുറച്ചു ദൂരം നടത്തിക്കും. കാറിൽ അപരിചിതരെ കണ്ടാൽ എവിടെ നിന്ന്, എന്തിനു വന്നു എന്നൊക്കെയാണ് ചോദ്യം. കേരളത്തിൽനിന്ന് കാശ്മീർ സന്ദർശിക്കാനെത്തിയതാണെന്ന് പറഞ്ഞാൽപിന്നെ അധികം ചോദ്യമൊന്നുമുണ്ടാവാറില്ല. എല്ലാ പരിശോധനയും സുരക്ഷയുടെ ഭാഗമാണെങ്കിലും പലപ്പോഴും ഇത് യാത്രയിൽ ഒരുതരം വിരസത നമുക്കുണ്ടാക്കും.

കാശ്മീരികളുടെ മുഖ്യആഹാരം രണ്ടുനേരമുള്ള അരിഭക്ഷണമാണ്. ഗ്രാമങ്ങളിലും മലയടിവാരങ്ങളിലും കണ്ണെത്താത്തവിധം നെൽവയലുകളാണ്. നമ്മുടെ നാട്ടിൽ കാണുന്നതുപോലെ ചതുരങ്ങളായി വേർതിരിച്ചല്ല വയലുകൾ. ഒരു പ്രത്യേക രീതിയിലാണ് അവർ കൃഷിചെയ്യുന്നത്. മലമുകളിൽനിന്ന് നോക്കിയാൽ താഴ്‌വാരങ്ങളിൽ വിളഞ്ഞുകിടക്കുന്ന വയലുകൾ സ്വർണ്ണനിറത്തിൽ വളഞ്ഞുപുളഞ്ഞൊഴുകുന്ന നദിപോലെ കാണപ്പെടും. പ്രകൃതിസൗന്ദര്യം വഴിഞ്ഞൊഴുകുന്ന കാശ്മീരിൽ ഈ നെൽകൃഷി അതിന് മാറ്റു കൂട്ടുന്നു. 'കാശ്മീർ ഭൂമിയിലെ പറുദീസ' എന്നെഴുതിയ ബോർഡ് യാത്രയിൽ പലസ്ഥലങ്ങളിലും കാണാം. അല്ലാഹു കനിഞ്ഞുനൽകിയ സൗന്ദര്യത്തിന് അധ്വാനശീലരായ ജനങ്ങളുടെ കരവിരുതുകളാൽ കൂടുതൽ മോടിപിടിപ്പിക്കുന്നു എന്നത് യാഥാർത്ഥ്യം. വയലുകളിൽ കുടുംബാംഗങ്ങൾ മുഴുവൻ ഒന്നിച്ച് ജോലി ചെയ്യുന്നു. വിത്തിടുന്നത് മുതൽ കൊയ്തെടുക്കുന്നതുവരെ മുഴുവൻ ജോലിയും വീട്ടുകാർതന്നെ. എത്ര ഭാരമുള്ള ജോലിയായാലും പുരുഷന്മാരുടെകൂടെ സ്ത്രീകളും ഉണ്ടാവും. വീടിന് വെളിയിൽ ഇങ്ങനെ ജോലി ചെയ്യുന്നതുകൊണ്ടായിരിക്കാം കാശ്മീരിൽ എവിടെയും പർദ്ദാ സമ്പ്രദായം കണ്ടില്ല. അവിടെ കണ്ട നല്ലയൊരുകാര്യം എവിടെയും വേലക്കാരില്ല എന്നതാണ്. ജോലി സ്വയം ചെയ്യുക എന്നതാണ് അവരുടെ രീതി. വീടുകളിൽ നമ്മുടെ നാട്ടിലേതുപോലെ നിന്ന് ചെയ്യുന്ന ജോലി തീരെയില്ല. പാചകവും പാത്രം കഴുകുന്നതുമൊക്കെ ഇരുന്നിട്ടാണ്. നമ്മുടെ നാട്ടിൽ പണ്ടുണ്ടായിരുന്നതുപോലെ. അധ്വാനശീലരായതുകൊണ്ടായിരിക്കും സുന്ദരികളായ കാശ്മീരികൾക്ക് അവരുടെ സൗന്ദര്യം നിലനിർത്താൻ കഴിയുന്നത്. ആർക്കും അമിതവണ്ണമോ ചാടിയവയറോ ഇല്ല. ബ്യൂട്ടിപാർലറിന്റേയും യോഗാക്ലാസ്സിന്റേയും പിന്നാലെ ഓടേണ്ട ആവശ്യവുമില്ല. നെൽകൃഷിപോലെതന്നെ പലർക്കും ആപ്പിൾ തോട്ടങ്ങളുമുണ്ട്. ജമാഅത്തിൽ തന്നെ ആപ്പിൾ കയറ്റുമതിയിൽ നല്ല സമ്പാദ്യമുള്ളവരുമുണ്ട്.

അഫ്ഗാനികളും കാശ്മീരികളും ഇസ്രാഈൽ വംശജരാണെന്ന് ചരിത്രം പറയുന്നു. ഇവരുടെ പരമ്പരാഗത വേഷങ്ങളും ഭാവങ്ങളും ആചാരങ്ങളും ഇസ്രാഈല്യരോട് സാമ്യമുള്ളതാണ്. ജൂതന്മാരുടെ പൊക്കവും നിറവും ഉയർന്നമൂക്കും കാശ്മീരികളിലും കാണാം. ക്രിസ്തുവിന് മുമ്പ് 721-ൽ അസൂറിയ രാജാവായ ശാൽമൻസർ സാമിരിയ്യയിൽനിന്ന് തടവുകാരായി പിടിച്ചുകൊണ്ടുപോയ പത്ത് ഗോത്രക്കാർ ഇന്ത്യയിൽ വന്ന് വിവിധ ഭാഗങ്ങളിൽ കുടിയേറിപ്പാർത്തിരുന്നു. അതിൽ ഭൂരിഭാഗവും പിന്നീട് തങ്ങളുടെ പൂർവ്വമതം ഉപേക്ഷിക്കുകയും ബുദ്ധമതം സ്വീകരിക്കുകയും ചിലർ വിഗ്രഹാരാധകരായിത്തീരുകയും ചെയ്തു. കുരിശുസംഭവത്തിനുശേഷം യേശുക്രിസ്തു ഇന്ത്യയിൽ വരികയും പലതാവളങ്ങളിലൂടെ സഞ്ചരിച്ച് കാശ്മീരിൽ എത്തിച്ചേരുകയും അവിടെ ബുദ്ധമതം ആചരിച്ചുപോന്നവർക്കിടയിൽ തന്റെ ജനങ്ങളെ കണ്ടെത്തുകയുമുണ്ടായി. യേശുവിന്റെ വരവോടുകൂടി അവരിൽ ഭൂരിഭാഗവും സന്മാർഗ്ഗത്തിലേക്ക് തിരിച്ചുവന്നു. യേശു വളരെക്കാലം അവരിൽ പ്രബോധനം നടത്തുകയും 120-ാം വയസ്സിൽ വഫാത്താവുകയും ശ്രീനഗറിലെ ഖാൻയാർ തെരുവിൽ കബറടക്കം നടത്തപ്പെടുകയും ചെയ്തു. യേശുവിന്റെ പ്രബോധനങ്ങളിൽ വരാനുള്ള പ്രവാചകനിൽ വിശ്വസിക്കണമെന്ന് കൂടിയുള്ളതിനാൽ പത്ത് ഇസ്രായീൽ ഗോത്രക്കാരും പിന്നീട് കാശ്മീരികളെന്നും അഫ്ഘാനികളെന്നും ഉള്ള പേരുകളിൽ മുസ്‌ലിംകളാവുകയും ഇസ്‌ലാംമതത്തിൽ ലയിക്കുകയും ചെയ്തു.

അക്കാലത്ത് യഹൂദരുടെ ശവകുടീരങ്ങൾ ഇക്കാലത്തെ കല്ലറകളുടേത് പോലെയായിരുന്നില്ല. അവ വിശാലമായ അറപോലെ ധാരാളം സ്ഥലസൗകര്യമുള്ളതും ഒരുഭാഗത്ത് വലിയ ശിലകൊണ്ട് അടച്ചിടാവുന്നതരത്തിൽ പ്രവേശനത്തോടുകൂടിയുള്ളതുമായിരുന്നു. കാശ്മീരിൽ ശ്രീനഗറിലെ ഖാൻയാർതെരുവിൽ കാണപ്പെട്ട ഈസാമസീഹിന്റെ കല്ലറയും യഹൂദരുടെ കല്ലറകളുമായി സാദൃശ്യമുള്ളതാണ്. യേശു മരിക്കാതെ ആകാശത്തുപോയെന്നും തിരിച്ചുവരുമെന്നുമുള്ള അബദ്ധധാരണകളുമായി കഴിയുന്ന ഭൂരിപക്ഷ മുസ്‌ലിംകളേയും ക്രിസ്ത്യാനികളേയും അഹ്മദിയ്യാ ജമാഅത്തിന്റെ വന്ദ്യസ്ഥാപകൻ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തന്റെ ഗ്രന്ഥങ്ങളിലൂടെ ഈ

സത്യം ദൃഢപ്പെടുത്തി വെല്ലുവിളിച്ചിരിക്കയാണ്. ലോകചരിത്രത്തിലെ ഏറ്റവും വലിയ അസത്യവും അസംബന്ധമുമാണ് യേശുവിന്റെ കുരിശുമരണവും ഉയർത്തെഴുന്നേല്പും. ഇന്ന് ഈ വിഷയം ലോകം മുഴുവൻ വിപുലമായി ചർച്ച ചെയ്യപ്പെടുകയും ഒട്ടേറെ ഗവേഷണങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. പലനാടുകളിൽനിന്നും ഈ കല്ലറ സന്ദർശിക്കാൻ ഗവേഷകരെത്തുന്നു. ക്രിസ്തുമതത്തിന്റെ അടിത്തറ ഇളക്കുന്ന ഈ ഗവേഷണം പലരും മൂടിവെക്കുകയും ലോകത്തിന് മുന്നിൽ കണ്ണടക്കുകയും ചെയ്യുന്നെന്ന് മാത്രം. എന്നെങ്കിലും കബർ തുറക്കപ്പെടുകയും സത്യം പുറത്തുവരികയും ചെയ്യും. കബർ തുറന്നാൽ യേശുവിന്റെ മൃതശരീരം തന്നെയാണെന്ന് തെളിയിക്കുന്ന ലിഖിതങ്ങളോ മറ്റ് സ്മാരകങ്ങളോ കണ്ടുകിട്ടാതിരിക്കയില്ലെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) 'അൽഹുദാ' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നു. എത്ര പഴക്കം ചെന്ന മൃതദേഹവും ഡി.എൻ.എ പരിശോധനക്ക് വിധേയമാക്കിയാൽ സത്യം പുറത്തുവരുമെന്ന ഭീതിയല്ലേ ഈ ഗവേഷണത്തിൽനിന്ന് ക്രിസ്ത്യാനികളേയും മുസ്‌ലിംകളേയും പിൻതിരിപ്പിക്കുന്നത്.

ജനങ്ങളുടെ ചിന്തതന്നെ മാറ്റിമറിക്കുന്നവിധത്തിൽ ഇന്ന് യേശുവിന്റെ കല്ലറയുടെ ആകൃതിതന്നെ മാറ്റിയിരിക്കുന്നു. ഇന്നതിന് വിശാലമായ മുറിയോ പ്രവേശനകവാടമോ ഇല്ല. താഴെക്കിറങ്ങാനുള്ള വഴിയും കൊട്ടിയടച്ച് മേലെ ടൈൽസ് പാകിയിട്ടുണ്ട്. അതിനു മേലെ സാധാരണ ദർഗകളിൽ കാണുന്നതുപോലെ കബർ വർണ്ണാഭമായ തുണികൊണ്ട് മൂടിയിരിക്കുന്നു. കബറിന്റെ ഒരുഭാഗത്ത് രണ്ട് കാലടിപ്പാടുകളും മറുഭാഗത്ത് പുരാതനമായ ഒരു വലിയ കല്ലിൻകഷണവും വെച്ചിട്ടുണ്ട്. അതിൽ പഴയ എന്തെങ്കിലും ലിഖിതങ്ങൾ കൊത്തിവെച്ചിട്ടുണ്ടോ എന്നറിയില്ല. ഗ്രില്ലിട്ട് മൂടിയതുകൊണ്ട് അടുത്തുപോയി നോക്കാനും കഴിയില്ല. പുറമേയുള്ള മുറിക്കുള്ളിലും ഇപ്പോൾ ആരേയും കടത്താറില്ല. അങ്ങനെയാവുമ്പോൾ മുറ്റത്തുനിന്ന് ഗ്രിൽസിലൂടെ എത്തിനോക്കാനേ കഴിയൂ. ഇക്കാര്യം ആദ്യമേ ജമാഅത്ത് മുബല്ലിഗ് പറഞ്ഞിരുന്നു. ഇപ്പോൾ കാണാനനുവദിക്കാറില്ല എന്ന്. ഈസാനബിയുടെ പേര് പറയാതെ യുസ് ആസഫിന്റെ മഖ്ബറ കാണാനെന്ന് പറഞ്ഞാൽമതി എന്നൊക്കെ. ഏതായാലും ഒരു ശ്രമം നടത്താമെന്ന് ഞങ്ങളും കരുതി.

ഇതു കേട്ടപ്പോൾതന്നെ നിരാശ തോന്നി. കാശ്മീർ യാത്രയുടെ ലക്ഷ്യംതന്നെ ഈസാമസീഹിന്റെ കബർ സന്ദർശനമായിരുന്നു. കാശ്മീരിന്റെ സൗന്ദര്യം ആസ്വദിക്കലായിരുന്നില്ല. ശ്രീനഗർ ജമാഅത്തിൽനിന്ന് അധികം ദൂരമൊന്നുമില്ല ഈ മക്ബറയിലേക്ക്. ഇന്നും തെരുവിന്റെ പേര് 'ഖാൻയാർ' തന്നെ. കാറിൽ അവിടെയെത്തുന്നതുവരെ മനസ്സ് അസ്വസ്ഥമായിരുന്നു. ദുആ ചെയ്തുകൊണ്ടിരുന്നു. പെട്ടെന്ന് കാണപ്പെടാത്ത സ്ഥലത്താണ് ഈ മക്ബറ. അവിടെ എത്തുമ്പോൾ രണ്ട് കാവൽക്കാർ പുറത്തുപോകാനിറങ്ങുന്നു. ഗ്രിൽസ് തുറന്നുവെച്ചിരിക്കുന്നു. അവർ അകത്ത് കടക്കാനനുവാദമില്ലെന്ന് ആദ്യം പറഞ്ഞെങ്കിലും വളരെ ദൂരത്തുനിന്ന് വന്നതാണെന്നും ദുആ ചെയ്ത് മടങ്ങിപ്പോകുമെന്നും പറഞ്ഞപ്പോൾ ഉള്ളിൽ കയറാൻ അനുവാദം തന്നു. ഫോട്ടോയും വീഡിയോയും നിരോധിച്ചിരിക്കുന്നുവെന്നെഴുതി വെച്ചിട്ടുണ്ടെങ്കിലും കയ്യിൽ രണ്ട് ക്യാമറ കണ്ടിട്ടും ഒന്നും പറഞ്ഞില്ല. പുറത്തെ ചുമരിൽ യൂസ്ആസഫിന്റെ കബർ എന്നെഴുതിയ ആ പഴയലിഖിതം ഇപ്പോഴുമുണ്ട്. പഴയഫോട്ടോയിൽ കാണുന്നതുപോലെ. ഉള്ളിൽ കയറി മക്ബറ കണ്ടെങ്കിലും മനസ്സിനൊരു സംതൃപ്തി കിട്ടിയില്ല. മനസ്സിൽ തറച്ചുനിന്ന ആ പഴയ ഫോട്ടോയിലെ കല്ലറയുടെ രൂപംതന്നെ മാറിയിരിക്കുന്നു. അവിടെ നിന്നിറങ്ങിയപ്പോൾ ഒരു കാര്യത്തിൽ സമാധാനം തോന്നി. ഇന്നത്തെ ദർഗകളിൽ കാണുന്ന തിക്കും തിരക്കും നെഞ്ചത്തടിപ്പും നിലവിളിയും ശിർക്കിന്റെ പല അവസ്ഥാഭേദങ്ങളൊന്നുമില്ലാതെ എല്ലാ കോലാഹലങ്ങളിൽ നിന്നുമൊഴിഞ്ഞ് ശാന്തമായ അന്തരീക്ഷത്തിൽ ഈസാമസീഹ്(അ) അന്ത്യവിശ്രമംകൊള്ളുന്നു.

ഇതെന്തിനിങ്ങനെ അടച്ചിടുന്നു എന്ന് പുറത്തു കണ്ട ഒരു ഓട്ടോഡ്രൈവറോട് ചോദിച്ചപ്പോൾ ഇപ്പോൾ വരുന്ന പലരും ഇത് ഈസനബിയുടെ ഖബറാണെന്ന് പറയാറുണ്ട്, അതുകൊണ്ടാണ് ആരേയും അകത്ത് കടത്താത്തതെന്ന് പറഞ്ഞു. ഇതിനിടയിൽ പുറത്തുപോയിവന്ന കാവൽക്കാരനോട് ഈ കബർ മുമ്പും ഇങ്ങനെയായിരുന്നോ വല്ല മാറ്റവും വരുത്തിയതാണോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം രോഷാകുലനായി. ഈ കബർ ആയിരത്തിലേറെ കൊല്ലം പഴക്കമുള്ളതാണ്. ഇപ്പോൾ പലരും ഈസാ നബിയുടെ ഖബറാണെന്ന് പറയുന്നു, മിർസാ പറയുന്നതുപോലെ. ഇതിനിടെ വന്ന ഒരു ക്രിസ്ത്യൻസ്ത്രീ യേശുവിന്റെ ഖബറാണെന്ന് പറഞ്ഞ് ഒച്ചപ്പാടുണ്ടാക്കി. ഈ പ്രശ്നങ്ങളൊക്കെ ഒഴിവാക്കാനാണ് പൂട്ടിയിടുന്നത്. ആകാശത്തിലുള്ള ഈസാനബിയുടെ കബറാണിതെന്ന് പറയാൻമാത്രം ജനങ്ങൾ ഇത്രയും വിഡ്ഢികളായിപ്പോയല്ലോ എന്ന മട്ടിലാണ് അയാളുടെ സംസാരം.

ഏതായാലും ഒരുകാര്യം വ്യക്തമായി. ഇന്ന് ഇതവിടെ ഒരു ചർച്ചാവിഷയമായിട്ടുണ്ട്. പലരും അറിയാതെ പല ഗവേഷണങ്ങളും നടത്തുന്നുണ്ട്. ഒരു ദിവസം ഏതായാലും ആ സത്യം പുറത്തുവരികതന്നെ ചെയ്യും. മസീഹ് മൗഊദ്(അ) വിശുദ്ധഖുർആനിൽനിന്നും മറ്റ് ചരിത്രഗ്രന്ഥങ്ങളിൽനിന്നുമുള്ള തെളിവുകൾ ഹാജരാക്കിയും സ്വന്തം ഗ്രന്ഥത്തിലൂടെ ഉറക്കെ ഘോഷിച്ചതുമായ ആ പരമസത്യം പുറത്തുവരുമ്പോൾ അഹ്മദിയ്യത്തിന്റെ കൊടി ലോകം മുഴുവൻ പാറിപ്പറക്കും. ഇൻശാഅല്ലാഹ്. ●

# പരിശുദ്ധവൃക്ഷം

(2005 സെപ്തംബറിൽ നടന്ന അഖിലേന്ത്യാ ഇജ്തിമാഇൽ ഭാരത് സദ്ർ ബുശ്റ പാഷ സാഹിബ ചെയ്ത പ്രസംഗം)

ലജ്നാഇമാഇല്ലാഹ് ഭാരതിന്റെ പതിനൊന്നാം വാർഷിക ഇജ്തിമാഅ് നടക്കുകയാണ്. അല്ലാഹു ഈ ഇജ്തിമാഅ് എല്ലാവർക്കും അനുഗ്രഹമുള്ളതാക്കി ത്തീർക്കട്ടെ. മൂന്നുവർഷത്തിൽ നടത്തുന്ന ഇജ്തിമാ അ് ഖലീഫത്തുൽ മസീഹ് ഹാമിസ് തിരുമനസ്സിന്റെ നിർദ്ദേശപ്രകാരം എല്ലാ കൊല്ലവും നടത്താൻ തീരു മാനിച്ചിരിക്കുകയാണ്. ഹുസൂറിന്റെ കല്പനയനുസ രിച്ച് ദീർഘദൂരം യാത്രചെയ്ത് ഇവിടെയെത്തിയ നിങ്ങൾക്ക് ഈ ദിവസങ്ങളിൽ എല്ലാവിധ പ്രയോജ നങ്ങളും സ്വായത്തമാക്കാനുള്ള തൗഫീഖ് നല്കുമാ റാകാട്ടെ. ഈ ഇജ്തിമാഅ് നിങ്ങളുടെ ഉള്ളിൽ ഒരു അനുഗൃഹീതമാറ്റത്തിന് ഇടയാക്കട്ടെ. ആമീൻ.

എൺപത്തിമൂന്ന് വർഷങ്ങൾക്കുമുമ്പ് മുസ്‌ലിഹ് മൗഊദ്(റ) അല്ലാഹുവിന്റെ വിധിയനുസരിച്ച് ലജ്നാ ഇമാഇല്ലാഹ് എന്ന മഹിളാസംഘടന രൂപീകരിച്ചു. ആ സമയം ഹുസൂറിന്റെ കയ്യിൽ ബൈഅത്ത് ചെയ്യാൻ വരുന്ന സ്ത്രീകളിൽ ശഹാദത്ത് കലിമ ചൊല്ലാനറിയാ ത്തവർകൂടി ഉണ്ടായിരുന്നു. സംഘടനയുടെ അനുഗൃ ഹീത വ്യവസ്ഥിതിപ്രകാരം അതിന്റെ പ്രവർത്തനങ്ങൾ മുസ്‌ലിഹ് മൗഊദ്(റ)ന്റെ മേൽനോട്ടത്തിൽ ആരംഭി ക്കുകയും സാവധാനത്തിൽ സ്ത്രീകൾ അതിൽനിന്ന് ഫലമെടുക്കാൻ തുടങ്ങുകയും ചെയ്തു. ദീനിപരമായ തഅ്ലിം നേടുന്നതിനുള്ള ആഗ്രഹം അവരിൽ ഉടലെ ടുത്തു. പതുക്കെ പതുക്കെ സ്ത്രീകൾ സ്വന്തം കടമ കൾ മനസ്സിലാക്കിത്തുടങ്ങി. മുഹമ്മദ് നബി(സ)ന്റെ ദീനിന്റെ പതാക ഉയർത്തിപ്പിടിക്കാൻ ഖിലാഫത്തിന്റെ ഉപദേശനിർദ്ദേശങ്ങൾക്കനുസരിച്ച് അവർ പ്രവർത്ത നമാരംഭിച്ചു.

ഈ സമയം ഞാൻ നിങ്ങളുടെ മുമ്പാകെ ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) 1941-ലെ ജൽസ സാലാനയിൽ സ്ത്രീകളോട് ചെയ്ത പ്രഭാഷണത്തിന്റെ രത്നചു രുക്കം കേൾപ്പിക്കുകയാണ്. കലിമ ത്വയ്യിബയെ സംബ ന്ധിച്ച് നമ്മുടെ വിശ്വാസത്തെ ദൃഢപ്പെടുത്തുന്ന രീതി യിലുള്ള വിശദീകരണമായിരുന്നു അത്. ഇത് നിങ്ങൾ പലതവണ വായിച്ചതും കേട്ടതുമായിരിക്കും. ഇതിനിടെ ഖലീഫത്തുൽമസീഹ് ഖാമിസ് തിരുമനസ്സ് ഒരു ഖുത്ബ യിൽ പറയുകയുണ്ടായി. ഇതുപോലെയുള്ള കാര്യ ങ്ങൾ അയവിറക്കേണ്ടത് ആവശ്യമാണ്. ഏതുപോലെ മൃഗങ്ങൾ ഭക്ഷണം അയവിറക്കി ശരീരത്തിന് ആവ ശ്യമുള്ളതാക്കിത്തീർക്കുന്നുവോ അതുപോലെ. നിങ്ങളും ഈ ഉപദേശങ്ങൾ അയവിറക്കി നിങ്ങളുടെ റൂഹിനെ ആവശ്യമുള്ളതും ഭംഗിയുള്ളതുമാക്കി ത്തീർക്കുക. പിന്നെ അടുത്തതലമുറകളിലേക്ക് അത് പകർന്നുനൽകുക.

മുസ്‌ലിഹ് മൗഊദ്(റ) അരുളി: വിശുദ്ധഖുർആ നിൽ "അല്ലാഹു സത്യവിശ്വാസികൾക്കും വിശ്വാസി കൾക്കും താഴോരത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗ്ഗം വാഗ്ദാനം ചെയ്യുന്നു." ബാഹ്യമായ അരുവി കളിൽനിന്ന് ഉണങ്ങിയ കൃഷിയിടങ്ങളിലേക്ക് പലപ്രാ വശ്യമായി വെള്ളം ഒഴുക്കുന്നു. എന്നാൽ സ്വർഗ്ഗ ത്തിലെ അരുവികൾ സ്വർഗ്ഗസ്ഥരുടെ കയ്യിലായിരി ക്കും. അവരാണ് അതിന്റെ ഉടമസ്ഥർ. അവ എപ്പോഴും തോട്ടങ്ങളിലൂടെ ഒഴുകിക്കൊണ്ടിരിക്കും. ആ തോട്ടങ്ങ ളിൽ അവർ നിത്യവാസികളായിരിക്കും. അവരുടെ പരി ശ്രമം പാഴായിപോകുന്നതല്ല. അവർ വിതച്ചത് കൊയ്യു കയും കൊയ്തു കൊണ്ടിരിക്കുകയും ചെയ്യും. അങ്ങനെ ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് സമാധാന ത്തിന്റെ ദുആ പ്രവഹിക്കുന്നു. ഒരു സത്യവിശ്വാസി ഫലപുഷ്ടിയുള്ള വൃക്ഷത്തെപ്പോലെയാണ്. അതിൽനിന്ന് കൂടുതൽ കാലം നിലനിൽക്കുന്ന നല്ല ഫലങ്ങൾ കിട്ടിക്കൊണ്ടിരിക്കും.

ഒരു വൃക്ഷം വെള്ളം വളവും കിട്ടിയില്ലെങ്കിൽ നശി ക്കുന്നതുപോലെ സൽപ്രവൃത്തിയെന്ന വെള്ളം കിട്ടി യില്ലെങ്കിൽ ഈമാൻ ഫലപുഷ്ടിയുള്ളതായിത്തീരുന്നി ല്ല. മുസ്‌ലിമാണെന്ന് വായകൊണ്ട് പറഞ്ഞതുകൊണ്ട് ആരും മുഅ്മിനാകുന്നില്ല. കലിമത്വയ്യിബ ചൊല്ലിയ തുകൊണ്ട് മാത്രം ആരും സന്തോഷിക്കരുത്. ***ലാഇ ലാഹ*** എന്ന വൃക്ഷത്തിന് സൽകർമ്മമെന്ന വെള്ളം കൊടുക്കുന്നില്ലെങ്കിൽ അത് ഫലം തരുന്നതല്ല. വൃക്ഷ ങ്ങൾ പലതരത്തിലുള്ളതുപോലെ ***ലാഇലാഹഇല്ലല്ലാഹു*** പലതരത്തിലുണ്ട്. ചിലത് നല്ലതും ചിലത് കേടുവന്ന തും. വിശുദ്ധഖുർആനിൽ ചീത്തയായ കലിമയുടെ ഉദാഹരണം ഇങ്ങനെ പറയുന്നു. അല്ലയോ മുഹമ്മദ്, നിന്റെയടുത്ത് മുനാഫിഖ് വന്നുപറയും. "***നശ്ഹദു ഇന്നകലറസൂലുല്ലാഹ്***." ഈ മുനാഫിഖ് വലിയ കള്ള നാണ്. അവന്റേത് കലിമ ത്വയ്യിബയല്ല ***കലിമ ഖബീസ്*** ആണ്. അവൻ മനസ്സുകൊണ്ടല്ല പറയുന്നത്. ഒന്നാമ തായി നിങ്ങളുടെ കലിമ പരിശുദ്ധിയുള്ളതായിരിക്കണം. ചിലരുടെ വിശ്വാസത്തിൽ ന്യൂനത കാണപ്പെടുന്നു. ഒരു മാവ് നട്ടു അതിനെ നല്ലവണ്ണം പരിചരിച്ചില്ല. അതിലു

ണ്ടായ മാങ്ങ ഒന്നിനും കൊള്ളാത്തതായിരുന്നു. അതിന് മാർക്കറ്റിലും ഒരു വിലയുമില്ലാതായി. എന്നാൽ നല്ല ഗുണമേന്മയുള്ള മാങ്ങയാണെങ്കിൽ അതിന് ആവശ്യക്കാർ ധാരാളമുണ്ടാകും. നിങ്ങൾ കലിമ ചൊല്ലുമ്പോൾ ചിന്തിക്കുക. ഇത് കലിമ ത്വയ്യിബയാണോ? ത്വയ്യിബ എന്നതിന് അറബിയിൽ നല്ലത്, സുഗന്ധമുള്ളത്, രുചിയുള്ളത് എന്നൊക്കെയാണ് അർത്ഥം. നിങ്ങൾ അഹ്മദികളാണെന്ന് പറയുന്നു. നിങ്ങളുടെ ബാഹ്യരൂപവും അഹ്മദികളുടേതാണോ? നിങ്ങളുടെ നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ് ഒന്നും അഹ്മദികളുടേതല്ലെങ്കിൽ നിങ്ങൾക്കെങ്ങനെ പറയാൻ കഴിയും നിങ്ങൾ പരിശുദ്ധകലിമയിൽ വിശ്വസിക്കുന്നവരാണെന്ന്.

രണ്ടാമതായി കലിമക്ക് സുഗന്ധമുണ്ടായിരിക്കണം. ഏതൊരു സാധനമാണോ മനുഷ്യൻ വാങ്ങുന്നത് അത് സുഗന്ധമുള്ളതാണോ അല്ലയോ എന്ന് നോക്കുന്നു. അല്ലാഹു പറയുന്നു. "നിങ്ങൾ നിങ്ങളുടെ ഈമാനിൽ സുഗന്ധമുണ്ടാക്കേണ്ടതാണ്. നിങ്ങളുടെ സൽപ്രവൃത്തികളുടെ സുഗന്ധം മറ്റുള്ളവർക്കും പകർന്നുകൊടുക്കേണ്ടതാണ്.'' ആദ്യം ആളുകൾ നിങ്ങളുടെ പ്രവർത്തനങ്ങളേയും ജീവിതരീതികളേയുമാണ് നോക്കുന്നത്. ഒരഹ്മദിസ്ത്രീ നമസ്കരിക്കുന്നില്ലെങ്കിൽ അയൽവാസിയായ അനഹ്മദി സ്ത്രീക്ക് അവരെക്കുറിച്ച് ഒരുമതിപ്പും ഉണ്ടാവുകയില്ല. അഹ്മദികൾ നമസ്കരിക്കാറില്ലെന്ന് മൗലവി പറഞ്ഞത് ശരിയാണെന്നായിരിക്കും അവരുടെ വാദം. അനഹ്മദി സ്ത്രീ നമസ്കാരം ഉപേക്ഷിക്കുമ്പോൾ അതവരെ മാത്രമേ ബാധിക്കുകയുള്ളൂ. എന്നാൽ അഹ്മദിസ്ത്രീ നമസ്കാരം ഉപേക്ഷിക്കുമ്പോൾ മൊത്തത്തിൽ ജമാഅത്തിനെയാണ് അത് ബാധിക്കുന്നത്. ഹുസൂർ പറയുന്നു. നിങ്ങളൊരു പരിശുദ്ധവൃക്ഷമാകൂ. അതിന്റെ രൂപം ഭംഗിയുള്ളതായാൽ പോരാ സുഗന്ധവുമുണ്ടായിരിക്കണം. നിങ്ങൾ ഏതൊരു മജ്ലിസിലാണോ പോകുന്നത് അവിടെ നമസ്കാരം നിർവ്വഹിക്കുക, സദഖ കൊടുക്കുക, സൽപ്രവർത്തികളിൽ ഭാഗഭാക്കാകുക. നിങ്ങളുടെ സൽപ്രവർത്തികളുടെ സുഗന്ധത്താൽ മറ്റുള്ളവർ കൂടി ജമാഅത്തിലേക്ക് ആകർഷിക്കപ്പെടും.

'ത്വയ്യിബ' എന്നതിന്റെ മൂന്നാമത്തെ അർത്ഥം രുചികരമായത് എന്നാണ്. രുചികരമായ എല്ലാ സാധനങ്ങളും ജനങ്ങൾക്കിഷ്ടപ്പെടുന്നു. ആളുകൾക്കിഷ്ടപ്പെടുന്ന പ്രയോജനപ്രദമായ കാര്യങ്ങൾ പറയുക എന്നതാണ് ഇതുകൊണ്ടുള്ള ഉദ്ദേശ്യം. ഒരു സ്ത്രീ നമസ്കരിക്കുകയും നോമ്പെടുക്കുകയും ചെയ്ത് പരദൂഷണം പറഞ്ഞ് നടക്കുകയാണെങ്കിൽ അവർ ചെയ്ത സൽപ്രവൃത്തിയുടെ ഫലംകൂടി പാഴായിപ്പോകുന്നു. അതിനാൽ സ്വാദിഷ്ഠമായ, മറ്റുള്ളവർക്കും രുചിക്കാൻ കഴിയുന്ന കാര്യങ്ങൾ മാത്രം പറയുകയും പ്രവർത്തിക്കുകയും ചെയ്യുക.

'ത്വയ്യിബ' എന്നതിന്റെ നാലാമത്തെ അർത്ഥം മധുരമുള്ളതായിരിക്കുക (പ്രിയമുള്ളതാവുക) എന്നാണ്. നിങ്ങളുടെ വാക്കുകൾ പ്രയോജനപ്രദമായിരിക്കുന്നതുപോലെ അറിവ് വർദ്ധിപ്പിക്കുന്നതുമായിരിക്കണം. വെറും ബുദ്ധിക്കുതകുന്നത് മാത്രമല്ല മനസ്സിന് സന്തോഷം നൽകുന്നതുമായിരിക്കണം. അറിവ് വർദ്ധിക്കുന്നകാര്യങ്ങളിൽനിന്ന് ആനന്ദം ലഭിക്കുന്നു. എന്നാൽ മാധുര്യം ലഭിക്കുന്നില്ല. മാധുര്യമൂറുന്ന വാക്കുകൾ മനുഷ്യമനസ്സുകളിൽ ചലനം സൃഷ്ടിക്കുന്നു. തഖ്വ കൈക്കൊള്ളുമ്പോൾ വാക്കുകൾക്കും സ്വാദേറുന്നു.

ഈ നാലുകാര്യങ്ങൾ ഒരു മുഅ്മിന്റെ ജീവിതത്തിലുണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. അപ്പോൾ മാത്രമേ അയാൾ സ്വർഗ്ഗത്തിനവകാശിയാവുന്നുള്ളൂ. എന്താണ് സ്വർഗ്ഗം? ഒരു മുഅ്മിൻ സ്വർഗ്ഗത്തിലെ വൃക്ഷവും അദ്ദേഹത്തിന്റെ സൽപ്രവൃത്തികൾ സ്വർഗ്ഗത്തിലെ അരുവികളുമാണ്. ഈ ലോകവും പരലോകവും തമ്മിലുള്ള വ്യത്യാസം ഈ ലോകത്ത് ഒരു മുഅ്മിൻ ഒളിഞ്ഞിരിക്കുന്നു. എന്നാൽ പരലോകത്ത് എല്ലാവരേയും ഒരുമിച്ചുകൂട്ടുകയും നല്ലവരേയും ചീത്തയായവരേയും വേർതിരിച്ച് കാണിക്കുകയും ചെയ്യുന്നു. ഈ ലോകത്ത് സൽപ്രവൃത്തി ചെയ്ത് സ്വർഗ്ഗംപൂകിയവരുടെ കൂട്ടത്തിലല്ലേ നിങ്ങളും താമസിക്കാനിഷ്ടപ്പെടുന്നത്? അതിനാൽ ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. നിങ്ങൾ 'കലിമ'യെ ത്വയ്യിബാക്കിത്തീർക്കുക. ഏതുപോലെ നല്ലവൃക്ഷത്തിൽ നല്ലരൂപത്തിലുള്ള രുചിയോടും സുഗന്ധത്തോടും കൂടിയ സ്വാദിഷ്ഠമുള്ളതുമായ പഴങ്ങൾ ഉണ്ടാകുന്നുവോ അതുപോലെ നിങ്ങളുടെ ഈമാനിനേയും നല്ലരീതിയിൽ സുഗന്ധവും മധുരമുള്ളതും സ്വാദിഷ്ഠവുമുള്ളതുമാക്കിത്തീർക്കുക. നിങ്ങൾ ഇതുപോലെയുള്ള വൃക്ഷമാകുമ്പോൾ അല്ലാഹുവിന്റെ മലക്കുകൾ നിങ്ങളെ സ്വർഗ്ഗത്തിൽ കൊണ്ടുപോകുന്നതാണ്. അല്ലാഹു പറയും ഇത്തരം വൃക്ഷങ്ങളില്ലാതെ എന്റെ തോട്ടം പൂർണ്ണമാകുകയില്ല എന്ന്. ജനങ്ങൾ തങ്ങളുടെ തോട്ടം ഭംഗിയാക്കുന്നതിനുവേണ്ടി ദൂരസ്ഥലങ്ങളിൽനിന്നും വൃക്ഷങ്ങൾ വാങ്ങിവരാറുണ്ട്. അതുപോലെ അല്ലാഹുവിന്റെ മലക്കുകൾ എല്ലാ സ്ഥലത്തുനിന്നും നല്ല ആളുകളെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുവരുന്നു. എന്തെന്നാൽ അല്ലാഹുവിന്റെ തോട്ടത്തിൽ ആ വൃക്ഷമില്ല, ഈ വൃക്ഷമില്ല എന്ന് ആരും പറയരുത്.

ഒരു മുഅ്മിൻ അല്ലാഹുവിനോട് എന്ത് നല്ല കച്ചവടമാണ് ചെയ്യുന്നത്. എന്നാൽ വ്യസനമെന്ന് പറയട്ടെ; വളരെ കുറച്ചുപേർ മാത്രമേ ഈ കച്ചവടത്തിലേക്ക് ആകർഷിക്കപ്പെടുന്നുള്ളൂ.

അവസാനം ഞാൻ ദുആ ചെയ്യുകയാണ്. അല്ലാഹു എല്ലാ സഹോദരിമാരേയും സൽപ്രവൃത്തി ചെയ്യുന്നവരാക്കട്ടെ. അതിലൂടെ പരിശുദ്ധവൃക്ഷമായിത്തീർക്കുമാറാകട്ടെ. വരുംതലമുറയേയും അല്ലാഹുവിന്റെ സ്വർഗ്ഗത്തിനവകാശിയാക്കിത്തീർക്കട്ടെ. ആമീൻ.

# ഈദുൽ അസ്ഹാ അഥവാ ബലിപെരുന്നാൾ

ത്വാഹിറ, നായിബ് സദ്ർ ലജ്നാ ഇമായില്ലാഹ് കേരള

ഈദുൽഅസ്ഹാ അഥവാ ബലിപെരുന്നാൾ ഹജ്ജ് കഴിഞ്ഞയുടനെ നടക്കുന്ന ഒരു ആഘോഷമാണ്. ഹജ്ജ് കഴിവുള്ള ഓരോ മുസ്ലിമും തന്റെ ആയുഷ്കാലത്തിന്നിടയ്ക്ക് ഒരിക്കലെങ്കിലും നിർവ്വഹിക്കേണ്ടുന്ന ഒരു കടമയാണ്; ഇത് ആത്മീയോന്നമനത്തിനുള്ള ഒരു മാർഗ്ഗവുമാകുന്നു. ഈ സുദിനത്തെ ബലിപെരുന്നാൾ എന്നു വിളിക്കുന്നത് ഇന്നത്തെ ആഘോഷങ്ങളിൽ സ്ഫുരിച്ചുകാണപ്പെടുന്ന ഒന്ന് ബലികർമ്മം ആയിരിക്കുന്നതുകൊണ്ടത്രെ. തീർത്ഥാടകർ മിനായിലും കഴിവുള്ള മറ്റു മുസ്ലിംകൾ ലോകത്തിന്റെ നാനാഭാഗത്തും പ്രസ്തുതദിവസം ഒരാടിനെയോ, ഒരു പശുവിനെയോ ബലിയിടുന്നു. ഈ ബലിയെക്കുറിച്ച് തിരുസഹാബത്ത് നബി(സ)യോട് ചോദിച്ചപ്പോൾ അവിടന്ന് ഇപ്രകാരം അരുൾചെയ്തു: "(ഇത്) നിങ്ങളുടെ പിതാവ് ഇബ്റാഹീം നബിയുടെ സുന്നത്താകുന്നു." ഞങ്ങൾക്ക് ഇതിൽ എന്താണ് പ്രതിഫലം ലഭിക്കുക എന്ന് സഹാബത്ത് ചോദിച്ചു. നബിതിരുമേനി അരുൾ ചെയ്തു. "അതിന്റെ (ബലിമൃഗത്തിന്റെ) ഓരോ രോമത്തിനു പകരവും നിങ്ങൾക്ക് നന്മ ലഭിക്കുന്നതാണ്."

ബലിയുടെ തത്വമായി ഖുർആൻ പറയുന്നത് ഇപ്രകാരമാണ്. "അവയുടെ മാംസമോ രക്തമോ അല്ലാഹുവിന് ഒരിക്കലും എത്തുന്നില്ല. പക്ഷെ, നിങ്ങളുടെ തഖ്വ (ഹൃദയഭക്തി)യാണ് അല്ലാഹുവിനെത്തുന്നത്.(*22:38*) ബലിയുടെ അന്തഃസത്ത തഖ്വയാണ്. അതാണ് അല്ലാഹു വീക്ഷിക്കുന്നത്. മഹത്തായ ഒരു ഗുണപാഠം ഈ ബലി ലോകത്തിന് നൽകുന്നുണ്ട്. സമുദായത്തിന്റെ നിലനിൽപ്പിന്നായി ചിലപ്പോൾ വ്യർത്ഥമായി തോന്നുന്നതരത്തിൽ ജീവത്യാഗം ചെയ്യേണ്ടിവന്നാൽപോലും സമുദായത്തിലെ ഓരോ വ്യക്തിയും അതിന് തയ്യാറായിരിക്കണം. ബലികളുടെ ഈ സുദിനം മാനവസമുദായത്തിലെ മൂന്ന് വീരവ്യക്തികളുടെ മഹനീയ സ്മാരകങ്ങളെയാണ് ഓരോ മുസ്ലിമിന്റേയും സ്മൃതിയിലുയർത്തുന്നത്. അവർ ഇബ്റാഹീം നബി(അ), പത്നിഹാജറ, ഇവരിരുവരുടെയും മാതൃകാപുത്രൻ ഇസ്മായീൽ.

തന്റെ ഏകപുത്രനായ ഇസ്മായീലിനെ താൻ അറുക്കുന്നതായി ഇബ്രാഹീം(അ) ഒരു ദർശനത്തിൽ കാണുകയുണ്ടായി. ദർശനത്തിൽ അറുക്കുന്നതായി കാണിച്ചുകൊണ്ട് ഇസ്മായീലിനെ വിജനമായ മക്കയിൽ ഉപേക്ഷിക്കണമെന്നായിരുന്നു അല്ലാഹു ഉദ്ദേശിച്ചത്. അല്ലാതെ ബാഹ്യമായി അറുക്കുക എന്നതായിരുന്നില്ല അതിന്റെ വിവക്ഷിതം. എന്നാൽ ദർശനത്തിന്റെ ആന്തരാർത്ഥം ആദ്യം ഹസ്റത്ത് ഇബ്റാഹീം നബിക്ക് മനസ്സിലായില്ല. അതുകൊണ്ട് തന്റെ ദർശനത്തെ ബാഹ്യാർത്ഥത്തിൽതന്നെ പൂർത്തിയാക്കാൻ അദ്ദേഹം തയ്യാറായി. അങ്ങനെ തന്നോട് ഇബ്രാഹിമിനുള്ള അനുസരണത്തെ ദൈവം ലോകത്തിനു കാണിച്ചുകൊടുക്കുകയും അദ്ദേഹത്തേയും അദ്ദേഹത്തിന്റെ സന്താനത്തേയും അനുഗ്രഹിക്കുകയും അദ്ദേഹത്തിന്റെ സന്തതി എണ്ണിയാലൊടുങ്ങാത്തവണ്ണം അഭിവൃദ്ധിപ്രാപിക്കുമെന്ന് വാഗ്ദാനമരുളുകയും ചെയ്തു. അദ്ദേഹത്തിന്റെ ഈ ത്യാഗം സകലമനുഷ്യർക്കും എല്ലാ കാലങ്ങളിലും അതിമഹനീയമായ ഒരാദർശമായി പ്രശോഭിക്കുകതന്നെ ചെയ്യും.

രണ്ടാമത്തെ ആ വീരവ്യക്തി ബാലനായ ഇസ്മായീൽ(അ)ആണ്. ദൈവഹിതത്തിന് തലചായ്ക്കുന്ന വിഷയത്തിൽ തന്റെ വന്ദ്യപിതാവ് പ്രദർശിപ്പിച്ച അതേ ത്യാഗസന്നദ്ധത തന്നെയായിരുന്നു പുത്രനും പ്രകടിപ്പിച്ചത്. സ്വപിതാവ് മകനെ അറുക്കുന്നതിനുവേണ്ടി മകന്റെ പരിപൂർണ്ണ സമ്മതത്തെ അന്വേഷിച്ചപ്പോൾ "എന്റെ പിതാവെ, അങ്ങയോട് എന്താണ് കല്പിച്ചിട്ടുള്ളത് അത് ചെയ്തുകൊള്ളുക. അല്ലാഹു ഉദ്ദേശിച്ചെങ്കിൽ എന്നെ ക്ഷമാശീലനായി താങ്കൾക്ക് കണ്ടെത്താം" എന്ന പ്രത്യുത്തരമാണ് ലഭിച്ചത്. തന്നെ ബലിയർപ്പിച്ചുകൊള്ളുന്നതിനായി സമ്മതിച്ചുകൊണ്ട് ദൈവഹിതത്തിനു മുമ്പിൽ ഈ യുവാവ് തലകാണിച്ചുകൊടുത്തത് എല്ലാ യുവാക്കൾക്കും എക്കാലത്തും ഒരുത്തമ ഉദാഹരണമായി പരിലസിക്കുകതന്നെ ചെയ്യും.

മൂന്നാമതായി ഇസ്മായീലിന്റെ മാതാവായ ഹാജറയുടെ ത്യാഗം- ദൈവഹിതത്തിനു മുമ്പിൽ ആ സ്ത്രീരത്നത്തിന്റെ ആത്മാർപ്പണം തന്റെ പ്രിയതമന്റേതിലോ പ്രിയസുതന്റേതിലോനിന്നും ഒട്ടും താണപടിയിലുള്ളതായിരുന്നില്ല. ദൈവഹിതം നിറവേറ്റുന്ന കാര്യത്തിൽ ആ സാധ്വീരത്നം കാണിച്ച ധൈര്യവും സഹനവും സ്ത്രീകൾക്ക് മാത്രമല്ല പുരുഷന്മാർക്കും ഒരുത്തമ മാതൃകയായി അന്നും ഇന്നും ശേഷിക്കുന്ന തരത്തിലുള്ളതാണ്. വാർദ്ധക്യകാലത്ത് തനിക്ക് ലഭിച്ച ഏകപുത്രനേയും ഭാര്യയേയും മക്കാനഗരത്തിലെ മണൽക്കാട്ടിൽ കൊണ്ടുചെന്നാക്കി. അവിടെ തിന്നുവാനോ കുടിക്കുവാനോ യാതൊരു വസ്തുവും ഉണ്ടായിരുന്നില്ലെന്നാണ് ഖുർആൻ പറയുന്നത്. ആപൽക്കരവും ഭയാനകവുമായ ഒരു താഴ്വരയായിരുന്നു അത്. ദൈവത്തിന്റെ മഹത്വം പുനഃസ്ഥാപിക്കപ്പെടുന്നതിനും

ദൈവത്തിന്റെ ശബ്ദം ഉയരുമാറാകുന്നതിനും വേണ്ടിയാണ് ഇബ്രാഹീം(അ) സ്വപുത്രനേയും ആ പുത്രന്റെ മാതാവിനേയും അവിടെ ഉപേക്ഷിച്ചത്. ഒരു തോൽ സഞ്ചി നിറയെ വെള്ളവും കാരക്കയുടെ ഒരു പൊതിയും മാത്രമേ ഈ കുട്ടിയ്ക്കും ഉമ്മായ്ക്കുമായി നൽകിയിരുന്നുള്ളൂ. ഭീകരമായ ആ വിജനസ്ഥലത്ത് തന്നെ ഏകാകിനിയായി വിട്ടിട്ടുമടങ്ങുന്നത് ദൈവേച്ഛയനുസരിച്ചാണോ എന്ന് വിരഹസമയത്ത് ഹാജറാ ഹസ്റത്ത് ഇബ്റാഹീമിനോട് ചോദിക്കുകയുണ്ടായി. സ്വതവേ സ്നേഹമസൃണവും മൃദുലവികാരങ്ങളുടെ വിളനിലവുമായ ഹൃദയത്തോടുകൂടിയ ഹസ്റത്ത് ഇബ്റാഹീം(അ) ശോകപൂർണ്ണമായ ആ പരിതസ്ഥിതിയുളവാക്കിയ വിഷാദഭാരം നിമിത്തം ഒരക്ഷരം പോലും ശബ്ദിക്കാൻ ശക്തിയില്ലാതെ നിന്നുപോയി. ഒന്നും രണ്ടും കഴിഞ്ഞ് ഹാജറ മൂന്നാം പ്രാവശ്യം ചോദിച്ചപ്പോൾ, അദ്ദേഹത്തിന് ഒരു മൂകനെപ്പോലെ മേൽഭാഗത്തേക്ക് കയ്യുയർത്തിക്കാണിക്കാൻ മാത്രമെ കഴിഞ്ഞുള്ളൂ. താൻ ദൈവകല്പന പ്രകാരമാണ് അപ്രകാരം ചെയ്യുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. അതറിഞ്ഞപ്പോൾ വിശ്വാസിനിയും ദൃഢചിത്തയുമായ ആ തരുണീമണി ഉശിരോടെ ഉത്തരം പറഞ്ഞു. അങ്ങനെയാണെങ്കിൽ പിന്നെ അല്ലാഹുതന്നെ ഞങ്ങളെ രക്ഷിച്ചുകൊള്ളും. അവൻ ഞങ്ങളെ കൈവിടുകയില്ല.

ഒടുവിൽ വെള്ളം തീർന്നു. കാരക്കയും അവസാനിച്ചു. കണ്ണെത്താവുന്ന ദൂരത്തൊന്നും ആൾപ്പെരുമാറ്റമോ ഭക്ഷ്യവസ്തുക്കളോ കണ്ടെത്തിയിരുന്നില്ലെങ്കിലും ദാഹംകൊണ്ട് പൊരിയുന്ന തന്റെ കുട്ടിയുടെ ക്ലേശങ്ങൾ കൂട്ടാക്കാതെ അവർ ഒരു കുന്നിൻപുറത്ത് കയറിനോക്കി. വല്ല മനുഷ്യജീവിയേയും കണ്ടെത്തുമോ? ഒരാളെയെങ്കിലും കണ്ടുകിട്ടിയാൽ അല്പം വെള്ളത്തിന് ചോദിക്കാമായിരുന്നു. എത്രതന്നെ ശ്രമിച്ചിട്ടും വെള്ളം ലഭിക്കുന്നതിനുള്ള ഒരു മാർഗ്ഗവും തുറന്നുകിട്ടിയില്ല. സഫാ, മർവാ എന്നീ രണ്ട് മലമുകളിൽ അവർ പലവുരു കയറുകയും ഒന്നിൽനിന്ന് മറ്റേതിന്റെ മുകളിലേക്കായി അങ്ങോട്ടുമിങ്ങോട്ടും ഏഴുപ്രാവശ്യം കയറിയിറങ്ങി. ഒടുവിൽ ശരീരവും മനസ്സും തളർന്ന് ആ യുവമാതാവ് നിലംപതിച്ചു. കൺകളിൽനിന്ന് കണ്ണുനീർപുഴ പ്രവഹിച്ചു. സർവ്വസാക്ഷിയായി സർവ്വസ്ഥലത്തും വാഴുന്ന സർവ്വശക്തനോട് സഹായം യാചിച്ചു. ആ സന്നിഗ്ദ്ധഘട്ടത്തിൽ അവർക്ക് ദൈവിക വെളിപാടുണ്ടായി. "ഓ ഹാജറാ, നിന്റെ കുട്ടിക്കുവേണ്ടി അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു. ചെല്ലൂ, കുട്ടിയെ നോക്കൂ." ഹസ്റത്ത് ഹാജറ(റ) കുഞ്ഞിന്റെ അടുക്കൽ തിരിച്ചുചെന്നപ്പോൾ കണ്ടത് കുട്ടി ദാഹിച്ചുപിടഞ്ഞേടത്ത് ഒരു ഉറവ് പൊട്ടിപ്പുറപ്പെടുന്നതാണ്. ഉടനെ അവർ അവിടെനിന്ന് മണ്ണ് നീക്കംചെയ്ത് ആ ഉറവിനെ ചെറിയൊരു തടാകത്തിന്റെ രൂപത്തിലാക്കി. ഈ ജലധാരതന്നെയാണ് പിന്നീട് 'സംസം' എന്ന പേരിൽ അറിയപ്പെട്ടത്. സന്തോഷാധിക്യത്താൽ പൊഴിക്കുന്ന ഗാനത്തിനാണ് സംസം എന്ന് പറയപ്പെടുന്നത്. ഹാജറ തന്നെയാണ് ഈ നീരുറവയ്ക്ക് സംസം എന്ന് പേരിട്ടത്.

ഹാജറാ ഒരു രാജകുമാരിയും ഈജിപ്തിലെ രാജാവായ ഫറോവായുടെ ഒരു പുത്രിയുമായിരുന്നുവെങ്കിലും അരമനയിൽ വളർന്ന അവർ, ദൈവകല്പന ശിരസാവഹിച്ച് ജനശൂന്യവും ഫലശൂന്യവുമായ ഒരു മരുവിലെ ദുരന്തവാസം സസന്തോഷം സ്വീകരിച്ചു. തന്നിമിത്തം ലോകമാകമാനം ആ മഹിളാരത്നത്തെ അനുപദം അനുചരിക്കണമെന്ന് അവർ വിധിക്കുകയും ചെയ്തു. ഇന്നും ഹജ്ജ്‌വേളയിൽ ഹസ്റത്ത് ഹാജറ(റ)യുടെ ഈ സംഭവം സ്മരിച്ചുകൊണ്ടാണ് ഹാജിമാർ സഫായുടേയും മർവായുടേയും ഇടയിൽ ഏഴുതവണ ഓടുന്നത്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എപ്പോഴെങ്കിലും തങ്ങളുടെ ഉറ്റവരേയും ഉടയവരേയും ഉപേക്ഷിക്കേണ്ടി വരികയാണെങ്കിൽ തങ്ങൾ അതിന് വൈമനസ്യം കാണിക്കുന്നതല്ലെന്നാണ് ഈ ഓട്ടം മുഖേന അവർ പ്രഖ്യാപിക്കുന്നത്.

ചുരുക്കത്തിൽ, ഇസ്ലാമികശാസന ഇതുമുഖേന കാണിച്ചുതരുന്നത് എല്ലാ സ്ത്രീപുരുഷന്മാരും അതേ സ്ഥൈര്യവും ധൈര്യവും പ്രദർശിപ്പിക്കുകയും ദൈവഹിതത്തിനു വഴങ്ങുകയും ത്യാഗങ്ങൾ ചെയ്യുകയും ചെയ്യുന്നപക്ഷം തങ്ങൾക്ക് ശാശ്വത സൗഭാഗ്യവും ദൈവപ്രസാദവും സമ്പാദിക്കുക സാധ്യമാണെന്നാകുന്നു.

ഈ സന്ദർഭത്തിൽ വിശുദ്ധഖുർആനിലെ താഴെപ്പറയുന്ന രണ്ട് സൂക്തങ്ങളിലേക്ക് സത്യവിശ്വാസികളുടെ ശ്രദ്ധ തിരിയേണ്ടിയിരിക്കുന്നു.

"അല്പമൊക്കെ ഭയം, വിശപ്പ്, ധനനഷ്ടം, ജീവനഷ്ടം, ഫലനഷ്ടം എന്നിവയിലൂടെ നിശ്ചയമായും നിങ്ങളെ പരീക്ഷിക്കുന്നതാണ്." (*2:156*)


"നിങ്ങളിൽനിന്ന് (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) കഠിനാധ്വാനം ചെയ്യുന്നവരേയും (അവന്റെ മാർഗ്ഗത്തിൽ) സ്ഥിരചിത്തരായി നിൽക്കുന്നവരേയും അവൻ വേർതിരിച്ചു വെളിപ്പെടുത്തുന്നതുവരെ നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്ന് ധരിക്കുന്നുണ്ടോ." (*3:143*)

"ഞങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്ന് പറയുന്നതുകൊണ്ടുമാത്രം (ഇക്കാലത്തെ) ആളുകളെ പരീക്ഷണത്തിനു വിധേയമാക്കാതെ വിട്ടുകളയുമെന്ന് അവർ ധരിക്കുന്നുണ്ടോ?" (*29:3*) എന്ന ആയത്ത് മുഖേന മനസ്സിലാകുന്നത് കേവലം വിശ്വസിച്ചവരെന്നുള്ള അവകാശവാദംകൊണ്ട് മോക്ഷപ്രാപ്തി സാദ്ധ്യമല്ല എന്നാണ്. ജീവിതത്തിൽ കടുത്തപരീക്ഷണങ്ങളെ നേരിടേണ്ടിവരും. പ്രശ്നങ്ങളേയും പ്രയാസങ്ങളേയും പ്രതിസന്ധികളേയും അതിജീവിച്ചേതീരൂ. അത്തരം സന്ദർഭങ്ങളിലെല്ലാം ഹസ്റത്ത് ഇബ്റാഹീം നബി(അ)യോട് അല്ലാഹു കല്പിച്ച ഖുർആൻവാക്യങ്ങൾ നമ്മുടെ അന്തരംഗത്ത് അലതല്ലണം.

"പറയുക, എന്റെ നമസ്കാരവും എന്റെ ത്യാഗവും, എന്റെ ജീവിതവും എന്റെ മരണവും സർവ്വലോകപരിപാലകനായ അല്ലാഹുവിനാകുന്നു. (*6:163*)

ഹസ്റത്ത് ഇബ്റാഹീം നബി(അ) ഏറ്റുപറഞ്ഞ അല്ലാഹുവിന്റെ ആജ്ഞാനുസരണമുള്ള മേൽവാക്യങ്ങളുടെ പ്രതീകമാണ് നമ്മുടെ സത്യപ്രതിജ്ഞ. ഈ പ്രതിജ്ഞ പ്രയോഗത്തിൽ വരുത്താൻ കഴിഞ്ഞാൽ നമ്മളിൽനിന്നുള്ള ഓരോ പിതാവിന്റേയും മാതാവിന്റേയും പുത്രന്റേയും ജീവിതം ധന്യമായി. ●

# വിശുദ്ധഖുർആന്റെ സംരക്ഷണം



സഫീദ സി. എച്ച്

**വി**ശുദ്ധഖുർആന്റെ സംരക്ഷണത്തിന് അല്ലാഹു മറ്റുചില ഏർപ്പാടുകളും ചെയ്യുകയുണ്ടായി. അവയിലൊന്നാണ് ഖുർആൻപാരായണശാസ്ത്രം അഥവാ തജ്വീദ്. വിശുദ്ധഖുർആൻ എങ്ങനെ പാരായണം ചെയ്യണമെന്ന് നബി(സ) സഹാബിമാരെ പഠിപ്പിച്ചു. അതിനുവേണ്ടി അദ്ധ്യാപകരായ ഖുർആൻപാരായണ വിദഗ്ദ്ധരെ നബി(സ) തെരഞ്ഞെടുത്തു. മുഹാജിറുകളിൽനിന്ന് ഹസ്റത്ത് അബ്ദുല്ലാഹിബ്നുമസ്ഊദ് (റ), ഹസ്റത്ത് സാലിം മൗലാ അബീഹുദൈഫ(റ) എന്നിവരും, അൻസാറുകളിൽനിന്ന് ഹസ്റത്ത് മുആദിബ്നു ജബൽ(റ), ഹസ്റത്ത് ഉബയ്യുബ്നുകഅ്ബ്(റ) എന്നിവരുമാണ് നബി(സ) നിശ്ചയിച്ച ഖാരികൾ. ഈ നാലു സഹാബിമാർ ഖുർആൻ പാരായണം ചെയ്യുന്നതുപോലെ ഖുർആൻപാരായണം നിർവഹിക്കുകയെന്ന് നബി(സ) തിരുമേനി അരുൾചെയ്തു. ഈ സഹാബിമാരിൽനിന്ന് അവരുടെ ശിഷ്യപരമ്പര വളർന്നുവന്നു. അവർ പിന്നീട് ഖുർആൻ പാരായണശാസ്ത്രത്തിന് മികച്ച സംഭാവനകളർപ്പിച്ചു. പിൽക്കാലത്ത്വന്ന ആലിംകൾ എഴുതിയ ഗ്രന്ഥങ്ങളിൽ ഖുർആൻപാരായണമുറകളെ സംബന്ധിച്ച് ഒരുപാട് നിയമങ്ങൾ രേഖപ്പെടുത്തിവെച്ചതായിക്കാണാം.

സത്യത്തിൽ ഇതെല്ലാം വിശുദ്ധഖുർആന്റെ സംരക്ഷണത്തിന് അല്ലാഹു ചെയ്ത ഏർപ്പാടുകളായിരുന്നു. വിശുദ്ധഖുർആൻ മുഖേന അറബിഭാഷാ സാഹിത്യത്തിന് മഹത്തായ അഭിവൃദ്ധിയാണ് ലഭിച്ചത്.

പദസംരക്ഷണം മാത്രമല്ല അതിന്റെ അർത്ഥസംരക്ഷണത്തിനും അല്ലാഹു സംവിധാനമൊരുക്കി. തഫ്സീർ എന്നു വിശേഷിക്കപ്പെടുന്ന വിശുദ്ധഖുർആൻ വ്യാഖ്യാനശാസ്ത്രം ഇസ്ലാമിന്റെ പ്രവിശാലമായ വീക്ഷണഗതികളെ പ്രചരിപ്പിക്കുന്നതിനു ഒന്നാംതരം ഉപാധിയായിത്തീർന്നു.

നബിതിരുമേനി(സ) അല്ലാഹുവിൽനിന്ന് പഠിച്ച ഖുർആൻ വ്യാഖ്യാനം സഹാബിമാരെ പഠിപ്പിച്ചു. വിശുദ്ധഖുർആൻ വ്യാഖ്യാനമറിയുന്ന ഒട്ടേറെ സഹാബിമാരുണ്ടായിരുന്നു. മുൻഗാമികളായ സഹാബിവര്യന്മാരിൽ ഹസ്റത്ത് അബൂബക്കർ സിദ്ദീഖ്, ഹസ്റത്ത് ഉമറുൽഫാറൂഖ്, ഹസ്റത്ത് ഉസ്മാൻ ദുആറയ്നി, ഹസ്റത്ത് അലിമുർത്തള(റ) തുടങ്ങിയവർക്കു പുറമെ മറ്റനേകം സഹാബിമാർ ഖുർആൻ വ്യാഖ്യാനരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചു. ആ കൂട്ടത്തിൽ അബ്ദുല്ലാഹിബ്നുമസ്ഊദ്(റ), ഹസ്റത്ത് സൈദിബ്നു സാബിത്ത്(റ), ഹസ്റത്ത് അബ്ദുല്ലാഹിബ്നു അബ്ബാസ്(റ), ഹസ്റത്ത് അബ്ദുല്ലാഹിബ്നുസുബൈർ(റ) തുടങ്ങിയവരെപ്പോലുള്ള പണ്ഡിതപ്രതിഭകളിൽനിന്ന് ഖുർആൻ വ്യാഖ്യാതാക്കളായ ശിഷ്യശാഖാപരമ്പര തന്നെ ഉടലെടുത്തു. അനേകം തഫ്സീർഗ്രന്ഥങ്ങൾ ആരംഭകാലത്തും പിൽക്കാലത്തും മുസ്ലിംകൾ രചിച്ചു. അത്യുന്നതരായ മുഫസ്സിറുകൾ ഇസ്ലാമിലുണ്ടായി. അവരുടെ വ്യാഖ്യാനഗ്രന്ഥങ്ങളിലൂടെ ഖുർആന്റെ ജ്ഞാനപ്രഭ ജനഹൃദയങ്ങളിൽ മഹാപരിവർത്തനങ്ങൾ സൃഷ്ടിച്ചു. ഇമാം ഇബ്നു ജരീറുത്തബ്രി, ഇമാം ഇബ്നു കസീർദിമിശിക്കി, ഇമാം ഇബ്നു ഉമർബൈളാവി, ഇമാം ഇബ്നു ഉമർസമക്ശരി, ഇമാം ഫക്റുദ്ദീൻറാസി, ഇമാം ജലാലുദ്ദീൻ സുയൂത്തി, ഇമാം ശാഹ്വലിയ്യുല്ലാഹിദ്ദഹ്ലവി തുടങ്ങിയവരൊക്കെ ലോകപ്രസിദ്ധരായ ഖുർആൻ വ്യാഖ്യാതാക്കളായിരുന്നു. വിശുദ്ധഖുർആന്റെ ആന്തരികവും ബാഹ്യവുമായ ഒരുപാട് ജ്ഞാനമുത്തുകൾ അവർ പുറത്തെടുത്തു.

ഇവരെക്കൂടാതെ ഖുർആന്റെ പ്രവചനപ്രകാരം ഖുർആന്റെ ആന്തരികജ്ഞാനങ്ങൾ അല്ലാഹുവിന്റെ അനുമതിയോടെ വെളിപ്പെടുത്തിയ ദിവ്യപുരുഷന്മാരും ഇസ്ലാമിലുണ്ടായി. വിശുദ്ധഖുർആന്റെ മറഞ്ഞവ്യാഖ്യാനങ്ങൾ ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കാനായി സാധാരണ കാലഘട്ടങ്ങളിൽ പൊതുവെയും നൂറ്റാണ്ടിന്റെ തലക്കൽ പ്രത്യേകമായും ജ്ഞാനപ്രബുദ്ധരായ മഹാത്മാക്കൾ ആവിർഭവിച്ചു. അവരാണ് ലോകത്ത് ഖുർആന്റെ പ്രകാശം പരത്തിയത്. ലക്ഷക്കണക്കായ മൃതപ്രായർ അവർ മുഖേന ജീവനുള്ളവരാവുകയും ഖുർആന്റെ പ്രകാശത്താൽ പ്രകാശിതരാവുകയും ചെയ്തു. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

"വിശുദ്ധഖുർആനെ പിൻപറ്റുകനിമിത്തം വിശ്വാസികളുടെ ഹൃദയങ്ങളിൽ ദൈവാനുഗ്രഹങ്ങൾ വർഷിക്കപ്പെടുമെന്നത് ലക്ഷോപലക്ഷം ഭക്തന്മാർ

വ്യക്തിപരമായ അനുഭവങ്ങളിലൂടെ അറിഞ്ഞുകഴിഞ്ഞതാണ്. സർവ്വശക്തനായ ദൈവവുമായി അത്ഭുതകരമായ ഒരു ബന്ധം സ്ഥാപിക്കപ്പെടുന്നു. അവന്റെ പ്രചോദനങ്ങളും വെളിപാടുകളും ഭക്തഹൃദയങ്ങളിൽ വർഷിക്കപ്പെടുന്നു. അവർ മഹത്തായ ജ്ഞാനവും തീഷ്ണബുദ്ധിയും ഉൾക്കൊള്ളുന്ന വാക്കുകൾ സംസാരിച്ചു തുടങ്ങുന്നു."

ഹസ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: "കാപട്യവും ഭക്തിരാഹിത്യവും നവീകരണശ്രമങ്ങളും നിറഞ്ഞ മധ്യയുഗങ്ങളിൽപോലും സിദ്ധന്മാരുടെ ഒരു ധാരതന്നെ ഇസ്ലാമിലുണ്ടായി."

ആ മഹാത്മാക്കളുടെ കാലത്തിനുശേഷം ലോകം അധഃപതനത്തിലാപതിക്കുമെന്നും ഖുർആന്റെ ലിപി മാത്രം ശേഷിക്കുമെന്നും ഖുർആൻ ജനഹൃദയങ്ങളിൽ നിന്നും മറഞ്ഞ് സുറയ്യ എന്ന നക്ഷത്രംവരെ പോയ് പോകുമെന്നും ആ കാലഘട്ടത്തിൽ ഖുർആനെ പുനഃസ്ഥാപിക്കുന്നതിനായി വാഗ്ദത്തമഹ്ദി മസീഹ് ആവിർഭവിക്കുമെന്നുള്ള പ്രവചനമനുസരിച്ച് ഇക്കാലത്ത് മഹ്ദിമസീഹ് വരികയും ഖുർആന്റെ പ്രകാശത്തെ ലോകത്തിനു വീണ്ടും വെളിപ്പെടുത്തി കാണിക്കുകയും ചെയ്തു. ആയിരം വർഷത്തേക്കുള്ള ഖുർആന്റെ വ്യാഖ്യാനമാണ് അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് പഠിപ്പിച്ചുകൊടുത്തത്. "***അൽഖയ്റു കുല്ലുഹുഫിൽ ഖുർആൻ***" എല്ലാ നന്മകളും ഖുർആനിലാണ് സ്ഥിതിചെയ്യുന്നത് എന്ന് അവിടന്ന് പ്രഖ്യാപിച്ചു. ആ മഹാത്മാവ് പറഞ്ഞു. "ഏറ്റവും നേരായ വഴിയിലേക്ക് നയിക്കുന്ന ഖുർആനാണിത്. യഥാർത്ഥ ഭക്തന്മാർക്ക് ഇതിൽ മാർഗ്ഗനിർദ്ദേശമുണ്ട്. സൽക്കർമ്മികൾക്ക് നന്മയിലേക്കുള്ള ഒരു സ്മരണികയുമാണിത്. നിശ്ചയമായും ഇതാണ് ദൃഢമായ സത്യം. പ്രകാശത്തിനുമേൽ പ്രകാശമാണിത്; ഹൃദയങ്ങൾക്കുള്ള ഉപശാന്തിയും! കരുണാവാരിധിയായ അല്ലാഹുവത്രേ ഖുർആൻ പ്രബോധന ചെയ്യുന്നത്. സത്യത്തിന്റെ സാക്ഷാൽക്കാരവും സത്യങ്ങളെ തൂക്കിനോക്കാനുപകരിക്കുന്ന മാനദണ്ഡവുമായ ഒരു ഗ്രന്ഥം അവൻ ഇറക്കിയിരിക്കുന്നു. ജനങ്ങൾക്കിതു വഴികാട്ടിയാണ്. എല്ലാ മാർഗ്ഗങ്ങളും ഇത് വിശദമായി നിർദ്ദേശിക്കുന്നു. അവികലമായ യുക്തിവിചാരംകൊണ്ട് സത്യാസത്യങ്ങൾ വിവേചിക്കുന്ന ഇത് സംശയലേശമന്യേ വിശ്വസ്തനായ ന്യായാധിപനത്രേ. ഇതിനെപ്പറ്റി എതിരഭിപ്രായമുള്ളവർക്ക് കാര്യങ്ങൾ വ്യക്തമാക്കുന്നതിനല്ലാതെ നാം ഈ ഗ്രന്ഥം നിനക്ക് വെളിവാക്കിത്തന്നിട്ടില്ല. വിശ്വസിക്കുന്നവർക്കും ഇതിൽ മാർഗ്ഗദർശനവും കാരുണ്യവുമുണ്ട്.

കഴിഞ്ഞകാലങ്ങളിൽ ഇറക്കിയിട്ടുള്ളതും ചിന്നിച്ചിതറിക്കിടക്കുന്നതുമായ സകല അനുശാസനങ്ങളും അദ്ധ്യാപനങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു. ഇതിൽ അസത്യത്തിന്റെ കണികപോലുമില്ല. വിശ്വസിക്കുന്നവർക്ക് ഇതിൽ തിളങ്ങുന്ന അടയാളങ്ങളും നിർദ്ദേശങ്ങളും കാരുണ്യവുമുണ്ട്. പിന്നെ മറ്റെന്തു കാര്യങ്ങളിലും അടയാളങ്ങളിലുമാണ് ജനങ്ങൾ വിശ്വസിക്കുക! അവരോട് പറയുക: അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവുംകൊണ്ട് ഈ ഖുർആൻ ഏറ്റവും വിലപ്പെട്ട നിധിയാണ്. അതിനാൽ ഇതിനെ സോത്സാഹം, സസന്തോഷം നിങ്ങൾ സ്വീകരിക്കുക. കാരണം, നിങ്ങൾ ശേഖരിക്കുന്ന നിധിയേക്കാൾ എത്രയോ ഉൽകൃഷ്ടമാണിത്."

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഖുർആന്റെ സമഗ്രപഠനം പ്രത്യേകിച്ച് അതിന്റെ വിശേഷണങ്ങളുടെ പഠനം ഖുർആന്റെ മഹത്വം മറ്റെല്ലാ മഹത്വങ്ങളെയും അത്ഭുതപ്പെടുത്തുന്നുവെന്ന നിഗമനത്തിൽ നിസ്സംശയം നമ്മെ എത്തിക്കും.

സീമാതീതമായ സൗന്ദര്യങ്ങളാണ് ഖുർആനിലുള്ളത്. എങ്കിലും നിഷ്പ്രയാസം കണ്ടെത്താൻ കഴിയുന്ന ആറുവിശിഷ്ട ഗുണങ്ങൾ നമുക്കിവിടെ അനുസ്മരിക്കാം.


(1) എത്രയും പൂർണവും അന്യൂനവുമായ ഗ്രന്ഥമാണ് ഖുർആൻ. (2) ജീവനുള്ള ഒരു ഗ്രന്ഥമാണ് ഖുർആൻ. (3) അതിരറ്റതും അപരിമേയവും ആണ് ഖുർആൻ (4) നിസ്തൂലമായ ഗ്രന്ഥമാണ് ഖുർആൻ (5) സാർവ്വലൗകികമായ ഗ്രന്ഥമാണ് ഖുർആൻ. (6) എല്ലാ ആശയങ്ങളേയും വിപ്ലവാത്മകമാക്കുന്ന ഒരു ഗ്രന്ഥമാണ് ഖുർആൻ.

ചുരുക്കത്തിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) ലോകത്ത് വന്നുകൊണ്ട് വിശുദ്ധഖുർആനെ സംബന്ധിച്ച സകല സന്ദേഹപ്രശ്നങ്ങളും പരിഹരിക്കുകയും വിശുദ്ധഖുർആന്റെ ദൈവികനിർദ്ദേശപ്രകാരമുള്ള വ്യാഖ്യാനങ്ങൾ വെളിച്ചത്തുകൊണ്ടുവരികയും, ഖുർആന്റെ അദ്ധ്യാപനങ്ങളനുസരിച്ച് ജീവിക്കുകയും ആ അദ്ധ്യാപനങ്ങളിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുകയുമുണ്ടായി. ഇതുതന്നെയാണ് വിശുദ്ധഖുർആന്റെ സംരക്ഷണത്തിനുവേണ്ടി ഇക്കാലത്ത് അല്ലാഹു ചെയ്ത ഏറ്റവും മഹത്തായ ഏർപ്പാട്. ഈ ഏർപ്പാടിനെ ലോകത്ത് വിജയിപ്പിക്കുന്നതിനുവേണ്ടിയാണ് അല്ലാഹു ഖിലാഫത്ത് എന്ന അനുഗ്രഹം സ്ഥാപിച്ചിട്ടുള്ളതും.

●

## തിരുത്ത്

കഴിഞ്ഞലക്കത്തെ ലേഖനത്തിൽ അന്നൂർ 21-ാം പേജിൽ 4-ാം ഖണ്ഡികയിൽ 'ഒടുവിലത്തെ റമളാനിൽ മൂന്നുപ്രാവശ്യം പരിശുദ്ധമലക്ക് നബി തിരുമേനിക്ക് ഖുർആൻ ഓതിക്കേൾപ്പിച്ചു'വെന്നത് രണ്ടുപ്രാവശ്യം ഓതിക്കേൾപ്പിച്ചു എന്ന് തിരുത്തി വായിക്കേണ്ടതാണ്.



ഉമ്മുനസീർ

# മക്കയിലേക്കുള്ള പാത– III

(തുടർച്ച)

**ഞാ**നെന്റെ രണ്ടാം യാത്രയിലേക്കു മടങ്ങട്ടെ. ആദ്യതവണ ഞങ്ങൾ മദീനയിൽനിന്നായിരുന്നു മക്കയിലേക്കു പോയത്. ഏകദേശം നാലുമണിക്കൂറിലധികം ബസ്സിൽ കഴിഞ്ഞു. ഒരു മലകയറ്റമിറങ്ങി ബസ്സ് നേരെ ഹറമിന്റെ മുമ്പിൽ വന്നുനിന്നു. ഒറ്റനോട്ടത്തിൽ മസ്ജിദുന്നബ്വിയുടെ ഭംഗി തോന്നിക്കിലും മസ്ജിദുൽ ഹറമിന് അതിലും പ്രൗഢമായ ആകാരമാണ്. കുലീനമായ ഭാവം. വിശാലമായ മാർബിൾ പാകിയ മുറ്റം കടന്ന് ഗംഭീര ഗേറ്റ്കടന്ന് പള്ളിയിൽ കാലെടുത്ത്വെക്കുമ്പോൾ ചിത്രങ്ങളിലും കാസറ്റുകളിലും കണ്ട കഅബയുടെ ചിത്രം മനസ്സിൽ. ദുആ ഉരുവിട്ടുകൊണ്ട് വിശാലമായ പള്ളിയങ്കണത്തിൽ 'കഅബ' എവിടെ എന്നമ്പരന്ന് കൊണ്ട് കടന്നുചെല്ലുമ്പോൾ തൊട്ടുമുമ്പിൽ ഇതാ എന്ന മട്ടിൽ വിശുദ്ധകഅബ ഉയർന്നുനില്ക്കുന്നു. ടെലിവിഷൻ ചിത്രങ്ങൾ നല്കുന്ന സങ്കല്പത്തെ കവച്ചുവെച്ച് നമ്മുടെ കണ്ണും കരളും കവർന്ന് നിറയുന്ന കഅബയുടെ രൂപം വിവരിക്കാൻ വാക്കുകളുണ്ടാവില്ല. മാറിമാറി വരുന്ന ഭരണകർത്താക്കളുടെ തലോടൽ മസ്ജിദുൽ ഹറമിനെ അലംകൃതമാക്കിയിരിക്കാം. എന്നാൽ അല്ലാഹുവിന്റെ ആ പുരാതനദേവാലയം പ്രവാചകന്റെ കാലത്തെന്നപോൽ അതേരൂപത്തിൽ ഭാവത്തിൽ നിലകൊള്ളുന്നു. വാതിലുകൾ സ്വർണ്ണം പൊതിഞ്ഞിട്ടുണ്ട്. സ്വർണ്ണലിപികൾ നെയ്ത കറുത്തപട്ട് പുതച്ചിട്ടുണ്ട്. എന്നാൽ വിരിയ്ക്കകത്തെ കറുത്തശിലയിൽ പണിത കഅബയുടെ തനിമ തവാഫിന്റെ തരംഗത്തിൽ അലിഞ്ഞുചേരുന്നതിനിടെ വിരിപൊക്കി അരുമയായ് ഒന്നുതലോടി. എത്രയെത്ര വിശുദ്ധകരസ്പർശങ്ങൾ ഏറ്റുവാങ്ങിയാണ് നൂറ്റാണ്ടുകളായി ആ വിശുദ്ധഭവനത്തിന്റെ നില്പ്. ആദ്യസന്ദർശനത്തിന്റെ അനുഭവംവെച്ച് ഞാൻ കൂടെയുള്ള ഭർത്തൃസഹോദരിയോട് പറഞ്ഞു ഒരു കയറ്റം കയറിയാൽ പിന്നെ ഹറമിന്റെ മുമ്പിലെത്തും. ഞങ്ങൾ ദുആയൊക്കെ ഉരുവിട്ട് റെഡിയായിരുന്നു. മക്കയിൽ പ്രവേശിക്കുമ്പോൾ ഹറം കാണുമ്പോൾ, ഹറമിൽ കടക്കുമ്പോൾ, കഅബ ദർശിക്കുമ്പോഴൊക്കെ പ്രത്യേകം പ്രത്യേകം ദുആയുണ്ട്. ചുരമിറങ്ങി വാഹനം കുറേ ഓടി; കയറ്റങ്ങൾക്കുപകരം ധാരാളം ഫ്ളൈഓവറുകളും ടണലുകളും പാലങ്ങളും പണിതിരിക്കുന്നു. ഓരോവർഷവും തീർത്ഥാടകരുടെ സൗകര്യാർത്ഥം സൗദിഗവർമ്മെന്റ് പലവിധ പരിഷ്കരണങ്ങളും നടത്തുകയാണ്. ഒരുവലിയ ടണൽ കടന്ന് ഞങ്ങൾ ഹറമിനു സമീപത്തെത്തി. വണ്ടികൾ പാർക്കുചെയ്യാനുള്ള അണ്ടർഗ്രൗണ്ട്. പാർക്കിംഗ് ധാരാളമായുണ്ടാക്കിയിട്ടുണ്ട്. ലിഫ്റ്റ് വഴി പിന്നെ പള്ളിയിലെത്താം. പ്രൈവറ്റ് പാർക്കിംഗും ഫ്രീ പാർക്കിംഗും ഒക്കെയുണ്ട്. കുലീന പ്രൗഢിയോടെ കാണപ്പെട്ടിരുന്ന മസ്ജിദുൽ ഹറാമിന്റെ മടിയിലെന്നോണം ഇരുവശത്തും തലയുയർത്തി പള്ളിമിനാരങ്ങളെപ്പോലും മറവിലാക്കുന്ന കൂറ്റൻ നക്ഷത്രഹോട്ടലുകൾ. എന്തും ബിസ്സിനസ്സാക്കുന്ന ആധുനികമനുഷ്യന്റെ ദുര ആ പാവനകേന്ദ്രത്തേയും വെറുതെ വിട്ടിട്ടില്ല. തനിക്കുള്ള പങ്ക് എന്തിന് കളയണമെന്ന് കരുതുന്ന ഭരണവർഗ്ഗത്തിന്റെ കൂട്ടുമുണ്ട്.

ഏകദൈവാരാധനയുടെ ത്യാഗത്തിന്റെ നിത്യസ്മാരകമായ കഅബയ്ക്കടുത്ത് നില്ക്കുമ്പോൾ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നുയരുന്ന പ്രാർത്ഥന റബ്ബേ നിന്റെ മഹ്ദീമസീഹിന്റെ ഖലീഫയുടെ കീഴിൽ ഇസ്ലാമിന്റെ ഈ അനശ്വരകേന്ദ്രം എന്നെത്തപ്പെടും എന്നത് മാത്രമാണ്. പ്രവാചകശ്രേഷ്ഠന്റെ പാതയിൽ തൗഹീദിന്റെ മന്ത്രവുമായി ലോകമുസ്ലിംകൾ ഒരൊറ്റ ഇമാമിന്റെ പിന്നിൽ അണിനിരക്കുന്ന കാഴ്ച നീ ഈ തലമുറയ്ക്കുതന്നെ കാണിച്ചുതരേണമേ നാഥാ...

സുബഹി കഴിഞ്ഞ് ഞങ്ങൾ ഇഹ്റാമിനായി ആയിശപള്ളിയിലേക്കു നീങ്ങി. ഓരോ 15 മിനിറ്റിലും ബസ് സർവ്വീസുണ്ട്. പ്രൈവറ്റ് വാഹനങ്ങൾ വേറെയും. ബസിന് നാല് റിയാൽ കൊടുത്താൽ തിരിച്ചിങ്ങോട്ടും വരാം. ലളിതമായ എന്നാൽ ആഢ്യത്വം തുടിക്കുന്ന ഒരിടത്തരം പള്ളിയാണ് ആയിശപള്ളി. കുളിക്കുവാനുള്ള മുറികൾ ധാരാളം. ഹോട്ടൽമുറിയിൽനിന്നും കുളിച്ച് ഇഹ്റാം വേഷം ധരിച്ചവർ അവിടെവെച്ച് വുളു ചെയ്ത് രണ്ട്റക്കഅത്ത് നമസ്കരിച്ച് ഉംറ നിയ്യത്ത് ചെയ്യുന്നു. അല്ലാത്തവർ അവിടെനിന്നും കുളിച്ച് വേഷമിടുന്നു. വളരെ പ്രശാന്തവും കുളിർമ്മ നിറഞ്ഞതുമായ ഒരു പ്രദേശമാണവിടെ. തിരിച്ച് ഹറമിലെത്തി തവാഫും സഅ്ഇളും ചെയ്ത് ഒരല്പം മുടി മുറിച്ചാൽ ഉംറ പൂർത്തിയാവുന്നു. ഏഴ് തവാഫ് പൂർത്തിയാക്കി രണ്ട്റക്കഅത്ത് നമസ്കരിച്ച് കഅബയെ അഭിമുഖീകരിച്ച് കുറച്ചു സംസം കുടിക്കണം. ഓരോ തവാഫിനും സഅ്ഇയ്യ്നും വെള്ളം കുടിക്കുമ്പോഴുമൊക്കെ പ്രത്യേകം ദുആകൾ ഉണ്ട്. വീണ്ടും ഉംറ ചെയ്യണമെങ്കിൽ വീണ്ടും ആയിശപള്ളിയിൽ ചെന്ന് ഇഹ്റാം പുതുക്കണം. ആരോഗ്യശേഷിപോലെ ഒരു ദിവസം തന്നെ എത്ര ഉംറ വേണമെങ്കിലും ചെയ്യാം. സെയ്അ് ചെയ്യുമ്പോൾ ജമാഅത്ത് നമസ്കാരം വന്നാൽ കൂടെ ചേരാം. തവാഫിനിടയിൽ പതിവില്ല. തവാഫ് ഒരിക്കലും

അണമുറിയുന്നില്ല.

പിന്നീട് ഞങ്ങൾ പള്ളി പരിസരം ചുറ്റിനടന്നു കണ്ടു. മുഴുവൻ നടന്നുകാണണമെങ്കിൽ ഒരു പകൽ മുഴുവൻ വേണ്ടിവരും. അത്രയും വിശാലമാണ് പള്ളിയുടെ അകവും പുറവും. വാതിലുകൾക്ക് നമ്പറുകളും പേരുകളുമുള്ളതിനാൽ സ്ഥലം കണ്ടുപിടിക്കുവാൻ ബുദ്ധിമുട്ടില്ല. ഒരു വാതിലിലൂടെ കയറി മറ്റൊന്നിൽകൂടെയാണ് ഇറങ്ങിയതെങ്കിൽ വേറെ ഏതെങ്കിലും തെരുവിലാണെത്തുക. അതിനാൽ തീർത്ഥാടകർ വാതിൽ നമ്പറുകളും പേരുകളും ഓർത്തുവയ്ക്കുന്നു. സംസം കിണർ ഗ്രില്ലും, ചില്ലുകളുംകൊണ്ട് ഭദ്രമായി കെട്ടിയടച്ചിരിക്കുന്നു. അവിടേക്കുള്ള കല്പടവുകൾ കെട്ടിയടച്ചിരിക്കുന്നു. കഴിഞ്ഞതവണ അടച്ചിരിക്കുന്ന കിണറിന്റെ ഭാഗംവരെ ചെല്ലാമായിരുന്നു. നിലവറയിലാണത്. നിറയെ ടാപ്പുകൾ സ്ഥാപിച്ചിരിക്കുന്നു. വുളു ചെയ്യാനും കുടിക്കാനും. ഭക്തി തലയ്ക്കുപിടിച്ച് ശിർക്കിലേക്കു നീങ്ങുന്ന മനുഷ്യമനസ്സിന്റെ സഹജവാസനയെന്നോണം സംസം വെള്ളം തലവഴി കോരിയൊഴിച്ചും തട്ടം മുക്കിയെടുത്തും പുണ്യം നേടുന്നവർ ധാരാളം. ചിലർ കിണറിന്റെ അഴിയിൽ അള്ളിപ്പിടിച്ച് യാഅലീ(ശിയാക്കൾ) എന്ന് വാവിട്ടുകരയുന്നു. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിലാണിത്തരം ബിദ്അത്തുകൾ ധാരാളം.

1400 വർഷം മുമ്പത്തെ കർബലയോർത്ത് ഇന്നും ശിയാതലമുറ പൊട്ടിക്കരയുന്നത് കാണുമ്പോൾ നമുക്കുള്ള ഭക്തിയും ഓടിപ്പോകും! കിണറിൽ കമിഴ്ന്ന് കരയുന്നത് കണ്ടാൽതോന്നും നഊദുബില്ലാഹ് അലി (റ) കിണറ്റിൽ വീണാണ് മരിച്ചതെന്ന്!! നമസ്കാരം പോലും വിട്ടുകളഞ്ഞാണവർ ഇത്തരം പേക്കൂത്തുകൾ കാണിക്കുന്നത്. നമസ്കാരത്തിൽ സുജൂദ് ചെയ്യുവാൻ ഒരു കല്ലിൻകഷണവും കാണാം എല്ലാവരുടെ കയ്യിൽ. ബിംബാരാധനയോടടുത്ത തൗഹീദ്!!

സംസം കിണറിന്റെ ഭാഗത്തുകൂടി മസ്ജിദുൽ ഹറാമിന്റെ അകത്തുകയറി പിന്നിലേക്ക് നീങ്ങിയാൽ സഫാ കുന്നായി. കുന്ന് എന്നു പറയാമെന്നുമാത്രം. നൂറ്റാണ്ടുകളായി തീർത്ഥാടകപ്രവാഹത്താൽ അത് തേഞ്ഞുപോയിരിക്കുന്നു. ചുറ്റും കെട്ടി ടണൽപോലെയാക്കിയതിനാൽ വീതിയും നീളവുമുള്ള ഒരു ഇടനാഴിയിലൂടെ നടക്കുംപോലെ തോന്നും. ഒരുവശത്ത് സഫയും മറുവശത്ത് മർവ്വയും. രണ്ടറ്റത്തും പാറകൾ തനിമയോടെ നിർത്തിയിരിക്കുന്നു എങ്കിലും തീർത്ഥാടക പാദസ്പർശത്താൽ അവ മിനുങ്ങി കണ്ണാടിപോലെയായിരിക്കുന്നു. ചിലഭാഗം പരുപരുത്തതും ഉയർന്നുമിരിക്കും. സഫയ്ക്ക് സ്വല്പം ഉയരം കൂടുതലുണ്ട്. ഹാൾ നിറയെ വെളിച്ചവും എയർകണ്ടീഷന്റെ തണുപ്പുമുണ്ട്. ഒരുവശത്ത് ഹറമിന് പുറത്തേക്കും മറുവശത്ത് കഅബയിലേക്കുമുള്ള ധാരാളം വാതിലുകൾ ആണ് ഉള്ളത്. കഅബയെ ചുറ്റി വൃത്തത്തിലാണല്ലോ മസ്ജിദുൽഹറാം. യഥാർത്ഥ സഫയേയും മർവ്വയേയും സ്പർശിച്ചുവേണം സഅ്ഇ ചെയ്യാൻ. തീർത്ഥാടകരുടെ സൗകര്യാർത്ഥം എല്ലാ സജ്ജീകരണങ്ങളും ചെയ്തതിനാൽ നമുക്കൊട്ടും ആയാസം തോന്നില്ല. നടക്കാൻ വിഷമമുള്ളവർക്ക് വീൽചെയറും അതിനു വേറെതന്നെ പാതയുമുണ്ട്. പകൽ സൂര്യൻ എത്രതന്നെ കത്തിക്കാളിയാലും ഒട്ടും ചൂടുപിടിക്കാത്ത തണുത്ത മാർബിളാണ് കഅബയ്ക്കുചുറ്റും. തവാഫ് സമയത്ത് നമ്മുടെ മനസ്സിന് ബാഹ്യമായ അസഹ്യതകളില്ലാതെ പൂർണ്ണമായും അല്ലാഹുവിനോടുള്ള സ്തുതിയിൽ ആരാധനയിൽ മുഴുകുവാൻ ഇത് സഹായിക്കുന്നു. മാതാവിന്റെ മടിയിലിരിക്കുന്ന ശിശുവിനെപ്പോലെ ഒരു അലൗകിക സ്വച്ഛതയാണ് നമുക്കനുഭവപ്പെടുക. എത്ര പുണ്യകവാടങ്ങൾ കടന്നുവേണം മനുഷ്യാത്മാവിന് അന്ത്യനാളിൽ തന്റെ സ്രഷ്ടാവിന്റെ മുമ്പിൽ അതേ ശാന്തിയോടെ ഹാജരാകുവാൻ.

മസ്ജിദുൽ ഹറമിന്റെ ബാബുസ്സലാമിൽനിന്നും അധികം ദൂരെയല്ല നബികരീം(സ)യുടെ ജന്മഗൃഹം. പോയകാലത്തിന്റെ ഓർമ്മത്തുണ്ടുപോലെ ഒരു പഴയ കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തി അതുപോലെതന്നെ സൂക്ഷിച്ചിരിക്കുകയാണെന്നറിഞ്ഞു. ലൈബ്രറിയാണിപ്പോൾ. ഹജ്ജ്വേളയിൽ മാത്രമേ തുറക്കാറുള്ളൂവത്രെ. ഹറമിന് ചുറ്റും വ്യാപാരസ്ഥാപനങ്ങളുണ്ട്. സ്വർണ്ണക്കടകൾ, ജൗളിക്കടകൾ, സ്റ്റേഷനറിയൊക്കെ വിൽക്കുന്ന പഴയമട്ടിലുള്ള പീടികമുറികൾ. പുതുതായി ഉയർന്നു വന്നിട്ടുള്ള സ്റ്റാർഹോട്ടലുകൾ അവയൊക്കെ മറച്ചുകൊണ്ട് ആധുനിക സുഖഭോഗതയെ ധ്വനിപ്പിച്ചു തലയുയർത്തിനില്ക്കുന്നു. പിന്നിൽ പകുതി കുന്നിൻചെരുവുകളിൽ കാലുറപ്പിച്ചെന്നപോലെ പഴയതരം കെട്ടിടങ്ങളുടെ കൂട്ടങ്ങൾ. മക്കാപട്ടണം ഹറമിന്റെ ചുറ്റുമായി ഊർന്നുകൂടിയപോലെയാണ് കാണുക. മസ്ജിദുൽ ഹറമിന്റെ ഇടതുഭാഗത്ത് കുന്നിന്റെ മുകളിൽ പഴയ മാതൃകയിലുള്ള ഒരു അറേബ്യൻകോട്ട കാണാം. മൺനിറത്തിലുള്ള ചുമരുകളുമായി നിശ്ചലമായി നില്ക്കുന്ന കോട്ട ഏതോ രാജാവ് പണിതതാണെന്നും പക്ഷേ കഅബ അതിനു മുകൾഭാഗത്തായി വരുന്നതിനാൽ അവിടെ താമസിക്കാൻ പറ്റുകയില്ലെന്നും അത് വെറുതെ കിടക്കുകയാണെന്നും ഗൈഡ് പറഞ്ഞു. ആ കോട്ടയെ ചൂഴ്ന്നുനില്ക്കുന്ന അന്ധവിശ്വാസമാകാം അതിനൊരു നിഗൂഢപരിവേഷം നല്കുന്നത്. എന്നാൽ ഈ ആധുനികകാലത്ത് ധനസമ്പാദനം ലക്ഷ്യമാക്കി ഹറമിന്റെ മടിയിലെന്നോണം ഹറമിന്റെ മിനാരങ്ങളെപോലും മറച്ചുനില്ക്കുന്ന കൂറ്റൻ സ്റ്റാർഹോട്ടലുകൾക്ക് ഇന്നും അന്ധവിശ്വാസം ബാധകവുമല്ല!!

ബാബുസ്സലാമിൽകൂടി ഇറങ്ങി പ്രവാചകന്റെ ജന്മഗൃഹം പിന്നിട്ട് കുറച്ച് സഞ്ചരിച്ചാൽ വിശുദ്ധപത്നി ഖദീജത്തുൽ കുബ്റ(റ)യുടെ ഖബറിടം കാണാം. 'ജന്നത്തുൽ മുഅല്ല' ഇതിനു മറുവശത്തായി മക്കയിലെ ശ്മശാനം സ്ഥിതിചെയ്യുന്നു. അനിവാര്യഘട്ടത്തിൽ അല്ലാഹുവിന്റെ പ്രവാചകന് ആത്മവിശ്വാസവും പിന്തുണയും സാമ്പത്തികസഹകരണവും

*ശേഷം പേജ്-24ൽ*

മെഹറുന്നിസ ഹക്കീം

# ഹസ്റത്ത് സയ്യിദ ഉമ്മുത്വാഹിർ(റ)

(ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തന്റെ മാതാവിനെക്കുറിച്ച് അനുസ്മരിച്ച ഭാഗം)

അവസാന നാളുകളിലുണ്ടായ രോഗത്തെക്കുറിച്ച് എന്തെങ്കിലും തീർത്തുപറയുക പ്രയാസമാണ്. മരണത്തിന് രണ്ട് വർഷം മുമ്പ് ഡൽഹൗസിയിൽ വെച്ച് പ്രത്യക്ഷപ്പെട്ടതും ഇടയ്ക്കിടെ കൂടിയും കുറഞ്ഞും കൊണ്ടിരുന്നത് ഈ രോഗം തന്നെയാണ്. ഇതേക്കുറിച്ച് തുടക്കത്തിൽ ഞാൻ സൂചിപ്പിച്ചിരുന്നു. ആ ദിവസങ്ങളിൽ അത്താഴസമയത്ത് ഉമ്മ വളരെ നേരത്തെതന്നെ ഉണർന്നു ഹുസൂർ അയ്യദഹുല്ലാഹ്‌യുടെ പ്രവർത്തകർക്കായി പൊറോട്ട ഉണ്ടാക്കുമായിരുന്നു. ആ നാളുകളിൽതന്നെ രോഗവിവരം ആരുമറിയാതെ ഉമ്മ എന്നോട് പറഞ്ഞിട്ടുണ്ടായിരുന്നു. ഡോക്ടർ വിശ്രമിക്കാൻ പറഞ്ഞാൽ തനിക്കീ പുണ്യം തടയപ്പെടുമെന്ന ഭയത്താൽ ഇക്കാര്യം തുറന്നുപറയാൻ മടിച്ചിരുന്നു. കൂടാതെ അത്തരം ഒരവസരത്തിൽ രോഗത്തെക്കുറിച്ച് പരാതിപ്പെട്ടാൽ അതൊരു കാപട്യമായിക്കരുതുമോ എന്ന ഭയവും മനസ്സിലുണ്ടായിരുന്നു. എന്നോടൊന്നും തുറന്നുപറയുന്നശീലം ഉമ്മാക്കുണ്ടായിരുന്നില്ല. എങ്കിലും താനെത്രമാത്രം രോഗിയാണെന്നുള്ള കാര്യം ആ റമസാനിൽതന്നെ ഉമ്മ എന്നെ അറിയിക്കുകയും ജോലികളെല്ലാം ഭംഗിയായി ചെയ്തുതീർക്കാൻ അല്ലാഹു സഹായിക്കട്ടെ എന്നാഗ്രഹിക്കുകയും ചെയ്തു. പിന്നീട് സ്കൂൾ തുറന്നത് കാരണം ഞാൻ ഖാദിയാനിലേക്ക് മടങ്ങി. ഉമ്മ ഭയപ്പെട്ടതുപോലെത്തന്നെ നോമ്പുകഴിഞ്ഞതും രോഗം മൂർച്ഛിച്ചു. ഉമ്മ പറഞ്ഞതെല്ലാം വാസ്തവമാണെന്ന് കത്തുകളിലൂടെ എനിക്ക് മനസ്സിലായി. എല്ലാം ഉള്ളിലൊതുക്കി നിർത്തുന്നതു കാരണം രോഗത്തെക്കുറിച്ച് മറ്റുള്ളവർക്ക് വലുതായൊന്നുമറിയില്ലെന്ന പരാതിയുമായി വേദനനിറഞ്ഞ ഒരു കത്തെനിക്കു കിട്ടി. തന്റെ ജീവിതത്തിന്റെ വലിയൊരുഭാഗം മറ്റു രോഗികളുടെ ശുശ്രൂഷയ്ക്കായി നീക്കിവച്ച ആർദ്രഹൃദയയായ ഒരു വ്യക്തിക്ക് ഇങ്ങനെയൊരവസ്ഥ ഉണ്ടാകുമ്പോൾ അത് കുറച്ചൊന്നുമായിരിക്കില്ല മനസ്സിനെ നോവിച്ചിരിക്കുക. ഈ രോഗം ഏകദേശം ഒന്നരവർഷങ്ങൾക്കുശേഷം മരണത്തിലേക്കു നയിച്ചുകൊണ്ട് പ്രത്യക്ഷപ്പെട്ടപ്പോൾ ഈ ദുഃഖം മറ്റൊരു വേദനയായി പുറത്തുവന്നു. ഖാദിയാനിൽ വെച്ച് ഒരു രാത്രി നിറഞ്ഞൊഴുകുന്ന കണ്ണുകളോടെ പറഞ്ഞു. "മാമുജാനൊഴികെയുള്ള (മീർ മുഹമ്മദ് ഇസ്മഈൽസാഹിബ്) മറ്റെല്ലാ ഡോക്ടർമാരോടും എനിക്കു ദേഷ്യമാണ്. നിസ്സാരമായൊരു രോഗം വെറുതെ പെരുപ്പിച്ച് കാണിക്കുന്നതാണെന്ന് പറഞ്ഞ് എല്ലാവരും ഹസ്റത്ത് സാഹിബിനെ അശ്രദ്ധനാക്കുകയാണ് ചെയ്തത്." രോഗത്തെക്കുറിച്ച് പറയുന്നതെല്ലാം സത്യം തന്നെയാണെന്നു മാമുജാൻ എപ്പോഴും പറയുമായിരുന്നത്, മാമുജാനോടുള്ള കൃതജ്ഞതയും ആദരവും മനസ്സിൽവെച്ചുകൊണ്ട് ഉമ്മ അപ്പോൾ എടുത്തുപറയുകയുണ്ടായി. മാമുജാന്റെ അഭിപ്രായത്തിൽ ഈ രോഗം വളരെ മുമ്പേതന്നെ ശ്രദ്ധിക്കേണ്ടതായിരുന്നു എന്ന കാര്യവും ഉമ്മ അപ്പോൾ ഓർമ്മിച്ചു. ഇത് രോഗത്തിന്റെ ആരംഭത്തിൽ നടന്ന സംഭവമാണ്. അപ്പോൾ ചികിത്സയ്ക്കായി ലാഹോറിൽ കൊണ്ടുപോയിരുന്നില്ല. എന്നാൽ ആ സമയത്തുതന്നെ ഇത് അവസാന രോഗമാണെന്നൊരു ദൃഢവിശ്വാസം മനസ്സിൽ ഉറപ്പിച്ചിരുന്നതായാണെനിക്കു തോന്നുന്നത്. കണക്കെടുപ്പില്ലാതെ പൊറുക്കപ്പെടുവാനായി ദുആ ചെയ്യണമെന്ന് അപ്പോൾ പറഞ്ഞുകൊണ്ടിരിക്കുമായിരുന്നു. എത്രത്തോളമെന്നാൽ എന്റെ ഒരു നമസ്കാരത്തിൽപോലും ഞാനത് മറന്നുപോകാത്തവിധം അത്രയധികം തവണ അത് ആവർത്തിക്കുമായിരുന്നു.

പലപ്പോഴും ദുഃഖഭാരത്തോടുകൂടി ഇങ്ങനെ പറഞ്ഞുകൊണ്ടരിക്കും. "നിന്റെ ജനനത്തിനു മുമ്പ് എനിക്ക് രണ്ട് ആഗ്രഹങ്ങളുണ്ടായിരുന്നു. എനിക്കുണ്ടാകുന്ന മകൻ വിശുദ്ധഖുർആൻ മനഃപാഠമാക്കണം. അതോടൊപ്പം ഡോക്ടറുമായി കാണണം. എന്നാൽ വ്യസനമെന്നു പറയാം. എന്റെ ഈ രണ്ട് ആഗ്രഹങ്ങളും നീ പൂർത്തീകരിക്കുന്നതായിക്കാണുന്നില്ല. ഞാനീ ദുഃഖം കൂടെകൊണ്ടുപോകുന്നു."

എന്റെ പത്താംക്ലാസ് പരീക്ഷ അടുത്തിരുന്നു. മുൻകൂട്ടിയുള്ള തയ്യാറെടുപ്പൊന്നുമില്ലാത്തതിനാൽ അവസാനത്തെ കുറച്ചുമാസങ്ങളിൽ പഠിത്തം ഉപേക്ഷിക്കാനും പറ്റുമായിരുന്നില്ല. പാഠപുസ്തകങ്ങളുമായി ഒരു ബന്ധവുമില്ലാത്ത മറ്റു പുസ്തകങ്ങൾ വായിച്ചുകഴിയുന്ന ഒരു കുട്ടിക്ക് ഇത് വളരെ വിഷമം പിടിച്ചൊരവസ്ഥ തന്നെയാണ്. വേദനകൊണ്ട് ഞരങ്ങുന്ന രോഗിയായ മാതാവിന്റെയടുത്തേക്ക് വീണ്ടും വീണ്ടും ഓടിക്കൊണ്ടിരിക്കുന്ന, ഹൃദയസാന്നിധ്യം നഷ്ടപ്പെട്ട ഒരു ഘട്ടത്തിൽ കണ്ണുകൾ ഇംഗ്ലിസ്ഥാന്റെ ഹിസ്റ്ററിബുക്കിലായാലും ഹിന്ദുസ്ഥാന്റെ ജ്യോഗ്രഫിയിലായാലും പാഠങ്ങൾ ഗ്രഹിക്കുന്ന കാര്യം മുമ്പേ പറഞ്ഞതുപോലെത്തന്നെ.

ചിലപ്പോൾ രാത്രിയിൽ കാലുകൾ തടവിക്കൊടുക്കാനായി ഞാൻ പോകും. എന്നാൽ അല്പം കഴിഞ്ഞാൽ തന്നെ കണ്ണുകളടച്ചുകിടന്നുകളയും. എന്റെ പഠിത്തത്തെ ബാധിക്കുമെന്ന് കരുതിയോ എന്റെ വിഷമങ്ങളോർത്തോ ആകാം എല്ലാമടക്കിനിർത്താൻ ഉമ്മ നിർബ്ബന്ധിതയാകുന്നത്. എങ്ങനെയും എന്നെ സ്വന്തം

മുറിയിലേക്ക് നിർബ്ബന്ധിച്ച് തിരിച്ചയക്കും. എന്നാൽ സ്വന്തം മുറിയിൽ തിരിച്ചെത്തിയാൽ ആയിരം സംശയങ്ങളെന്നെ പൊതിയും. ചിലപ്പോൾ പതിഞ്ഞ കാലടികളോടുകൂടി തിരിച്ചുപോയി വാതില്ക്കൽ ചെവിയോർത്തുനിന്നാൽ അല്പനിമിഷങ്ങൾക്കു മുമ്പ് നിയന്ത്രിച്ചുനിർത്തിയ ആ വേദനയോടുകൂടിയ ഞരക്കം വീണ്ടും കേൾക്കാം. എന്റെ മറ്റു സഹോദരങ്ങൾ അപ്പോൾ എവിടെ എന്തുചെയ്യുകയായിരുന്നെന്നൊന്നും ഓർക്കാൻ വയ്യാത്തവിധം ആ നാളുകൾ ഒരു അർദ്ധമയക്കത്തിലെന്നപോലെ കടന്നുപോയി. ഉമ്മയുടെ അസുഖത്തെക്കുറിച്ചുള്ള ഓർമ്മകളൊഴിച്ചാൽ മനസ്സിന്റെ മറ്റെല്ലാതലങ്ങളിലും കൂരിരുട്ടുമാത്രം.

ഒടുവിൽ ചികിത്സയ്ക്കായി ഉമ്മയെ ലാഹോറിൽ കൊണ്ടുപോയി ഹസ്റത്ത് അബ്ബാജാൻ ആത്മീയവും ഭൗതികവുമായ എല്ലാ ശ്രമങ്ങളും നടത്തി. കൈവിട്ടുപോകുന്ന രോഗിയെ തിരിച്ചുകൊണ്ടുവരാൻ സാധ്യമായ ഒരു വഴിയും ബാക്കിവെച്ചില്ല. ലാഹോറിലായിരുന്നപ്പോൾ ഞാൻ എല്ലാ ജുമുഅ ദിവസങ്ങളിലും സന്ദർശനത്തിനായി പോകുമായിരുന്നു. ആരോഗ്യം മുമ്പത്തേക്കാൾ മെച്ചപ്പെടുകയും അത് പ്രതീക്ഷയ്ക്ക് വക നൽകുകയും ചെയ്തു. ഹുസൂർ അയ്യദഹുല്ലായുടെ ദുഃഖവും വേവലാതിയും കാണുമ്പോൾ വളരെയധികം വിഷമിച്ചിരുന്നു. സാമ്പത്തികമായ ബുദ്ധിമുട്ടുകൾക്കിടയിലും ചികിത്സയ്ക്കായി ഹുസൂർ കൈയയച്ചു ചിലവഴിക്കുന്നതോർത്ത് വളരെയധികം ദുഃഖിതയായി. എന്നാൽ ഈ നോവിനുപിന്നിൽ ഒരാനന്ദത്തിന്റെ, നിർവൃതിയുടെ നിഴൽ കാണാമായിരുന്നു. ഹസ്റത്ത് സാഹിബിന് തന്നെക്കുറിച്ചൊരു ചിന്തയുമില്ല എന്ന മിഥ്യാധാരണ പാടെ അകറ്റിയതാണിതിനു കാരണം. ഹുസൂറിന്റെ ത്യാഗമനോഭാവവും പ്രാർത്ഥനകളും ദാനധർമ്മങ്ങളും അത്യധികമായ പരിശ്രമങ്ങളും കണ്ട് ഉമ്മ പൂർണ്ണമായും സംതൃപ്തയായി. അങ്ങനെ മറ്റെല്ലാ ദുഃഖങ്ങളിൽനിന്നും വിമുക്തയാവുകയും ചെയ്തു.

നഴ്സുമാരോട് ഉമ്മ അത്യധികം സ്നേഹത്തോടുകൂടി പെരുമാറുകയും മിക്കപ്പോഴും സമ്മാനങ്ങൾ നല്കുകയും ചെയ്തു. നഴ്സുമാർക്കും സ്നേഹമയിയായ ഈ രോഗിയോട് അഗാധമായൊരു വ്യക്തിബന്ധം അനുഭവപ്പെട്ടുതുടങ്ങി. ഇത്രയും പ്രസന്നവദനയും സൽസ്വഭാവിയുമായ ഒരു രോഗിയെ കാണേണ്ടതുതന്നെയാണെന്നു പറഞ്ഞ് അവിടത്തെ ഒരു നഴ്സ് ഇക്കാര്യത്തിനായി മാത്രം മറ്റൊരു ഹോസ്പിറ്റലിൽനിന്നും തന്റെ ഒരു സ്നേഹിതയെ കൂട്ടിക്കൊണ്ടുവരികയുണ്ടായി. ആയവസരത്തിൽ യാദൃശ്ചികമായി ഞാനുമവിടെ ചെന്നുപെട്ടിരുന്നു.

രോഗത്തിന്റെ അവസാനനാളുകളിൽ ഹസ്റത്ത് സാഹിബിന്റെ ബുദ്ധിമുട്ടിനെക്കുറിച്ചുള്ള ചിന്തയോടൊപ്പംതന്നെ ഉമ്മയെ അലട്ടിയ മറ്റൊരു പ്രശ്നം ജമാഅത്തിലെ സഹോദരങ്ങൾ ഒരു നീണ്ടകാലയളവോളം വളരെ ആത്മാർത്ഥതയോടുകൂടി വേദനാനിർഭരമായ പ്രാർത്ഥനകളിലും ദാനധർമ്മങ്ങളിലും മുഴുകിയിരിക്കുമ്പോൾ ഈ ഔദാര്യങ്ങൾക്കൊന്നും പ്രത്യുപകാരം ചെയ്യാനാവുന്നില്ലല്ലോ എന്ന ചിന്തയായിരുന്നു. പ്രത്യുപകാരം ചെയ്യാനുള്ള വെമ്പൽ കൂടുതലായിരുന്നു. ഇക്കാരണത്താൽ മനസ്സിൽ ആ ഭാരവുമേറ്റ് പ്രത്യുപകാരത്തിനായി തക്കംപാർത്തിരിക്കും. ഇനി കടപ്പാട് തീർത്താലും ഉപകാരസ്മരണ ഹൃദയത്തിലെന്നും അവശേഷിച്ചിരിക്കുകയും ചെയ്യും. സത്യം പറഞ്ഞാൽ തക്കസമയത്തു ചെയ്യുന്ന ഉപകാരത്തിന് പിന്നീട് തിരിച്ചുനൽകുന്ന പ്രത്യുപകാരം ഒരിക്കലും പകരമാകുന്നില്ല.

ഓപ്പറേഷനുശേഷം താല്ക്കാലികാശ്വാസമുണ്ടായെന്നല്ലാതെ, ആരോഗ്യം ക്ഷയിച്ചുകൊണ്ടിരിക്കുകയാണ് ചെയ്തത്. ഓപ്പറേഷൻ ചെയ്ത കേണൽ ഹെയ്ൻസ്റ്റിന്റെ അഭിപ്രായത്തിൽ ഡോക്ടർ മിർസാഹിബ് പറഞ്ഞതുപോലെ ഇത് വളരെ നേരത്തെതന്നെ നടത്തേണ്ടതായിരുന്നു. രോഗബാധിതമായ അവയവങ്ങൾ ചികിത്സിക്കാൻ വയ്യാത്തവിധം രോഗത്തിന്റെ പിടിയിലമർന്നിരുന്നു. ഓപ്പറേഷനു ശേഷവും പ്രതീക്ഷയ്ക്കു വകയുണ്ടായിരുന്നില്ല. എങ്കിലും അല്ലാഹുവിന്റെ പരിശുദ്ധദാസന്മാരുടെ കേണുകൊണ്ടുള്ള പ്രാർത്ഥനകളും ദാനധർമ്മങ്ങളും കുറച്ചുകാലംകൂടി ജീവിതത്തിന് ജലപാനമേകി. ഇത്രയും ഉദ്വേഗംനിറഞ്ഞ പ്രാർത്ഥനകൾ, അതും ദീർഘകാലമായി ഇത്രയും വിപുലമായ തോതിൽ വളരെ കുറച്ചു പേർക്കു മാത്രം ലഭിക്കുന്ന സൗഭാഗ്യമാണ്.

ഒടുവിൽ യഥാർത്ഥ ഉടമസ്ഥന്റെ അവസാനവിളിയുമായി ആ 'നിർണ്ണിതമായ വിധി' വന്നെത്തുകതന്നെ ചെയ്തു. 1944 മാർച്ച് 5-ന് അല്ലാഹുവിന് ലബ്ബൈക്ക് പറഞ്ഞുകൊണ്ട് തന്റെ ജീവൻ സ്രഷ്ടാവിന്റെ കൈകളിലർപ്പിച്ചു. ഞാൻ ആ സമയത്ത് ഖാദിയാനിലായിരുന്നു. അവസാന നിമിഷങ്ങളിൽ എന്റെ പേരും ഉമ്മയുടെ മനസ്സിലുണ്ടായിരുന്നോ എന്നെനിക്കറിയില്ല. എന്നാൽ, എന്റെ അവസാനനേരങ്ങളിൽ ഉമ്മയെക്കുറിച്ചുള്ള ഓർമ്മകൾ തീർച്ചയായും ഉണ്ടായിരിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു.

വഫാത്തിനെക്കുറിച്ചറിഞ്ഞപ്പോൾ എന്റെ വികാരങ്ങൾ സഫറിന്റെ ഈ ഈരടികളായി മാറി.

തടഞ്ഞുനിർത്തണമെന്നുതന്നെയാഗ്രഹിച്ചു
സ്വന്തം ജീവൻവെടിഞ്ഞാലും വിടരുതെന്നും
ശ്രമങ്ങളനേകം നടത്തിനോക്കി
നിന്നില്ല നിന്നില്ല നിന്നില്ല നിന്നില്ല.

എന്നാൽ ഇത്രയും കഠിനമായ ദുഃഖത്തിനിടയിലും അല്ലാഹുവിന്റെ കാരുണ്യമൊന്നുകൊണ്ടുമാത്രം ക്ഷമ നല്കപ്പെട്ടു. പിന്നീട് തന്റെ നാഥനു മുന്നിൽ ലജ്ജിതനാകുംവിധം നന്ദികേടിന്റെ ഒരു വാക്കുപോലും പുറത്തുവന്നില്ല. മനസ്സിന്റെ ആഴങ്ങളോളം ദൃഷ്ടികളുള്ള ആ സൂക്ഷ്മജ്ഞൻ അത് നന്നായറിയുന്നതാണ്. ഞാനും പരിപൂർണ്ണമായനിലയിൽ അതിൽ തൃപ്തി കൈക്കൊള്ളുകതന്നെ ചെയ്തു. (*അൽഹംദുലില്ലാഹ്*)

എന്നാൽ ഒരു ദുഃഖം ബാക്കിയുണ്ടായിരുന്നു. അതെന്റെ പിടിക്കുള്ളിലൊതുങ്ങുന്നതായിരുന്നില്ല. ചില ഓർമ്മകൾ ആ ദുഃഖത്തെ ഇളക്കിവിട്ടകാറ്റുപോലെ എല്ലാ വശങ്ങളിലൂടെയും വന്നുവീർപ്പുമുട്ടി

ക്കുന്നു. എന്റെ പരേതയായ മാതാവിന്റെ ആ വാക്കുകൾ വീണ്ടും വീണ്ടും ഓർമ്മയിലെത്തി എന്നിൽ ദുഃഖമുണ്ടാക്കുന്നു. കഠിനമായ ബുദ്ധിമുട്ടിനിടയിൽ മരണത്തെ മുന്നിൽകണ്ടുകൊണ്ട് എന്നോട് പറഞ്ഞ ആ വാക്കുകളിതാണ്.

"താരി, നിന്നെ ശ്രദ്ധിക്കാനായില്ലെന്നതിൽ എനിക്ക് വളരെയേറെ വിഷമമുണ്ട്. വേണ്ടവിധം സ്നേഹവും തന്നില്ല. മറിച്ച്, എപ്പോഴും കർശനമായി പെരുമാറി. ഇത് നല്ലശിക്ഷണം നൽകാനായി മാത്രമായിരുന്നു. എങ്കിൽപോലും എനിക്കതിൽ ദുഃഖമുണ്ട്. ഈ രോഗം സുഖപ്പെടുവാൻ നീ ദുആ ചെയ്യണം. ഇനി മുതൽ നിന്നെ നല്ലവണ്ണം ശ്രദ്ധിക്കുമെന്ന് ഞാനുറപ്പുതരാം. കഴിഞ്ഞുപോയ എല്ലാ കുറവുകളും നികത്തുകയും ചെയ്യും." ഇതേ അർത്ഥമുൾക്കൊള്ളുന്ന വാക്കുകളായിരുന്നു അന്ന് അത്യധികം വ്യസനത്തോടെ പറഞ്ഞിരുന്നത്.

ഈ വാക്കുകൾ ഓർമ്മവരുമ്പോൾ ഹൃദയത്തെ നിയന്ത്രിക്കാനാവുന്നില്ല. സ്നേഹിക്കാനല്ല, കർശനമായി പെരുമാറാൻതന്നെ വന്നെങ്കിൽ, ഒരിക്കലെങ്കിലും തിരിച്ചുവന്നെങ്കിൽ! ഇപ്പോഴും ചിലപ്പോൾ സ്വപ്നത്തിൽ വരുമ്പോൾ ആ വാഗ്ദാനം പൂർത്തിയാക്കാനാണെന്ന് തോന്നിപ്പോകും. സ്വപ്നങ്ങളിലൂടെയും വല്ലപ്പോഴും മനസ്സ് നിറയുമോ?

അല്ലാഹുതആലാ ആ റൂഹിനെ എന്നും തന്റെ കാരുണ്യത്തിന്റെ തണലിൽ ആക്കിത്തീർക്കട്ടെ. ആ തണലിൽതന്നെ എഴുന്നേല്പിക്കട്ടെ. ഹസ്റത്ത് മുഹമ്മദ്(സ) തിരുമേനിയുടെ ശഫാഅത്തിന്റെ കോന്തല പിടിച്ചുകൊണ്ട് റഹീമും കരീമും ആയ അല്ലാഹുവിന്റെ നിസ്സീമമായ അനുഗ്രഹത്തിന്റെ വാതിലിലൂടെ കണക്കെടുപ്പൊന്നുമില്ലാതെ ആ നിത്യവാസത്തിനുള്ള ഉദ്യാനത്തിലേക്കു പ്രവേശിക്കുമാറാകട്ടെ. (*ആമീൻ യാ അർഹമർറാഹിമീൻ*) ●

*പേജ്-21ൽ നിന്ന്*

നൽകിയ ആ മഹിളാമണി യാതൊരുവിധ ഭൗതികാലങ്കാരങ്ങളോ ചൂണ്ടുപലകയോ ഇല്ലാതെ ലാളിത്യത്തോടെ നിത്യവിശ്രമം കൊള്ളുന്നു.

പിന്നീട് ഞങ്ങൾ അറഫ വഴി മീനായിലേക്കു പുറപ്പെട്ടു. അറഫ പ്രസംഗം നടക്കുന്ന മസ്ജിദ് നമ്റ ഞങ്ങൾ സന്ദർശിച്ചു. വിശാലമായ പള്ളി പൂട്ടിയിരിക്കുന്നു. അറഫവേളയിൽ മാത്രമേ ഇത് തുറക്കാറുള്ളൂ എന്ന് ഗൈഡ് പറഞ്ഞു. അറഫ മൈതാനം വലംവെച്ച് ഞങ്ങൾ അറഫാ കുന്നിനരികെ എത്തി. ജബൽറഹ്മയിലെ ഹജ്ജത്തുൽ വിദാഅ് സ്മാരകം കണ്ടു. മുകളിലേക്ക് കരിങ്കൽപടവുകൾ കെട്ടിയിരിക്കുന്നു. മുകളിൽ അന്ത്യപ്രസംഗത്തിന് പ്രവാചകപ്രഭു(സ) നിന്ന സ്ഥലത്ത് ഒരു കൽത്തൂൺ സ്ഥാപിച്ചിട്ടുണ്ട്. ഹജ്ജത്തുൽ വിദാഇൽ അറഫാമൈതാനിയിൽ തിങ്ങികൂടിയ ഒന്നരലക്ഷത്തോളം വിശ്വാസികളെ സംബോധന ചെയ്ത് വരുംകാലത്തെ ആയിരക്കണക്കിന് നൂറ്റാണ്ടുകളിലെ ജനങ്ങൾക്കായിട്ടുള്ള സന്ദേശം നബി(സ) നല്കിയത് സഹാബാക്കൾ ഉച്ചത്തിൽ ഏറ്റുപറഞ്ഞ് താഴ്‌വരയിലെ ജനങ്ങൾക്കെത്തിച്ചത്, ത്യാഗം വിതച്ച് ത്യാഗം കൊയ്ത ആ മഹത്തുക്കളുടെ പ്രാർത്ഥനാഫലങ്ങൾ നമുക്കിന്നീ അനുഗ്രഹങ്ങളായി മാറിയിരിക്കുന്നു. ഭക്തിമൂത്ത ചിലർ അവിടെയും നമസ്കരിക്കുകയും സുജൂദ് ചെയ്യുകയും ചെയ്യുന്നുണ്ട്. അത്ര വിശാലമല്ലാത്ത ഒരു കുന്നിൻപുറമാണത്. തൂൺ കഴിഞ്ഞ് ചുറ്റുഭാഗവും വഴിവാണിഭക്കാർ കയ്യടക്കി വള, മാല, ജപമാല, വിവിധതകരം കല്ലുകൾ, മുത്തുകൾ, തൊലി, മുസല്ല തുടങ്ങി പലവിധ സാധനങ്ങൾ വില്ക്കുന്നു. പടവുകളിൽ രണ്ടുഭാഗത്തും അവർ നിരന്നിട്ടുണ്ട്. ചിപ്പികൾ വില്ക്കുന്ന ഒരു വൃദ്ധൻ അതിനിടെ തൂണിന് സജ്ദ ചെയ്യുന്ന ഒരാളെ ശിർക്കിന്റെ പേരിൽ ശകാരിച്ചോടിച്ചു. നല്ലതും തീയ്യതും തിരിച്ചറിയുന്നവർ പണ്ഡിതനെന്നോ പാമരനെന്നോ വ്യത്യാസമില്ലാതെ എല്ലായിടത്തുമുണ്ട്.

ഇഹ്റാമിൽ പ്രവേശിക്കുന്ന ഹാജിമാർ തവാഫ് ചെയ്തും ഉംറ നിർവ്വഹിച്ചും കഅബത്തിങ്കൽ കഴിയുന്നു; ദുൽഹജ്ജ് 6,7,8 തിയ്യതികളിൽ അവർ മിനായിലെ ടെന്റുകളിൽ ഇബാദത്തിൽ മുഴുകുന്നു. 9ന് രാവിലെ അറഫയിലേക്ക് പുറപ്പെടുന്ന അവർ ളുഹറിൽ അറഫാമൈതാനത്ത് സംഗമിക്കുന്നു. അറഫ സംഗമമില്ലെങ്കിൽ ഹജ്ജില്ല. ളുഹറും അസറും ജംഉം കസറും ആക്കി നമസ്കരിക്കുന്ന ഭക്തർ ഹജ്ജ് ഖുത്ബ ശ്രവിച്ചശേഷം മഗ്‌രിബ്‌വരെ ദുആയിലും ദിക്റിലും മുഴുകുന്നു. ഇവിടെവെച്ചുള്ള ഈ ദുആകൾ നൂറുശതമാനവും സ്വീകരിക്കപ്പെടുന്നവയാണെന്ന് പറയുന്നു. മഗ്‌രിബ്-ഇശാഅ് കഴിഞ്ഞ് മിനായിലേക്ക് പുറപ്പെടുന്നു. മിനായിൽ നിറയെ ഫൈബർ ടെന്റുകളാണ്. തീ പിടിക്കാത്തവ. ഉയർന്നുവരുന്ന സ്ഥിരതാമസ സ്ഥലങ്ങൾ; ഹാജിമാർക്കായി വീണ്ടും വീണ്ടും ഒരുക്കപ്പെടുന്ന സുഖസൗകര്യങ്ങൾ. അനുബന്ധ റോഡുകൾ. തീർത്ഥാടകരുടെ സൗകര്യങ്ങൾക്ക് ഭരണാധികാരികൾ പ്രത്യേകം ശ്രദ്ധ നൽകുന്നു. വഴിയിൽ മുസ്ദലിഫയിൽ രാപാർക്കുന്ന ഹാജിമാർ സുബ്ഹിക്ക് ജംറ എറിയാനുള്ള കല്ലുകൾ ശേഖരിക്കുന്നു. ഇവിടെ കൽപ്രദേശങ്ങളായതിനാൽ ചെറുമണിക്കല്ലുകൾ എത്ര വേണമെങ്കിലും കിട്ടും. രാവിലെ ജംറ എറിയുന്നു. മൂന്ന് സ്മാരകത്തൂണുകളാണിവ. സാത്താന്റെ പ്രതീകങ്ങൾ. ഹസ്റത്ത് ഇബ്രാഹിം നബി(അ)യെ പ്രലോഭിപ്പിച്ച് പിന്തിരിപ്പിക്കുവാൻവന്ന ശയ്ത്താനെ അദ്ദേഹം കല്ലെറിഞ്ഞ് ഓടിച്ചതിന്റെ സ്മരണാർത്ഥം നാം ജംറയെ എറിയുമ്പോൾ ആന്തരികമായി നമ്മുടെ ഉള്ളിലുള്ള സാത്താനിക ചിന്തകളേയും അന്ധവിശ്വാസങ്ങളേയും എറിഞ്ഞു ദൂരെകളയുകയാണിതിന്റെ ലക്ഷ്യം. ആദ്യം ജംറത്തുൽ കുബ്റ (വലുത്) പിന്നെ ജംറത്തുൽ ഊല, ജംറത്തുൽ അഖ്ബ എന്നിവയെ എറിയുന്നു. തിരിച്ച് ടെന്റിലെത്തുന്ന ഹാജിമാർ ബലികർമ്മം നടത്തുന്നു. (*തുടരും*)

മൻസൂറ വാഹിദ്

# ഇമാം ശാഫി(റ)

ഹിജ്റ 150 റജബ് മാസത്തിൽ ക്രിസ്ത്വാബ്ദം 767 -ൽ ഇമാം ശാഫി(റ) ശാമിലെ (സിറിയ) ഗുസ പട്ടണത്തിൽ ഭൂജാതനായി. ഇമാം അബു ഹനീഫ(റ) മരിച്ച വർഷമാണ് ശാഫി(റ)ന്റെ ജനനം. അബൂ ഹനീഫയുടെ മരണദിവസം തന്നെയാണ് ജനനമെന്നും ചിലർ എഴുതിയിട്ടുണ്ട്. ഖുറൈശി ഗോത്രത്തിലെ മുത്തലിബ് കുടുംബത്തിലാണ് പിറവി. ഇമാമിന്റെ പിതാക്കന്മാരിൽ ചിലർ സഹാബിമാരായിരുന്നു. ആ പിതാമഹനോടനുബന്ധിച്ചുകൊണ്ടാണ് സ്മര്യപുരുഷന് ശാഫിയ്യ് എന്ന പേർ ലഭിച്ചത്. അദ്ദേഹത്തിന്റെ യഥാർത്ഥ നാമം മുഹമ്മദ് എന്നായിരുന്നു. ഇമാമിന്റെ മാതാവ് അലിയ്യുബ്നി അബീതാലിബിന്റെ സന്താനപരമ്പരയിൽ ജനിച്ച സയ്യിദ ഫാതിമ(റ) ആയിരുന്നു.

ഇമാമിന്റെ ബാല്യകാലം രസകരവും അതിദാരുണവുമായിരുന്നു. ദാരിദ്ര്യം നിമിത്തം ഒരുപാട് കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവന്നിരുന്നു. പ്രാഥമിക പള്ളികൂടത്തിലേക്ക് അയക്കപ്പെട്ടപ്പോൾ, അദ്ധ്യാപകന് നൽകേണ്ട തുക കൊടുക്കാൻ സാധിക്കാതെ അദ്ദേഹം വിഷമിച്ചു. തന്നിമിത്തം അദ്ധ്യാപകൻ അദ്ദേഹത്തെ പഠിപ്പിക്കുന്നതിൽ ശ്രദ്ധിച്ചില്ല. ഇമാമാകട്ടെ, അദ്ധ്യാപകൻ മറ്റു കുട്ടികൾക്ക് പഠിപ്പിച്ചുകൊടുക്കുന്നത് ശ്രദ്ധാപൂർവ്വം ഗ്രഹിക്കുകയും അദ്ധ്യാപകന്റെ അഭാവത്തിൽ അവ മറ്റുകുട്ടികൾക്ക് പഠിപ്പിച്ചുകൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. കാര്യം മനസ്സിലാക്കിയ അദ്ധ്യാപകൻ തന്റെ പ്രതിഫലം വേണ്ടെന്നുവെച്ചു. ഏഴുവയസ്സുവരെ ഇതേ അനുഭവമായിരുന്നു ഇമാമിന്നുണ്ടായിരുന്നത്. എഴുതാൻ കടലാസ്സുപോലും വാങ്ങാൻ സാധിക്കാതെ, എല്ലുകൾ ശേഖരിച്ചുകൊണ്ടാണ് ഓർമ്മക്കുറിപ്പുകൾ എഴുതിവെച്ചിരുന്നത്. ഗവർമ്മെന്റ് ഓഫീസുകളിൽ ചെന്ന് മേശക്കടിയിലുള്ള കടലാസ് കഷണങ്ങൾ പെറുക്കിയെടുത്ത് ഒഴിവുഭാഗങ്ങളിൽ കുറിപ്പുകൾ എഴുതിവെക്കുമായിരുന്നു. ഈ ദാരിദ്ര്യാവസ്ഥ അദ്ദേഹത്തെ ഒട്ടും നിരാശനാക്കിയില്ല. “നിർധനരായി വിദ്യ അഭ്യസിച്ചവരല്ലാതെ അത് സമ്പാദിച്ചിട്ടില്ല” എന്നദ്ദേഹം ഒരവസരത്തിൽ പറഞ്ഞിട്ടുണ്ട്. ഇമാം ഖുർആൻ പഠനം പൂർത്തീകരിച്ചത് ഒമ്പതാമത്തെ വയസ്സിലാണ്. പഠനകാലത്ത് എഴുതിവെച്ചിരുന്ന എല്ലുകളും കടലാസ്സുകളും പെട്ടിയിലും മുറിയിലും നിറഞ്ഞുകിടന്നതിനാൽ ഉറങ്ങുവാനും, വിശ്രമിക്കാനും സൗകര്യപ്പെടാതെയും അദ്ദേഹം ബുദ്ധിമുട്ട് അനുഭവിച്ചിട്ടുണ്ട്. ഈ പരിതസ്ഥിതി അവ മനഃപാഠമാക്കുന്നതിന് ഇമാമവർകൾക്ക് പ്രചോദനം നൽകി. അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസം, സ്വതസിദ്ധമായ ധിഷണാപാടവം, കുശാഗ്രബുദ്ധി, ആത്മവിശ്വാസം എന്നിവയും മനഃപാഠമാക്കുന്നതിൽ അദ്ദേഹത്തെ സഹായിച്ചു.

ഖുർആൻ നല്ലപോലെ ഹൃദിസ്ഥമാക്കിയ ഇമാം ഹുദൈൽ മലഞ്ചെരുവിലേക്ക് പുറപ്പെട്ടു. ആ നാട് സാഹിത്യപരമായി പുരോഗമിച്ചതാകയാൽ ഭാഷയിലും, സാഹിത്യത്തിലും ഇമാം അതിവേഗം നൈപുണ്യം നേടി. നല്ല നല്ല അറബിപദ്യങ്ങളും അവിടെവെച്ച് മനഃപാഠമാക്കുകയും ചെയ്തു. ഇമാമിന് പതിനഞ്ച് വയസ്സായപ്പോഴേക്കും ഖുർആനികവിജ്ഞാനം, ഹദീസ്, ശാസ്ത്രം, കർമ്മശാസ്ത്രം, സാഹിത്യം തുടങ്ങി മിക്ക കലകളിലും നല്ല പാണ്ഡിത്യം സമ്പാദിച്ചു. അങ്ങനെ മുസ്ലിമുബ്നി ഖാലിദുസ്സൽജി ഫത്‌വാ (മതനിയമങ്ങളുടെ വെളിച്ചത്തിലുള്ള വിധി) ചെയ്യുന്നതിന് ഇമാമിനെ അനുവദിച്ചു. പിന്നീട് ഇമാം മാലികും അദ്ദേഹത്തിന് ഫത്‌വാനുവാദം നൽകിയിട്ടുണ്ട്.

വിദ്യാസമ്പാദനത്തിനും, അദ്ധ്യാപനത്തിനുമായി ബയ്തുല്ലായിൽ ഇമാം ശാഫി ഇരുപത് വയസ്സുവരെ ചെലവഴിച്ചു. അക്കാലത്ത് സാഹിത്യകാരന്മാർ, പണ്ഡിതന്മാർ, തത്വചിന്തകർ, കവികൾ തുടങ്ങി പലരും ഇമാമിനെ ദർശിക്കുകയും, വിവിധ വിഷയങ്ങളെപറ്റി ചർച്ച നടത്തുകയും ചെയ്തിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് മുവത്തയെ സംബന്ധിച്ചും ഇമാം മാലിക്കിനെ പറ്റിയും അദ്ദേഹത്തിന് അറിവ് കിട്ടിയത്. ഉടനെ അദ്ദേഹം ഒരാളുടെ പക്കൽനിന്ന് മുവത്തവാങ്ങി മനഃപാഠമാക്കുകയും ഇമാം മാലികിനെ സമീപിക്കുവാൻ ഉത്സുകനാകുകയും ചെയ്തു. അതിനായി അദ്ദേഹം മക്കാ ഗവർണ്ണർക്കെഴുതുകയും ഗവർണർ വേണ്ടപ്പെട്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. മദീനാഗവർണർക്കും, ഇമാം മാലിക്കിനും ഓരോ കത്തുകൾ കൊടുക്കുകയും, ചെയ്തു. മദീനാ ഗവർണർ മാലിക്കി ഭക്തനായിരുന്നതിനാൽ, വളരെ സന്തോഷിക്കുകയും, ഇമാം ശാഫിയേയും കൂട്ടി മാലിക്കിന്റെ വീട്ടിലേക്ക് പുറപ്പെടുകയും ചെയ്തു. അവിടെയെത്തി ശാഫിയെ പരിചയപ്പെടുത്തി. അനന്തരം ശാഫി മാലിക്കിനോടടുത്തു. മാലിക്ക് അല്ലാഹു അങ്ങയ്ക്ക് നന്മ ചെയ്യട്ടെയെന്ന് പ്രാർത്ഥിച്ചു. തന്റെ സ്ഥിതിഗതികൾ വിവരിച്ചുകൊടുത്തശേഷം മാലിക് ശാഫിയെ സൂക്ഷ്മവീക്ഷണം ചെയ്യുകയും ഇപ്രകാരം ഉപദേശിക്കുകയും ചെയ്തു. “മുഹമ്മദേ, നീ അല്ലാഹുവിൽ ഭക്തിയുള്ളവനായിരിക്കുകയും പാപങ്ങളെ വർജ്ജിക്കുകയും ചെയ്യുക. ഞാൻ നിന്റെ ഹൃദയത്തിൽ ഒരു പ്രകാശം ദർശിക്കുന്നു. അത് നീ പാപം കൊണ്ട് കെടുത്തിക്കളയരുത്.

പിൽക്കാലത്ത് ആ പ്രകാശം ജനങ്ങളിൽ നിന്നെ പ്രാമാണികനാക്കും. ശാഫി അതുകേട്ട് ബഹുമാനപുരസ്സരം തലയാട്ടി. പിന്നെ മാലിക് നീ നാളെ വരിക എന്നും 'മുവത്ത' വായിച്ചുതരാൻ പറ്റിയ ഒരാളെ കൊണ്ടുവരണമെന്നും പറഞ്ഞപ്പോൾ, താനത് ഹൃദിസ്ഥമാക്കിയ വിവരം ബഹുമാനത്തോടെ ഉണർത്തിച്ചു. മാലിക്ക്ഇമാം അത് വായിക്കാനാവശ്യപ്പെടുകയും കുറുച്ചുദിവസംകൊണ്ട് ശാഫി 'മുവത്ത' മുഴുവൻ വായിച്ചുതീർക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം മാലിക്കിന്റെ ഹദീസ് ക്ലാസ്സിൽ ചേരുകയും എട്ടുമാസക്കാലം മാലിക്കിന്റെ അതിഥിയായി താമസിക്കുകയും ചെയ്തു. വിദ്യാസമ്പാദനത്തിനും, അതിന്റെ പ്രചാരണത്തിനുമായി ഇമാം ശാഫി വിവിധ രാജ്യങ്ങളിൽ പര്യടനം നടത്തിയിട്ടുണ്ട്. മതവിദ്യ അഭ്യസിക്കുക എന്നതും അതിനെ പുരോഗമിപ്പിക്കുകയെന്നതും അദ്ദേഹത്തിന്റെ പ്രധാന ജീവിതോദ്ദേശ്യമായിരുന്നു. യമനിൽ താമസിച്ചിരുന്ന കാലത്താണ് വിവാഹം നടന്നത്. ആ വൈവാഹിക ജീവിതം മാതൃകായോഗ്യവും സുന്ദരവുമായിരുന്നു. യമനിൽവെച്ച് ഇമാമവർകൾക്ക് ഒരത്യാപത്ത് നേരിടേണ്ടിവന്നു. ശാസ്ത്രങ്ങളിലും കലകളിലുമുള്ള വൈദഗ്ദ്ധ്യം നിമിത്തം ജനദൃഷ്ടിയിൽ ഇമാമിന്റെ പേർ പ്രസിദ്ധമായി. ഈ ഉയർച്ച അസൂയാലുക്കളെ വർദ്ധിപ്പിച്ചു. ആ ശത്രുക്കൾ ഖലീഫ ഹാറൂൺ റഷീദിന്റെ അടുക്കൽ ഇമാം ശാഫി(റ) ശിയാ ആണെന്നും, അലവിയ്യകളുടെ നേതാവാണെന്നും, അബ്ദുല്ലാഇബ്നു ഹുസൈന്റെ പാർട്ടിയിലേക്ക് ആളുകളെ ക്ഷണിക്കുന്നുവെന്നും ആവലാതിപ്പെട്ടു. വിവരമറിയുവാൻ ഖലീഫ യമനിലേക്ക് ഒരു ദൂതനെ അയച്ചു. ആ ദൂതൻവശം യമൻ ഭരണാധിപൻ അലവിയ്യാക്കളെക്കുറിച്ച് താക്കീത് ചെയ്യുന്ന ഒരു കത്ത് ഖലീഫക്ക് കൊടുക്കുകയുണ്ടായി. കത്തിന്റെ ഉള്ളടക്കം ഇപ്രകാരമായിരുന്നു. "ശാഫിയുടെ നാവിന് യോദ്ധാവിന്റെ യുദ്ധസാമഗ്രികളെ പരാജയപ്പെടുത്തുമാറുള്ള ശക്തിയുണ്ട്. അതിനാൽ അവരെ തിരുസന്നിധിയിലേക്ക് വിളിച്ചന്വേഷിക്കണം. കത്ത് കിട്ടിയ ഉടനെ ഖലീഫ അവരെ ബാഗ്ദാദിൽ തന്റെ മുമ്പിൽ ഹാജരാക്കാൻ കല്പന കൊടുക്കുകയും ഗവർണ്ണർ ഉടൻ തന്നെ അലവിയ്യാക്കളെ കാലുകൾ ബന്ധിച്ച് ബാഗ്ദാദിലേക്കയക്കുകയും ചെയ്തു. അവർ രാത്രിതന്നെ ഖലീഫയുടെ സന്നിധിയിൽ ഹാജരാക്കപ്പെട്ടു. ഖലീഫ യവനികക്ക് പിന്നിലിരുന്ന് ഓരോരുത്തരെ വിളിക്കുകയും സന്നിധിയിലെത്തിയവരുടെയെല്ലാം ശിരസ്സ് ഛേദിക്കുകയും ചെയ്തു. അപ്പോഴെല്ലാം ശാഫി(റ) തന്റെ രക്ഷിതാവിനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. അല്ലാഹുവേ നിന്റെ വിധി നിർണ്ണയിക്കപ്പെട്ടിട്ടുള്ളതിനാൽ കരുണ ചെയ്യേണമേ എന്ന്. അലവിയാക്കൾ പത്താളുകളാണുണ്ടായിരുന്നത്. ഒമ്പതാമത്തെ ആളേയും തന്റെ മാതാവിന് ഒരു കത്തെഴുതുവാനുള്ള സമയംപോലും ആവശ്യപ്പെട്ടിട്ട് കൊടുക്കാതെ വധിച്ചുകളഞ്ഞു. അവസാനം ശാഫിയുടെ ഊഴം വന്നു. ശാഫി (റ) ഖലീഫയുടെ മുന്നിൽ ഹാജരായതും ***അസ്സലാമുഅലൈക്കും യാഅമീറൽ മുഅ്മിനീൻ വബറകാതുഹു*** (അമീറുൽ മുഅ്മിനീൻ! അവിടുത്തെ ദൈവം രക്ഷിക്കട്ടെ. അങ്ങയെ അനുഗ്രഹിക്കുകയും ചെയ്യട്ടെ) എന്ന് സലാം ചൊല്ലി. വറഹ്മതുല്ലാഹി, കരുണയുണ്ടാവട്ടെ എന്ന് പറഞ്ഞില്ല. ഹാറൂൺ റശീദ് പകരമായി ***വ അലൈക്കുമുസ്സലാം വ റഹ്മത്തുല്ലാഹി വ ബറകാതുഹു*** എന്ന് പറയുകയുണ്ടായി. അനന്തരം ശാഫിയും റഷീദും തമ്മിൽ ഒരു സംഭാഷണം തന്നെ നടന്നു. ഖലീഫ ശാഫി(റ)നോട് ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങിയപ്പോൾ കാലിലുള്ള ഇരുമ്പുകവചത്തിന്റെ ഘനം എനിക്ക് സംസാരിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും അത് കാലിൽ നിന്നഴിച്ചു തരാൻ പറ്റുമെങ്കിൽ ഞാൻ മുട്ടുകുത്തിനിന്നുകൊണ്ട് അങ്ങയോട് സംസാരിക്കാമെന്നും പറയുകയുണ്ടായി. ഖലീഫ ഉടൻതന്നെ ഭൃത്യൻ സിറാജിനോട് കാലിലെ കെട്ടഴിക്കാൻ ആവശ്യപ്പെടുകയും ശാഫിയെ ഇരുമ്പുകവചത്തിൽനിന്ന് മുക്തനാക്കുകയും ചെയ്തു. ശാഫിയുടെ ഭാഷണം കേട്ട് ഖലീഫ പ്രസന്നവദനനായി. അദ്ദേഹം ശാഫിയോട് ഇപ്രകാരം പറഞ്ഞു. "ഞാൻ നിങ്ങളുടെ പാണ്ഡിത്യവും, തറവാടിത്തവും മാനിക്കുന്നു. നിങ്ങൾ ഭയപ്പെടേണ്ടതില്ല. ശാഫി(റ)ന്റെ ദൃഢവിശ്വാസം നിമിത്തം അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തി. ഖലീഫ നിർദ്ദേശിച്ചതനുസരിച്ച് ശാഫി(റ) ഇരുന്നു. പിന്നെ ഖുർആനെ സംബന്ധിച്ച് പലതും ഖലീഫ ചോദിച്ചു. എല്ലാറ്റിനും ശാഫി കൊടുത്ത മറുപടി ഖലീഫയേയും അനുചരന്മാരേയും ഞെട്ടിപ്പിച്ചു. തനിക്ക് വേണ്ടുന്ന ഉപദേശങ്ങൾ നല്കണമെന്ന് ഖലീഫ ശാഫിയോടപേക്ഷിച്ചു. ശാഫി(റ) ആകട്ടെ, ഖലീഫയെ വികാരഭരിതനാകത്തക്കവണ്ണം ഉപദേശങ്ങൾ നൽകി. അതുകേട്ട് ഖലീഫ കരഞ്ഞുപോയി. സദസ്സ് പുളകിതമായി. ചിലർ കോപാക്രാന്തരായി ശാഫി(റ)നെ മാറിമാറി നോക്കി. ശാഫി(റ) ഇതൊന്നും ഗൗനിക്കാതെ പ്രബോധനത്തിന് കിട്ടിയ സന്ദർഭം പൂർണ്ണമായും ഉപയോഗപ്പെടുത്തി. പിന്നീട് ഖലീഫ ഉപദേശത്തിന് പ്രതിഫലമായി 2000 ദീനാർ സ്വീകരിക്കാൻ ശാഫിയോടാവശ്യപ്പെട്ടു. ശാഫി(റ) പറഞ്ഞു. വേണ്ട! അമീറുൽ മുഅ്മിനീൻ ഉപദേശത്തിന് പ്രതിഫലം വാങ്ങുകവഴി അല്ലാഹു എന്റെ മുഖം കരിപുരണ്ടനിലയിൽ കാണാതിരിക്കട്ടെ. അനന്തരം ശാഫി(റ)ന് പിരിഞ്ഞുപോകാൻ അനുവാദം കൊടുക്കുകയും, അദ്ദേഹം സ്ഥലം വിടുകയും ചെയ്തു. ഈ സംഭവം ഹിജ്റ 184-ലായിരുന്നു. ശാഫി(റ) പിരിഞ്ഞുപോയതിനുശേഷം ഖലീഫ അദ്ദേഹത്തെ വിസ്മരിച്ചില്ല. കുറേ ദിവസങ്ങൾക്കുശേഷം ഖലീഫ ശാഫി(റ)യെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചു. ആയിരം ദിനാർ കൊടുത്തുകൊണ്ട് സ്വീകരിക്കാൻ കല്പിക്കുകയും ശാഫി(റ) അത് വാങ്ങി ഖലീഫക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. സന്തോഷാധിക്യത്താൽ ഖലീഫ ശാഫിയെ പ്രശംസിക്കുകയും നിങ്ങളുടെ ശത്രുക്കൾ വധിക്കപ്പെടട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്തു. ശാഫി(റ) തിരിച്ചുപോയപ്പോൾ ഭൃത്യൻ സിറാജിനെ അദ്ദേഹം ആ ധനം എന്തു ചെയ്യുന്നുവെന്നറിയാൻ കൂടെ അയച്ചു. ശാഫി(റ) അരമന വിട്ട് പുറത്തുകടന്നപ്പോഴേക്കും സ്വല്പമൊഴിച്ച്

*ശേഷം പേജ്-29ൽ*

അമത്തുൽ ഹഫീസ്, കോഴിക്കോട്

# പ്രാർത്ഥനയുടെ അസ്വീകാര്യതയിലും സ്വീകാര്യതയിലും ദൈവാനുഗ്രഹം

**അ**ല്ലാഹു വിശുദ്ധഖുർആനിൽ തന്റെ അസ്തിത്വത്തിനുള്ള ദൃഷ്ടാന്തമായി ഇപ്രകാരം അരുൾ ചെയ്യുന്നു. എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുമ്പോൾ ഞാനിതാ അടുത്തുതന്നെയുണ്ട്. പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥനക്ക് അവർ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ ഞാൻ ഉത്തരം നൽകുന്നു. അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വാസമർപ്പിക്കുകയും ചെയ്യട്ടെ, അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിനുവേണ്ടി. (*2:187*)

ഇവിടെ അല്ലാഹു തന്റെ ആസ്തിക്യത്തിനുള്ള തെളിവായി പ്രാർത്ഥനയുടെ സ്വീകാര്യതയെ എടുത്തുകാട്ടുന്നു. എന്നാൽ ഒരു ദാസൻ ചെയ്യുന്ന എല്ലാ പ്രാർത്ഥനകളും അതേപടി സ്വീകരിക്കപ്പെടണമെന്നില്ല. കാരണം, അല്ലാഹുവിന്റെ ഒരു യഥാർത്ഥ ദാസൻ പ്രത്യക്ഷത്തിൽ തനിക്ക് നന്മയായിത്തോന്നുന്ന ഒരു കാര്യത്തെക്കുറിച്ച് പ്രാർത്ഥിക്കുന്നു. എന്നാൽ ആ പ്രാർത്ഥന അതേപടി സ്വീകരിക്കപ്പെടുകയാണെങ്കിൽ അത് അയാൾക്കു ദോഷം നല്കുന്ന ഒന്നായിരിക്കും എന്ന് സർവ്വജ്ഞനും രഹസ്യജ്ഞനുമായ അല്ലാഹുവിന്നറിയാം. അതുകൊണ്ട് അവൻ തന്റെ വിനീതദാസന്റെ പ്രാർത്ഥന സ്വീകരിക്കാതിരിക്കുന്നു. ഇതിലാണ് ആ ദാസന് നന്മയെന്നവൻ അറിയുന്നു.

ഇതിനുള്ള ഒരുദാഹരണമെന്നോണം ഹസ്റത്ത് മഹ്ദീ മസീഹി(അ)ന്റെ ഒരു സഹാബിയും ഒരു സൂഫിവര്യനും തികഞ്ഞ പണ്ഡിതനും ദൈവഭക്തനുമായിരുന്ന ഹസ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജ്കി (റ)യുടെ ഒരു സംഭവം അദ്ദേഹം തന്റെ 'ഹയാത്തെ ഖുദ്സി' എന്ന ആത്മകഥയിൽ ഇങ്ങനെ വിവരിക്കുന്നു.

ഒരിക്കൽ ഒരു വാദപ്രതിവാദത്തിൽ പങ്കെടുക്കുന്നതിന്നായി ഞാൻ ലാഹോറിൽനിന്നും ഹാഫിസാബാദ് എന്ന സ്ഥലത്തേക്ക് രാത്രിയിൽ പുറപ്പെട്ടു. ലാഹോറിൽനിന്നുള്ള വണ്ടി സാംഗ്ലാഹില്ല് റെയിൽവെ സ്റ്റേഷനിൽനിന്നും ഹാഫിസാബാദിലേക്ക് മാറിക്കയറണം. ഈ വണ്ടി സാംഗ്ലാഹിൽ സ്റ്റേഷനിൽ എത്തിയപ്പോൾ രാത്രി മൂന്നുമണിയായിക്കാണും. ഞാൻ പ്ലാറ്റുഫോമിൽ ഇറങ്ങി, ഹാഫിസാബാദിലേക്കുള്ള വണ്ടി എപ്പോഴാണെന്ന് ഒരാളോടു ചോദിച്ചപ്പോൾ അടുത്ത പ്ലാറ്റ്ഫോമിലേക്കു ചൂണ്ടിക്കാണിച്ചു അതാ വണ്ടി പുറപ്പെടാൻ പോകുന്നു എന്നു പറഞ്ഞു. ആ പ്ലാറ്റ്ഫോമിലെത്താൻ പാലത്തിൽകൂടി കടക്കേണ്ടിയിരിക്കുന്നു. ഞാൻ എന്റെ കൈവശമുള്ള ഭാണ്ഡങ്ങളും പേറി പ്ലാറ്റ്ഫോമിലുള്ള പാലത്തിന്മേൽ കയറി രണ്ടാമത്തെ പ്ലാറ്റ്ഫോമിൽ ഇറങ്ങിയതും വണ്ടി ചൂളം വിളിച്ച് നീങ്ങാൻ തുടങ്ങി. ഞാനെന്റെ യാത്രയുടെ പ്രാധാന്യത്തെയും ഈ വണ്ടിതന്നെ പിടിക്കേണ്ടുന്നതിന്റെ ആവശ്യകതയേയും മുൻനിറുത്തി ഗാർഡിന്റെ അടുത്തുചെന്നു എനിക്കത്യാവശ്യകാര്യത്തിനു പോകേണ്ടതുണ്ട് അല്പമൊന്ന് വണ്ടി നിറുത്തുക എന്ന് വളരെ താണുകേണപേക്ഷിച്ചുകൊണ്ട് ഞാൻ വണ്ടിയോടൊപ്പം ഓടിക്കൊണ്ടിരുന്നു. അതോടൊപ്പം അല്ലാഹുവിനോട് വളരെ ഹൃദയവേദനയോടെ എങ്ങനെയെങ്കിലും ഈ വണ്ടി നിറുത്തിത്തരാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അങ്ങനെ ഞാൻ ഓടിയും പ്രാർത്ഥിച്ചും കൊണ്ടിരുന്ന സ്ഥിതിയിൽ പ്ലാറ്റ്ഫോം അവസാനിക്കുകയും വണ്ടി വേഗത വർദ്ധിപ്പിച്ച് കണ്ണിൽനിന്നും മാഞ്ഞുപോകുകയും ചെയ്തു. ഞാൻ വളരെ നിരാശനും ദുഃഖിതനുമായി തളർന്ന് ഒരു ബെഞ്ചിലിരുന്നു. ഞാൻ ജമാഅത്തിന്റെ സുപ്രധാന കാര്യനിർവഹണത്തിനു പോകുകയായിരുന്നു. എന്നാലാവുംവിധം ഞാൻ യത്നിച്ചു. അല്ലാഹുവിന്റെ തിരുസന്നിധിയിൽ വളരെ വിനയാന്വിതനായി പ്രാർത്ഥിച്ചുംകൊണ്ടിരുന്നു. എന്നാൽ അല്ലാഹു എന്റെ ഒരപേക്ഷയും പ്രാർത്ഥനയും കൈക്കൊണ്ടില്ല. ഇനി ഞാനെന്തു ചെയ്യും എന്ന് ചിന്തിച്ച് അവശനായി വ്യസനത്തോടെ അവിടെ ഇരുന്നു. എന്റെ പരിതാപകരമായ അവസ്ഥകണ്ട ഒരു വ്യക്തി, താങ്കൾക്കെവിടെ പോകാനാണ്. താങ്കളുടെ വണ്ടി വിട്ടുപോയി അല്ലേ എന്ന് വളരെ സങ്കടത്തോടെ ചോദിച്ചു. എനിക്ക് വളരെ അത്യാവശ്യകാര്യത്തിനു ഹാഫിസാബാദ് പോകേണ്ടതുണ്ട്. ഇന്നതുന്നെ അവിടെ എത്തിയേതീരൂ എന്ന് ഞാനദ്ദേഹത്തോടു പറഞ്ഞു. അപ്പോൾ അദ്ദേഹം ഹാഫിസാബാദിലേക്കുള്ള വണ്ടി ഇതാ അവിടെ നില്ക്കുന്നു. ചില നിമിഷങ്ങൾക്കുള്ളിൽ അത് പുറപ്പെടാനിരിക്കുന്നു എന്നു പറഞ്ഞു. ഈ മറുപടി കേട്ടതും എന്റെ ഹൃദയത്തിൽ ഉണ്ടായിരുന്ന വ്യസനത്തിനും പരാതിക്കും പകരമായി കൃതജ്ഞതാനിർഭരമായ മിന്നൽപിണർ പാഞ്ഞുപോയി. അങ്ങനെ ഞാൻ ഹാഫിസാബാദിലേക്ക് പോകേണ്ട വണ്ടിയിൽ കയറിയിരുന്നു. അല്ലാഹുവിന്റെ തിരുസന്നിധിയിൽ നന്ദിസൂചകമായി സുജൂദു ചെയ്യുകയുണ്ടായി. എന്റെ പ്രത്യക്ഷത്തിലുള്ള ദുആ സ്വീകരിക്കാതെ എന്നെ വിഷമത്തിൽ നിന്നും നഷ്ടത്തിൽനിന്നും രക്ഷപ്പെടുത്തിയ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടിരുന്നു. എന്റെ പ്രാർത്ഥന അതേപടി അല്ലാഹു സ്വീകരിച്ചു. ആ വണ്ടിയിൽ ഞാൻ കയറിയിരുന്നുവെങ്കിൽ എനിക്ക് ലാഹോറിൽത്തന്നെ തിരിച്ച് യാത്ര ചെയ്യേണ്ടിവരുമായിരുന്നു. കാരണം ആ വണ്ടി ലാഹോറിലേക്ക് പോകുന്നതായിരുന്നു. അങ്ങനെ അല്ലാഹു എന്റെ പ്രാർത്ഥന പ്രത്യക്ഷത്തിൽ സ്വീകരിക്കാതെ എത്രമാത്രം അനുഗ്രഹവും ഔദാ

ര്യവും ആണ് എനിക്ക് ചെയ്തുതന്നത്! ഈ സംഭവം എനിക്കുതന്ന പാഠം, ദുആകൾ റദ്ദു ചെയ്യപ്പെടുന്നതിൽ ചിലപ്പോൾ അല്ലാഹുവിന്റെ പ്രത്യേകമായ മസ്‌ലഹത്ത് (ഔചിത്യം) ഉണ്ട് എന്നതാണ്. ചിലപ്പോൾ പ്രാർത്ഥന യുടെ അസ്വീകാര്യത മനുഷ്യന്റെ നന്മക്കായുള്ളതാണെന്ന യാഥാർത്ഥ്യം അവൻ തന്റെ അറിവില്ലായ്മ നിമിത്തം മനസ്സിലാക്കുന്നില്ല. വാസ്തവത്തിൽ അല്ലാഹുവിന്റെ കാരുണ്യം എപ്പോഴും ലോകത്ത് തണൽ വിരിച്ചുകൊണ്ടിരിക്കുന്നു.

അല്ലാഹുവിന്റെ വിനീതദാസന്മാർ ചെയ്യുന്ന ദുആയിലും തവക്കുലിലും പ്രത്യേകാനുഗ്രഹം ഉണ്ടായിക്കൊണ്ടിരിക്കുന്നതായും അനുഭവങ്ങൾ വെളിപ്പെടുത്തുന്നു. ഹസ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജ്കി (റ) തന്റെ ആത്മകഥയിൽ ദുആയുടെ സ്വീകാര്യതയെക്കുറിച്ച് ഒരുപാട് സംഭവങ്ങൾ വിവരിക്കുകയുണ്ടായി. അവയിൽ ഒന്നു ചുവടെ ചേർക്കാം. ദുആയുടെയും തവക്കുലിന്റെയും സ്വീകാര്യതയെക്കുറിച്ച് അദ്ദേഹം തന്റെ ആത്മകഥയിൽ വിവരിക്കുന്നു.

“ഒരിക്കൽ ഞാൻ പരിശുദ്ധ ഖാദിയാനിലായിരുന്നപ്പോൾ വീട്ടിൽ ചെലവിനുള്ള യാതൊരേർപ്പാടുമില്ലാതെ വിഷമിക്കുകയായിരുന്നു. ഭക്ഷണചെലവുകൾക്കുകൂടി ഒരു പൈസയും ഇരുപ്പില്ല എന്നും കുട്ടികളുടെ ഫീസടക്കേണ്ട അവസാനത്തെ തിയ്യതി നാളെയാണെന്നും ഭാര്യ പറഞ്ഞുകൊണ്ടിരുന്നു. ഇതിന്നിടയിൽ ഓഫീസിൽ നിന്നും എനിക്കൊരറിയിപ്പു കിട്ടി. ഡൽഹി, കർണ്ണാൽ എന്നീ സ്ഥലങ്ങളിൽ നടക്കുന്ന പ്രചരണ പ്രസംഗപരമ്പരയിൽ പങ്കെടുക്കുന്നതിന്നായി ഒരു തബ്‌ലിഗ് സംഘത്തോടൊപ്പം പോകുന്നതിനുള്ള ഏർപ്പാടോടുകൂടി ഉടനെ ഓഫീസിൽ വരിക എന്നതായിരുന്നു ആ ഉത്തരവ്. ഈ കല്പനയനുസരിച്ച് ഞാൻ വേണ്ടുന്ന ഏർപ്പാടുകളോടുകൂടി ഓഫീസിലേക്കു പോകാനൊരുങ്ങുമ്പോൾ വളരെ പരിഭ്രാന്തയായി എന്റെ ഭാര്യ എന്നോട് വീട്ടിൽ ചിലവിന്നുള്ള ഒരേർപ്പാടും ഇല്ല. നിങ്ങളാണെങ്കിൽ പ്രചാരണപര്യടനത്തിനു പോവുകയുമാണ് എന്നു പറഞ്ഞു. ഞാനവരോട് എനിക്ക് ജമാഅത്തിന്റെ ആവശ്യത്തെ അവഗണിക്കാൻ സാധിക്കുന്നതല്ല ഞാൻ ദീനിന് ദുൻയാവിനേക്കാൾ പ്രാധാന്യം കല്പിക്കുന്നതാണെന്നു പ്രതിജ്ഞ ചെയ്തിരിക്കുന്ന ആളാണ്. റസൂൽ തിരുമേനിയുടെ സഹാബി ജിഹാദിന്നായി പുറപ്പെട്ടിരുന്നപ്പോൾ തങ്ങളുടെ വീടുകളെ ഈയവസ്ഥയിൽ തന്നെയായിരുന്നു വിട്ടിരുന്നത്. യുദ്ധത്തിൽനിന്ന് ജീവനോടെ തിരിച്ചുവരും എന്ന ഉറപ്പുകൂടി അവർക്കുണ്ടായിരുന്നില്ല. ഭാര്യമാർ വിധവകളും കുട്ടികളും അനാഥരും ആയിത്തീരുമോ എന്ന ശങ്ക അവർക്കുണ്ടായിട്ടും അവർ മതത്തിന്റെ ആവശ്യത്തിനു മുൻ തൂക്കം നൽകിയവരായിരുന്നു. എന്നാൽ ഹസ്റത്ത് നബി കരിം(സ) തിരുമേനിയുടെ വാഗ്ദത്ത മഹ്ദി മസീഹിന്റെ ഈ കാലഘട്ടത്തിൽ ആപേക്ഷികമായി മൃദുലമായ ഒരു സമീപനമാണ് അല്ലാഹു ചെയ്തിരിക്കുന്നത്. ഇപ്പോൾ വാൾകൊണ്ടുള്ള ജിഹാദല്ല നടക്കുന്നത്. ഈ ജിഹാദിൽ തിരിച്ചുവരുന്നതിനുള്ള എല്ലാ സാധ്യതകളും ഉണ്ട്. അതുകൊണ്ട് അല്ലാഹുവിന്റെ ഈ മൃദുലമായ സമീപനത്തിൽ അല്ലാഹുവിന് കൃതജ്ഞതയുള്ളവരായിരിക്കുക എന്ന എന്റെ ഉപദേശം എന്റെ ഭാര്യയിൽ നല്ല പ്രതികരണം ഉണ്ടാക്കി. അവർ മൗനം അവലംബിക്കുകയുണ്ടായി. അങ്ങനെ ഞാൻ വീട്ടിൽനിന്നും പുറത്തുകടക്കുന്നതിനുള്ള വാതിലിലെത്തിയപ്പോൾ ഇപ്രകാരം ഉള്ളുരുകി ദുആ ചെയ്തു. എന്റെ ഔദാര്യവാനായ അനുഗ്രഹദാതാവേ! നിന്റെ ഈ വിനീതദാസൻ നിന്റെ പ്രവർത്തിക്കായിട്ടിതാ പുറപ്പെടുകയാണ്. എന്റെ വീട്ടിന്റെ അവസ്ഥ നിനക്ക് ഗോപ്യമല്ല. നീ തന്നെ അവർക്ക് രക്ഷാധികാരിയായിട്ടു അവരുടെ ആവശ്യങ്ങൾ നിവൃത്തിച്ചുകൊടുക്കേണമേ! നിന്റെ ഈ നിസ്സാരനായ ദാസൻ വിഷമിക്കുന്ന ഭാര്യാമക്കളുടെ ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കുവാനോ അവർക്ക് സന്തോഷവും സംതൃപ്തിയും നൽകുവാനോ സാധിക്കാതെ നിന്റെ പാതയിൽ പുറപ്പെട്ടിരിക്കുകയാണ്. ഇപ്രകാരം ഞാൻ പ്രാർത്ഥിച്ചുകൊണ്ട് വാതില്ക്കലെത്തിയപ്പോൾ വാതിലിനു ആരോ മുട്ടുന്ന ശബ്ദം കേട്ട് വാതിൽ തുറന്നുനോക്കിയപ്പോൾ ഒരാൾ അവിടെ നില്ക്കുന്നതായി കണ്ടു. അദ്ദേഹം എന്റെ നേരെ നൂറു രൂപയുടെ ഒരു നോട്ട് നീട്ടികൊണ്ട്, ഒരാൾ ഈ പണം താങ്കൾക്ക് തരാനായിത്തന്നിരിക്കുന്നുവെന്നും ആ ആളുടെ പേർ അറിയിക്കരുതെന്നും പറയുകയുണ്ടായി. ഞാൻ ആ പണം വാങ്ങി അയാളെ തന്നോടൊപ്പം കൊണ്ടുപോയി വീട്ടിന്നാവശ്യമുള്ള ഭക്ഷണസാധനങ്ങളും മറ്റും വാങ്ങിക്കൊടുക്കുകയും ബാക്കിവരുന്ന സംഖ്യ വീട്ടിൽ കൊടുക്കാൻ അദ്ദേഹത്തെ ഏല്പിക്കുകയും ചെയ്തു. കാരണം, ദൈവവഴിയിൽ പുറപ്പെട്ടിരിക്കുന്ന താൻ വീണ്ടും വീട്ടിൽ തിരിച്ചുചെല്ലുന്നത് ഉചിതമല്ലെന്ന് കരുതി. (*ഹയാത്തെഖുദ്സി*)

ഇതുപോലുള്ള മറ്റൊരു സംഭവംകൂടി അദ്ദേഹം വിവരിക്കുന്നു. ഞാനും സഹോദരൻ ഗുലാം ഹൈദർ ഖാൻ സാഹിബും(റ) ലാഹോറിൽനിന്നും ഞങ്ങളുടെ ഗ്രാമത്തിലേക്ക് കാൽനടയായി പോകുകയായിരുന്നു. ലാഹോറിൽനിന്നും പ്രാതൽ കഴിച്ചു പുറപ്പെട്ടതായിരുന്നു. കയ്യിൽ ഒമ്പത് പൈസ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഞങ്ങൾ റാപിനദി കടക്കാനുള്ള സ്ഥലത്തെത്തി രണ്ട് പൈസ കൊടുത്ത് തോണിയിൽ അക്കരെ കയറി നടന്ന് കാമോങ്കെ എന്ന ഗ്രാമത്തിൽനിന്നും നാലുനാഴിക ദൂരത്തെത്തിയപ്പോൾതന്നെ സൂര്യൻ അസ്തമിച്ചു. ഗുലാം ഹൈദർ സാഹിബ് സുദീർഘമായ കാൽനടയാത്ര നിമിത്തം വളരെ അവശനായിരുന്നു. കൊടുംശൈത്യം നിമിത്തം അദ്ദേഹത്തിന് ജ്വരം പിടിച്ചിരുന്നു. അവിടന്നു ഞങ്ങൾ വളരെ പ്രയാസപ്പെട്ട് നടന്ന് രാത്രി പത്തുമണിക്ക് കാമോങ്കെ എന്ന സ്ഥലത്തെത്തി. അവിടെ വിജനമായ ഒരു പഴയ മസ്ജിദിൽ ചെന്നു. മസ്ജിദിൽ ഒരേയൊരു ചെറിയ ഹാളാണുണ്ടായിരുന്നത്. അവിടെ പുല്ല് വിരിച്ചിരുന്നു. അതിന്റെ ഒരു മൂലയിൽ ഒരു യാത്രികൻ കിടന്നുറങ്ങുന്നുണ്ടായിരുന്നു. അവിടെ ഞാൻ ഗുലാം ഖാദിർ സാഹിബിനെ കിടത്തി എന്റെ പുതപ്പ് അദ്ദേഹത്തെ പുതപ്പിച്ചു. എന്തെങ്കിലും ഭക്ഷണം വാങ്ങാൻ കിട്ടുമോ എന്ന ഉദ്ദേശ്യത്തോടെ ഞാൻ പുറത്തൊക്കെ കറങ്ങിനോക്കി. കടകളെല്ലാം അടഞ്ഞുകിടന്നിരുന്നു. തെരുവുകളെല്ലാം വിജനമായി ഉറങ്ങിക്കിടക്കുകയായിരു

ന്നു. അങ്ങനെ ഞാൻ തിരിച്ച് പള്ളിയിൽ വന്നുകിടന്നു. ഇവിടെ ഹൈദർഖാൻ സാഹിബിന് പനി അധികരിച്ച് പരിഭ്രമജനകമായ അവസ്ഥയിലായിരുന്നു. ഈ അപരിചിതമായ അന്യപ്രദേശത്ത് വല്ലതും സംഭവിക്കുകയാണെങ്കിൽ എന്തായിരിക്കും അവസ്ഥയെന്ന് ഞാൻ ഭയപ്പെട്ടുകൊണ്ടിരുന്നു. ഞാനപ്പോൾ അല്ലാഹുവിന്റെ തിരുസന്നിധിയിൽ സങ്കടത്തോടെ കരഞ്ഞുവിലപിച്ച് ദുആ ചെയ്തുകൊണ്ടിരുന്നു. ദുആക്കുശേഷം മൂക്ക് ചീറ്റുവാനായി ഞാൻ വാതിൽ തുറന്നു പുറത്തുകടന്നപ്പോൾ അപരിചിതനായ ഒരാൾ ഒരു കയ്യിൽ ചൂടുള്ള ആവി പറക്കുന്ന ചപ്പാത്തികളും ഹൽവയും മറ്റേകയ്യിൽ ചൂടുള്ള കറിയുമായി നില്ക്കുന്നത് കണ്ടു. പാതിരാത്രി രണ്ടുമണിക്ക് ഇങ്ങനെ രണ്ട് കൈകളിലും ഭക്ഷണപാത്രങ്ങളുമായി നില്ക്കുന്ന ആ ആളെ കണ്ട് ഞാൻ വിസ്മയചിത്തനായി താങ്കൾക്കാരെയാണ് കാണേണ്ടതെന്ന് ചോദിച്ചു. ഞാൻ താങ്കളെ കാണുവാൻ തന്നെയാണ് വന്നിരിക്കുന്നത്. താങ്കൾ ഈ ആഹാരപദാർത്ഥങ്ങൾ വാങ്ങി കഴിച്ചുകൊള്ളുക എന്ന് അദ്ദേഹം പറയുകയുണ്ടായി. ഭക്ഷണം കഴിച്ചതിനുശേഷം ഈ പാത്രങ്ങൾ എവിടെ കൊടുക്കേണമെന്ന് ചോദിച്ചപ്പോൾ അവിടെത്തന്നെ വെക്കുക എന്നദ്ദേഹം പറഞ്ഞു. അങ്ങനെ ഞാൻ ഭക്ഷണപദാർത്ഥങ്ങളുമായി അകത്ത് ചെന്നു. അതിൽനിന്നും കുറച്ചെടുത്ത് ഗുലാം ഹൈദർസാഹിബിനു കൊടുത്തു. അദ്ദേഹം ഭക്ഷിച്ചതും അദ്ദേഹത്തിന്റെ രോഗത്തിന് ശമനമുണ്ടായി. അതിന്നുശേഷം ഞങ്ങൾ രണ്ടുപേരും ഉറങ്ങിക്കിടന്നിരുന്ന യാത്രികനും വയറുനിറയെ കഴിച്ചു.

അതിന്നുശേഷം ഞങ്ങൾ പാത്രങ്ങൾ അവിടത്തന്നെ വെച്ചു. അങ്ങനെ ഞങ്ങൾ വാതിലിനു സാക്ഷയിട്ടു കിടന്നുറങ്ങി. രാവിലെ ഉണർന്നപ്പോൾ അവിടെ പാത്രങ്ങളുണ്ടായിരുന്നില്ല. വാതിൽ സാക്ഷയിട്ടത് അടഞ്ഞുതന്നെയിരുന്നു. യാത്രികൻ കൂർക്കം വലിച്ചുറങ്ങുകയായിരുന്നു.

വാഗ്ദത്ത മസീഹ് പറഞ്ഞവാക്കുകൾ അതായത് ജനങ്ങളെല്ലാം മുഖം തിരിക്കുകയാണെങ്കിലും ഭൂമിയുടെ അടിഭാഗത്ത് നിന്നും ആകാശത്തിന്റെ മേൽഭാഗത്തു നിന്നും ഞാൻ സഹായം നൽകുന്നതാണെന്ന് അല്ലാഹു എന്നോടു അരുൾചെയ്തിട്ടുണ്ട് എന്നത് എത്രമാത്രം സത്യമാണ്. (*ഹയാത്തെ ഖുദ്സി*)

അതെ, ഭയഭക്തിയും സൂക്ഷ്മതയും കൈക്കൊള്ളുകയും അല്ലാഹുവിൽ പരിപൂർണ്ണമായ തവക്കുൽ വെക്കുകയും അവനെ മാത്രം ശരണം പ്രാപിക്കുകയും ചെയ്യുന്നവർക്ക് അവർ സങ്കല്പിക്കാത്ത വഴികളിൽകൂടി അല്ലാഹു ഉപജീവനം നൽകുന്നതാണ് എന്ന് അവൻ വാഗ്ദാനം ചെയ്യുന്നു.

അല്ലാഹു അരുൾചെയ്യുന്നു. അല്ലാഹുവിന്റെ തഖ്‌വ സ്വായത്തമാക്കുന്നവന് അല്ലാഹു (വിഷമങ്ങളിൽനിന്നു) രക്ഷപ്പെടുവാനുള്ള മാർഗ്ഗമുണ്ടാക്കിക്കൊടുക്കുകയും അവനുദ്ദേശിക്കാത്ത മാർഗ്ഗത്തിൽകൂടി അവന് ഉപജീവനം നൽകുകയും ചെയ്യും. തന്നെ അല്ലാഹുവിനു ഭരമേല്പിക്കുന്നവന് അല്ലാഹു മതിയായവനാകുന്നു. (*65:3,4*)

ഈ കാലത്ത് വാഗ്ദത്ത മഹ്ദി മസീഹുമായി ബന്ധപ്പെട്ട സ്വാലിഹീങ്ങളും മുത്തഖീങ്ങളും ആയവർക്ക് ഈ യാഥാർത്ഥ്യം ഒരനുഭവമായിക്കാണുവാൻ സാധിക്കുന്നതാണ്.

---

*പേജ്-26-ൽ നിന്ന്*

ബാക്കി ധനം മുഴുവൻ ധർമ്മം ചെയ്ത് കഴിഞ്ഞിരുന്നു. ബാക്കിയുള്ളത് 'നിനക്ക് ഉപകാരമാവട്ടെ' എന്ന് പറഞ്ഞ് സിറാജിനും കൊടുത്തു. വിവരം സിറാജ് ഖലീഫയെ അറിയിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു. മുത്തലിബ് സന്തതികൾ മഹത്വത്തിലും, ഔദാര്യത്തിലും റസൂൽ(സ) തിരുമേനിയോട് വ്യത്യാസപ്പെടുന്നില്ല.

ഇമാം ശാഫി(റ) ഇസ്ലാമിക ശാസ്ത്രങ്ങളിലും, അറബി ശാസ്ത്രത്തിന്റെ മറ്റു തുറകളിലും പാണ്ഡിത്യം നേടിയതിനു പുറമെ അദ്ദേഹത്തിന്റെ ജീവിതരീതി അനുകരണയോഗ്യവും, സ്വഭാവഗുണങ്ങൾ അസൂയാവഹവുമായിരുന്നതിനാൽ ബഹുജനങ്ങളും ഭരണാധികാരികളും അദ്ദേഹത്തെ അതിരറ്റ് ബഹുമാനിച്ചിരുന്നു. ഖലീഫ ഹാറൂൺ റശീദ് ഖസാഅ് (വിധികർതൃത്വപദവി) സ്വീകരിക്കുവാൻപോലും ആവശ്യപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യന്മാർക്ക് മാത്രമല്ല, ഗുരുവര്യന്മാർക്കുകൂടി അദ്ദേഹത്തോട് ഉണ്ടായിരുന്ന ആദരവ് നിസ്തുല്യമായിരുന്നു.

ഇമാം ശാഫി(റ)ന്റെ 54 കൊല്ലത്തെ സംഭവബഹുലമായ ജീവിതത്തിൽ നിരവധി ശിഷ്യഗണങ്ങൾ അദ്ദേഹത്തിൽനിന്ന് വിദ്യ അഭ്യസിച്ചിട്ടുണ്ട്. ആ ശിഷ്യന്മാരും തന്റെ ഗ്രന്ഥങ്ങളുമാണ് ഇമാമിന്റെ മദ്ഹബ് പ്രചരിപ്പി ച്ചിട്ടുള്ളത്. ഇമാം ശാഫി(റ) മരിക്കുന്നതിന് തൊട്ടുമുൻപ് ചൊല്ലിയ പദ്യശകലങ്ങളുടെ സാരം ഇങ്ങനെയായിരുന്നു. "എന്റെ ഹൃദയം നോവുന്നു. മാർഗ്ഗങ്ങൾ ഹ്രസ്വമായിരിക്കുന്നു. എന്റെ ആശ അല്ലാഹുവിന്റെ പൊറുത്തുതരലിൽ അർപ്പിതമാണ്. രക്ഷിതാവിന്റെ അതിമഹത്തായ പൊറുത്തുതരലിന് മുമ്പിൽ എന്റെ പാപങ്ങൾതന്നെ എനിക്ക് ഗുണമായി പരിണമിക്കും." അനന്തരം ചുറ്റുമുള്ളവരെ നോക്കി ഞാനിതാ മരിക്കാറായിരിക്കുന്നു മരണപ്പെട്ടാൽ ഗവർണ്ണരുടെ അരികെ പോയി അദ്ദേഹത്തോട് എന്നെ കളിപ്പിക്കാൻ ആവശ്യപ്പെടണം എന്നു പറഞ്ഞു. മരിച്ച ഉടനെ അദ്ദേഹത്തിന്റെ ഒസ്യത്ത് പ്രകാരം ജനങ്ങൾ അമീർ മുഹമ്മദിബ്നുസ്സുർയിബ്നിൽ ഹകമിന്റെ അരികെ ചെന്ന് വിവരം ഉണർത്തുകയുണ്ടായി. ഇമാം കടത്തോടുകൂടിയാണോ മരണപ്പെട്ടതെന്ന് അമീർ ചോദിക്കുകയും അതെ എന്ന് ജനങ്ങൾ മറുപടി പറയുകയും ചെയ്തപ്പോൾ, കടമുള്ള ഏഴായിരം ദിനാർ അദ്ദേഹം വീട്ടി, ഇതാണെന്റെ കുളിപ്പിക്കൽ എന്ന് പറയുകയും ചെയ്തു. അദ്ദേഹത്തിന്റെ ജനാസ സംസ്കരിച്ചത് ഈജിപ്തിലെ ഖറാഫയിലാണ്. ഹിജ്റ 204-ൽ റജബ് 30-ന് ക്രിസ്ത്വാബ്ദം 820-ൽ വെള്ളിയാഴ്ച അസർ നമസ്കാരാനന്തരമാണ് ചതുർനേതാക്കളിൽ മൂന്നാമത്തെ കണ്ണിയായ ഇമാം ശാഫി(റ) മൺമറഞ്ഞത്.

# വിശ്വാസലോകത്ത്

## അഹ്മദിയ്യാ ജമാഅത്തുണ്ടാക്കിയ ആത്മീയവിപ്ലവം

ആയിശബി ഹനീഫ്

ഹിജ്റ വർഷം പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇസ്‌ലാമിന്റെ ഊർജ്ജം വാർന്നുപോവുകയും, അതിന്റെ ആത്മീയജലം വറ്റിവരണ്ട് നെല്ലിപ്പടി കാണിച്ചുതുടങ്ങുകയും ചെയ്തിരുന്നതായി അക്കാലത്തെ ചരിത്രസംഭങ്ങൾ സാക്ഷ്യം വഹിക്കുന്നു. 'ഉലമാ' എന്ന പണ്ഡിതവർഗ്ഗം ദീനിന്റെ പേരിൽ ചെയ്യുന്ന ദ്രോഹങ്ങളേയും ഭക്തിശൂന്യങ്ങളായ പള്ളികളുടെ ശോച്യാവസ്ഥയേയും ചിത്രീകരിച്ച് നബിതിരുമേനി(സ) പ്രവചനമരുളുകയുണ്ടായിട്ടുണ്ട്. നബിയുടെ ഉമ്മത്തിന് സംഭവിക്കുന്ന ധാർമ്മിക വ്യതിയാനങ്ങൾ പ്രവാചകദൃഷ്ടിയിൽ അല്ലാഹു മുൻകൂട്ടി കാണിച്ചുകൊടുത്തപ്പോൾ തിരുനബി (സ)യുടെ ഗദ്ഗദം പ്രാർത്ഥനാരൂപത്തിൽ ഖുർആനിൽ അല്ലാഹു രേഖപ്പെടുത്തിയിരിക്കുന്നു.

"എന്റെ നാഥാ, എന്റെ സമുദായം ഈ ഖുർആനെ പിൻപുറം ഉപേക്ഷിച്ചുകളഞ്ഞു." തിരുനബിയുടെ ഇടനെഞ്ച് പൊട്ടിക്കൊണ്ട് ചെയ്ത ഈ പ്രാർത്ഥനയ്ക്കുള്ള ഉത്തരമെന്നോണം പതിന്നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ ദൈവികമായ സംവിധാനം അല്ലാഹു ലോകത്ത് വെളിപ്പെടുത്തുകയുണ്ടായി. ഇസ്‌ലാമതം മാത്രമല്ല, ഭൂമിയുടെ ഉപരിതലത്തിലുള്ള എല്ലാ മതങ്ങളും കാലത്തിന്റെ കെടുതിയിൽ ദുഷിച്ചുപോവുകയും, മനുഷ്യവർഗ്ഗം ദൈവത്തിൽനിന്ന് അകന്ന് ഭൂമിയിലെ സുഖങ്ങൾ തേടി പിശാചിന്റെ മാർഗ്ഗത്തിലേക്ക് നീങ്ങിപോവുകയും ചെയ്തിരുന്നു.

മാനവസമൂഹത്തെ ജീർണ്ണതയിൽനിന്ന് മോചിപ്പിക്കുകയും ലോകത്തിന് ഒരു ആത്മീയവിപ്ലവം ഉണ്ടാക്കുകയും ചെയ്യുന്നതിനായി നൂറ്റാണ്ടുകളുടെമേൽ ആധിപത്യം നൽകിക്കൊണ്ട് ഹിജ്റ പതിന്നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ അല്ലാഹു മുജദ്ദിദായും തുടർന്ന് മഹ്ദീ മസീഹായും നിയോഗിച്ചയച്ചു. അദ്ദേഹം ലോകത്തോടു പ്രഖ്യാപിച്ചു.

"സമാധാനത്തിന്റെയും വിനയത്തിന്റെയും മാർഗ്ഗത്തിലൂടെ സത്യദൈവത്തിലേക്ക് ലോകത്തെ നയിക്കുകയും ഇസ്‌ലാമിക സന്മാർഗ്ഗവാഴ്ചയെ പുനഃസ്ഥാപിക്കുകയും ചെയ്യുന്നതിനായി ഞാൻ ദൈവത്താൽ അയക്കപ്പെട്ടിരിക്കുന്നു." ഈ വിജ്ഞാപനത്തിന്റെ നേരെ ലോകശ്രദ്ധ പതിയുന്നതായി കണ്ടപ്പോൾ പിശാചിന്റെ വക്താക്കൾ ആ ദിവ്യശബ്ദത്തെ നിശ്ചലമാക്കുന്നതിനുള്ള ഉപജാപങ്ങൾ ചെയ്തുകൊണ്ടിരുന്നു. എന്നാൽ പിശാചിന്റെ മുഴുവൻ ശക്തികളേയും വെല്ലുവിളിച്ചുകൊണ്ട് ആ യുഗപുരുഷൻ മുന്നോട്ടു കുതിക്കുകയും ആത്മീയവിപ്ലവത്തിന്റെ കാഹളം ഊതി മനുഷ്യഹൃദയങ്ങളെ ഏകദൈവത്തിലേക്ക് ക്ഷണിക്കുകയും പൊയ്ദൈവങ്ങളിലുള്ള വിശ്വാസം മനുഷ്യന് ഒരു ഗുണവും ചെയ്യുകയില്ലെന്ന് തെളിയിച്ചു കാണിക്കുകയും ചെയ്തു. യഥാർത്ഥ ഭക്തിയും സ്നേഹവും ദൈവം സ്വീകരിക്കുമെന്നും അതിന്റെ പ്രതികരണം ഈ ലോകത്തുതന്നെ കാണപ്പെടുമെന്നും അദ്ദേഹം ലോകത്തിന് സാക്ഷ്യങ്ങൾ നൽകി.

സത്യദൈവത്തിന്റെ പ്രതികരണം നമ്മുടെ മനസ്സിലുണ്ടാക്കുന്ന തോന്നൽ മാത്രമല്ല ദൈവം വാക്കുകളിൽതന്നെ സംസാരിക്കുന്നുവെന്നുള്ളതിന് അദ്ദേഹം തെളിവുകൾ നിരത്തി. സംസാരിക്കുന്ന ദൈവത്തെ അനുഭവസിദ്ധമാക്കുന്നതാണ് സത്യമതം എന്നദ്ദേഹം പ്രസ്താവിച്ചു. ദൈവത്തെ സംബന്ധിച്ച ഈ താത്വികവാദങ്ങളും തെളിവുകളും വിശ്വാസത്തിന്റെ ലോകത്ത് മഹാവിപ്ലവംതന്നെ സൃഷ്ടിച്ചു.

ആത്മീയവിപ്ലവത്തിന് തടസ്സം ഉണ്ടാക്കുന്നവിധം ജനകോടികളെ സ്വാധീനിച്ചിരിക്കുന്ന ക്രിസ്തുവിന്റെ കുരിശുമരണത്തിലുള്ള വിശ്വാസത്തിന്റെ പൊള്ളത്തരം അദ്ദേഹം ലോകത്തിന് തെളിയിച്ചുകൊടുത്താണ്, ആത്മീയവിപ്ലവത്തിലേക്കുള്ള സോപാനത്തിന്റെ രണ്ടാം പടിയായി അദ്ദേഹം ചവിട്ടികയറിയത്.

ഈസാനബി(അ) രണ്ടായിരം കൊല്ലങ്ങളായി ആകാശത്തിൽ ജീവിച്ചിരിക്കുന്നുവെന്നുള്ള ക്രിസ്ത്യാനികളുടെ വിശ്വാസത്തോടൊപ്പം മുസ്‌ലിംകളുടെ അന്ധവിശ്വാസത്തിനും അറുതിവരുത്തികൊണ്ട് വിശുദ്ധഖുർആനിൽനിന്ന് മുപ്പതോളം ആയത്തുകൾ ഉദ്ധരിച്ച് ഈസാനബി മരിച്ചുപോയെന്ന് സമർത്ഥിക്കുകയുണ്ടായി. നൂറുവർഷങ്ങളായി ഇസ്‌ലാമിക പണ്ഡിതന്മാരുടെ മസ്തിഷ്കത്തിൽ ആ ഖുർആനിക തെളിവുകൾ ചുഴലിക്കാറ്റ് ഉണ്ടാക്കിക്കൊണ്ട് ഇന്നും അവരുടെ സ്വൈര്യം കെടുത്തുകയാണ്. അവരിൽ ചില പണ്ഡിതന്മാർതന്നെ ഇപ്പോൾ സത്യം സമ്മതിച്ചു തുടങ്ങിയിരിക്കുന്നുവെന്നത് ഹസ്റത്ത് അഹ്മദ്(അ) ഉണ്ടാക്കിയ ആത്മീയവിപ്ലവത്തിന്റെ സാക്ഷാത്കാരമാണ്.

ഹസ്റത്ത് അഹ്മദ്(അ) അടുത്തപടിയായി മുന്നേറിയത് ആത്മീയവിപ്ലവത്തിന് 'ജിഹാദ്' എന്ന പടവാൾ മുസ്‌ലിംകളുടെ ഉലയിൽ ഉരുക്കി തൂലികയാക്കി മാറ്റിയെടുത്തുകൊണ്ടായിരുന്നു. 'ജിഹാദ്' എന്നാൽ ഇസ്‌ലാമതം പ്രചരിപ്പിക്കുന്നതിന് വാളെടുത്തുകൊണ്ടുള്ള യുദ്ധമായിട്ടാണ് പൊതുവെ മുസ്‌ലിംകൾ വിശ്വസിച്ചുവന്നത്. മുസ്‌ലിംകളുടെ വിദ്രോഹപരമായ ഈ വീക്ഷണത്തെ ഹസ്റത്ത് അഹ്മദി(അ) തന്റെ തൂലികതുമ്പുകൊണ്ട് തിരുത്തിയെഴുതി. നൂറുവർഷത്തിനുശേഷം ഇന്ന് പ്രബുദ്ധരായ മുസ്‌ലിംകൾ വാളിനുപകരം തൂലിക ചലിപ്പിക്കുന്നതായി കാണുകയും ജിഹാദ് എന്നാൽ അത്യധ്വാനം എന്നാണർത്ഥമെന്ന് എഴുതുകയും ചെയ്യുന്നത് ഹസ്റത്ത് അഹ്മദ്(അ) ഒരു നൂറ്റാണ്ട് മുമ്പ് സൃഷ്ടിച്ച ആത്മീയവിപ്ലവത്തിന്റെ ഉദാത്തമായ ഒരു സംഭാവനയാണ്.

# അഹ്മദിയ്യത്ത് ലോകത്തിന് എന്ത് നൽകി?

അത്താഉൽ മുജീബ് റാശിദ്, ഇമാം മസ്ജിദ് ഫസ്ൽ ലണ്ടൻ

### അഹ്മദിയ്യാ ഖിലാഫത്ത് എന്ന അനുഗ്രഹം

അഹ്മദിയ്യാ ജമാഅത്ത് ലോകത്തിന് യഥാർത്ഥ ഇസ്‌ലാമും ആത്മീയനേതൃത്വ സംവിധാനവും പ്രദാനം ചെയ്തു. അതിന് ഇസ്‌ലാമിലെ സാങ്കേതികഭാഷയിൽ ഖിലാഫത്ത് വ്യവസ്ഥിതി എന്ന് പറയുന്നു. സൽകർമ്മമെന്ന നിബന്ധനയുള്ളിടത്തോളംകാലം ഈ ദൈവികാനുഗ്രഹം സത്യവിശ്വാസികൾക്ക് എപ്പോഴും ലഭിച്ചുകൊണ്ടിരിക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ആരംഭകാലത്ത് 'ഖിലാഫത്ത് റാശിദ' എന്ന പേരിൽ സത്യവിശ്വാസികൾക്കിത് ലഭിച്ചു. പിന്നീട് ഇത് ഭരണാധികാരമായി മാറുകയും അവസാനം നശിച്ചുപോവുകയും ചെയ്തു. ഈ അനുഗ്രഹം നഷ്ടപ്പെട്ടതോടുകൂടി മുസ്‌ലിംകൾക്ക് നാനാഭാഗത്തുനിന്നും പരാജയങ്ങളും, നിന്ദ്യതയും, നിരാശയും ഏറ്റുവാങ്ങേണ്ടിവന്നു.

അല്ലാഹു ഇസ്‌ലാമിന്റെ പുനർജീവനത്തിനുവേണ്ടി ഹസ്റത്ത് ഇമാം മഹ്ദി(അ)നെ നിയോഗിച്ചു. അദ്ദേഹത്തിന് ഉമ്മത്തിനബി എന്ന സ്ഥാനം പ്രദാനം ചെയ്തു. ഖിലാഫത്ത് ഉണ്ടാകാത്ത ഒരു നുബുവ്വത്തും ഇതിന് മുമ്പ് ഉണ്ടായിട്ടില്ല എന്ന വാഗ്ദാനമനുസരിച്ച് അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് വ്യവസ്ഥിതിക്ക് തുടക്കം കുറിച്ചു. ഈ ദൈവികാനുഗ്രഹത്തിൽനിന്ന് മുഖംതിരിച്ചവർ അന്ധകാരത്തിലും വഴികേടിലും വട്ടംകറങ്ങി ഇന്നും പരാജയങ്ങളേയും നിർഭാഗ്യങ്ങളേയും നേരിട്ടുകൊണ്ടിരിക്കുന്നു. എന്നാൽ ഖിലാഫത്തിന്റെ പ്രകാശം സ്വീകരിച്ചവർ ഖലീഫയുടെ ശബ്ദങ്ങൾക്ക് ലബ്ബൈക്ക് പറഞ്ഞുകൊണ്ട് ജീവനേയും, ധനത്തേയും, അഭിമാനത്തേയും ബലിയർപ്പിക്കുന്നത് സൗഭാഗ്യമായി കണക്കാക്കി. അതിന്റെ ഫലമായി അവരിൽ ദൈവികാനുഗ്രഹങ്ങളുടെ പേമാരി വർഷിച്ചുകൊണ്ടിരിക്കുന്നു.

ഖിലാഫത്ത് വ്യവസ്ഥിതിയുടെ അനുഗ്രഹംകൊണ്ട് ജമാഅത്തിന് നന്മകളുടെ എല്ലാ മാർഗ്ഗങ്ങളിലും അഭിവൃദ്ധിയും വളർച്ചയും ലഭിച്ചുകൊണ്ടിരിക്കുന്നു. ഭയപ്പാടിന്റെ ഓരോ നിമിഷവും സമാധാനപരമായി പരിണമിച്ചു. ഇന്ന് ലോകത്ത് ഖിലാഫത്തെന്ന വ്യവസ്ഥിതിയിൽനിന്ന് അനുഗ്രഹം തേടിക്കൊണ്ടിരിക്കുന്ന ഒരേ ഒരു ജമാഅത്ത് ഇതുമാത്രമാണ്. ശത്രുക്കളുടെ എല്ലാ പദ്ധതികളും ഖിലാഫത്ത് എന്ന ഈ പാതയിൽ തട്ടി തരിപ്പണമായി എന്നതിന് ജമാഅത്തിന്റെ ചരിത്രം സാക്ഷിയാണ്. പൈഗാമികളുടെയും അഹ്റാരികളുടെയും ഫിത്ന, 1953-ലെ ആസൂത്രിതപദ്ധതികൾ, 1974-ലെ ഭയാനകമായ കുഴപ്പങ്ങൾ, 1984-ലെ ഹൃദയങ്ങളെ വ്യണപ്പെടുത്തിയ സംഭവങ്ങൾ. അതിന്റെ ഫലമായി പാക്കിസ്ഥാനിൽ ശഹീദായ എത്രയെത്ര നിരപരാധികളായ അഹ്മദികൾ. ഈ പരീക്ഷണഘട്ടങ്ങളിലെല്ലാം ഖിലാഫത്തിന്റെ ദിവ്യമായ നേതൃത്വംകൊണ്ട് ജമാഅത്ത് ഉറച്ച കാൽവെപ്പുകളോടെ മുന്നോട്ട് കുതിച്ചുകൊണ്ടിരുന്നു. ഖിലാഫത്തിന്റെ അനുഗ്രഹംകൊണ്ട് ജമാഅത്ത് വിജയങ്ങളുടെ ഉന്നതികളിലെത്തുകയും ഖിലാഫത്തിനെ സ്നേഹിക്കുന്നവരുടെ ത്യാഗങ്ങളും അർപ്പണബോധവും ഔന്നത്യത്തിലെത്തുകയും ചെയ്തു. ആളിക്കത്തിക്കൊണ്ടിരുന്ന പരീക്ഷണഘട്ടങ്ങളിലും അവരുടെ മുഖത്തെ പുഞ്ചിരി മങ്ങിയില്ല. അഹ്മദിയ്യത്തിനെ നിശ്ശേഷം നശിപ്പിക്കുമെന്ന് പറഞ്ഞ ആൾ തൂക്കിലേറ്റപ്പെട്ടു. ഖാദിയാനിസം എന്ന ക്യാൻസറിനെ നശിപ്പിക്കാനൊരുങ്ങിയ ആൾ ഈ ലോകത്തിലെ നരകത്തിൽതന്നെ ഒന്നും അവശേഷിക്കാത്ത നിലയിൽ കത്തിവെണ്ണീരായി.

അനുഗൃഹീത ഖിലാഫത്ത് ഒരു ദൈവികസമ്മാനമാണ്. ഈ വ്യവസ്ഥിതി അല്ലാഹുവിന്റെ കൈകൊണ്ട് മനുഷ്യരിലൂടെ നിലവിൽവരുന്നു. ഇത് ദൈവികപദ്ധതിയുടെ അടിത്തറയാണ്. വിജയങ്ങളുടെ താക്കോലും സത്യവിശ്വാസികളുടെ വിശ്വാസത്തിന്റെ അടയാളവുമാണ്. ഇസ്‌ലാമിന്റെ പുനർജീവനം ഖിലാഫത്ത് വ്യവസ്ഥിതിയുമായി ബന്ധപ്പെട്ട് നിൽക്കുന്നു. ഈ ദൈവികപദ്ധതിയെ സംബന്ധിച്ച് ഹസ്റത്ത് മുഹമ്മദ് മുസ്തഫ(സ) സുവിശേഷം നൽകിയത് ഇങ്ങനെയാണ്.

"പിന്നീട് പ്രവാചകത്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്തുണ്ടായിവരും."

അല്ലാഹു നമുക്ക് ഖിലാഫത്ത് എന്ന അനുഗ്രഹം പ്രദാനം ചെയ്തിരിക്കുന്നു. എഴുപത്തിരണ്ട് കക്ഷികൾക്കെതിരിൽ ഈ ഒരു ജമാഅത്ത് മാത്രമാണ് അല്ലാഹുവിന്റെ അടുക്കൽ അനുഗ്രഹത്തിനർഹരും നേരായ മാർഗ്ഗത്തിൽ ചരിക്കുന്നവരും എന്നതിന് തെളിവാണിത്. ഈ ഖിലാഫത്ത് ലോകത്തിന് മുഴുവനുമുള്ള അല്ലാഹുവിന്റെ സന്ദേശമാണ്. അതായത് ജനങ്ങളെ നിങ്ങൾ സൗഖ്യത്തേയും സമാധാനത്തേയും അന്വേഷിക്കുന്നവരാണെങ്കിൽ വരുവിൻ ഈ ഖിലാഫത്തിന്റെ തണലിൽ ഒരുമിച്ചുകൂടുവിൻ. ഈ തണൽ മാത്രമാണ് നിങ്ങൾക്ക് യഥാർത്ഥ സമാധാനവും സൗഖ്യവും പ്രദാനം ചെയ്യുക. ഈ ഐക്യത്തിന്റെ തണലില്ലെങ്കിൽ നിങ്ങൾക്ക് വഴികേടും, ദൗർഭാഗ്യങ്ങളും പരാജയങ്ങളുമല്ലാതെ മറ്റൊന്നും നേടാൻ കഴിയില്ല.

### ജമാഅത്ത് വ്യവസ്ഥിതി

നമ്മുടെ യജമാനരായ ഹസ്റത്ത് മുഹമ്മദ് മുസ്തഫ(സ)നോട് ചോദിക്കുകയുണ്ടായി. മുസ്‌ലിംകൾ എഴുപത്തിമൂന്ന് കക്ഷികളായി പിരിയുമ്പോൾ അവരിൽ ശരിയായപാതയിൽ ചരിക്കുന്ന സത്യവിഭാഗത്തെ ഞങ്ങളെങ്ങനെ തിരിച്ചറിയും? വിഷമം പിടിച്ച ഈ ചോദ്യത്തിന് നബി(സ) രണ്ട് വാക്കിലൂടെ മറുപടി പറ

ഞ്ഞു. വഹിയ ജമാഅത്ത് (*മുഹമ്മദ് അഹ്മദിബ്നുഹമ്പൽ, വാല്യം 4, പേജ് 102*)

ഓർത്തുകൊൾക, സ്വർഗ്ഗത്തിനർഹമായ വിഭാഗത്തിന്റെ അടയാളം അവർ ഒരു ജമാഅത്തായിരിക്കും എന്നതാണ്. ജമാഅത്ത് എന്ന വാക്കിന്റെ സവിശേഷത അവരിലുണ്ടാകും. തിരിച്ചറിവിന്റെ താക്കോൽ ഈയൊരു വാക്കിലുണ്ട്. ജമാഅത്ത് എന്ന വാക്ക് കെട്ടുറപ്പുള്ള ശക്തമായ ഐക്യത്തിലേക്ക് സൂചന നൽകുന്നു. അതായത് ***ബുൻയാനുൻമർസൂസ്***- സുഭദ്രമായ കെട്ടിടംപോലെ. അതിന് അനുസരിക്കപ്പെടുന്ന ഒരു നേതാവുണ്ടായിരിക്കുകയും ജമാഅത്തിലെ ഓരോ വ്യക്തിയും ആ വ്യവസ്ഥിതിയുമായി പൂർണ്ണമായി ബന്ധിതമായിരിക്കുകയും ചെയ്യണം. ഇന്ന് ലോകത്ത് ഏതെങ്കിലുമൊരു മുസ്ലിംവിഭാഗത്തിൽ ഈ ഗുണം സാർത്ഥകമാകുന്നുണ്ടെങ്കിൽ അത് അഹ്മദിയ്യാജമാഅത്തിൽ മാത്രമാണ്. ഇന്നത്തെ ഛിന്നഭിന്നമായി നിൽക്കുന്ന മുസ്ലിംകൾക്ക് അഹ്മദിയ്യാജമാഅത്ത് പ്രദാനം ചെയ്ത ശക്തമായ ജമാഅത്ത് വ്യവസ്ഥിതിയുടെയും ഐക്യത്തിന്റേയും ചിത്രമാണിത്. അഹ്മദിയ്യാ ജമാഅത്തിന് അല്ലാഹു അവന്റെ അനുഗ്രഹം കൊണ്ട് നുബുവ്വത്തിന്റെ അടിസ്ഥാനത്തിലുള്ള ജമാഅത്ത് വ്യവസ്ഥിതിയിൽ അടിയുറച്ചുനില്ക്കുന്നു. ഖലീഫയെ അല്ലാഹുവാണ് ഉണ്ടാക്കുന്നത്. അദ്ദേഹം ജമാഅത്തിന്റെ ആത്മീയനേതാവും ഹൃദയവുമാണ്. ഖലീഫ അല്ലാഹുവിന് മറുപടി പറയേണ്ടയാളും, ജമാഅത്തിലെ ഓരോ വ്യക്തിയും ഖലീഫക്ക് മറുപടി പറയേണ്ടവരുമാണ്. ജമാഅത്തിന്റെ കീഴിൽ ശക്തവും സുദൃഢവും വിപുലവും അതുല്യവുമായ വ്യവസ്ഥിതിയാണ് നിലവിലുള്ളത്.

സദർ അഞ്ചുമൻ അഹ്മദിയ്യയാണ് കേന്ദ്രവ്യവസ്ഥിതിയുടെ നേതൃത്വം വഹിക്കുന്നത്. അവിടെ വിവിധ വകുപ്പുകൾക്കായി ഓഫീസുകളുണ്ട്. പാക്കിസ്ഥാന് പുറത്തുള്ള രാജ്യങ്ങളിൽ പ്രചാരണ പ്രബോധന പ്രവർത്തനങ്ങൾക്കായി തഹ്രീകെ ജദീദിന്റെ വിപുലമായ വ്യവസ്ഥിതിയുണ്ട്. ഗ്രാമങ്ങളിലും ഉൾപ്രദേശങ്ങളിലും പ്രബോധന-ശിക്ഷണപരമായ കാര്യങ്ങൾക്കായി വഖ്ഫെ ജദീദിന്റെ വ്യവസ്ഥിതിയുണ്ട്. മതപരവും കർമ്മശാസ്ത്രപരവുമായ കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ***ദാറുൽഇഫ്തായും*** തർക്കവിഷയങ്ങളുടെ പരിഹാരത്തിനായി ***ദാറുൽ ഖളാ***യും പ്രവർത്തിച്ചുവരുന്നു. ജമാഅത്ത്വ്യവസ്ഥിതിക്ക് ശേഷം വളരെ പ്രധാനപ്പെട്ട (കൂടിയാലോചനസമിതി) മജ്ലിസെ ശൂറാ ലോകത്ത് മുഴുവനും സ്ഥാപിതമാണ്. പുരോഗമന രാജ്യങ്ങളിൽ വിദ്യാഭ്യാസപരവും ആരോഗ്യപരവുമായ രംഗങ്ങളിൽ സേവനം ചെയ്യുന്നതിന് നുസ്റത്ത് ജഹാൻ സ്കീമും ധനപരമായ സംവിധാനത്തിന് ബൈത്തുൽമാൽ വ്യവസ്ഥിതിയുമുണ്ട്. ജമാഅത്തിനുള്ളിലെ പുരുഷന്മാരുടേയും സ്ത്രീകളുടേയും മതവിദ്യാഭ്യാസവും ശിക്ഷണപരവുമായ നേതൃത്വത്തിനു വളർച്ചക്കും വേണ്ടി അൻസാറുല്ലാഹ്, ഖുദ്ദാമുൽഅഹ്മദിയ്യാ, അത്ഫാലുൽ അഹ്മദിയ്യാ, ലജ്നഇമാഇല്ലാഹ്, നാസിറാത്തുൽ അഹ്മദിയ്യാ എന്നീ പോഷക സംഘടനകൾ പ്രവർത്തിച്ചുവരുന്നു. അവർ നേരിട്ട് ഖലീഫയുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനുപുറമെ ഈ ശക്തമായ ജമാഅത്തിന്റെ വ്യവസ്ഥിതിക്ക് കീഴിൽ ഓരോ സംഘടനയും വിദ്യാഭ്യാസം, ശിക്ഷണം, സൃഷ്ടിസേവനം, പ്രസിദ്ധീകരണം തുടങ്ങിയ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു.

അഹ്മദിയ്യാജമാഅത്തിൽ നടന്നുകൊണ്ടിരിക്കുന്ന ശക്തമായ ജമാഅത്ത്വ്യവസ്ഥിതിയുടെ വളരെ ഹ്രസ്വവും സംക്ഷിപ്തവുമായ ചിത്രമാണിത്. ഈ കാലഘട്ടത്തിൽ അഹ്മദിയ്യാ ഖിലാഫത്ത് മുഖേന ലോകത്തിന് ലഭിച്ച സംപൂർണ്ണമായ ശിക്ഷണവ്യവസ്ഥിതിയുടെ ആത്മീയസംവിധാനമാണിത്. ഇതിന് മറ്റൊരു ഉദാഹരണം ലോകത്ത് എവിടെയും കാണാൻ സാധിക്കുകയില്ല. ഈ വ്യവസ്ഥിതി അഹ്മദിയ്യാ ജമാഅത്തിന്റെ സത്യസാക്ഷ്യത്തിനുള്ള ജീവനുള്ള ദൃഷ്ടാന്തവും തിരിച്ചറിയുന്നതിനുള്ള അടയാളവും ആഗോളതലത്തിലുള്ള വിസ്മയകരമായ പുരോഗതിയുടെ ജീവനുമാണ്.

### ഭിന്നാഭിപ്രായങ്ങളിൽ ശരിയായ തീരുമാനം

ഹദീസുകളിൽ ***ഹകമൻ അദ്ലൻ*** (നീതിമാനായ വിധികർത്താവ്) എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) മുസ്ലിംകൾക്കിടയിലുണ്ടായിരുന്ന തർക്കവിഷയങ്ങളിൽ അല്ലാഹുവിൽനിന്ന് അറിവ് നേടിക്കൊണ്ട് ശരിയായ പരിഹാരം നിർദ്ദേശിക്കുകയുണ്ടായി. അദ്ദേഹം മുസ്ലിംകൾക്ക് ശരിയായ ഇസ്ലാമിക സിദ്ധാന്തങ്ങളുടെ തിരിച്ചറിവ് നൽകി. തെറ്റുകൾ ചൂണ്ടികാണിക്കുകയും തെറ്റുകളുടെ ശരിയുത്തരം തെളിവുകൾ സഹിതം സമർപ്പിക്കുകയും ചെയ്തു. വിശ്വാസപ്രമാണപരമായ കാര്യങ്ങളിൽ ജമാഅത്ത് ലോകത്തിന് നൽകിയ ദിവ്യമായ തീരുമാനങ്ങളും തിരിച്ചറിവും വിവരണാതീതമാണ്. ചില കാര്യങ്ങൾ മാത്രം ചൂണ്ടികാണിക്കാം.

### ഈസാനബി(അ)ന്റെ മരണം

ഹസ്റത്ത് ഈസാ(അ) ഇന്നും മരിക്കാതെ ആകാശത്ത് ജീവിച്ചിരിപ്പുണ്ട്, അവസാനകാലത്ത് ആകാശത്ത് നിന്നിറങ്ങിവന്ന് ലോകമുസ്ലിംകളുടെ എല്ലാവിധ പ്രശ്നങ്ങളും പരിഹരിക്കും എന്നാണ് മുസ്ലിംകളിൽ നിലനിൽക്കുന്ന അപകടകരവും അടിസ്ഥാനരഹിതവുമായ വിശ്വാസം. ഇത് തിരുനബി(സ)നെ നിന്ദിക്കുന്നതും അദ്ദേഹത്തിന്റെ ഉന്നതസ്ഥാനത്തിന് കടകവിരുദ്ധവുമായ വിശ്വാസമാണ്. എന്തുകൊണ്ടെന്നാൽ തിരുനബി(സ)നെ ശത്രുക്കൾ പ്രയാസങ്ങളുടെ ചക്കിലിട്ട് കറക്കി. അബൂതാലിബിന്റെ താഴ്വരയിലെ പന്തിവിരോധം, മദീനയിലേക്കുള്ള ഹിജ്റത്ത്, തായിഫ് യാത്ര, ഉഹ്ദ്-ഹുനൈൻ യുദ്ധങ്ങൾ ഈ സന്ദർഭങ്ങളിലൊന്നും നഊദുബില്ലാഹ് അല്ലാഹു തിരുനബി(സ)നെ സഹായിക്കുകയോ സംരക്ഷിക്കുകയോ ചെയ്തില്ല. എന്നാൽ ഹസ്റത്ത് ഈസാ(അ)ന് പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായപ്പോൾ അല്ലാഹു നേരിട്ട് ആകാശത്തേക്ക് ഉയർത്തി- മാത്രമല്ല ഇപ്പോഴും

ജീവനോടെയിരിക്കുന്നു. ഇനി അവസാനകാലത്ത് മുസ്‌ലിംകൾ എല്ലാവരാലും അക്രമിക്കപ്പെടുകയും, ദജ്ജാൽ ശക്തിയായി അവരുടെമേൽ അക്രമം അഴിച്ചുവിടുകയും ചെയ്യുമ്പോൾ യഹൂദന്മാരുടെ ഈ നബി മുസ്‌ലിംകളുടെ മോചനത്തിനായി ഇറങ്ങിവരും. മുസ്‌ലിംകൾ സ്വയമായി ഉണ്ടാക്കിയെടുത്ത ഈ തെറ്റായ വിശ്വാസത്തെ കയ്യിലെടുത്ത് ക്രിസ്ത്യാനികൾ തിരുനബി(സ)നെതിരിൽ യേശുവിന്റെ ശ്രേഷ്ഠതയെ സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ മുസ്‌ലിംകൾ മറുപടിയില്ലാതെ കൈമലർത്തുകയാണ്.

അഹ്മദിയ്യത്ത് ലോകമുസ്‌ലിംകളെ ഈ തെറ്റായ വിശ്വാസത്തിൽനിന്ന് മോചിപ്പിച്ചു. ഹസ്റത്ത് മസീഹ് മൗഊദ്(അ)- ഈസാനബി(അ) ജീവിച്ചിരിപ്പുണ്ടെന്ന വിശ്വാസം ഖുർആനിലോ ഹദീസിലോ ഇല്ലാത്തതാണെന്ന് ലോകത്തിന്റെ മുമ്പാകെ തെളിയിച്ചു. ഖുർആനിലെ മുപ്പത് ആയത്തുകളിൽനിന്നും ഹദീസുകളിൽ നിന്നും ഈസാ(അ) പ്രകൃതിസാധാരണമായ നിലയിൽ മരിച്ചുപോയെന്ന് തെളിയുന്നു. ബുദ്ധിപരമായും ഈസാ (അ) ജീവിച്ചിരിപ്പുണ്ടെന്ന വിശ്വാസം ദൈവികഗുണങ്ങൾക്കെതിരും, ശിർക്ക് ഉണ്ടാക്കുന്നതും തിരുനബി (സ) ന്റെ മഹനീയസ്ഥാനത്തെ കളങ്കപ്പെടുത്തുന്നതുമാണ്. ചരിത്രസാക്ഷ്യങ്ങളും വർത്തമാനകാലത്തെ കണ്ടുപിടിത്തങ്ങളും ഈസാ(അ) മരിച്ചെന്ന് തെളിയിക്കുന്നു. ഇന്ന് മുസ്‌ലിംകളുടെ പരിഷ്കരണത്തിനും നേതൃത്വത്തിനും അന്യമതത്തെ ആശ്രയിക്കേണ്ടതില്ലെന്നും, മറിച്ച് ഓരോ സമുദായങ്ങളിലെ ജനതയുടെ പരിഷ്കരണം മുസ്‌ലിംകളെ ആശ്രയിച്ച് നിൽക്കുന്നുവെന്നും അഹ്മദിയ്യാ ജമാഅത്ത് ലോകത്തെ അറിയിക്കുകയുണ്ടായി. തിരുനബി(സ)ന്റെ ആത്മീയസന്താനങ്ങളിൽനിന്ന് അല്ലാഹു ഒരാളെ ഗുലാമെഅഹ്മദ് (അഹ്മദിന്റെ സേവകൻ) ആക്കുകയും തന്റെ യജമാനരായ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ)ന്റെ ബർക്കത്തുകൊണ്ട് കാലത്തിന്റെ ഇമാമായി നിയോഗിക്കുകയും ചെയ്തിരിക്കുന്നു എന്ന സന്തോഷത്തിൽ ആഹ്ലാദിക്കുകയും നന്ദിയുടെ സുജൂദ് ചെയ്യുകയും ചെയ്യുവിൻ.

**ഖത്തമുന്നുബുവ്വത്തിന്റെ യാഥാർത്ഥ്യം**

ഖത്തമുന്നുബുവ്വത്തിനെ സംബന്ധിച്ച് മുസ്‌ലിംകളിൽ തെറ്റായ വിശ്വാസം നിലനിന്നിരുന്നു. ഇന്നും അത് നിലനിൽക്കുന്നു. അതായത് മുഴുലോകത്തിനും കാരുണ്യമായി നിയോഗിക്കപ്പെട്ട മഹാത്മാവിന്റെ ആഗമനത്തോടെ അല്ലാഹു കാരുണ്യമായ പ്രവാചകത്വത്തിന്റെ ഉറവിനെ എന്നന്നേക്കുമായി അടച്ചുകളഞ്ഞു. വിശുദ്ധഖുർആനിൽ സത്യവിശ്വാസികൾക്ക് സന്തോഷവാർത്തയെന്നോണം വാഗ്ദാനംചെയ്ത ആ അനുഗ്രഹത്തെ പരിപൂർണ്ണമായും ഇല്ലാതാക്കി. തിരുനബി(സ) ന്റെ മഹനീയസ്ഥാനത്തെ കളങ്കപ്പെടുത്തുന്ന ഈ വിശ്വാസം സങ്കല്പിക്കാൻതന്നെ സാദ്ധ്യമല്ല. ഖാത്തമുന്നബിയ്യീന്റെ യഥാർത്ഥവിവക്ഷ മനസ്സിലാക്കാതെ വാക്കുകളിൽ കയറിപ്പിടിക്കുന്ന ദയനീയരായ മുസ്‌ലിംകളുടെ തെറ്റായ നിർവചനങ്ങളുടെ ഫലമായി ക്രിസ്ത്യാനികൾക്ക് ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ)നെതിരെ അസഭ്യങ്ങളും ശകാരങ്ങളും പുലമ്പാൻ അവസരം ഉണ്ടാക്കിക്കൊടുത്തു. അവരുടെ ആത്മാഭിമാനം അതിനെതിരിൽ പ്രതികരിക്കാനോ ചിന്തിക്കാനോ തയ്യാറായതുമില്ല.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇത് സംബന്ധിച്ച് വ്യക്തമായിപറഞ്ഞു ഖത്തമുന്നുബുവ്വത്തിന്റെ യഥാർത്ഥവിവക്ഷ ഖാത്തമുന്നബിയ്യീനായ തിരുനബി (സ) ലോകത്തവതീർണ്ണരായ എല്ലാ പ്രവാചകന്മാരിലും വെച്ച് സമുന്നതനാണ്. മുഴുവൻ ലോകത്തിന്റെയും മോക്ഷം അദ്ദേഹവുമായി ബന്ധപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ആത്മീയപ്രഭാവം ലോകാവസാനംവരെ നിലനിൽക്കുന്നതാണ്. ഇനിമേലിൽ എല്ലാതരം ആത്മീയാനുഗ്രഹങ്ങളും കിട്ടണമെങ്കിൽ അദ്ദേഹത്തെ അനുസരിക്കണമെന്നത് നിബന്ധനയാണ്. ഇനി ഇദ്ദേഹം മുഖേന മാത്രമേ എന്തും സിദ്ധിക്കുകയുള്ളൂ. അദ്ദേഹത്തിൽനിന്ന് നേടാത്തവർ ദുർഭഗരാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു തിരുനബി(സ)നെ ഖാത്തമാക്കി. അദ്ദേഹത്തിന് ശ്രേഷ്ഠതകളുടെ വർദ്ധനവിനായി നൽകപ്പെട്ട സീൽ മറ്റൊരു നബിക്കും നൽകപ്പെട്ടിട്ടില്ല. ഇതുകൊണ്ടാണ് അദ്ദേഹത്തിന് ഖാത്തമുന്നബിയ്യീൻ എന്ന് പേര് വെക്കപ്പെട്ടത്. അദ്ദേഹത്തിനോടുള്ള അനുസരണം മുഖേന നുബുവ്വത്ത് സിദ്ധിക്കുകയും അദ്ദേഹത്തിന്റെ ആത്മീയശിക്ഷണം നുബുവ്വത്തിലേക്കെത്തിക്കുകയും ചെയ്യുന്നു. ഈയൊരു ആത്മീയശക്തി മറ്റൊരു പ്രവാചകനും കിട്ടിയിട്ടില്ല. (*ഹഖീഖത്തുൽ വഹീ, പേജ് 100*)

**വിശുദ്ധഖുർആന്റെ പരമോന്നതസ്ഥാനം**

വിശുദ്ധഖുർആനാകുന്ന മഹത്തായ അനുഗ്രഹം മുസ്‌ലിം ഉമ്മത്തിന് നൽകപ്പെട്ടു. അഹ്മദിയ്യത്തിന്റെ ആവിർഭാവകാലത്ത് ജ്ഞാനത്തിന്റെയും സന്മാർഗ്ഗത്തിന്റെയും ഈ ഗ്രന്ഥം കേവലം ഒരു പുസ്തകമായി മാറിയിരുന്നു. ഇത് പഴങ്കഥകളുടെ ഗ്രന്ഥമാണെന്ന് പറയപ്പെട്ടു. ചിലർ ഹദീസുകൾക്ക് അല്ലാഹുവിന്റെ വചനങ്ങളെക്കാളും ശ്രേഷ്ഠത നൽകാൻ തുടങ്ങി. ദിവ്യജ്ഞാനങ്ങളുടെ ഖജനാവും ജനങ്ങൾക്ക് മാർഗ്ഗദർശനവുമായ ഈ ഗ്രന്ഥത്തിന്റെ മഹത്വവും അനുഗ്രഹങ്ങളും മുസ്‌ലിംകൾ തിരിച്ചറിയാതെപോയി. ഈ സമയത്താണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) നിയോഗിക്കപ്പെടുന്നത്. അദ്ദേഹം വിശുദ്ധഖുർആന്റെ യഥാർത്ഥജ്ഞാനത്തെ സംബന്ധിച്ച് ലോകത്തിന് അറിവ് നൽകുകയും വിശുദ്ധഖുർആനെ ഒരു ജീവനുള്ള ഗ്രന്ഥമാണെന്ന് തെളിയിക്കുകയും ചെയ്തു. അദ്ദേഹം വിശുദ്ധഖുർആനിൽ മൻസൂഖ് (കാലഹരണപ്പെട്ട) വചനങ്ങളുണ്ടെന്ന വിശ്വാസത്തെ തെളിവുകൾ സഹിതം ഖണ്ഡിച്ചു. ഈ മഹത്തായ ഗ്രന്ഥത്തിലെ ഓരോ വാക്കും അല്ലാഹുവിൽനിന്നുള്ളതാണെന്നും അവ ഖിയാമത്തുന്നാൾവരെ വള്ളിക്കോ പുള്ളിക്കോ വ്യത്യാസമില്ലാതെ സുരക്ഷിതമായി നിലനിൽക്കുമെന്നും തെളിയിച്ചു. ഈ ഗ്രന്ഥം വിജ്ഞാനങ്ങളുടെ ഖജനാവും മുഴുലോകത്തിനും മോക്ഷം നൽകുന്നതുമാണ്. അദ്ദേഹം പറഞ്ഞു. എപ്രകാരം കണ്ണില്ലാതെ കാണാൻ സാധിക്കില്ല, ചെവിയില്ലാതെ കേൾക്കാൻ സാധിക്കില്ല, നാവില്ലാതെ സംസാരിക്കാൻ സാധിക്കില്ല അതുപോലെ

വിശുദ്ധഖുർആനില്ലാതെ പ്രേമഭാജനമായ ദൈവത്തെ ദർശിക്കാനും സാധിക്കില്ല എന്ന കാര്യം നല്ലപോലെ മനസ്സിലാക്കേണ്ടതാണ്." (*ഇസ്‌ലാമി ഉസൂൽ കീ ഫിലാസഫി, പേജ് 128*)

നിങ്ങൾക്കുവേണ്ടിയുള്ള വളരെ പ്രധാനപ്പെട്ട ഒരു അദ്ധ്യാപനമിതാണ്. "വിശുദ്ധഖുർആനെ അവഗണനയോടെ ഉപേക്ഷിച്ചുകളയരുത്. അതിലാണ് നിങ്ങളുടെ ജീവനിരിക്കുന്നത്. വിശുദ്ധഖുർആന് ബഹുമാനം നൽകുന്നവർ ആകാശത്ത് ബഹുമാനിക്കപ്പെടും. ഹദീസിനേയും മറ്റ് വചനങ്ങളേക്കാളും കൂടുതൽ വിശുദ്ധഖുർആനെ മുന്തിക്കുന്നവർ ആകാശത്ത് മുന്തിക്കപ്പെടും. മനുഷ്യകുലത്തിന് ഭൂമിയിൽ വിശുദ്ധഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. എല്ലാ ആദം സന്തതികൾക്കും മുഹമ്മദ് മുസ്തഫ(സ) അല്ലാതെ മറ്റൊരു പ്രവാചകനും ശുപാർശകനുമില്ല.

യഥാർത്ഥവും സമ്പൂർണ്ണവുമായ മോക്ഷത്തിനുള്ള മാർഗ്ഗം വിശുദ്ധഖുർആൻ തുറന്ന് തന്നിരിക്കുന്നു. ബാക്കിയുള്ളവയെല്ലാം അതിന്റെ നിഴലാണ്. ആയതിനാൽ നിങ്ങൾ വിശുദ്ധഖുർആനെ ശ്രദ്ധയോടെ പാരായണം ചെയ്യുക. മറ്റൊന്നിനോടുമില്ലാത്ത നിലയിൽ അതിനെ ധാരാളമായി സ്നേഹിക്കുക." (*കശ്തിനൂഹ്, പേജ് 15, 28*)

ഹസ്റത്ത് മസീഹ് മൗഊദ്(അ)ഉം ഖലീഫമാരും വിശുദ്ധഖുർആന്റെ മഹത്തായ സേവനങ്ങൾ ചെയ്യുകയുണ്ടായി. അവരതിലെ ദിവ്യജ്ഞാനങ്ങൾ വിവരിച്ചു. ജമാഅത്തംഗങ്ങളിൽ വിശുദ്ധഖുർആനോടുള്ള സ്നേഹവും സേവന അഭിവാഞ്ജയുമുണ്ടാക്കി. അക്കാര്യം അന്യരും എടുത്തുപറയുകയുണ്ടായി. ഒരു മാന്യനായ അനഹ്മദി എഴുത്തുകാരൻ മിയാ മുഹമ്മദ് അസ്‌ലം സാഹിബ് പരിശുദ്ധഖാദിയാനിൽ പോയി നേരിൽകണ്ട കാര്യങ്ങൾ വിവരിച്ചുകൊണ്ട് എഴുതുന്നു.

"വിശുദ്ധഖുർആനുമായുള്ള സത്യസന്ധമായ സ്നേഹം ഈ ജമാഅത്തിനുള്ളതുപോലെ മറ്റാർക്കും ഞാൻ കണ്ടിട്ടില്ല. ഞാൻ ഖാദിയാനിൽകണ്ട അഹ്മദികൾ ഖുർആനായിരുന്നു. ദൃഷ്ടിപായിക്കുന്ന സ്ഥലങ്ങളിലെല്ലാം ഖുർആനായിരുന്നു. ഖാദിയാനിൽകണ്ട അഹ്മദിയ്യാ ജമാഅത്ത് അല്ലാഹുവിനുവേണ്ടി മാത്രം അനുസാരികളും ഇസ്‌ലാമിനുവേണ്ടി സമർപ്പണം ചെയ്തവരുമാണ്. (*ബദർ 13, മാർച്ച് 1913*)

അഹ്മദീഹൃദയങ്ങളിൽ വിശുദ്ധഖുർആനോടുള്ള ഈ സത്യസന്ധമായ സ്നേഹത്തിന്റെ ഹൃദയാവർജ്ജകമായ ഒരു മാതൃകകൂടി. ലണ്ടനിലെ നമ്മുടെ ഇംഗ്ലീഷുകാരനായ അഹ്മദിസഹോദരൻ ദാവൂദ് സമർസ് മർഹൂം 70-ാം വയസ്സിൽ വിശുദ്ധഖുർആനോടുള്ള സത്യസന്ധവും ആത്മാർത്ഥവുമായ സ്നേഹംകൊണ്ട് വിശുദ്ധഖുർആൻ പഠിക്കാൻ തുടങ്ങുകയും പത്ത് ഭാഗം മനഃപാഠമാക്കുകയും ചെയ്തു. പിന്നീട് അദ്ദേഹത്തിന് അല്ലാഹുവിന്റെ വിളി വന്നെത്തി.

ചുരുക്കത്തിൽ അഹ്മദിയ്യത്ത് തെറ്റായ വിശ്വാസാദർശങ്ങളുടെ വേരറുത്ത്, അല്ലാഹുവിന്റെ മഹത്വവും ഇസ്‌ലാമിന്റെ അന്തസ്സും തിരുനബി(സ)ന്റെ ഉന്നതമായ സ്ഥാനവും സ്ഥാപിക്കുന്നതരത്തിൽ വിശുദ്ധഖുർആന്റെ ശരിയായ തത്വസംഹിതകൾ വെളിപ്പെടുത്തിതന്നു. ഇപ്രകാരം ഇക്കാലത്തെ നീതിമാനായ വിധികർത്താവായി നിയോഗിക്കപ്പെട്ട ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇസ്‌ലാമിന്റെ സുന്ദരമുഖത്തുണ്ടായിരുന്ന എല്ലാ പാടുകളും തുടച്ചുനീക്കികൊണ്ട് തന്റെ നിയോഗലക്ഷ്യത്തിൽ വിജയം കൈവരിച്ചു. അദ്ദേഹം പറഞ്ഞു. ഞാൻ അയക്കപ്പെട്ടിരിക്കുന്നത് ജീവനുള്ള ഗ്രന്ഥം വിശുദ്ധഖുർആനാണെന്നും ജീവനുള്ള മതം ഇസ്‌ലാമാണെന്നും ജീവനുള്ള പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) ആണെന്നും സ്ഥാപിക്കാനാണ്." (*മജ്മൂഅഃ ഇശ്തിഹാർ, പേജ് 227*)

ഈ അടിസ്ഥാനപരമായ മൂന്ന് കാര്യങ്ങൾക്ക് പുറമെ മുസ്‌ലിംകളിൽ ഹസ്റത്ത് ഇമാം മഹ്ദി(അ)ന്റെ ആഗമനം, ദജ്ജാൽ, ജിഹാദ്, യഥാർത്ഥ തൗഹീദ്, വിശുദ്ധഖുർആന്റെ സ്ഥാനവും മഹത്വവും തുടങ്ങിയ ധാരാളം വിഷയങ്ങളിൽ തെറ്റായ വിശ്വാസങ്ങൾ നിലനിന്നിരുന്നു. അഹ്മദിയ്യത്ത് ആ തെറ്റുകളെ തിരുത്തി യാഥാർത്ഥ്യത്തെ വിശദീകരിച്ചു. അതിന്റെ വിശദീകരണം ജമാഅത്തിന്റെ പ്രസിദ്ധീകരണങ്ങളിലുണ്ട്.

**റൂഹാനീ ഖസാഇൻ** (ആത്മീയ ഖജനാവ്)

വിശുദ്ധഖുർആനിലെ സൂറഃസഫ്ഫിലെ പത്താമത്തെ ആയത്തിൽ പറയുന്നു. വരാനിരിക്കുന്ന വാഗ്ദത്തോദ്ധാരകൻ ഇസ്‌ലാമിനെ മറ്റ് മതങ്ങളുടെമേൽ വിജയിപ്പിക്കുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) മുഖേന ഈ പ്രവചനം വളരെ സ്പഷ്ടമായനിലയിൽ പൂർത്തിയാകുകയുണ്ടായി. ഇതിനുള്ള വലിയൊരു ഉദാഹരണമാണ് 1896-ൽ ലാഹോറിൽ നടന്ന സർവ്വമത മഹാസമ്മേളനം. സമ്മേളനത്തിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) നിശ്ചിത അഞ്ച് ചോദ്യങ്ങൾക്കുള്ള മറുപടിയിൽ ഇസ്‌ലാമത തത്വജ്ഞാനങ്ങൾ ഭംഗിയായി അവതരിപ്പിച്ചതോടെ കൂടിയ എല്ലാവരും ഐക്യത്തോടെ പറഞ്ഞു. ഈ ഉപന്യാസം എല്ലാത്തിനേക്കാളും മുന്തിനിന്നു. അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് അഭൗമികമായ ദിവ്യജ്ഞാനങ്ങൾ പ്രദാനം ചെയ്തു. മനുഷ്യമനസ്സുകളിൽ പതിക്കും വിധം ആകർഷകമായ നിലയിൽ അവയെ അവതരിപ്പിക്കാനുള്ള പ്രത്യേക കഴിവും അല്ലാഹു അദ്ദേഹത്തിന് പ്രദാനം ചെയ്തു. അദ്ദേഹത്തിന്റെ വാക്കുകളിൽ പ്രത്യേകമായ പ്രഭാവശക്തിയുണ്ടായിരുന്നു. ഇക്കാര്യം ശത്രുക്കൾപോലും ഏറ്റുപറയുകയുണ്ടായി. അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ഇന്ത്യയുടെ നേതാവായിരുന്ന മൗലാനാ അബുൽകലാം ആസാദ് അദ്ദേഹത്തിനെ വിജയശ്രീലാളിതനായ ജേർണൽ എന്ന് വിശേഷിപ്പിക്കുകയുണ്ടായി.

അദ്ദേഹത്തിന് ലഭ്യമായ ഈ വൈജ്ഞാനിക വചനങ്ങൾ യഥാർത്ഥത്തിൽ ഒരു ദൈവിക ആയുധമായിരുന്നു. അത് അസത്യത്തിന്റെ കോട്ടകളെയെല്ലാം തകർത്തുകൊണ്ടേയിരുന്നു. അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ഇപ്പോഴും ഈ ആയുധം ഇസ്‌ലാമിന്റെ വിജയത്തിലേക്കുള്ള പ്രയാണത്തിൽ പ്രയോജനപ്പെട്ടു വരികയാണ്. ഈ ജ്ഞാനത്തിന്റെ സമുദ്രത്തിൽനിന്ന്

അഹ്മദി മുബല്ലീഗിങ്ങൾ പ്രയോജനമെടുക്കുന്നതിന് പുറമെ അനഹ്മദി പണ്ഡിതന്മാരും തങ്ങളുടെ പ്രസംഗങ്ങൾക്കും ലേഖനങ്ങൾക്കും വേണ്ടി ധാരാളമായി പ്രയോജനമെടുക്കുന്നു. പക്ഷേ, അവർ ഉദ്ധരണി ആരുടേതാണെന്ന് വ്യക്തമാക്കാറില്ല. അഹ്മദിയ്യത്ത് ലോകത്തിന് നൽകിയ മഹൽജ്ഞാനങ്ങളാണിത്. ഇത് എല്ലാവിധ ജ്ഞാനങ്ങൾക്കുമെതിരിൽ വിജയം ഉറപ്പ്തരുന്നു. പ്രത്യേകിച്ച് ക്രിസ്ത്യാനികൾക്കെതിരിലുള്ള ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തെളിവുകൾ പാറപോലെ ഉറച്ചതാണ്. തിരുനബി(സ) വരാനിരിക്കുന്ന വാഗ്ദത്ത മസീഹിന്റെ ഒരു ജോലി കുരിശുടക്കലാണെന്ന് പറഞ്ഞിരുന്നു. അത് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതകാലത്തും അതിനുശേഷവും മഹത്തായ നിലയിൽ പൂർത്തീകരിക്കപ്പെടുകയുണ്ടായി. ഹസ്റത്ത് മസീഹ് മൗഊദ്(അ) മറുപടിയില്ലാത്ത തെളിവുകൾ കൊണ്ട് പാതിരി ലഫ്റാഇയെ പരാജയപ്പെടുത്തിയപ്പോൾ മൗലവി നൂർ മുഹമ്മദ് സാഹിബ് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇന്ത്യ മുതൽ ഇംഗ്ലണ്ട് വരെയുള്ള പാതിരിമാരെ പരാജയപ്പെടുത്തി എന്ന് സമ്മതിക്കുകയുണ്ടായി.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ലോകത്തിന് നൽകിയ ആത്മീയഖജനാവുകൾ തൊണ്ണൂറെണ്ണം പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ ഖലീഫമാർ ഈ പ്രവർത്തി തുടരുകയും വിജ്ഞാനസംപുഷ്ടമായ പുതിയ പുതിയ അറിവുകൾ ലോകത്തിന് നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ജമാഅത്തിലെ പണ്ഡിതന്മാർ ഈ വിജ്ഞാന സ്രോതസ്സിൽനിന്ന് ഫലമെടുത്ത് വേറെയും ഗ്രന്ഥങ്ങൾ രചിച്ചു. വിശുദ്ധഖുർആന്റെ തർജമ 57 ഭാഷകളിൽ പ്രസിദ്ധീകരിച്ചു. കൂടാതെ ഖുർആൻ വ്യാഖ്യാനങ്ങൾ, ഹദീസുകളുടെ വിശദീകരണങ്ങൾ, വിവിധ ഇസ്ലാമിക വിഷയങ്ങളെ സംബന്ധിച്ച വിശദീകരണങ്ങൾ, കാലികമായ വിഷയങ്ങളെ സംബന്ധിച്ച പുസ്തകങ്ങൾ, ലോകത്തിലെ വിവിധ ഭാഷകളിൽ ഈ പുസ്തകങ്ങളുടെ തർജ്മ, കേന്ദ്രതലത്തിൽനിന്നുള്ളവക്ക് പുറമെ വിവിധ രാജ്യങ്ങളിൽനിന്ന് പുറത്തിറങ്ങുന്ന പത്രങ്ങളും മറ്റ് പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ വേറെയും. വൈജ്ഞാനികവും ആദ്ധ്യാത്മികവുമായ ഒഴുകിക്കൊണ്ടിരിക്കുന്ന നദികളാണിതെല്ലാം. ഇവയെല്ലാം ലോകത്തിന്റെ എല്ലാ ഭാഗത്തേക്കും അതിശീഘ്രം ഒഴുകിക്കൊണ്ടിരിക്കുകയാണ്. അഹ്മദിയ്യത്ത് ലോകത്തിന് നൽകിയ അറിവിന്റേയും, ജ്ഞാനത്തിന്റേയും സമ്പത്താണിതെല്ലാം. ഇതിലേക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

“സ്നേഹലോകത്തിന്റെ രാജാധികാരവും ദിവ്യജ്ഞാനങ്ങളുടെ ഖജനാവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ജനങ്ങൾ എന്നിൽനിന്ന് വാങ്ങിവാങ്ങി ക്ഷീണിക്കുന്നതുവരെ ഞാനിത് വിതരണം ചെയ്തുകൊണ്ടേയിരിക്കും.” (*ഇസാലെ ഔഹാം, പേജ് 566*)

ഈ ഉപദേശം വായിക്കുമ്പോൾ ഒരു ഹദീസിലേക്കാണ് നമ്മുടെ ചിന്തപോകുന്നത്. അതായത് “വരാനിരിക്കുന്ന മസീഹ് ധനം വിതരണം ചെയ്യും. പക്ഷെ വാങ്ങുന്നവരുണ്ടാകുകയില്ല.” (*ബുഖാരി, കിതാബ് ബദഉൽഖൽഖ്*) ഇന്ന് ഈ പ്രവചനം അതുപോലെ പൂർത്തിയായിരിക്കുന്നു. മുഹമ്മദീ മസീഹ് ദിവ്യജ്ഞാനങ്ങളുടെ ഖജനാവ് വെള്ളംപോലെ ഒഴുക്കി ലോകത്തെ സമൃദ്ധമാക്കിയിരിക്കുന്നു. അദ്ദേഹം പറയുന്നു. “ആയിരം കൊല്ലങ്ങളായി മൂടിവെക്കപ്പെട്ടിരിക്കുന്ന ഖജനാവിനെ ഞാനിപ്പോൾ വാങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്.

**വിവിധതരം സേവനങ്ങൾ**

അഹ്മദിയ്യത്ത് ലോകത്തിന് എന്ത് നൽകി? നന്മകളുടെ ഏതെങ്കിലും കാര്യം അഹ്മദിയ്യാ ജമാഅത്ത് ലോകത്തിന് നൽകാത്തതുണ്ടോ എന്നതാണ് ഇതിനുള്ള മറുചോദ്യം. ഒരു സമുദായത്തിന്റെ അല്ലെങ്കിൽ സംഘടനയുടെ സമ്പത്ത് അതിലെ അംഗങ്ങളാണ്. അവരുടെ കൂട്ടായ്മയാണ് ജമാഅത്ത്. അല്ലാഹു സ്വന്തം കൈകൊണ്ട് സ്ഥാപിച്ച ഈ ജമാഅത്തിലെ അംഗങ്ങൾ ഓരോ ദിവസവും അധികരിച്ചുകൊണ്ടിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിലെ ഓരോ അംഗവും എല്ലാ സ്ഥലത്തും ആത്മാർത്ഥമായി സൃഷ്ടിസേവനരംഗങ്ങളിൽ നാടിനും സമുദായത്തിനും വേണ്ടി വിവിധ സേവനങ്ങളിൽ നിരതരാണ്. എല്ലാ രാജ്യങ്ങളിലും അഹ്മദിയ്യാ ജമാഅത്ത് സേവനങ്ങൾക്കുള്ള അവസരങ്ങൾ കിട്ടുമ്പോഴൊക്കെ അത്യുത്സാഹത്തോടെ പങ്കെടുക്കുന്നു. ഈ പൊതുസേവനങ്ങൾക്ക് പുറമെ അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫമാരും മറ്റ് മഹാത്മാക്കളും പൊതുമേഖലകളിൽ ജോലി ചെയ്യുന്ന സാധാരണക്കാരും രാജ്യത്തിനും സമുദായത്തിനും ദൈവസൃഷ്ടികൾക്കും വേണ്ടി ചെയ്ത സേവനങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ നിറഞ്ഞു കിടക്കുന്നു. അവർ അത്തരം സേവനങ്ങൾക്ക് വേണ്ടി വഖ്ഫ് ചെയ്യപ്പെട്ടവരാണ്.

അഹ്മദിയ്യാ ജമാഅത്ത് ലോകത്തിന് എന്ത് നൽകി എന്ന് ചോദിക്കുന്നവരോട് ഞാൻ പറയട്ടെ, നിങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം പരിശോധിച്ച് നോക്കുക. ലോകത്തിന്റെ സേവനത്തിനുവേണ്ടി അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടേതെല്ലാം സമർപ്പിക്കുകയുണ്ടായി. സേവനരംഗത്ത് അത് കിഴക്കോ പടിഞ്ഞാറോ എവിടെയുമാകട്ടെ അഹ്മദിയ്യാ ജമാഅത്ത് സവിശേഷ മാതൃക കാഴ്ചവെച്ചിട്ടുണ്ട്. ഭാഷയുടെ ലോകത്ത് ഹസ്റത്ത് ശേഖ് മുഹമ്മദ് അഹ്മദ് മസ്ഹർ സാഹിബിന്റെ സേവനങ്ങൾ, ആഫ്രിക്കയുടെ പുരോഗതിയുടേയും വളർച്ചയുടേയും കാര്യത്തിൽ ശേഖ് ഉമരി ഉബൈദിയുടെ സേവനങ്ങൾ, പാക്കിസ്ഥാന്റെ സാമൂഹിക സാമ്പത്തിക വളർച്ചക്കും സുസ്ഥിരതക്കും വേണ്ടി ഹസ്റത്ത് സാഹിബ് സാദാ മിർസാ മുസഫർ അഹ്മദ് സാഹിബിന്റെ സേവനങ്ങൾ, രാജ്യത്തിന്റെ പ്രതിരോധ സംരക്ഷണരംഗങ്ങളിൽ ലഫ്റ്റനന്റ് ജനറൽ അഖ്തർ ഹുസൈൻ മലിക്- ലഫ്റ്റനന്റ് ജനറൽ അബ്ദുൽ അലി മലിക് ഫുർഖാൻ ഫോഴ്സ് എന്ന സൈന്യവിഭാഗത്തിന്റെ സേവനങ്ങൾ തുടങ്ങിയവയെ നീതിപൂർവ്വം ചിന്തിക്കുന്ന ആർക്കും മറക്കാൻ സാധി

ക്കുകയില്ല. സയൻസിൽ ഡോക്ടർ പ്രൊഫസർ അബ്ദു സ്സലാം സാഹിബ് ചെയ്ത സേവനങ്ങളും നേടിയ പ്രസിദ്ധിയും പ്രത്യേകം പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. പാക്കിസ്ഥാൻ പൗരനായ ഇദ്ദേഹത്തിന് നോബൽസമ്മാനം കിട്ടിയപ്പോൾ പാക്കിസ്ഥാന്റെ മാത്രമല്ല, മുസ്‌ലിം ലോകത്തിന്റെ മുഴുവനും അന്ത സ്സിനെ ഉയർത്തുകയും, കിട്ടിയ സമ്മാനത്തുക മുഴു വനും പ്രിയരാജ്യത്തിന്റെ സയൻസിന്റെ വളർച്ചക്ക്‌വേണ്ടി കൊടുത്തുകൊണ്ട് ത്യാഗത്തിന്റെ മഹത്തായ മാതൃക കാണിക്കുകയും ചെയ്തു. ഈ അഹ്മദിശാസ്ത്രജ്ഞൻ ശാസ്ത്രരംഗത്ത് മുസ്‌ലിം കൾക്ക് ഒരാവേശവും ഉത്തേജനവും നൽകി. ഹസ്‌റത്ത് ചൗദ്‌രി മുഹമ്മദ് സഫറുല്ലാഹ്ഖാൻ സാഹിബ്(റ) പ്രിയരാജ്യത്തിന്റെ സ്ഥാപനത്തിനും സുസ്ഥിര തയ്ക്കും വേണ്ടി ചെയ്ത സേവനങ്ങൾ, ആഗോളച രിത്രത്തിൽ നീതിന്യായരംഗത്ത് നിയമപരമായി ചെയ്ത സേവനങ്ങൾ, ഇതിനേക്കാളുപരി പല മുസ്‌ലിംരാജ്യങ്ങൾക്കും സ്വാതന്ത്ര്യം നേടികൊടുക്കു ന്നതിന് വേണ്ടി ചെയ്ത സേവനങ്ങൾ– ലോകചരിത്ര ത്തിൽ സ്വർണ്ണലിപികളാൽ എഴുതപ്പെട്ടിട്ടുള്ളതാണ്. അഹ്മദിയ്യത്തിലെ ഈ ചുണക്കുട്ടിയുടെ ആത്മാർത്ഥവും നിസ്വാർത്ഥവും തുല്യതയില്ലാത്തതുമായ ഈ സേവ നങ്ങളെ സംബന്ധിച്ച് അജ്ഞത നടിക്കാൻ ആർക്കാണ് സാധിക്കുക? ഉൾക്കാഴ്ചയില്ലാത്ത മുല്ല മാർക്ക് സാധിച്ചേക്കാം. അവരെ സംബന്ധിച്ച് പാക്കി സ്ഥാൻ സുപ്രീംകോടതിയിലെ ചീഫ് ജസ്റ്റിസ് മുനീ റിന് ഇങ്ങനെ പറയേണ്ടിവന്നു. "ചൗദ്‌രി സഫറുല്ലാ ഹ്ഖാൻ മുസ്‌ലിംകൾക്കുവേണ്ടി ധാരാളം നിസ്വാർത്ഥ മായ സേവനങ്ങൾ ചെയ്തെങ്കിലും അദ്ദേഹത്തെ സംബന്ധിച്ച് ചില സംഘടനകൾ അന്വേഷണകോട തിയുടെ മുമ്പാകെ പറഞ്ഞ കാര്യങ്ങൾ തികച്ചും നന്ദി യില്ലാത്തതും നിർലജ്ജവുമായിരുന്നു. (*റിപ്പോർട്ട് അന്വേ ഷണകോടതി പഞ്ചാബിലെ കുഴപ്പങ്ങൾ, പേ– 209*)

വിവിധ രംഗങ്ങളിൽ ആത്മാർത്ഥരായ അഹ്മദി കൾ ചെയ്ത എതേതെല്ലാം സേവനങ്ങളെയാണ് എടു ത്തുപറയേണ്ടത്? ഇത്തരം സേവനങ്ങൾ ലോകത്തിലെ മുക്കിലും മൂലയിലും പരന്നുകിടക്കുകയാണ്. അതെല്ലാം ചരിത്രത്തിന്റെ മായാത്ത ഭാഗങ്ങളായി മാറിയിരിക്കുന്നു.

**നിസ്വാർത്ഥമായ സൃഷ്ടിസേവനങ്ങൾ**

അഹ്മദിയ്യത്ത് ലോകത്തിന് എന്ത് നൽകി എന്ന ചോദ്യത്തിന് വിവിധ കാര്യങ്ങൾ മുൻനിർത്തി ധാരാളം മറുപടികളുണ്ട്. ഇതിനുള്ള ഒരു മറുപടി അഹ്മദിയ്യത്ത് തന്റെ എല്ലാം ലോകത്തിന് നൽകി എന്നാണ്. അല്ലാഹു ജമാഅത്തിന് എന്തെല്ലാം അനു ഗ്രഹമായി നൽകിയിട്ടുണ്ടോ അതെല്ലാം ലോകത്തിന്റെ നന്മയ്ക്കുവേണ്ടി യാതൊരു പിശുക്കും കാണിക്കാതെ ചിലവഴിച്ചിട്ടുണ്ട്. പിശുക്കും ഇടുങ്ങിയ മനസ്സും ഈ ജമാഅത്തിന്റെ അജണ്ടയിലില്ലാത്തതാണ്. അഹ്മദിയ്യാ ജമാഅത്ത് മുഴുലോകത്തിന്റെയും സേവക ജമാഅത്താ ണ്. സേവനരംഗത്ത് അശ്രാന്തപരിശ്രമം നടത്തുന്ന ഈ ജമാഅത്തിന്റെ അടിസ്ഥാനതത്വം "എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്" എന്നതാണ്. ജമാ അത്തിന് അല്ലാഹു നൽകിയിരിക്കുന്ന എല്ലാ അനു ഗ്രഹങ്ങളേയും മനുഷ്യകുലത്തിന്റെ സേവനത്തി നായി വഖ്ഫ് ചെയ്തിരിക്കുകയാണ്. അവസരം കിട്ടുന്ന എല്ലാ നിമിഷങ്ങളിലും ജാതിമത വ്യത്യാസ മില്ലാതെ സേവനരംഗത്തേക്ക് എടുത്തുചാടിയ പൈതൃ കമാണിതിനുള്ളത്. ജമാഅത്തിന്റെ അംഗസംഖ്യ കുറ വ്, ഭരണകർത്താക്കളോട്– ജമാഅത്ത് സാമ്പത്തിക സഹായം ആവശ്യപ്പെടുന്നില്ല. ഇതിന്റെ ധനസമ്പത്ത് അർപ്പണബോധമുള്ള അംഗങ്ങൾ അധ്വാനിച്ചുണ്ടാ ക്കുന്ന വരുമാനത്തിൽനിന്ന് തങ്ങളുടെ അത്യാവശ്യ ങ്ങളെ മാറ്റിവെച്ച് ജമാഅത്തിന് കൊടുക്കുന്ന ചന്ദക ളാണ്. ഇപ്രകാരമുള്ള വരുമാനം കുറവാണെങ്കിലും സൃഷ്ടിസേവനങ്ങൾക്കുള്ള അവസരങ്ങൾ ലഭിക്കു മ്പോഴൊക്കെ രാവുംപകലും അതിൽ പ്രവർത്തനനി രതരാണ് അംഗങ്ങൾ. ആഫ്രിക്കയിൽ വരൾച്ചയും ദാരി ദ്ര്യവും നേരിട്ടപ്പോൾ, ഗുജറാത്തിൽ ഭൂകമ്പം ഉണ്ടാ യപ്പോൾ, പാക്കിസ്ഥാനിൽ വെള്ളപ്പൊക്കമുണ്ടായ പ്പോൾ, ജപ്പാൻ പോലെയുള്ള സമ്പന്നരാജ്യത്ത് ഭൂക മ്പമുണ്ടായി ജനങ്ങൾക്ക് ഭക്ഷണം എത്തിക്കേണ്ട സന്ദർഭമുണ്ടായപ്പോൾ ജമാഅത്തിലെ സേവകർ സേവനപതാകയുമായി പ്രതിഫലേച്ഛയില്ലാതെ തലകു നിച്ചുകൊണ്ട് സേവനങ്ങളിൽ മുഴുകി. ജമാഅത്തിന്റെ ആഗോളസേവനസംഘം 'ഹ്യൂമാനിറ്റി ഫസ്റ്റ്' എല്ലാ സേവനരംഗങ്ങളിലും സജീവമാണ്. ശുദ്ധജലം എത്തി ക്കേണ്ട സ്ഥലങ്ങളിൽ അവർ ശുദ്ധജലം എത്തിക്കു ന്നു. അവരിലെ ഡോക്ടർമാരുടെ സംഘം രോഗി കൾക്ക് വേണ്ട എല്ലാ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കുന്നു. അവയവങ്ങൾ മുറിച്ചുമാറ്റേണ്ടി വരുന്നവർക്ക് കൃത്രിമ അവയവങ്ങൾ എത്തിച്ചുകൊ ടുക്കുന്നു. വീടില്ലാത്തവർക്ക് വീട് വെച്ചുകൊടുക്കു കയും വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുകയും കുട്ടികൾക്ക് പാല് എത്തിച്ചുകൊടുക്കുകയും ചെയ്യു ന്നു. ഈ സേവനങ്ങളൊക്കെ പ്രസിദ്ധിക്കോ പ്രശംസ പിടിച്ചുപറ്റാനോ ഭൗതികമായി എന്തെങ്കിലും പ്രതി ഫലം നേടാനോ അല്ല, മറിച്ച് അല്ലാഹുവിന്റെ തൃപ്തി ക്കുവേണ്ടി മാത്രമാണ്. ഇതാണ് ഇസ്‌ലാമിന്റെ അദ്ധ്യാ പനം. അഹ്മദിയ്യത്തിന്റെ മുദ്രാവാക്യം.

അഹ്മദിയ്യാ ജമാഅത്ത് ഒരാത്മീയപ്രസ്ഥാനമാണ്. ഇതിന്റെ ലക്ഷ്യം ലോകത്തുള്ള എല്ലാ ജനങ്ങളേയും ദൈവത്തിലേക്ക് വിളിക്കുക, ഇസ്‌ലാമിന്റെ സന്ദേശം ലോകത്തിന്റെ അറ്റങ്ങളോളം എത്തിക്കുക, മനുഷ്യ രിൽ പരിശുദ്ധമായ ആത്മീയവിപ്ലവം ഉണ്ടാക്കുക എന്നതാണ്. ഈ മഹത്തായ ലക്ഷ്യത്തോടൊപ്പം ജമാ അത്ത് പരിമിതമായ സൗകര്യങ്ങളിൽ ഒതുങ്ങിനിന്നു കൊണ്ട് മനുഷ്യരുടെ സാമൂഹികവും വൈജ്ഞാനി കവും ശാരീരികവുമായ നന്മകൾക്ക് വേണ്ടി രാവും പകലും പ്രവർത്തിച്ചുവരുന്നു. ഇതും മതത്തിന്റെ ഭാഗം തന്നെയാണ്, അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഇഷ്ട കരമായ കാര്യം. വിദ്യാഭ്യാസരംഗത്തും, വൈദ്യരം ഗത്തും പിന്നോക്കമുള്ള ജാതിമത വ്യത്യാസമില്ലാതെ സത്യസന്ധവും നിസ്വാർത്ഥവുമായ അഭിനിവേശത്താൽ ജമാഅത്ത് സ്തുത്യർഹമായ സേവനം കാഴ്ചവെക്കുന്നു.

178 രാജ്യങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായിക്കഴിഞ്ഞിട്ടുണ്ട്. 13,476 പള്ളികൾ നിർമ്മിക്കപ്പെട്ടു. ഈ ആത്മീയാഭിവൃദ്ധിയോടൊപ്പം വിവിധരാജ്യങ്ങളിൽ 373 സ്കൂളുകളും 5 കോളേജുകളും പ്രവർത്തിച്ചുവരുന്നു. 36 ആശുപത്രികളിലായി പാവപ്പെട്ടവർക്ക് സൗജന്യചികിത്സ നൽകുന്നു. സൃഷ്ടിസേവനരംഗത്ത് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് തിരുമനസ്സ് തുടങ്ങിവെച്ച ഹോമിയോപ്പതി ക്ലാസ്സിൽ നിന്നും പുസ്തകത്തിൽനിന്നും പലരും ഫലമെടുക്കുന്നു. ലോകത്ത് മുഴുവനും പ്രത്യേകിച്ച് ദരിദ്രരാജ്യങ്ങളിൽ ഹോമിയോപ്പതി ഡിസ്പൻസറികൾ തുറന്നു പ്രവർത്തിക്കാൻ തുടങ്ങി. ഇതുവരെ 55 രാജ്യങ്ങളിൽ 632 ഹോമിയോപ്പതി ആശുപത്രികൾ സ്ഥാപിതമായിട്ടുണ്ട്. ദരിദ്രരായ ജനങ്ങൾക്ക് ഈ ചികിത്സാരീതി വളരെ പ്രയോജനപ്പെടുന്നുണ്ട്. ഓരോ അഹ്മദിവീടും ഈ രംഗത്ത് പ്രാഥമിക ആരോഗ്യകേന്ദ്രമായി മാറുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. ഇതിന്റെ വിപുലമായ ഫലങ്ങൾ അഹ്മദികളിൽ മാത്രമല്ല അന്യരിലും വ്യാപിച്ചുകിടക്കുകയാണ്. ***ലാ നുറീദുമിൻകും ജസാഅൻ വലാ ശുകൂറാ*** എന്ന സൂറഃദഹറിലെ വചനത്തിന്റെ വ്യാഖ്യാനമാണ്. അഹ്മദിയ്യത്ത് ലോകത്തിന് എന്തു നൽകി എന്ന് ചോദിക്കുന്നവർക്കുള്ള മറുപടി കൂടിയുമാണ്.

**എം. ടി. എ.**

ഈ ചോദ്യത്തിനുള്ള മറ്റൊരു മറുപടി അഹ്മദിയ്യത്ത് ലോകത്തിന് ഒരാഗോള സംപ്രേഷണ മാധ്യമം എം.ടി.എ പ്രദാനം ചെയ്തു എന്നതാണ്. ലോകം മുഴുവനും സംപ്രേഷണം നടത്താൻ ഒരു സംവിധാനവുമില്ലാത്ത കാലം അഹ്മദിയ്യാജമാഅത്തിനുണ്ടായിരുന്നു. ഏതെങ്കിലും റേഡിയോയിൽ ഏതാനും മിനിറ്റ് അവസരം കിട്ടിയിരുന്നതുതന്നെ വളരെ പ്രയാസപ്പെട്ടിട്ടായിരുന്നു. ഒരു ചെറിയ രാജ്യത്ത് ചെറിയ പ്രദേശത്ത് ഒരു ചെറിയ റേഡിയോ സ്റ്റേഷനെങ്കിലും സ്ഥാപിച്ചുകിട്ടണമെന്നത് ജമാഅത്തിന്റെ വലിയ ആഗ്രഹമായിരുന്നു. അതിലൂടെ യഥാർത്ഥ ഇസ്ലാമിന്റേയും വാഗ്ദത്ത മഹ്ദീ മസീഹിന്റേയും സന്ദേശങ്ങളെ ലോകരെ അറിയിക്കാൻ.

ഈ ആഗ്രഹം പൂർത്തിയാകുന്നതിനുള്ള ഒരു മാർഗ്ഗവും കണ്ടെത്താൻ സാധിച്ചില്ല. അങ്ങനെയിരിക്കെ ഒരിക്കലും പ്രതീക്ഷിക്കാത്തനിലയിൽ എം.ടി.എ എന്ന അതിമഹത്തായ സമ്മാനം അല്ലാഹു ജമാഅത്തിന് പ്രദാനം ചെയ്തു. ഇതിന് അല്ലാഹുവിന് എത്ര നന്ദി പറഞ്ഞാലും മതിയാവുകയില്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരുന്നു. "മസീഹ് വന്നു മസീഹ് വന്നു എന്ന ആകാശത്തിലെ ശബ്ദം കേൾക്കുവിൻ"- അദ്ദേഹത്തിനുവേണ്ടി ആകാശത്തുനിന്ന് തുടരെ തുടരെ ഇറങ്ങിക്കൊണ്ടിരുന്ന ദൃഷ്ടാന്തങ്ങളിലേക്ക് സൂചിപ്പിച്ചുകൊണ്ടാണ് ഇങ്ങനെ വിളംബരപ്പെടുത്തിയത്. എന്നാൽ നോക്കുവിൻ ഇപ്പറഞ്ഞകാര്യം ഇന്ന് പ്രത്യക്ഷമായിതന്നെ യാഥാർത്ഥ്യമായി പുലർന്നിരിക്കുന്നു. ഇന്ന് ലോകത്ത് സ്ഥിരമായി ടെലിവിഷൻ സ്റ്റേഷനുള്ള ഒരേയൊരു ജമാഅത്ത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്. അത് 24 മണിക്കൂറും വിവിധ ഭാഷകളിൽ ഇസ്ലാമിന്റേയും അഹ്മദിയ്യത്തിന്റേയും സന്ദേശം സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്നു. ലോകത്ത് തൗഹീദിന്റെ ഈ ശബ്ദമെത്താത്ത ഒരു സ്ഥലവും ബാക്കിയില്ല എന്നതാണ് വാസ്തവം. മറ്റൊരു മതവിഭാഗത്തിനും തങ്ങളുടെ സന്ദേശം ലോകത്ത് മുഴുവനും എത്തിക്കാനുള്ള സംപ്രേഷണ സംവിധാനമില്ല എന്നത് കാരുണ്യവാനായ അല്ലാഹുവിന്റെ വലിയ ഔദാര്യമാണ്. എന്നാൽ അല്ലാഹു സ്വന്തം കൈകൊണ്ട് സ്ഥാപിച്ച ഈ ജമാഅത്തിന്റെ ശബ്ദം ലോകത്തിന്റെ കോണുകളിൽ എത്തിക്കൊണ്ടിരിക്കുകയും എല്ലാ മുക്കിലും മൂലയിലും തൗഹീദിന്റെ ശബ്ദം അലയടിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ജനങ്ങൾ ചോദിക്കുന്നു അഹ്മദിയ്യത്ത് ലോകത്തിന് എന്ത് നൽകിയെന്ന്. ഞാൻ പറയുന്നു. ഏ, ഭൂനിവാസികളേ! ഏ ദ്വീപുകളിൽ വസിക്കുന്നവരേ, ഏ, കാടുകളിൽ വസിക്കുന്നവരെ! എഴുന്നേറ്റ് തങ്ങളുടെ ടെലിവിഷൻ തുറന്ന് നിങ്ങളുടെ വീടുകളിൽ എത്തിക്കൊണ്ടിരിക്കുന്ന ഈ ദൈവികശബ്ദം കേൾക്കുവിൻ. നിങ്ങൾ മറന്നിരിക്കുന്ന ദൈവത്തിലേക്ക് അത് നിങ്ങളെ വിളിക്കുകയാണ്. നിങ്ങളെ ഇസ്ലാമിലേക്ക് വിളിക്കുന്ന ഇക്കാലത്തെ മസീഹിന്റെ ശബ്ദം നിങ്ങൾ കേൾക്കുവിൻ. ഇരുലോകത്തേയും ചക്രവർത്തിയായിരിക്കുന്ന ഹസ്റത്ത് മുഹമ്മദ് മുസ്തഫ(സ)ന്റെ സന്ദേശമാണ് നിങ്ങളെ കേൾപ്പിക്കുന്നത്. ഒരുകാലത്ത് ഖാദിയാനിൽനിന്ന് ഉയർന്ന അതേ ശബ്ദമാണിത്. എത്ര സുന്ദരമായ നിലയിലാണ് ആ ശബ്ദതരംഗങ്ങൾ ലോകത്ത് മുഴുവനും എത്തിക്കൊണ്ടിരിക്കുന്നത്.

"അത്യുന്നതനായ ദൈവത്തിന്റെ സിംഹാസനത്തിൽ ചെന്ന് ഇത് മുട്ടുന്നില്ലായിരുന്നുവെങ്കിൽ ഖാദിയാനിലെ ഈ ശബ്ദതരംഗങ്ങൾ ലോകത്ത് മുഴുവൻ എങ്ങനെ പ്രതിധ്വനിക്കാനാണ്."

അഹ്മദിയ്യത്ത് എം.ടി.എ മുഖേന ഇസ്ലാമിന് ഒരു നാവ് നൽകിയിരിക്കുകയാണ്. അഹ്മദിയ്യത്ത് ലോകത്തിന് ഒരു ശബ്ദം നൽകിയിരിക്കുകയാണ്. അത് സൽപ്രകൃതക്കാരായ ലോകത്തിലെ ജനങ്ങളുടെ ഹൃദയങ്ങളുടെമേൽ ഇസ്ലാമിനുവേണ്ടി വിജയം നേടിക്കൊണ്ടിരിക്കുന്നു. ഈ ശബ്ദം ജങ്ങളുടെ ഹൃദയകവാടങ്ങളിൽ മുട്ടിക്കൊണ്ടിരിക്കുകയാണ്. കഠിനശത്രുക്കളായ മൗലവിമാർപോലും വാതിലടച്ച് ഈ ശബ്ദം കേട്ടുകൊണ്ടിരിക്കുന്നു. പക്ഷെ, സങ്കടമെന്ന് പറയട്ടെ, സൽപ്രകൃതി ജീവനറ്റുപോയ കാരണത്താൽ അവരുടെ കഠിനഹൃദയങ്ങളിൽ സത്യസാക്ഷ്യത്തിന്റെ പ്രഭാവമുണ്ടാകുന്നില്ല. അതല്ലെങ്കിൽ ജോലിയും ഉപജീവനമാർഗ്ഗവും തടസ്സമായി നിൽക്കുകയാണ്. ഇന്ന് എം.ടി.എ ഇസ്ലാമിന്റെ സത്യത്തിനുവേണ്ടി ശക്തമായ ഒരു ശബ്ദമായി ഉയർന്നിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ജനഹൃദയങ്ങളിൽ അതുമുഖേന ആത്മീയവിപ്ലവം ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിന്റെ ഫലങ്ങൾ പ്രശോഭിതമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. (*ഇത് പരീക്ഷാസിലബസിൽ ഉൾപ്പെട്ടതാണ്. മിശ്ക്കാത്ത് 2004 ജനുവരി, ഫിബ്രവരി*)

*വിവ: മൗലവി ടി.എം. മുഹമ്മദ്*

നസീമ ജലീൽ

# യുദ്ധവും സമാധാനവും - പ്രവാചക മാതൃക
## (ഭാഗം - 2)

ഖുസൈമഗോത്രത്തിലെ ചില ആളുകൾ വന്ന് തങ്ങളുടെ ഗോത്രക്കാർ ഇസ്ലാംമതം സ്വീകരിച്ചുവെന്നും അവരെ ഖുർആൻ പഠിപ്പിക്കുവാൻ ചിലരെ അയക്കണമെന്നും പ്രവാചകതിരുമേനിയോടാവശ്യപ്പെട്ടു. ആസിമിന്റെ നേതൃത്വത്തിൽ പത്ത് പേരെ റസൂൽ (റ) അയച്ചുകൊടുത്തു. റജീഅ് എന്ന സ്ഥലത്തുവെച്ച് അവരുടെ ബന്ധുക്കളായ മറ്റൊരു ഗോത്രക്കാർ വന്ന് ഇവരെ ആക്രമിച്ചു സംഘത്തലവനും മറ്റ് ഏഴ് പേരും വധിക്കപ്പെട്ടു. രണ്ടുപേരെ ചന്തയിൽ അടിമകളായി വിറ്റു. ബദ്റിലേയും ഉഹ്ദിലേയും പ്രതികാരാർത്ഥം ഖുറൈശികൾ ആ രണ്ടുപേരേയും വിലക്കുവാങ്ങി വധിച്ചുകളഞ്ഞു.

ഹിജ്റ നാലാവർഷം ബനൂആമിർ വംശജനായ അബൂബക്കർ(റ) മദീനയിൽവന്ന് ഇസ്ലാംമതം സ്വീകരിച്ചപ്പോൾ തന്റെകൂടെ ചില സഹാബാക്കളെ നജ്ദിലേക്കയക്കുവാൻ അയാൾ അഭ്യർത്ഥിച്ചു. തനിക്ക് വിശ്വാസമില്ലെന്ന് റസൂൽ(സ) അറിയിച്ചപ്പോൾ താൻ രക്ഷിക്കുമെന്നയാൾ ഉറപ്പ് നൽകി. നബി(സ) നാല്പതുപേരെ അയച്ചുകൊടുത്തു. ഇവർ ബിഅ്റുമഊനയിലെത്തിയപ്പോൾ പ്രവാചകന്റെ കത്ത് അവരുടെ തലവൻ ആമിറുബ്നു തുഫൈലിന് നൽകി. ഗർവ്വിഷ്ഠനായ ആമിൽ ദൂതനെ വധിക്കുകയും മറ്റു നാല്പതു പേരെ വധിക്കാൻ ഉത്തരവിടുകയും ചെയ്തു. താൻ അഭയം നൽകിയസ്ഥിതിക്ക് വധിക്കുന്നത് ശരിയല്ലെന്ന് അബൂബക്കർ(റ) അറിയിച്ചപ്പോൾ മറ്റൊരു ഗോത്രക്കാരെകൊണ്ട് അവരെ കൊല്ലിച്ചു. രണ്ടുപേർ മാത്രം രക്ഷപ്പെട്ടു. അവർ തിരിച്ചുവരുംവഴി രണ്ടുപേരെ കണ്ടപ്പോൾ 38 പേരെ കൊന്ന ദേഷ്യത്തിന് ബനൂആമിർകാരായ അവരെ ഇവർ വധിച്ചു. എന്നാൽ അവർ രണ്ടുപേരും പ്രവാചകൻ അഭയം വാഗ്ദാനം ചെയ്തവരായിരുന്നു. അവരതറിഞ്ഞിരുന്നില്ല. ഇതറിഞ്ഞ തിരുനബിക്ക് വലിയ ദുഃഖമായി. അവർക്ക് രണ്ടുപേർക്കും നഷ്ടപരിഹാരം നൽകുമെന്ന് പ്രവാചകൻ പ്രഖ്യാപിച്ചു.

ഹിജ്റ നാലിൽ ഗത്ഫാൻഗോത്രക്കാരായ ചിലർ യുദ്ധത്തിന് പുറപ്പെട്ടുവെന്ന വാർത്തകേട്ട് നബി(സ) അനുചരരുമൊത്ത് ദാത്തുർരിക്കാഅ്ലേക്ക് പുറപ്പെട്ടു. പക്ഷേ, മുസ്ലിംകൾ അടുത്തെത്തിയപ്പോൾ ശത്രുക്കൾ ഭയപ്പെട്ട് പിൻവാങ്ങിക്കളഞ്ഞു. ഉഹ്ദിനുശേഷം മുൻനിശ്ചയപ്രകാരം നബി(സ) തന്റെ അനുചരന്മാരുമായി വീണ്ടും ബദ്റിലെത്തി. മക്കയിൽനിന്നും അബൂസുഫ്യാൻ പടയാളികളോടൊപ്പം വന്നെങ്കിലും ഉൾഭയം കാരണമായി ഇത് ക്ഷാമവർഷമായതിനാൽ വെള്ളത്തിനും തീറ്റയ്ക്കും വിഷമിക്കേണ്ടിവരുമെന്ന് പറഞ്ഞ് പിൻവാങ്ങിക്കളഞ്ഞു.

ലോകത്ത് ഏറ്റവും ക്രൂരരും ചതിയരുമായ ജനതയാണ് ജൂതർ. സ്വന്തം കാര്യത്തിനുവേണ്ടി ഏത് ഹീന കൃത്യം ചെയ്യാനുമിവർക്കു മടിയില്ല. തൗറാത്തും ഇഞ്ചീലും ഖുർആനും ഈ ജനതയുടെ ചെയ്തികളെ തുറന്നുകാട്ടുന്നു. ക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്ന ജൂതരെ പ്രതാപം വീണ്ടെടുത്ത ക്രിസ്തീയർ പകരം ചെയ്യാൻ തുടങ്ങി. നാടും വീടും വിട്ട് പലായനം ചെയ്ത ജൂതർ അറബ് രാഷ്ട്രങ്ങളിൽ കുടിയേറിപ്പാർത്തു. ഇസ്ലാമിനോട് അടങ്ങാത്ത പകയുള്ള അവർ മുസ്ലിംകളെ പലവിധത്തിലും ചതിയിൽ കുടുക്കിവന്നു. ധനികരായ അവർ അറബികൾക്ക് പണം പലിശക്ക് നൽകിവന്നു, പണയമായി അവർ ഭാര്യാമക്കളെപോലും കൈക്കലാക്കി അടിമകളാക്കി വിറ്റുവന്നു. തങ്ങൾ വേദക്കാരും പ്രവാചകന്മാരുടെ പാരമ്പര്യമുള്ളവരുമാണെന്ന് ഇവർ അറബികളുടെമേൽ മേനി കാണിച്ചുവന്നു. ഇസ്മായീൽ സന്തതികൾ അവർക്കു പുറന്തള്ളപ്പെട്ട ദാസീപുത്രരായിരുന്നല്ലോ.. അജ്ഞരായ അറബികളെ അവർ പലവിധ ചതിയിലും പെടുത്തി. പുരാതനകാലം മുതൽ അറേബ്യയിൽ കടന്നുകൂടിയ ഇവർ ഖുറൈശികളൊഴികെയുള്ള അറബികളെയെല്ലാം കാൽക്കീഴിലാക്കി. ഫലഭൂയിഷ്ഠിയുള്ള മണ്ണും, ധനവും കൃഷിഭൂമിയുമെല്ലാം ജൂതർ കൈക്കലാക്കിയിരുന്നു.

യമനിലെ അണപൊട്ടി ആ നാട് നശിച്ചപ്പോൾ അവിടെയുള്ള ഔസ് ഖസ്റജ് ഗോത്രക്കാർ മദീനയിലേക്കു കുടിയേറി. കാലക്രമേണ ഇവർ ജൂതരുടെമേൽ ആധിപത്യം നേടി. അതിനുശേഷം പല യുദ്ധങ്ങളും നടന്നുവെങ്കിലും അവർക്ക് അറബിഗോത്രത്തെ തകർക്കാൻ കഴിഞ്ഞില്ല. തങ്ങൾക്ക് ഇനിയൊരു നബി വരാനുണ്ടെന്നും അപ്പോൾ തങ്ങൾ നിങ്ങളെ കാൽക്കീഴിലാക്കുമെന്നും ജൂതർ അറബികളെ വെല്ലുവിളിച്ചുപോന്നു. പക്ഷേ, വരാൻകാലം നബിവന്നത് അറബികൾക്കിടയിൽ. ജൂതന്റെ അസൂയ ആളിക്കത്താൻ വേറെ കാരണം വേണോ? അവർ നബിക്കെതിരെ സകല കുതന്ത്രവും പയറ്റി. ഖുറൈശികളുടെ ആക്രമണസമയത്ത് നബി(സ) മദീനയിലെ ജൂതരുമായി സന്ധിചെയ്തിരുന്നു. എങ്കിലും അവർ തരംകിട്ടിയപ്പോഴൊക്കെ മുസ്ലിംകൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാനും പരിഹസിക്കാനും മുതിർന്നു. ശത്രുക്കൾക്കു ഒറ്റിക്കൊടുക്കാൻ ശ്രമിച്ചു. നാമമാത്രമായ മുസ്ലിംകളായി മുസ്ലിംസമൂഹത്തിൽ ഭിന്നതയുണ്ടാക്കാൻ ശ്രമിച്ചു. ***അസ്സലാമുഅലൈക്കും*** എന്നതിനു പകരം അസ്സാമുഅലൈക്കും (നിങ്ങൾ തുലയട്ടെ) എന്നാണവർ മുസ്ലിംകളെ അഭിവാദ്യം ചെയ്തിരുന്നത്. പേരിനുപോലും അവർ അബ്ദുൽ എന്നതിനു പകരം അബുൽ എന്നായിരുന്നു ചേർത്തിരുന്നത്. ദൈവത്തിന്റെ അടിമ എന്നർത്ഥത്തിൽ മുസ്ലിംകൾ പേരിടുമ്പോൾ ദൈവത്തിന്റെ തന്ത എന്നവർ പേരിടുമായിരുന്നു. ബദ്റിൽ മുസ്ലിംകൾക്കു കൈവന്ന വിജയം ജൂതർക്ക് സഹിക്കാവുന്നതിനപ്പുറമായിരുന്നു. ബാഹ്യമായി സന്ധിയും ആന്തരികമായി യുദ്ധവുമായി ജൂതർ നീങ്ങുന്നതിനി

ടെ ബസാറിൽവെച്ച് ഒരു ജൂതൻ മുസ്‌ലിംസ്ത്രീയെ അപമാനിച്ചു. കണ്ടുനിന്ന ഒരു മുസ്‌ലിമിന് സഹിച്ചില്ല. സംഘട്ടനത്തിൽ ഒരു ജൂതനും മുസ്‌ലിമും മരണമടഞ്ഞു. ജൂതർ ഇതോടെ സന്ധി ലംഘിച്ച് യുദ്ധം പ്രഖ്യാപിച്ചു. തിരുനബി(സ) അനുചരരും ജൂതകോട്ട വളഞ്ഞു പ്രതിരോധിച്ചു. 15 ദിവസം കഴിഞ്ഞ് മദ്ധ്യസ്ഥന്റെ ശുപാർശപ്രകാരം 700 ജൂതർ മദീന വിട്ട് സിറിയയിലേക്കു നാടുവിട്ടുപോയി. ഈ സംഭവത്തെ ബനൂകൈനുകാഅ് എന്നറിയപ്പെടുന്നു.

കഅബ് ഇബ്നു അശ്റഫ് തന്റെ 40 കൂട്ടാളികളെ കൂട്ടി മക്കയിൽ ചെന്ന് ബദർ യുദ്ധനഷ്ടത്തിൽ അനുശോചിക്കുകയും പ്രവാചകന്നെതിരെ ഖുറൈശികളെ ഇളക്കിവിടുകയും ചെയ്തു. ബനൂനളീർ വധിക്കപ്പെട്ടുപോയതിന്റെ നഷ്ടപരിഹാരം നൽകുന്നതിനായി ചെല്ലുകയുണ്ടായി. കോട്ടമതിലിന്നു മുകളിൽനിന്നും കല്ലുരുട്ടിയിട്ട് നബിയെ വധിക്കുവാൻ അവർ ഗൂഢാലോചന നടത്തിയിട്ടുണ്ടായിരുന്നു. ചർച്ചയിൽ അവർ അശ്രദ്ധരാണെന്നും ഏതോ ഗൂഢാലോചന നടത്തിയിട്ടുണ്ടെന്നും മനസ്സിലാക്കിയ പ്രവാചകൻ(സ) വേഗം അവിടെനിന്നും നടന്നുനീങ്ങി. തിരിച്ചുചെന്ന തിരുമേനി ബനൂകുറൈള ഗോത്രക്കാരോട് സന്ധി പുതുക്കാനാവശ്യപ്പെട്ടു, അവരത് പുതുക്കി. എന്നാൽ ബനൂനളീർ ഗോത്രക്കാർ സന്ധി പുതുക്കിയില്ലെന്ന് മാത്രമല്ല യുദ്ധ പ്രഖ്യാപനം നടത്തുകയും ചെയ്തു. സുശക്തമായ തങ്ങളുടെ കോട്ട അവർക്ക് വലിയ ധൈര്യമായിരുന്നു. നബിയും സഹചരരും 15 ദിവസം കോട്ട ഉപരോധിച്ചു. അവരെ അതിക്രമിച്ചു കടക്കാൻ മുസ്‌ലിംകൾക്ക് ആയുധബലമില്ലായിരുന്നു. കോട്ടയ്ക്കുള്ളിൽ വേണ്ടത്ര സൂക്ഷിപ്പ് സാധനങ്ങളുമുണ്ടായിരുന്നു. അവരുടെ തോട്ടത്തിലെ കുറേ ഫലവൃക്ഷങ്ങൾ അല്ലാഹുവിന്റെ നിർദ്ദേശമനുസരിച്ച് പ്രവാചകൻ മുറിച്ചുകളഞ്ഞു. മറ്റു ജൂതഗോത്രമോ പിന്തുണ പ്രഖ്യാപിച്ച കപടവിശ്വാസികളോ ഖുറൈശികളോ സഹായാർത്ഥം വന്നുചേരാത്തതിൽ ഭയപ്പെട്ട നള്ർ ഗോത്രം കീഴടങ്ങുകയും തങ്ങളുടെ ഒട്ടകപ്പുറത്തേറ്റുന്ന വസ്തുക്കൾ കൊണ്ടുപോകാൻ അനുവദിക്കണമെന്നപേക്ഷിക്കുകയും ചെയ്തു. മദീനവിട്ട അവരും ജൂതകേന്ദ്രമായ ഖൈബറിലേക്ക് പോയി.

ഖൈബറിൽപോയി താമസമുറപ്പിച്ച ജൂതനേതാക്കൾ ബനൂവായിൽ ഗോത്രത്തിൽനിന്നും ഒരു സംഘമാളുകളുമായി മക്കത്തെത്തി. ഖുറൈശികളുമായി ചേർന്ന് മുസ്‌ലിംകളെ തകർക്കുക എന്നതായിരുന്നു ലക്ഷ്യം. ഗത്ഫാൻഗോത്രവും പിന്തുണ വാഗ്ദാനം ചെയ്തു. ഖൈബർ കാർഷികോല്പന്നങ്ങളുടെ വലിയ കേന്ദ്രമായിരുന്നു. ഖൈബറിലെ ആകെവരുമാനത്തിന്റെ പകുതി ജൂതർ ഗത്ഫാൻ ഗോത്രക്കാർക്ക് വാഗ്ദാനം ചെയ്തു. അങ്ങനെ ദുർബലരും ദരിദ്രരുമായ മുസ്‌ലിംകൾക്കെതിരെ ഏറ്റവും വലിയ അറബ് -ജൂത സഖ്യം അവർ രൂപവല്കരിച്ചു. സേനാനായകൻ അബൂസുഫിയാനും ഗത്ഫാൻ ഗോത്രനായകൻ ഉയൈനത്തുമായിരുന്നു പതിനായിരം വരുന്ന സൈന്യത്തിന് എല്ലാവിധ സജ്ജീകരണങ്ങളും ആയുധബലവുമുണ്ടായിരുന്നു. പരിഭ്രാന്തരായ മുസ്‌ലിംകൾ പ്രവാചകസന്നിധിയിൽ ഒത്തുചേർന്നു. ഇത്രയും വലിയ സഖ്യത്തെ നേരിടാനുള്ള ആയുധബലമോ അംഗബലമോ മുസ്‌ലിംകൾക്കില്ല. ഉള്ളത് കറകളഞ്ഞ ദൈവവിശ്വാസം. തുറന്നമൈതാനത്ത് യുദ്ധം ചെയ്യുന്നത് ആത്മഹത്യാപരമാണ്. സുരക്ഷിതമായ കോട്ടയ്ക്കകത്ത്നിന്നുവേണം പ്രത്യാക്രമണം നടത്തുവാൻ. അനുയായിയായ സൽമാൻ പേർഷ്യൻ വംശജനാണ്. റോമാക്കാരും പേർഷ്യക്കാരും എന്നും യുദ്ധത്തിലും. അറബികൾക്ക് വശമില്ലാത്ത വല്ല യുദ്ധമുറയും ഉണ്ടോ എന്നായി പ്രവാചകർ. കിടങ്ങുമുറിച്ച് പ്രതിരോധിക്കുന്നതിനെക്കുറിച്ച് സൽമാൻ(റ) വിവരിച്ചു. മദീനയുടെ മൂന്നുഭാഗവും തോട്ടങ്ങളാലും വീടുകളാലും ചുറ്റപ്പെട്ടവയായതിനാൽ പട്ടാളമാർച്ച് സുഖകരമാവില്ല. തുറന്നുകിടക്കുന്ന ഒരുഭാഗത്ത് കിടങ്ങ് കീറാൻ ശ്രമം തുടങ്ങി. മൂവായിരം അനുചരന്മാരേയും കൂട്ടി റസൂൽ(സ)തന്നെ നേതൃത്വം നൽകി. കയർ പിടിച്ച് അളന്നിട്ട് 10 പേർക്ക് 30 അടി എന്നതോതിൽ കിടങ്ങ് കുഴിക്കാൻ നിർദ്ദേശം നൽകി. ആഴം 15 അടിയായിരുന്നു. മൂവായിരം പേർ 20 ദിവസം ഊണും ഉറക്കവും കളഞ്ഞ് കഠിനമായി അധ്വാനിച്ചാണ് കിടങ്ങ് പൂർത്തിയാക്കിയത്.

പലവിധ അവിസ്മരണീയ സംഭവങ്ങളും ഇതിനിടെ നടന്നു. വിശ്വാസവും ധൈര്യവും ത്യാഗവും പരീക്ഷിക്കപ്പെട്ട സന്ദർഭങ്ങൾ. മൂന്നുദിവസം തുടർച്ചയായ പട്ടിണി സഹിക്കവയ്യാതെ അവർ അറബികളുടെ പതിവനുസരിച്ച് വയറ്റിൽ കല്ല് കെട്ടിവെച്ചിരിക്കുകയായിരുന്നു. വിശപ്പ് അസഹ്യമായപ്പോൾ അവർ ഉടുപ്പ് പൊക്കി പ്രവാചകന് കല്ല് കാണിച്ചുകൊടുത്തു. ഉടനെ പ്രവാചകൻ(സ) തന്റെ ഉടുപ്പും ഉർത്തിക്കാണിച്ചു. അവിടെ രണ്ട് കല്ല് കെട്ടിയിരിക്കുന്നു!! വിശപ്പും ക്ഷീണവും മറക്കാൻ അവർ പാട്ട് പാടിക്കൊണ്ടിരിക്കുന്നു. അതികഠിനമായ ശൈത്യകാലവുമായിരുന്നു. ഇടയ്ക്ക് ഒരു പാറ കുടുങ്ങിയത് കാരണം പണി മുടങ്ങി. ആർക്കും വെട്ടിമാറ്റാൻ കഴിയാഞ്ഞപ്പോൾ പ്രവാചകനെ സമീപിച്ചു. അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ട് പാറയെ ആഞ്ഞുവെട്ടി. അത് തുണ്ടം തുണ്ടമായി പൊടിഞ്ഞു. മൂന്ന് വെട്ടിൽ അല്ലാഹു പ്രവാചകന് അതിമഹത്തായ മൂന്ന് ദർശനങ്ങളും കാണിച്ചുകൊടുത്തു. കേവലം ഭക്ഷിക്കാനില്ലാത്ത ദുർബലരായ അവർക്ക് യമനിലേയും റോമാ പേർഷ്യാ സാമ്രാജ്യത്തിലേയും ഖജനാവുകൾ കരഗതമാകുമെന്ന്. ദൈവകാരുണ്യത്തെ അവർ ഉച്ചത്തിൽ പ്രകീർത്തിച്ചു. കിടങ്ങ് കുഴിച്ച് പൂർത്തിയായി.

ഇതിനിടെ മദീനയ്ക്ക് പുറത്തുള്ള ജൂതഗോത്രങ്ങൾ മദീനയിലെ ശേഷിച്ച ജൂതന്മാരെ പ്രവാചകനെതിരെ ഇളക്കിവിടാൻ ശ്രമം തുടങ്ങി. വിവരമന്വേഷിക്കാൻ അയച്ച ദൂതന്മാരോട് പ്രവാചകൻ അക്കാര്യം പരസ്യപ്പെടുത്തരുതെന്നും മുസ്‌ലിംകൾ പരിഭ്രാന്തരാകുമെന്നും ഓർമ്മപ്പെടുത്തി. കാരണം മുസ്‌ലിം സ്ത്രീകളും കുട്ടികളും ബനൂകുറൈളയുടെ സമീപത്തുള്ള കോട്ടയ്ക്കുള്ളിലാണ് തമ്പടിച്ചിരുന്നത്. വിവരമറിഞ്ഞ കപടവിശ്വാസികൾ ഓരോ കാരണം പറഞ്ഞ് സേനയിൽ നിന്നും ഒഴിഞ്ഞുപോയി. അചഞ്ചലരായ വിശ്വാസികൾ അല്ലാഹുവിൽ ഭരമേല്പിച്ച് പ്രവാചകനോടൊപ്പം ഉറച്ചുനിന്നു. ഒരു മാസത്തോളം മുസ്‌ലിംകളും സഖ്യസേനയും കിടങ്ങിന് അപ്പുറവും ഇപ്പുറവുമായി

കോർത്തുനിന്നു. ശത്രുക്കൾക്ക് കിടങ്ങ് ഭേദിക്കുവാൻ കഴിഞ്ഞുമില്ല. ശ്രമിക്കുമ്പോൾ മുസ്‌ലിംകൾ കല്ലെറിഞ്ഞും അമ്പെയ്തും തടുത്തുനിർത്തി. ഒരിടത്ത് കിടങ്ങ് സ്വല്പം വീതി കുറവായിരുന്നു. അറേബ്യയിലെ സുപ്രസിദ്ധരായ നാല് കുതിരപ്പടയാളികൾ ആ ഭാഗം ചാടിക്കടന്നു. അംറ് നൗഫൽ എന്നിവരെ അലി (റ) ധീരമായി നേരിട്ട് വധിച്ചു. അന്നു മുഴുവൻ ഘോരമായ യുദ്ധം നടന്നു. കല്ലും അമ്പും കിടങ്ങിനകത്തേക്ക് പറന്നുവന്നു. ആ ദിവസമാണ് നബി(സ) നമസ്കാരം ആദ്യമായി ജംആക്കി നമസ്കരിച്ചത്.

ഇതേ സമയത്ത് ബനൂകുറൈളക്കാർ കോട്ട ആക്രമിക്കുവാൻ തക്കംപാർത്ത് നടന്നു. പ്രവാചകൻ കാവലിന്ന് ആളെ നിർത്തിയിരുന്നു. ഒരു ജൂതൻ പതുങ്ങി നടക്കുന്നത് സഫിയ്യാ(റ) കണ്ടു. അന്ന് കാവലിനുണ്ടായിരുന്ന കവിയായ ഹസ്സാനിബ്നു സാബിത്തിനെ അവർ വിവരമറിയിച്ചു. യുദ്ധരംഗം കാണാൻപോലും മനക്കരുത്തില്ലാത്ത അദ്ദേഹം തന്റെ നിസ്സഹായത വെളിപ്പെടുത്തി. അതുകൊണ്ടാണ് താൻ സ്ത്രീകൾക്കും കുട്ടികൾക്കും കൂട്ടിരിക്കുവാൻ തയ്യാറായതെന്ന്!. സഫിയ(റ) ഒരു മരക്കഷണമെടുത്ത് ജൂതന്റെ തലയ്ക്ക് ഒരൊറ്റ അടി. തല തകർന്നുപോയി. അവന്റെ ആയുധമെടുത്തുകൊണ്ടുവരാൻ പറഞ്ഞെങ്കിലും ഹസ്സൻ ധൈര്യപ്പെട്ടില്ല. അവന്റെ തല മുറിച്ച് കോട്ടയ്ക്കു പുറത്തെറിയാൻ സഫിയ ആവശ്യപ്പെട്ടപ്പോൾ ഹസ്സാൻ ഒരുക്കമില്ല. ഒടുവിൽ സഫിയതന്നെ ആ കൃത്യവും നിർവ്വഹിച്ചു. കോട്ടയ്ക്കു പുറത്തേക്കു വീണ ജൂതന്റെ തല കണ്ട ബനൂകുറൈള ഗോത്രം കോട്ടയിലും മുസ്‌ലിംസൈന്യമുണ്ടെന്ന് ശങ്കിച്ച് അടങ്ങിയിരുന്നു. കഠിനമായ ശൈത്യം. മണൽക്കാറ്റ്. പൊടി കാരണം ഭക്ഷണം പാകം ചെയ്യാൻവരെ വയ്യ. കിടങ്ങ് ഭേദിക്കുവാനും കഴിയുന്നില്ല. സഖ്യകക്ഷികൾക്ക് ക്ഷമ നശിച്ചു തുടങ്ങി. തിരിച്ചുപോകാൻ ഓരോരുത്തരും ആഗ്രഹിച്ചു. തുറന്നുപറയുമ്പോൾ ഭീരുവായി പരിഹസിക്കപ്പെടുമെന്ന് ഭയന്ന് എല്ലാവരും നിശബ്ദത പാലിച്ചു. ഗഫാൻ ഗോത്രനേതാവായ നഈം ഇബ്നു മസ്ഊദ് ഇത് മനസ്സിലാക്കി. അദ്ദേഹം മനസ്സാ ഇസ്‌ലാം സ്വീകരിച്ചിരുന്നു. മുസ്‌ലിംകളെ സഹായിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹം രഹസ്യമായി പ്രവാചകനെക്കണ്ട് തന്റെ വിശ്വാസത്തെ അറിയിക്കുകയും തനിക്കെന്ത് സഹായം ചെയ്യാൻ കഴിയുമെന്നാരായുകയും ചെയ്തു. ഐക്യകക്ഷികളുടെ ഐക്യം തകർക്കാനല്ലാതെ ഒരു മനുഷ്യനെക്കൊണ്ടെന്ത് കഴിയും എന്നായി പ്രവാചകന്റെ ചോദ്യം.

നഈം തിരിച്ചുചെന്ന് ജൂതരെ വിളിച്ച് പറഞ്ഞു. നിങ്ങളുടെ സ്ഥിതി നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? ഖുറൈശികൾക്കിവിടെ സ്വത്തോ സന്താനങ്ങളോ ഇല്ല. അവർക്കേത് നിമിഷവും പിൻവാങ്ങാം. പിന്നെ നിങ്ങൾക്ക് ഒറ്റയ്ക്ക് യുദ്ധം ജയിക്കാൻ കഴിയുമോ? മുസ്‌ലിംകൾ നിങ്ങളെ വെറുതേവിടുമോ? നിങ്ങളുടെ വഞ്ചന അവർ പൊറുക്കുമോ. അതുകൊണ്ട് ഖുറൈശികൾ നിങ്ങളെ വിട്ടുപോകാതിരിക്കാൻ അവരുടെ ചില നേതാക്കളെ ജാമ്യമായി നിങ്ങളെ ഏല്പിക്കുവാൻ ആവശ്യപ്പെടുക. അതിൽ കാര്യമുണ്ടെന്ന് ജൂതർക്കു തോന്നി. നഈം രഹസ്യമായി അബൂസുഫിയാനെ ചെന്നുകണ്ട് ഇപ്രകാരം ഉണർത്തി. രാത്രി എനിക്കൊരു രഹസ്യവാർത്ത കിട്ടി. തങ്ങളുടെ സന്ധി കരാർ ലംഘിച്ച് മുസ്‌ലിംകൾക്കെതിരെ നീങ്ങിയതിൽ ബനൂകുറൈളക്കാർക്ക് പശ്ചാത്താപമുണ്ട്. ഖുറൈശികളുടേയും ഗത്ഫാൻഗോത്രക്കാരുടേയും കുറച്ച് നേതാക്കളെ മുസ്‌ലിംകൾക്ക് ഏല്പിച്ചുകൊടുത്ത് അവർ തടിയൂരാനാണ് പ്ലാൻ. അനന്തരം ഗത്ഫാൻ ഗോത്രക്കാരേയും ഈവിധം കാര്യം ധരിപ്പിച്ചു. ആദ്യമേ ആന്തരമായി ഐക്യമില്ലാതിരുന്ന ഐക്യമുന്നണിക്കാർക്ക് പരസ്പരം സംശയമായി. ഖുറൈശികളും ഗത്ഫാൻകാരും അബൂജഹലിന്റെ മകൻ ഇക്‌രീമയേയും സംഘത്തേയും ബനൂകുറൈളക്കാരുടെ അടുത്തേക്കയച്ചു. തങ്ങളുടെ ഒട്ടകങ്ങളും കുതിരകളും കഠിനശൈത്യം കാരണം ചത്തുപോവുകയാണെന്നും ഇനിയും കാത്തിരിക്കാൻ പടയാളികൾക്ക് വയ്യാ എന്നും നാളെ രണ്ടുംകല്പിച്ച് ആക്രമണം നടത്തുവാൻ താൻ തയ്യാറാണ് നിങ്ങളും ഒരുങ്ങുക എന്ന്. പിറ്റേന്ന് ശനിയാഴ്ച (ശാബത്ത്)യാകയാൽ തങ്ങൾക്ക് യുദ്ധം പാടില്ല മറ്റൊരു ദിവസത്തേക്കു മാറ്റാൻ ജൂതർ ആവശ്യപ്പെട്ടു. മാത്രമല്ല യുദ്ധത്തിനിറങ്ങണമെങ്കിൽ കുറച്ച് നേതാക്കളെ തങ്ങൾക്ക് ജാമ്യമായി കിട്ടണമെന്നും അവർ ആവശ്യപ്പെട്ടു. ഛിദ്രത്തിന്റെ വിത്തുകൾ ആദ്യമേ പാകപ്പെട്ടിരുന്നതിനാൽ ജൂതരുടെ ആവശ്യം ഖുറൈശികളേയും ഗത്ഫാൻകാരേയും ശങ്കാകുലരാക്കി. രാത്രി അതിശക്തമായ ശീതക്കാറ്റടിച്ചു. ശക്തമായ മഴയും തുടങ്ങി. ടെന്റുകൾ പിഴുത് മാറ്റിയും അടുപ്പിൽവെച്ച പാത്രങ്ങൾ മറിച്ചിട്ടും കാറ്റ് ഹുങ്കാരവം മുഴക്കിക്കൊണ്ടിരുന്നു. ഇരുട്ടിൽ തങ്ങൾ അക്രമിക്കപ്പെടുമോ എന്ന് സഖ്യകക്ഷികൾ പരസ്പരം ഭയപ്പെട്ടു. ഒടുവിൽ അബൂസുഫിയാൻ പറഞ്ഞു. ഇനിയും ഇവിടെകൂടി നശിക്കുന്നതിൽ അർത്ഥമില്ല നമുക്ക് തിരിച്ചുപോകാം. രാവിലെയായപ്പോൾ ശത്രുസൈന്യത്തിന്റെ പൊടിപോലും ബാക്കികാണാഞ്ഞ് മുസ്‌ലിംകൾ അല്ലാഹുവിന് നന്ദി കാണിച്ച് സുജൂദ് ചെയ്തു. ഇതോടെ മുസ്‌ലിംകളെ നിശ്ശേഷം തകർത്തുകളയാമെന്ന വ്യാമോഹം ശത്രുഹൃദയങ്ങളിൽ അസ്തമിച്ചു.

സഖ്യകക്ഷികൾ പിൻവാങ്ങിയത് കണ്ടപ്പോൾ ആരുംതന്നെ ആയുധം അഴിച്ചുവെക്കരുതെന്ന് തിരുനബി(സ) കല്പിച്ചു. തങ്ങളുടെ കൂടെനിന്ന് ഒറ്റുകൊടുത്ത ജൂതന്മാരെ ഇനിയും വെറുതെ വിട്ടുകൂടെന്ന് അദ്ദേഹം തീരുമാനിച്ചു. അലി കൊടിയേന്തി. എല്ലാവരും ബനൂകുറൈള കോട്ടയിലേക്ക് മാർച്ച് ചെയ്തു. ഒരുമാസം കോട്ട ഉപരോധിച്ചു പിന്നെ അവർ കീഴടങ്ങി.

ഈ സന്ദർഭത്തിലാണ് അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം നിങ്ങൾക്ക് സമാധാനചിത്തരായിക്കൊണ്ടും തല മുണ്ഡനംചെയ്തുകൊണ്ടും കഅബ തവാഫ് ചെയ്യാമെന്ന് നബി(സ) സ്വപ്നം കാണുന്നത്. തന്റെ സ്വപ്നം പ്രവാചകൻ(സ) അനുചരരെ അറിയിക്കുകയും ഉംറ ചെയ്യാൻ ഉദ്ദേശിക്കുന്ന അവിശ്വാസികളെയും വിശ്വാസികളേയും ക്ഷണിച്ചുകൊണ്ട് വിളംബരപ്പെടുത്തുകയും ചെയ്തു. മുസ്‌ലിംകൾക്ക് വിശിഷ്യാ മുഹാജിറുകൾക്ക് ഇതിൽപ്പരമൊരു ആഹ്ലാദമുണ്ടോ. *(തുടരും)*

# ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റ)

**ലോ**കത്തെമ്പാടുമുള്ള അഹ്മദികളെ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് ഈയിടെ നമ്മോട് എന്നെന്നേക്കുമായി വിടപറഞ്ഞ ഖലീഫത്തുൽ മസീഹ് റാബിഅ്(റ) നമുക്ക് ആത്മീയാചാര്യൻ മാത്രമായിരുന്നില്ല. വിജ്ഞാനത്തിന്റെ പ്രകാശഗോപുരവുമായിരുന്നു.

ലോകത്ത് മുഴുവൻ ആത്മീയതയുടെ ദിവ്യാനുഗ്രഹം ചൊരിഞ്ഞ മിർസാ താഹിർ അഹ്മദ്(റ) തന്റെ അസാധാരണമായ വിജ്ഞാനവും അദ്വിതീയമായ ധൈഷണികതയും വേണ്ടുവോളം പ്രദർശിപ്പിച്ചു.

അല്ലാഹുവിന്റേയും റസൂൽകരിം(സ.അ)ന്റെയും പ്രവചനങ്ങളും വാഗ്ദാനങ്ങളുമനുസരിച്ച് അനിവാര്യമായ ഇസ്ലാമിന്റെ ഉയിർത്തെഴുന്നേൽപിൽ അദ്ദേഹം വഹിച്ച പങ്ക് അത്ഭുതകരമാണ്. മുബാഹല എന്ന ഗാണ്ഡീവായുധം ഒരുപക്ഷേ ഇസ്ലാമിന്റെ ചരിത്രത്തിൽ ഇത്രമാത്രം ശക്തമായും ഫലപ്രദമായും ഉപയോഗിച്ച മറ്റൊരു മുസ്ലിംനേതാവ് ഇതിന് മുമ്പുണ്ടായിട്ടില്ല.

പാക്കിസ്ഥാൻ ഏകാധിപതി സിയാഉൽഹഖിന്റെ ഉരുക്കുമുഷ്ടികളിൽനിന്നും അത്ഭുതകരമായി രക്ഷപ്പെട്ടതും ജമാഅത്തിനെതിരായ നീക്കം അവസാനിപ്പിച്ചില്ലെങ്കിൽ അല്ലാഹുവിന്റെ അദൃശ്യകരങ്ങളാൽ ധൂളീകരിക്കപ്പെടുമെന്ന് മുന്നറിയിപ്പും പ്രവചനവും നടത്തിയതും തുടർന്ന് അക്ഷരാർത്ഥത്തിൽ തന്നെ ആ പ്രവചനം പൂർത്തീകരിച്ചുകൊണ്ട്, നീലാകാശത്തിന്റെ അനന്തതയിൽവെച്ച് സർവ്വസന്നാഹങ്ങളുമടങ്ങിയ സിയായും സിയായുടെ ആകാശക്കപ്പലും ഭസ്മമായതും സമീപകാലചരിത്രവും ഗവേഷണവിദ്യാർത്ഥികൾ അത്ഭുതത്തോടെ പഠിക്കുന്ന സമസ്യകളുമാണ്.

ടെലിവിഷൻ ചാനലുകൾ ഇന്നത്തേതുപോലെ പിറവിയെടുക്കുന്നതിന് മുമ്പ് സമ്പദ്സമൃദ്ധിയുടെ കൊടുമുടിയിലുള്ള ഇസ്ലാമികരാജ്യങ്ങൾപോലും അവയെക്കുറിച്ച് ചിന്തിക്കുന്നതിനു മുമ്പ് അഹ്മദിയ്യാ ജമാഅത്ത് എന്ന ഒരു കൊച്ചുസമൂഹത്തിന്റെ നേർകാഴ്ചകളുമായി എം.ടി.എ. എന്ന ടിവി ചാനൽ ആ മഹാത്മാവ് സ്ഥാപിച്ചത് വൈജ്ഞാനിക-സാങ്കേതികരംഗത്തെ എങ്ങനെ തബ്ലീഗിന് ഉപയോഗിക്കാം എന്ന പുതിയ പരീക്ഷണമായിരുന്നു. സർവ്വശക്തരായ ക്രിസ്ത്യൻ സമൂഹങ്ങൾക്കുപോലും അപ്രാപ്യമായിരുന്ന ആ പരീക്ഷണത്തിലൂടെ വാഗ്ദത്തമസീഹിന്റെ സന്ദേശം ലോകത്തിന്റെ കോണുകളിലോളം എത്തിക്കുമെന്ന പ്രവചനമാണ് അക്ഷരാർത്ഥത്തിൽ പുലർന്നിട്ടുള്ളത്.

ഇസ്ലാം വാളുകൊണ്ടല്ല നാവും ശബ്ദവും ബുദ്ധിയും വിജ്ഞാനവും കൊണ്ടാണ് എന്നും വളർന്നിട്ടുള്ളതെന്ന അടിസ്ഥാനദർശനം ഖലീഫത്തുൽ മസീഹ് റാബിഅ്(റ) തുർന്നുള്ള സംവത്സരങ്ങളിലൂടെ തെളിയിച്ചു.

'മാൻ ഓഫ് ഗോഡ്' എന്ന പ്രഖ്യാതമായ ഗ്രന്ഥം എഴുതപ്പെട്ടത് അദ്ദേഹത്തെക്കുറിച്ചായിരുന്നു എന്ന് നമുക്കറിയാം. എന്നാൽ 'മാൻ ഓഫ് മാസ്സസ്' അഥവാ ജനപദങ്ങളുടെ നായകൻ എന്ന നിലയിൽ അദ്ദേഹം ലോകത്തിന്റെ പ്രവിശാലതയിൽ പടരുന്നതാണ് നാം പിന്നീട് കണ്ടത്. ആഫ്രിക്കയിലെ ഇരുണ്ട ഭൂമുഖങ്ങളിലും യൂറോപ്പിലേയും ആസ്ത്രേലിയയിലേയും വെളുത്ത തെരുവുകളിലും അഹ്മദിയെ കാഫിറാക്കാൻ വെമ്പുന്ന മുസ്ലിം സമൂഹങ്ങളിലും കുരിശിന്റെ നാടുകളിൽപോലും തിരുമനസ്സ് നടത്തിയ ജൈത്രയാത്രകൾ ഇസ്ലാമിന്റെ എക്കാലത്തേയും പുളകമണിയിക്കുന്ന രോമാഞ്ചം വിരിയിക്കുന്ന ഗാഥകളാണ്. ഇത്രമാത്രം യാത്രചെയ്ത മറ്റൊരു മതനേതാവ് ലോകത്തുണ്ടായിട്ടില്ല എന്ന് പറയാം. ഖാദിയാൻ എന്ന കുഗ്രാമത്തിൽനിന്നും ഉദിച്ചുയർന്ന് ശത്രുക്കൾ വലയം ചെയ്ത റബ്വാ നഗരത്തിൽ വളർന്ന് ലണ്ടൻ എന്ന കുരിശിന്റെ നാട്ടിൽനിന്നും വിജയത്തിന്റെ വിഹായസ്സിലേക്ക് ചിറകിട്ടടിച്ച് പറന്ന പ്രതിഭാസമാണ് അദ്ദേഹത്തിന്റെ ഖിലാഫത്ത്.

ലോകം മുഴുവൻ അദ്ദേഹം നടത്തിയ പ്രഭാഷണങ്ങൾ, ചോദ്യോത്തരവേദികളിലെ വിശദീകരണങ്ങൾ, ടെലിവിഷൻ അഭിമുഖങ്ങൾ, ലേഖനങ്ങൾ, ഗ്രന്ഥങ്ങൾ, സർവ്വോപരി വെള്ളിയാഴ്ചതോറുമുള്ള ഖുത്ബാ പ്രഭാഷണങ്ങൾ എന്നിവയിലൂടെ തിരുമനസ്സ് വിജ്ഞാനത്തിന്റെ പുതിയൊരു ലോകമാണ് അവതരിപ്പിച്ചത്. സൂര്യന് കീഴിലുള്ള ഏത് വിഷയത്തെക്കുറിച്ചും അദ്ദേഹം കാര്യകാരണസഹിതം വ്യാഖ്യാനങ്ങൾ അവതരിപ്പിച്ചു. ഇസ്ലാമിന്റെ വീക്ഷണത്തിൽ അദ്ദേഹം ശാസ്ത്രത്തെ അപഗ്രഥിച്ചു. സാഹിത്യ-സാംസ്കാരിക- കായികരംഗങ്ങളിൽപോലും ഒരു താഹിർടച്ച് നല്കുംവിധം അദ്ദേഹം ഇസ്ലാമിക പാരമ്പര്യം പുനരവതരിപ്പിച്ചു. ലോകത്തിലെ മറ്റൊരു ധിഷണാശാലിക്കും സാധിക്കാത്തവിധം മനോഹരമായ വിവക്ഷകളും വ്യാഖ്യാനങ്ങളും മനുഷ്യവംശം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് അദ്ദേഹം ലോകത്തിന് നല്കി. തന്റെ എല്ലാ കണ്ടെത്തലുകൾക്കും അദ്ദേഹം വഴികാട്ടിയും ആധാരശിലയുമായി വിശുദ്ധഖുർആനെ എടുത്തുകാട്ടി. ഖുർആനികമോ ഇസ്ലാമികമോ അല്ലാത്തതൊന്നും അദ്ദേഹം പറഞ്ഞില്ല, പ്രവർത്തിച്ചില്ല. പക്ഷെ, തിരുമനസ്സിന്റെ നാവിലൂടേയും തൂലികയിലൂടേയും വ്യാഖ്യാനിക്കപ്പെടുമ്പോഴാണ് നിരവധി മഹത്തായ സത്യങ്ങൾ ഖുർആനികമാണെന്നും ഇസ്ലാമികമാണെന്നും മുസ്ലിംപണ്ഡിതലോകംതന്നെ അറിയുന്നത്. അതിന്റെ ഏറ്റവും നല്ല ഉദാഹരണം മുബാഹല തന്നെയായിരുന്നു. തിരുനബിചരിത്രത്തിന്റെ ഏടുകളിൽനിന്നും അദ്ദേഹമാണ് ഖുർആനികമായ മുബാഹലയുടെ തിളക്കം ആധുനികലോകത്ത് ആദ്യമായി എടുത്തുകാട്ടിയത്.

ഖലീഫത്തുൽ മസീഹ് റാബിഅ്(റ)ന്റെ മാസ്റ്റർ പീസ് എന്ന് വിളിക്കാവുന്ന ഗ്രന്ഥമാണ് റവലേഷൻ, റാഷനാലിറ്റി, നോളജ് ആന്റ് ട്രൂത്ത് എന്ന വിശ്വവിഖ്യാതമായ രചന. നിരവധി സംവത്സരങ്ങളിലൂടെ, തീവ്രമായ സഹനത്തിലൂടെയും തീഷ്ണമായ ചിന്തകളിലൂടെയും അഗാ

ധമായ പഠനത്തിലൂടെയും അദ്ദേഹം നടത്തിയ ആഴമേറിയ ഗവേഷണങ്ങളുടെ ആകത്തുകയാണ് ആ ഗ്രന്ഥം. അതിനോട് കിടപിടിക്കാവുന്ന ഒരു പുസ്തകം ആധുനികലോകത്ത് ഒരാത്മീയാചാര്യനും എഴുതിയിട്ടില്ലെന്ന് പറയാം. വരും നാളുകളിലും അങ്ങനെയൊരു പുസ്തകം മറ്റൊരാൾ എഴുതുമോ എന്ന് അല്ലാഹുവിന് മാത്രം അറിയാവുന്ന ഒരത്ഭുതമായിരിക്കും.

യുഗാന്തരങ്ങളിലൂടെ മനുഷ്യന്റെ വളർച്ചയും സംസ്കാരങ്ങളും ബുദ്ധിവികാസങ്ങളും ജീവിതരീതികളും ആ ബൃഹദ്ഗ്രന്ഥത്തിൽ അദ്ദേഹം വരച്ചുകാട്ടുന്നു. ഇന്നേവരെ വിജ്ഞാനലോകത്തിന് അജ്ഞാതമായ നിരവധി ഗോത്രങ്ങൾ, സംസ്കാരങ്ങൾ, അവയുടെ ചിന്താധാരകൾ എന്നിവ ഒരു ചലച്ചിത്രത്തിലെന്നപോലെ അതിന്റെ താളുകളിൽ നിറഞ്ഞുനില്ക്കുന്നു. അശരീരികൾ, വെളിപാടുകൾ, ദൈവസമ്പർക്കം, ദൈവികസംസർഗ്ഗം, വഹ്യ്, ദർശനം, സ്വപ്നം തുടങ്ങി ഭൗതികശാസ്ത്രത്തിന് ഇന്നോളം വിശദീകരിക്കാനാവാത്ത എത്രയോ സമസ്യകൾ ലളിതമായി ആ ഗ്രന്ഥം വ്യാഖ്യാനിക്കുന്നു. വിവിധ മതങ്ങൾ, വ്യത്യസ്തമായ വിശ്വാസങ്ങൾ, യുക്തിവാദം, അതീന്ദ്രിയവാദങ്ങൾ, അദ്വൈതം, ദ്വൈതം, വേദാന്തങ്ങൾ, ഉപനിഷത്തുകൾ, തൗറാത്തും ഇഞ്ചീലും, ഭഗവത്ഗീത, പൗരാണികവിശ്വാസങ്ങൾ, ദൈവവിശ്വാസത്തിന്റെ പ്രഭാവം ആദിമമനുഷ്യർ മുതൽ ആധുനികമനുഷ്യൻവരെ- എന്നിങ്ങനെ ഒരു പുരുഷായുസ്സിൽ പഠിച്ചുതീർക്കാനാവാത്തത്ര ബൃഹത്തായ, വിശാലമായ വിഷയങ്ങൾ തിരുമനസ്സ് ആ ഗ്രന്ഥത്തിൽ ഇസ്ലാമികവീക്ഷണമനുസരിച്ച് വ്യാഖ്യാനിക്കുന്നു.

ഇസ്ലാം വിജ്ഞാനത്തിന്റേയും ശാസ്ത്രസത്യങ്ങളുടെയും ഉറവിടമാണെന്നും വിശുദ്ധഖുർആൻ സർവ്വവിജ്ഞാനങ്ങളുമുൾക്കൊള്ളുന്നുവെന്നും ഒരുപക്ഷേ തിരുമനസ്സിനെപോലെ ലോകത്തെ പഠിപ്പിച്ച ഒരു മതാചാര്യനും ആധുനികലോകത്ത് ഉണ്ടായിട്ടില്ലെന്ന് ആ ഒരൊറ്റ ഗ്രന്ഥം സംശയലേശമന്യേ തെളിയിക്കുന്നു. ചരിത്രകാരനും, ശാസ്ത്രജ്ഞനും, സാഹിത്യകാരനും, മതാചാര്യനും ജനനായകനും ഒക്കെയായുള്ള അദ്ദേഹത്തിന്റെ ബഹുമുഖ പ്രതിഭയും വ്യക്തിത്വവിശേഷങ്ങളും ആ പുസ്തകത്തിന്റെ ഓരോ താളിലുമുണ്ട്. റസൂലിനെ ഇത്രമാത്രം അറിഞ്ഞൊരാൾ- അല്ലാഹുവുമായി ഇത്രമാത്രം ബന്ധമുള്ളയാൾ- വിശുദ്ധഖുർആന്റെ ഗഹനതകൾ ഇത്രമാത്രം അറിഞ്ഞൊരാൾ- അങ്ങനെ തിരുമനസ്സിന്റെ പല മുഖങ്ങൾ ആ മഹത്ഗ്രന്ഥം വെളിപ്പെടുത്തുന്നു. ആ ഗ്രന്ഥത്തെക്കുറിച്ചുള്ള ഗവേഷണങ്ങളും പഠനങ്ങളും നിരൂപണങ്ങളും ഇന്ന് ലോകത്തെമ്പാടും നടക്കുന്നുണ്ട്. പക്ഷെ എല്ലാവരും ഒരൊറ്റ ശ്വാസത്തിൽ പറയുന്ന ഒരഭിപ്രായം നമുക്ക് അഭിമാനപൂർവ്വം ഓർക്കാം- ഹസ്റത്ത് മിർസാ താഹിർ അഹ്മദ്(റ) ഒരു ജീനിയസ്സായിരുന്നു, വിജ്ഞനത്തിന്റെ നിറകുടമായിരുന്നു- എന്ന സത്യം.

ആ വിജ്ഞാനത്തിന്റെ വിശാലസാഗരം മുഴുവൻ ഉപയോഗിച്ചത് ഇസ്ലാമിന് വേണ്ടിയായിരുന്നു. അദ്ദേഹത്തിന്റെ വിജ്ഞാനപരമായ സേവനങ്ങൾ ഇസ്ലാമും അഹ്മദിയ്യാ ജമാഅത്തും നിലനില്ക്കുവോളം ഓർമ്മിക്കപ്പെടും. അഹ്മദിയ്യത്ത് നേടുന്ന അന്തിമമായ ഇസ്ലാമിന്റെ വിജയം വിജ്ഞാനത്തിന്റെ വിശ്വമോഹന വജ്രായുധത്തിലൂടെയാകുമെന്ന് ഇന്ന് ലോകത്തിന് തന്നെ ബോധ്യപ്പെട്ടത് ഒരുപരിധിവരെ തിരുമനസ്സ് വിജ്ഞാനത്തിന്റെ തേരിലേറി നടത്തിയ അശ്വമേധത്തിലൂടെയാണ്. അദ്ദേഹം അഴിച്ചുവിട്ട വിജ്ഞാനത്തിന്റെ യാഗാശ്വത്തെ പിടിച്ചുകെട്ടാനുള്ള ഒരു ശക്തിയേയും അല്ലാഹു ജനിപ്പിച്ചിട്ടില്ല. കാരണം ആ വിജ്ഞാനം അല്ലാഹുവിലുള്ള പരമമായ വിശ്വാസം തന്നെയായിരുന്നു.

*സമ്പാ: എസ്.വി. ആമിന, കണ്ണൂർടൗൺ*

## സന്തോഷവാർത്ത!!

2005-ലെ ലജ്നാഇമാഇല്ലായുടെ അഖിലേന്ത്യാ ഇജ്തിമാഇൽ സംസ്ഥാനാടിസ്ഥാനത്തിൽ മികച്ച പ്രവർത്തനത്തിന് കേരളം മൂന്നാം സ്ഥാനം നേടി. ഒന്നാം സ്ഥാനം ബംഗാളും, രണ്ടാം സ്ഥാനം കർണ്ണാടകയും കരസ്ഥമാക്കി. നിസ്വാർത്ഥമായ പ്രയത്നംകൊണ്ട് കേരളത്തെ മൂന്നാംസ്ഥാനത്തെത്തിച്ച് ട്രോഫി നേടിയതിൽ കേരള ലജ്നാ ഇമാഇല്ലാഹ് പ്രസിഡന്റ് അമത്തുൽ ഹഫീസ് സാഹിബാക്ക് കേരള ലജ്നാ ഇമാഇല്ലാഹ് സഹോദരിമാരുടെയും അന്നൂറിന്റെയും അഭിനന്ദനങ്ങൾ! തുടർന്നും നല്ലനിലയിൽ പ്രവർത്തിക്കാൻ അല്ലാഹു ആരോഗ്യവും കരുത്തും നൽകട്ടെ. ആമീൻ.

ലജ്നാഇമാഇല്ലായുടെയും നാസിറാത്തിന്റെയും മികച്ച പ്രവർത്തനത്തിന് ട്രോഫി നേടിയ ജമാഅത്തുകൾ.

*ലജ്നാഇമാഇല്ലാഹ്-* മഞ്ചേശ്വരം, പഴയങ്ങാടി, കണ്ണൂർടൗൺ, കൂടാളി, കോഴിക്കോട്, കൊടിയത്തൂർ, വാണിയമ്പലം, കൽക്കുളം, കരുളായ്, പത്തപ്പിരിയം, അലനെല്ലൂർ, മുറിയക്കണ്ണി, എറണാകുളം, കാക്കനാട്, കൊച്ചി, കരുനാഗപ്പള്ളി, കവറത്തി.

*നാസിറാത്തുൽ അഹ്മദിയ്യാ-* പഴയങ്ങാടി, കണ്ണൂർ സിറ്റി, കൂടാളി, കോഴിക്കോട്, മുറിയക്കണ്ണി, മണ്ണാർക്കാട്, വാണിയമ്പലം, കൽക്കുളം, കൊച്ചി, കാക്കനാട്, കവറത്തി.

പ്രസ്തുത ജമാഅത്തുകൾക്ക് പ്രത്യേകം അഭിനന്ദനം അറിയിക്കുന്നതോടൊപ്പം കൂടുതൽ മികച്ച പ്രവർത്തനം കാഴ്ചവെക്കാൻ കഴിയട്ടെ എന്ന് ദുആ ചെയ്യുന്നു. മറ്റു ജമാഅത്തുകളും ഉണർന്ന് പ്രവർത്തിച്ച് സംഘടനയെ മുന്നോട്ടു നയിക്കാൻ അല്ലാഹു തൗഫീഖ് നല്കട്ടെ. ആമീൻ.

ഫാത്തിമ മഹ്മൂദ്

# സിനിമയും സ്ത്രീകളും

ഇന്ന് ടെലിവിഷൻ പരിപാടികളുടെ സ്ഥിരം പ്രേക്ഷകരായിരിക്കുകയാണ് സ്ത്രീകൾ. പ്രത്യേകിച്ച് സിനിമയുടെയും സീരിയലുകളുടെയും. ആധുനിക വനിത എന്നവകാശപ്പെടുന്നവർക്ക് നിശ്വാസവായു പോലെയായിത്തീർന്നിരിക്കുകയാണ് സിനിമ. കാരണം ഒരു സദസ്സിൽ അവൾക്ക് പ്രശോഭിക്കണമെങ്കിൽ സിനിമാലോകത്തെക്കുറിച്ച് അവഗാഹം നേടിയേതീരൂ. മുസ്‌ലിംസ്ത്രീകളേയും ഈ ക്യാൻസർ കാർന്നുതിന്നുകൊണ്ടിരിക്കുന്നുവെന്നത് ദുഃഖകരമായ സത്യമാണ്.

നല്ല സിനിമകൾ കാണാം എന്ന ചില മുസ്‌ലിം സംഘടനാനേതാക്കന്മാരുടെ പ്രഖ്യാപനം അവർക്ക് ആശ്വാസവും തണലുമേകുന്നു. സിനിമ നല്ലതോ ചീത്തയോ എന്നറിയണമെങ്കിൽ ആദ്യം അത് കാണണം. കണ്ടതിനുശേഷം ചീത്ത സിനിമയാണെങ്കിൽ തെറ്റായി. നല്ലതാണെങ്കിൽ ശരിയും. ഇങ്ങനെ ഒരേസമയം രണ്ട് തോണിയിൽ കാലിട്ട അവസ്ഥയിലാകുന്നു.

സിനിമയിൽ പാഠം ഉൾക്കൊള്ളാനുണ്ടെന്നാണ് മറ്റൊരു ന്യായം. ലോകത്തിനുതന്നെ മാർഗ്ഗദർശനമായി വിശുദ്ധഖുർആൻ കയ്യിലുള്ളപ്പോൾ പാഠവും തേടി മറ്റൊരു മാധ്യമത്തിന്റെ പിന്നാലെ പോവേണ്ട ആവശ്യമുണ്ടോ?

വിശുദ്ധഖുർആനിൽ എവിടെയും സിനിമ കാണരുതെന്ന കല്പനയില്ലെന്നതാണ് മറ്റൊരു ന്യായം. മദ്യവും ചൂതും വിരോധിക്കാൻ കാരണമായി വിശുദ്ധഖുർആൻ പറയുന്നത് അവയുടെ ദോഷം ഗുണത്തേക്കാൾ വളരെ വലുതാണ് എന്നാണ്. ഈ രണ്ട് കുറ്റകൃത്യങ്ങളുടെയും പ്രധാന ദോഷം അവ നന്മയെ വിലക്കുന്നു എന്നതാണ്. സൽകർമ്മങ്ങൾ ചെയ്യുന്നതിന് തടസ്സമായി ഇവ എപ്പോഴും വർത്തിക്കുന്നു.

സിനിമയിൽ മദ്യപാനത്തിന്റേയും ചൂതുകളിയുടേയും ദോഷങ്ങൾ സമ്മേളിച്ചിരിക്കുന്നതായി കാണാം. നമസ്കാരം പോലുള്ള ആരാധനാകൃത്യങ്ങൾ നിർവഹിക്കുന്നതിനും ആത്മീയകാര്യങ്ങൾ അഗാധമായി ചിന്തിക്കുന്നതിനും മദ്യപാനം അസാധ്യമാക്കുന്നു. യഥാസമയത്തുള്ള ഏകാഗ്രതയോടെയുള്ള നമസ്കാരത്തിനും ദിക്റെ ഇലാഹിക്കുള്ള അവസരത്തിനും സിനിമ തടസ്സമായി വർത്തിക്കുന്നു. മദ്യലഹരിക്കടിമപ്പെട്ട സമയത്ത് കുടുംബാംഗങ്ങളോടുള്ള കടമകളെ വിസ്മരിക്കുന്നതുപോലെ സിനിമ കാണുമ്പോഴും സ്വന്തം കടമകൾ വിസ്മരിക്കുന്നു. ചൂതുകളിയിലൂടെ എന്നപോലെ സിനിമയിലൂടെയും ധാരാളം സമയവും പണവും പാഴാക്കപ്പെടുന്നു. സിനിമയിൽ കാണുന്ന ഫാഷന്റെ പിന്നാലെ കൂടി പണം ചെലവഴിക്കുന്നതിനിടയിൽ സക്കാത്തിന്റെ കാര്യവും വിസ്മരിച്ചുപോകുന്നു. സിനിമയും സീരിയലും കണ്ടുകൊണ്ടുള്ള നോമ്പ് നോമ്പാവുകയില്ല. ഹജ്ജിനുവേണ്ടിയുള്ള സാമ്പത്തികവും ആത്മീയവുമായ തയ്യാറെടുപ്പിനും സിനിമ തടസ്സം നിൽക്കുന്നു. ഇസ്‌ലാമിന്റെ നിർബന്ധിത കർമ്മപരിപാടികൾക്ക് തന്നെ തടസ്സമായി നിൽക്കുന്ന സിനിമയും സീരിയലും തീർത്തും തെറ്റാണെന്ന് യാതൊരു സംവാദത്തിന്റേയും ആവശ്യമില്ലാതെതന്നെ വിശുദ്ധഖുർആനിൽ നിന്ന് തെളിയുന്നു. ഭാവിയും ഭൂതവും വർത്തമാനവും സംസാരിക്കുന്ന വിശുദ്ധഖുർആനിൽനിന്ന് ഗുണത്തേക്കാളധികം ദോഷമുള്ളതെല്ലാം 'ഹറാ'മാണെന്ന് മനസ്സിലാക്കാം.

ഇന്ന് സിനിമ ലോകത്തിന്റെ ഗതിവിഗതികളെ തന്നെ മാറ്റിമറിച്ചിരിക്കുന്നു. പ്രായവർഗ്ഗവംശലിംഗഭേദമന്യേ എല്ലാ മനുഷ്യരേയും ഈ ലഹരി ബാധിച്ചുകഴിഞ്ഞിരിക്കുന്നു. മുലപ്പാലിന്റെ ഗന്ധം വിട്ടുമാറാത്ത ചുണ്ടുകൾക്കിടയിൽനിന്ന് ഉതിർന്നുവീഴുന്ന ലൗസോംഗിന്റേയും കുട്ടികളുടെ 'വായിൽ കൊള്ളാത്ത വർത്തമാന'ത്തിന്റേയും കാരണക്കാരൻ സിനിമതന്നെ. സിനിമ യുവാക്കളെ അലസരും കുറ്റവാളികളും ജീവിതത്തിന്റെ യാഥാർത്ഥ്യബോധം നഷ്ടപ്പെട്ടവരും ആക്കിത്തീർത്തിരിക്കുന്നു.

ഖുർആൻ പാരായണത്തിലും ദിക്റെ ഇലാഹിയിലും മുഴുകി മരണസമയവും പ്രതീക്ഷിച്ചുകഴിയുമായിരുന്ന വൃദ്ധജനങ്ങൾ ഇന്ന് സിനിമയുടേയും സീരിയലിന്റേയും സമയം പ്രതീക്ഷിച്ചിരിക്കുകയും കാണാൻ സാധിക്കാത്തവർക്ക് കഥകൾ പറഞ്ഞുകൊടുക്കുന്നതിൽ ഉത്സാഹം കാണിക്കുകയും ചെയ്യുന്നു. ഒന്നിച്ചുള്ള സിനിമ കാണലിലൂടെ മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധത്തിന്റെ പരിശുദ്ധി നഷ്ടപ്പെട്ടിരിക്കുന്നു. കാണാതെ വിട്ടുപോയ കഥാഭാഗങ്ങൾ മക്കൾ മാതാപിതാക്കൾക്കും മാതാപിതാക്കൾ മക്കൾക്കും വള്ളിപുള്ളി വിടാതെ കൂട്ടുകാർക്കെന്നവണ്ണം വിവരിച്ചുകൊടുക്കുന്നത് ഒരു സാധാരണ സംഭവം.

സിനിമാലഹരിക്കടിമപ്പെട്ട സ്ത്രീ വരുംതലമുറയെ നാശത്തിൽ ആപതിപ്പിക്കും എന്ന് മാത്രമല്ല കുടുംബത്തിലെ ഓരോ അംഗത്തിനും പ്രകാശം പകരുന്ന കെടാവിളക്കായി പ്രശോഭിക്കാൻ ഒരിക്കലും അവൾക്ക് കഴിയില്ല. തന്റെ കുട്ടികളോടും ഭർത്താവിനോടും മാതാപിതാക്കളോടും മറ്റു ബന്ധുക്കളോടുമുള്ള കടമകൾ നിർവ്വഹിക്കാനും അവർ അർഹിക്കുന്ന പരിഗണന യഥാസമയം നൽകാനും അവൾക്ക് സാധിക്കില്ല. മാതൃകായോഗ്യരായ കുടുംബിനികളുടെ എത്ര

കഥകൾ അവൾ കണ്ടാലും ശരി.

അഹ്മദിസ്ത്രീകൾ അല്ലാഹുവിന്റെ ദാസികളാണ്. തന്റെ യജമാനന് അനിഷ്ടകരമായതൊന്നും പ്രവൃത്തിക്കാൻ അവൾ ഇഷ്ടപ്പെടില്ല. സിനിമാഭ്രാന്തിൽപെട്ട് കുടുംബത്തെ തകർക്കാൻ ഒരിക്കലും അവൾ തയ്യാറാകില്ല. നാളെ ഇസ്‌ലാമിന്റെ വെന്നിക്കൊടിയേന്താൻ തക്കവണ്ണം ശാരീരികവും മാനസികവും ആത്മീയവുമായ നിലയിൽ കുട്ടികളെ തയ്യാറാക്കേണ്ടത് അവളാണ്. നിങ്ങൾ പരസ്പരം വസ്ത്രങ്ങളാണെന്ന ഖുർആൻ വചനത്തിന്റെ പൊരുൾ അന്വർത്ഥമാക്കുംവിധം ഭർത്താവിനെ സേവിക്കേണ്ടത് അവളുടെ കടമയാണ്. നിങ്ങളുടെ മാതാപിതാക്കൾക്ക് വിനയത്തിന്റെ ചിറക് താഴ്ത്തിക്കൊടുക്കുക എന്ന ഖുർആന്റെ കല്പന അവൾക്ക് അനുസരിക്കണം. ഇതരബന്ധുക്കളുടെ അവകാശങ്ങളോർമ്മിപ്പിച്ചുകൊണ്ട് ഹുസൂർ ചെയ്യുന്ന ഖുത്ബകൾ അവൾക്ക് പ്രാവർത്തികമാക്കാനുണ്ട്. ദുർനോട്ടത്തിൽനിന്ന് അകന്നുനിൽക്കുക എന്ന ബൈഅത്തിന്റെ നിബന്ധനയും അവൾക്ക് മുറുകെ പിടിക്കേണ്ടതുണ്ട്. തന്റെ ഒഴിവുവേളകൾ ജമാഅത്തിന് ഉപകാരപ്രദമാകുന്ന രീതിയിൽ ഉപയോഗിക്കാനേ അവൾ ഇഷ്ടപ്പെടൂ. സദഖ, സക്കാത്ത്, വിവിധതരം ചന്ദകൾ തുടങ്ങിയ നിരവധി ധനത്യാഗമാർഗ്ഗങ്ങൾ അവൾക്ക് പ്രയോജനപ്പെടുത്താനുണ്ട്. ഇതിനെല്ലാത്തിനുമുപരി യഥാസമയത്തുള്ള ഏകാഗ്രതയോടെയുള്ള നമസ്കാരം അവൾക്ക് ത്യജിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഒരു അഹ്മദിസ്ത്രീക്ക് ഒരിക്കലും ഭൂഷണമല്ല സിനിമ.

ലജ്നാ ഇമാഇല്ലായുടെ വന്ദ്യസ്ഥാപകൻ സിനിമയെക്കുറിച്ച് പറയുന്നു. ഇതുസംബന്ധമായി ഞാൻ ജമാഅത്തിനോട് കല്പിക്കുകയാണ് ഒരു അഹ്മദിയും സിനിമ, സർക്കസ് തുടങ്ങി ഒരുവിധ തമാശക്കും ഒരിക്കലും പോവരുത്. ഇവയിൽനിന്ന് പരിപൂർണ്ണമായി വിട്ടുനിൽക്കേണ്ടതാണ്. ബൈഅത്തിന്റെ വിലയും നിലയും മനസ്സിലാക്കുന്ന ആത്മാർത്ഥരായ ഓരോ അഹ്മദിക്കും ഇതുപോലുള്ള തമാശകൾ കാണുന്നതും മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുന്നതും അനുവദനീയമല്ല. സിനിമയെക്കുറിച്ച് ഞാൻ കരുതുന്നത് അത് ഇക്കാലത്തെ ഏറ്റവും വലിയ ശാപമാണെന്നാണ്. അത് നൂറുകണക്കിന് മാന്യരായ വീടുകളിലെ ആൺകുട്ടികളെ പാട്ടുകാരും പെൺകുട്ടികളെ നർത്തകികളും ആക്കിയിരിക്കുന്നു. സിനിമ, രാജ്യത്തിന്റെ സ്വഭാവത്തിനുമേൽ ഇത്തരത്തിലുള്ള വിനാശകരമായ സ്വാധീനമാണ് ചെലുത്തുന്നത്. ഞാൻ മനസ്സിലാക്കുന്നത്, ഞാൻ നിരോധിക്കുന്നില്ലെങ്കിൽപോലും വിശ്വാസിയുടെ ആത്മാവ് സ്വയംതന്നെ അതിനെതിരിൽ രോഷം കൊള്ളേണ്ടതാണ്."

ഒരു പാപത്തോട് സത്യവിശ്വാസിക്ക് വെറുപ്പു തോന്നുക സ്വാഭാവികമായും മാർഗ്ഗദർശികൾ അത് നിരോധിക്കുമ്പോഴാണ്. എന്നാൽ നിരോധിച്ചില്ലെങ്കിൽപോലും വെറുക്കപ്പെടേണ്ട ഒരു പാപമാണ് സിനിമ എന്നാണ് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ വാക്കുകൾ വ്യക്തമാക്കിത്തരുന്നത്.

***ഇക്റഅ്*** എന്ന ഖുർആനിക കല്പനയും 24 മണിക്കൂർ പ്രവർത്തിക്കുന്ന ഇസ്‌ലാമിക ചാനലും ഉള്ളപ്പോൾ ഒരഹ്മദിസ്ത്രീയെ തന്റെ വിലപിടിച്ച സമയം അശ്ലീലങ്ങളുടെ പിന്നാലെകൂടി കളയാൻ മനസ്സ് അനുവദിക്കില്ല. അഹ്മദിയ്യാ സാഹിത്യങ്ങൾകൊണ്ട് കൈരളി സമ്പന്നമാക്കപ്പെട്ടിരിക്കുന്നതും മിക്ക വീടുകളും എം.ടി.എയുടെ സംവിധാനംകൊണ്ട് അനുഗ്രഹിക്കപ്പെട്ടിരിക്കുന്നതും അവരുടെ ആഗ്രഹങ്ങൾ സഫലമാക്കുന്നു.

വരുംതലമുറകളേയും ചുറ്റുപാടിനേയും ലോകത്തിന്തന്നെ ശാപമായി മാറിയിരിക്കുന്ന സിനിമയിൽ നിന്ന് രക്ഷിക്കാൻ അഹ്മദിസ്ത്രീകൾ സ്വയം മാതൃക സൃഷ്ടിച്ചുകൊണ്ട് പരിശ്രമിക്കേണ്ട സമയമാണിത്. അശ്ലീലങ്ങൾ കാണിച്ച് ജനശ്രദ്ധ പിടിച്ചുപറ്റാൻ മത്സരിക്കുന്ന ചാനലുകളിൽനിന്ന് തികച്ചും വ്യത്യസ്തമായ എം.ടി.എ എന്ന ചാനലിനെ മറ്റ് സഹോദരിമാർക്ക് പരിചയപ്പെടുത്തിക്കൊടുക്കേണ്ടതാണ്.

യഥാർത്ഥ തൗഹീദിനെ ലോകത്ത് പരത്തുന്ന നബി(സ)യുടെ പ്രഭാവം വീണ്ടും ലോകത്ത് സ്ഥാപിക്കുന്ന കുടുംബബന്ധങ്ങൾ ഊട്ടിയുറപ്പിക്കാൻ പഠിപ്പിക്കുന്ന സകല ആത്മീയ ഭൗതികജ്ഞാനങ്ങളും കരസ്ഥമാക്കാൻ സഹായിക്കുന്ന 24 മണിക്കൂർ പ്രവർത്തിക്കുന്ന ഏക ഇസ്‌ലാമികചാനൽ എം.ടി.എ നമ്മുടേതാണെന്ന് അഹ്മദികളായ നമുക്ക് ഇന്ന് സാഭിമാനം പ്രഖ്യാപിക്കാം. ●

കുറിപ്പ് : **'അൽവസിയ്യത്ത്' എന്ന പുസ്തകം കൂടി ലജ്ന ഇമായില്ലായുടെ പരീക്ഷാസിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.**

## നിര്യാതയായി

കടലായി ജമാഅത്തിലെ മർഹൂം ജനാബ് റമളാൻ സാഹിബിന്റെ ഭാര്യ ഖദീജാ സാഹിബ (80 വയസ്സ്) 1.11.05-ന് വഫാത്തായി. *ഇന്നാലില്ലാഹി ഇന്നാഇലൈഹി റാജിഊൻ*. പള്ളിയുമായി സജീവബന്ധം പുലർത്തിയിരുന്നു. മൂത്തമകൻ പി.കെ. അബ്ദുൽ മജീദ് സാഹിബ് (സെക്രട്ടറി മാൽ, കടലായി)നു ശേഷം ജനിച്ച അഞ്ച്കുട്ടികളും ബാല്യത്തിലേ മരിച്ചുപോയിരുന്നു. പരേതയുടെ മഗ്ഫിറത്തിനായി ദുആക്കപേക്ഷ.

(മിർസാ മസ്റൂർ അഹ്മദ്)

# “തേരീ ആജിസാന രാഹെ ഉസെ പസൻദ് ആയീ”

(തുടർച്ച)

## (വിനയാന്വിതമായ നിന്റെ വഴികൾ അവന്നിഷ്ടപ്പെട്ടു)

**ഹ**സ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ എല്ലാ വസ്സിയ്യത്തുകളുമനുസരിച്ച് പ്രവർത്തിക്കേണ്ടത് എന്റെ ജമാഅത്തിലെ ഓരോ അംഗത്തിനും നിർബ ന്ധമാണ്. നിങ്ങളുടെ മജ്ലിസുകളിൽ അശുദ്ധിയു ടേയും അധിക്ഷേപത്തിന്റേയും പരിഹാസത്തിന്റേയും വിനോദങ്ങളൊന്നുമുണ്ടാകരുത്. സദ്മാനസ്സരും സ ദ്പ്രകൃതക്കാരും സദ്വിചാരക്കാരുമായിക്കൊണ്ട് ഭൂമി യിൽ നടക്കുക. എതിരിടാൻ പറ്റിയതല്ല എല്ലാ കലഹ ങ്ങളും. അതുകൊണ്ട് മാപ്പുകൊടുക്കുന്നതിന്റെയും വിട്ടുവീഴ്ച ചെയ്യുന്നതിന്റേയും ശീലം അധികമായി ഉണ്ടാക്കുക. സഹനത്തോടും സൗമ്യത്തോടുംകൂടി പ്രവർത്തിക്കുക. അനുവദനീയമല്ലാത്ത വഴിയിലൂടെ ആരുടെമേലും ആക്രമണം നടത്തരുത്. വികാരാവേ ശങ്ങളെ അമർത്തിവയ്ക്കുക. ആരെങ്കിലും സംവാദം നടത്തുകയോ മതപരമായ ചർച്ച നടത്തുകയോ ചെയ്താൽ ശാന്തമായും മാന്യമായും സംസാരിക്കു ക. ആരെങ്കിലും വിവരക്കേടു കാണിച്ചാൽ പെട്ടെന്ന് സലാം ചൊല്ലി അത്തരം മജ്ലിസുകളിൽനിന്ന് എഴു ന്നേറ്റുപോകുക. നിങ്ങൾ ഉപ്രവിക്കപ്പെടുകയും നിങ്ങളെ ചീത്തവിളിക്കുകയും നിങ്ങൾക്കെതിരെ അസഭ്യശര ങ്ങൾ ഉതിർക്കുകയും ചെയ്താൽ ജാഗ്രത പാലിക്കുക; വിഡ്ഢിത്തത്തെ വിഡ്ഢിത്തംകൊണ്ട് നേരിടരുത്. അങ്ങനെയായാൽ നിങ്ങളും അവരെപ്പോലെയായി ത്തീരും. നിങ്ങളെ, നന്മയിലും സാത്വികതയിലും ലോക ത്തിനു മുഴുവൻ മാതൃകയാകുന്ന ഒരു ജമാഅത്താക്കി ത്തീർക്കാനാണ് അല്ലാഹു ആഗ്രഹിക്കുന്നത്. തിന്മയുടേയും ദുഷ്ടതയുടേയും കലഹങ്ങളുടേയും ദുഷ്ചിന്തകളുടേയും മാതൃക കാണിക്കുന്നവരെ എത്രയും വേഗം നിങ്ങളുടെയിടയിൽനിന്ന് നീക്കിക്കളയുക. ദരി ദ്രഭാവത്തോടും നന്മയോടും പഥ്യാചരണത്തോടും സൗമ്യത്തോടും ശാന്തസംസാരത്തോടും സൽസ്വഭാ വത്തോടും സദാചാരത്തോടുംകൂടി നമ്മുടെ ജമാഅ ത്തിൽ തുടരാൻ സാധിക്കാത്തവർ എത്രയും വേഗം നമ്മിൽനിന്ന് അകന്നുകൊള്ളട്ടെ. അത്തരക്കാരൻ നമ്മു ടെയിടയിലിരിക്കുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല. തീർച്ചയായും അവൻ ഭാഗ്യംകെട്ടവനായി മരിക്കുന്ന താണ്. എന്തുകൊണ്ടെന്നാൽ, അവൻ സന്മാർഗ്ഗം സ്വീക രിച്ചില്ല. അതുകൊണ്ട് നിങ്ങൾ ജാഗരൂകരാകുവിൻ. യഥാർത്ഥത്തിൽ സദ്ഹൃദയരും ദരിദ്രഭാവക്കാരും സാത്വി കരും ആയിത്തീരുക. നിങ്ങൾ അഞ്ചുനേര നിസ്കാ രംകൊണ്ടും സൽസ്വഭാവംകൊണ്ടും തിരിച്ചറിയപ്പെടു ന്നതാണ്. ആരിലാണോ തിന്മയുടെ ബീജം ഉള്ളത് അവൻ ഈ ഉപദേശത്തിൽ നിലകൊള്ളാൻ സാധി ക്കുകയില്ല. (*തബ്ലീഗെ ഹിദായ വാല്യം 6, പേ: 43-44*)

ശത്രുക്കൾക്കെതിരിൽ ശാന്തതയും സൗമ്യതയും കൈക്കൊള്ളാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിനെ ഉപദേശിച്ചു. ഒരിക്കൽ ഉപദേശിച്ചു കൊണ്ട് പറഞ്ഞു: നമ്മുടെ ജമാഅത്തിൽപെട്ട ആർക്കെ ങ്കിലും ശത്രുക്കളുടെ ചീത്തപറച്ചിലും ദുർഭാഷണവും സഹിക്കാനാവുന്നില്ലെങ്കിൽ അയാൾക്കു കോടതിയിൽ പരാതികൊടുക്കാവുന്നതാണ്. എന്നാൽ, ക്രൂരത യ്ക്കെതിരിൽ ക്രൂരത കാണിച്ച് കലഹമുണ്ടാക്കുന്നത് ശരിയല്ല. ഇതാണ് നമ്മുടെ ജമാഅത്തിനെ ഉപദേ ശിക്കാനുള്ളത്. ഇതനുസരിച്ച് പ്രവർത്തിക്കാത്തവനെ നാം നമ്മുടെ ജമാഅത്തിൽനിന്ന് പുറത്താക്കുകയും അത്തരം വ്യക്തിയെ സംബന്ധിച്ച് ദുഃഖിക്കുകയും ചെയ്യുന്നു.

### ശത്രുവിന്റെ മാന്യതയെ സംരക്ഷിക്കൽ

ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിന് നല്കിയ ഉപദേശങ്ങൾ സ്വയം ജീവിതത്തിൽ പകർത്തി ക്കാണിക്കുകയും ചെയ്തിട്ടുണ്ട്. അതുകാണുമ്പോൾ മനുഷ്യൻ അത്ഭുതപ്പെട്ടുപോകും. വലിയ വലിയ സഹിഷ്ണുത പറയുന്നവർപോലും തങ്ങളുടെ ശത്രു വിനെതിരെ പകരംവീട്ടാൻ അവസാനം ഇറങ്ങിപ്പുറ പ്പെടുന്ന സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ, ഹസ്റത്ത് മസീഹ് മൗഊദ്(അ) അത്തരം സന്ദർഭം ഉണ്ടായപ്പോഴും ഉദാത്തമായ മാതൃകയാണ് കാഴ്ചവെ ച്ചത്. ഇത് സംബന്ധമായി ചില സംഭവങ്ങൾ വിവരിക്കാം.

ഡാക്ടർ മാർട്ടിൻ ക്ലാർക്കിന്റെ വധോദ്യമകേസ്സിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ ഒരിക്കൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി ക്രിസ്ത്യാനി കളുടെ പക്ഷം ചേർന്നു സാക്ഷിപറയാൻ വന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വക്കീൽ അനഹ്മ ദിയായ മൗലവി ഫസ്ൽദീൻ സാഹിബായിരുന്നു. അദ്ദേഹം മൗലവി മുഹമ്മദ് ഹുസയ്ൻബട്ടാലവിയുടെ തെളിവ് ബലഹീനമാണെന്നു സ്ഥാപിക്കാൻ അദ്ദേഹ ത്തിന്റെ കുടുംബത്തെയും പാരമ്പര്യത്തേയും കുറിച്ച് കുത്തികുത്തിയുള്ള ചില ചോദ്യങ്ങൾ ചോദിച്ചു. എന്നാൽ, ഹസ്റത്ത് മസീഹ് മൗഊദ്(അ) 'അതു വില ക്കുകയും അത്തരം ചോദ്യങ്ങൾ ഉന്നയിക്കാൻ താൻ അനുവദിക്കുന്നില്ലെന്ന്' അറിയിക്കുകയും ചെയ്തു. ഇത് പറഞ്ഞുകൊണ്ട് ഫസ്ലുദ്ദീൻ സാഹിബ് വേണ്ടാ ത്തത് പറയാതിരിക്കാൻ അദ്ദേഹത്തിന്റെ വായുടെ ഭാഗ ത്തേക്ക് തന്റെ കൈനീട്ടി. ഇങ്ങനെ ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്നെ സ്വയം അപകടത്തിലിട്ടുകൊണ്ട് തന്റെ ശത്രുവിന്റെ മാനംകാത്തു. മൗലവി ഫസ്ലു ദ്ദീൻ സാഹിബ് ഈ സംഭവം അത്ഭുതത്തോടെ സ്മരി ക്കാറുണ്ടായിരുന്നു; മിർസാ സാഹിബ് അത്ഭുതകരമായ സ്വഭാവ വൈശിഷ്ട്യത്തിന്റെ ഉടമയാണ്! ഒരാൾ അദ്ദേ ഹത്തിന്റെ, മാനത്തിന്റെയും ജീവന്റേയുംമേൽ ആക്ര മണം നടത്തുന്നു. അതിനുള്ള മറുപടിയിൽ അയാളുടെ

തെളിവ് ബലഹീനമാക്കുന്നതിനുവേണ്ടി ക്രോസ് വിസ്താരം ചെയ്യുമ്പോൾ ഞാൻ അത് സമ്മതിക്കില്ലെന്ന് പറഞ്ഞ് അദ്ദേഹം പെട്ടെന്നത് വിലക്കുന്നു. (*സീറത്തെ ത്വയ്യിബ ഹസ്റത്ത് മിർസാ ബശീർ അഹ്മദ്, പേ: 54, 55*)

ഇപ്പോൾപറഞ്ഞ കേസിൽ ചില മിഷണറിമാർ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ തികച്ചും വ്യാജമായ ആരോപണമാണ് ഉന്നയിച്ചത്. ആ പാതിരിമാരിൽ ഡാക്ടർ മാർട്ടിൻ ക്ലാർക്കായിരുന്നു മുൻപന്തിയിലുണ്ടായിരുന്നത്. എന്നാൽ, കോടതിയിൽ അല്ലാഹു മസീഹ് മൗഊദ്(അ)ന്റെ സത്യത വെളിപ്പെടുത്തി. അവിടന്ന് ആദരവോടുകൂടി മോചിതനായി. കോടതി വിധി കേൾപ്പിച്ചപ്പോൾ, ജില്ലാ മജിസ്ട്രേട്ടായ ക്യാപ്റ്റൻ ഡഗ്ലസ് ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് ചോദിച്ചു. ഈ കള്ളക്കുറ്റം ചുമത്തിയ കാരണത്താൽ ഡാക്ടർ മാർട്ടിൻ ക്ലാർക്കിന്നെതിരെ കേസ്കൊടുക്കാൻ താങ്കൾക്ക് അവകാശമുണ്ട്. പക്ഷേ, അവിടന്ന് ഒട്ടും താമസിയാതെ മറുപടി പറഞ്ഞു: ഞാനാർക്കെതിരെയും കേസ്സ് കൊടുക്കാൻ ആഗ്രഹിക്കുന്നില്ല. എന്റെ കേസ്സ് ആകാശത്തിലാണ്. (*സീറത്തെ ത്വയ്യിബ, പേ: 521*)

ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പിതൃസഹോദരപുത്രന്മാരായ മിർസാ ഇമാമുദ്ദീനും, മിർസാ നിസാമുദ്ദീനും സ്വത്തുസംബന്ധവും മതവിശ്വാസപരവുമായ കാരണത്താൽ അദ്ദേഹത്തിനോട് കഠിനമായ ശത്രുത പുലർത്തിപ്പോന്നു. ബുദ്ധിമുട്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ അവിടത്തെ വീട്ടിന്റെ അടുത്തുള്ള മസ്ജിദ് മുബാറക്കിന്റെ വഴിയിൽ ഭിത്തികെട്ടി. പള്ളിയിൽ നിസ്കരിക്കാൻ വരുന്നവർക്കും മസീഹ് മൗഊദ്(അ)നും ഖാദിയാനിലെ എണ്ണത്തിൽകുറഞ്ഞ അഹ്മദികൾക്കും അത് ബുദ്ധിമുട്ടുണ്ടാക്കി. തടവറ കൂടാതെതന്നെ അവർക്ക് തടവറയിൽ കഴിയേണ്ടിവന്നു. ഇക്കാരണത്താൽ വക്കീൽമാരുടെ നിർദ്ദേശപ്രകാരം കേസ് കൊടുക്കേണ്ടി വന്നു. ദീർഘകാലം ഈ കേസ് നടന്നു. അവസാനം ദൈവികമായ സുവാർത്തയനുസരിച്ച് അവിടന്ന് കേസിൽ വിജയിച്ചു. ഭിത്തി പൊളിച്ചുനീക്കി.

ഇതിനുശേഷം മസീഹ് മൗഊദ്(അ)നെ അറിയിക്കാതെ അദ്ദേഹത്തിന്റെ വക്കീൽ അവർക്കെതിരെ കോടതിചെലവിന് കേസു കൊടുത്തു. അങ്ങനെ നഷ്ടപരിഹാരം വസൂലാക്കാൻ നടപടി ആരംഭിച്ചു. തുടർന്ന് അവർ മസീഹ് മൗഊദിനോട് തങ്ങളെ എന്തിനാണ് അപമാനിക്കുന്നതെന്ന് ചോദിച്ചു ആളെ പറഞ്ഞയച്ചു. ഈ വിവരം ഹസ്റത്ത് മസീഹ് മൗഊദ്(അ) അറിഞ്ഞപ്പോൾ വക്കീലിനോട് ദേഷ്യപ്പെട്ടു. കേസ് പിൻവലിക്കാൻ നിർദ്ദേശിച്ചു.

താൻ ഇത് അറിഞ്ഞിരുന്നില്ലെന്നും, നിങ്ങൾ കോടതി ചെലവ് നല്കേണ്ടിവരികയില്ലെന്നും പറഞ്ഞ് അവരുടെയടുക്കലേക്ക് അവിടന്ന് ആളെ അയച്ചു. (*സീറത്തെ ത്വയ്യിബ, പേ: 59-60*)

നോക്കുക, സ്ഥിരമായി ദ്രോഹിച്ചുകൊണ്ടിരുന്ന ശത്രുവിനോടുപോലും ഈ രീതിയിലാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) പെരുമാറിയിരുന്നത്. എന്നല്ല, അവരോട് ഖേദം പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഇത്തരം ഉദാഹരണങ്ങൾ ലോകത്ത് വേറൊരിടത്തും ലഭിക്കുകയില്ല.

**ഈ കോട്ട് നാം ധരിക്കുന്നതാണ്**

ഹസ്റത്ത് മസീഹ് മൗഊദ്(അ) അങ്ങേയറ്റം വിനയാന്വിതനായിരുന്നു. വിനയം അവിടത്തെ രക്തത്തിൽ കലർന്നിരുന്നു. ഹസ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നു: ഞങ്ങളുടെ മാതൃമഹൻ ഹസ്റത്ത് സയ്യിദ് നാസിർ നവാബ് സാഹിബിന്റെ ഒരു അടുത്ത ബന്ധു ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ഖാദിയാനിൽവന്നു താമസിച്ചിരുന്നു. ഒരു ദിവസം തണുപ്പു കാരണത്താൽ ഞങ്ങളുടെ മാതൃമഹൻ താനുപയോഗിച്ചിരുന്ന ഒരു കോട്ട് ഒരു പരിചാരികയുടെ കൈയിൽ അദ്ദേഹത്തിന് കൊടുത്തയച്ചു. ഉപയോഗിച്ച കോട്ടായതിനാൽ അയാൾ അതിനെ നിന്ദാദൃഷ്ടിയോടെയാണ് കണ്ടത്. വേറൊരാൾ ഉപയോഗിച്ച വസ്ത്രം താൻ ഇടുകയില്ലെന്ന് പറഞ്ഞുകൊണ്ട് അത് അയാൾ മടക്കി. ആ പരിചാരിക കോട്ടുമായി പോകുന്നത് മസീഹ് മൗഊദ്(അ) കണ്ടു. വിവരം തിരക്കിയപ്പോൾ അവൾ എല്ലാ കാര്യവും പറഞ്ഞു. അതുകേട്ടപ്പോൾ അവിടന്ന് പറഞ്ഞു: "ഈ കോട്ട് മടക്കികൊണ്ടുപോകണ്ട. അതുമുഖേന മീർസാഹിബ് വേദനിക്കും. നീ ഈ കോട്ട് എനിക്കുതരിക. ഞാനത് ഇട്ടുകൊള്ളാം. ഞാനത് എടുത്തുവെന്ന് മീർസാഹിബിനോട് പറഞ്ഞാൽമതി."

ഇത് അങ്ങേയറ്റം അനുകമ്പയുടേയും സഹതാപത്തിന്റേയും അതിനെക്കാളുപരി അസാധാരണമായ വിനയത്തിന്റേയും എളിമയുടേയും സ്ഥാനമായിരുന്നു. ഉപയോഗിച്ച കോട്ട് അവിടന്ന് തനിക്കായിട്ടെടുത്തു. ഞങ്ങളുടെ മാതൃമഹന് വേദനയുണ്ടാകാതിരിക്കാനാണ് അങ്ങനെ ചെയ്തത്. മസീഹ് മൗഊദ്(അ)ന് കോട്ടിന്റെ കുറവൊന്നും ഉണ്ടായിരുന്നില്ല. നല്ല നല്ല കോട്ടുകൾ മസീഹ് മൗഊദ്(അ) അണിയാറുണ്ടായിരുന്നു. ദീനിന്റെ രാജാവായിരുന്നിട്ടും ഒരാൾ ഉപയോഗിച്ച കോട്ട് ഉപയോഗിക്കാൻ ഒരുമടിയും അവിടന്ന് കാണിച്ചില്ല. (*സീറത്തെ ത്വയ്യിബ, പേ: 64-65*)

ഈ സംഭവത്തിൽനിന്നെല്ലാം മനസ്സിലാകുന്നത് ഹസ്റത്ത് മസീഹ് മൗഊദ്(അ) അസാധാരണമായ വിനയം കാണിച്ചിരുന്നുവെന്നാണ്. ഇതുതന്നെയാണ് അവിടന്ന് തന്റെ ജമാഅത്തിൽനിന്ന് പ്രതീക്ഷിക്കുന്നതും. അതുകൊണ്ടുതന്നെ അല്ലാഹുതആല സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: "നിന്റെ എളിമയാർന്ന വഴികൾ അവനിഷ്ടപ്പെട്ടു." അവസാനമായി ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആയോടുകൂടി ഞാൻ ഈ വാക്കുകൾക്ക് വിരാമമിടുകയാണ്. അവിടന്ന് പറഞ്ഞു:

"ഇനി ഞാൻ അവസാനിപ്പിക്കുകയാണ്. ദുആ ചെയ്യുന്നു. എന്റെ അധ്യാപനങ്ങൾ നിങ്ങൾക്ക് ഗുണം ചെയ്യുമാറാകട്ടെ. നിങ്ങൾ ഭൂമിയിൽ നക്ഷത്രങ്ങൾ ആയിത്തീരുമാറ് അല്ലാഹു നിങ്ങളിൽ മാറ്റം ഉണ്ടാക്കുമാറാകട്ടെ. നിങ്ങളുടെ രക്ഷിതാവിൽനിന്ന് നിങ്ങൾക്ക് ലഭിച്ച ആ പ്രകാശംകൊണ്ട് ഭൂമി പ്രകാശിക്കുമാറാകട്ടെ. ആമീൻ."(പരീക്ഷാസിലബസ്) (*അവസാനിച്ചു*)

(*വിവ: മൗലവി മുഹമ്മദ് ഇസ്മാഈയിൽ സാഹിബ്*)

# സ്വാഗത ഗാനം

ഡോ. മുബാറക്ക മുഹമ്മദ്

അഹ്‌ലം വ സഹ്‌ലം മർഹബ
അഹ്‌ലം വ സഹ്‌ലം മർഹബ
സ്വാഗതം സ്വാഗതം വന്ദ്യഹുസൂറിന്നാ-
യർപ്പിച്ചീടുന്നഭിവാദനങ്ങൾ.
അഹ്മദിയ്യത്തിന്റെ ജന്മഗേഹത്തിലേ-
ക്കങ്ങേയ്ക്കൊരായിരം പൂച്ചെണ്ടുകൾ.
ഈ പുണ്യഖാദിയാൻ ദേശവും ഇന്ന് സ-
മ്മേളിച്ചൊരീ ജനസഞ്ചയവും
അഞ്ചാം ഖിലാഫത്തിൻ സാരഥിതൻ തിരു-
സാന്നിധ്യത്താലെത്ര ധന്യമായി.
ഇന്നീ സുദിനത്തിൻ സാക്ഷികളാകുവാൻ
ഈ മുഖശ്രീയൊന്നു ദർശിച്ചിടാൻ
തൗഫീഖ് നല്കിയ സർവ്വേശാ നിന്നെ-
യെമ്മട്ടിലീ ഞങ്ങൾ വാഴ്ത്തീടേണ്ടൂ.
അങ്ങ്തൻ കർമ്മപഥത്തിലൊരായിരം
നേട്ടത്തിൻ പൂക്കൾ വിരിഞ്ഞിടട്ടേ
ആയുരാരോഗ്യവും നേരുന്നിതങ്ങുതൻ
ജീവിതപാതയിലീ വിനീതർ.
ഇസ്‌ലാമിന്നാഗോള വിജയം വരിച്ചിടാൻ
അഞ്ചാംഖിലാഫത്തിൻ പൂന്തണലിൽ
അബലകൾ ഞങ്ങൾ അണി നിരന്നീടുന്നു
സർവ്വേശനേകട്ടെ ആത്മവീര്യം.

നാസിറാത്ത് കോർണർ

ത്വാഹിറ സിദ്ദീഖ, കണ്ണൂർ ടൗൺ

## അൽവാസികളോടുള്ള പെരുമാറ്റം

അയൽവാസികൾ അല്ലാഹുവിന്റെ ഒരനുഗ്രഹമാണ്. അയൽവാസികളില്ലാത്ത സ്ഥലങ്ങളിൽ പൊതുവെ ജനങ്ങൾ വസിക്കാനിഷ്ടപ്പെടാറില്ല. അയൽവാസി ശത്രുവാണെങ്കിൽപോലും ചില നിർണ്ണായകഘട്ടങ്ങളിൽ അവരേ പ്രയോജനപ്പെടുകയുള്ളൂ. അതുകൊണ്ടാണ്, അകന്നുകിടക്കുന്ന മിത്രത്തെക്കാൾ ഉത്തമൻ അടുത്തുകിടക്കുന്ന ശത്രുവാണെന്ന് പറയുന്നത്. വിശുദ്ധഖുർആൻ പറഞ്ഞു: അടുത്തബന്ധുവായ അയൽവാസിയോടും അന്യനായ അയൽവാസിയോടും തൊട്ടടുത്തുള്ള കൂട്ടുകാരനോടും നല്ലരീതിയിൽ പെരുമാറുക. അവർക്ക് നന്മ ചെയ്യുക. ഖുർആന്റെ ഈ കല്പന വളരെ പ്രാധാന്യ മർഹിക്കുന്ന ഒന്നാണ്.

അയൽവാസിയെ അനന്തരാവകാശിയാക്കി ത്തീർക്കുമെന്ന് ധരിക്കുവോളം അയൽവാസികളെ സംബന്ധിച്ച് ജിബ്‌രീൽ തന്നോട് വസിയ്യത്ത് ചെയ്തതായി നബി(സ) പറയുകയുണ്ടായി. കറി പാകം ചെയ്യുമ്പോൾ അയൽവാസിക്ക് നല്കാൻ അതിൽ അല്പം വെള്ളം കൂടുതൽ ചേർക്കാനും, നബി(സ) കല്പിച്ചു. ഏതൊരാളുടെ ഉപദ്രവത്തിൽനിന്ന് തന്റെ അയൽവാസിക്ക് അഭയമില്ലയോ അവൻ സത്യവിശ്വാസിയല്ലെന്ന് നബി(സ) പ്രഖ്യാപിച്ചു. ഒരയൽവാസിയും തന്റെ അയൽവാസിയുടെ മതിലിൽ അയാൾ ഒരു മരത്തടി ചാരിവെക്കുന്നത് തടയാൻ പാടില്ലെന്ന് അവിടന്ന് പറഞ്ഞു. മറ്റൊരവസരത്തിൽ ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നെങ്കിൽ അവൻ തന്റെ അയൽവാസിയെ ഉപദ്രവിക്കാതിരിക്കട്ടെ എന്ന് അവിടന്ന് നിർദ്ദേശിച്ചു.

തനിക്ക് രണ്ട് അയൽവാസികളുണ്ടെന്നും അവരിൽ ആർക്കാണ് താൻ സമ്മാനം നല്കേണ്ടതെന്നും ആയിശ(റ) ചോദിച്ചപ്പോൾ ഏറ്റവുമടുത്ത അയൽവാസിക്ക് ആദ്യം നല്കുക എന്ന് അവിടന്ന് പറഞ്ഞു.

അവിടന്ന് പറഞ്ഞു: അല്ലാഹുവിന്റെ പക്കൽ അയൽവാസികളിൽ ഗുണവാൻ തന്റെ അയൽവാസിയോടു നല്ലനിലയിൽ പെരുമാറുന്നവനാണ്. ഇങ്ങനെ ഖുർആനിലും ഹദീസുകളിലും നിരവധി നിരവധി സ്ഥലങ്ങളിൽ അയൽവാസികളുടെ അവകാശങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഇതെല്ലാം നബി(സ) തന്റെ ജീവിതത്തിൽ പകർത്തി കാണിക്കുകയും ചെയ്തു. അവയെല്ലാം നമ്മുടെ ജീവിതത്തിലും പകർത്താൻ നാം ബാധ്യസ്ഥരാണ്. അല്ലാഹു അതിനുള്ള തൗഫീഖ് നമുക്ക് നല്കുമാറാകട്ടെ. ആമീൻ.

**തെ**റ്റുകളിൽനിന്നും തെറ്റുകളിലേക്ക് വഴുതിവീണുകൊണ്ടിരിക്കുന്ന മനുഷ്യന് വീണ്ടുവിചാരത്തിനും പശ്ചാത്താപത്തിനും പ്രായശ്ചിത്ത ത്തിനും വഴിയൊരുക്കുവാനാണ് റമസാനിലെ നോമ്പ് ദൈവം നിശ്ച യിച്ചിരിക്കുന്നത്. നന്മയിലേക്കു തിരിച്ചുപോകുവാൻ അവനെ പ്രേരിപ്പി ക്കാനായി അതിലെ നന്മകൾക്ക് പത്തിരട്ടി പ്രതിഫലവും അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു. പക്ഷേ പാപച്ചെളിയിൽ ആണ്ടുമുങ്ങിയ മനുഷ്യൻ... താൻ ചെയ്യുന്ന പാപമാണ് ഏറ്റവും നല്ല പുണ്യമെന്ന് കരു തുന്ന മനുഷ്യൻ. തിന്മ വിതച്ച് തിന്മ കൊയ്യുകയാണെങ്ങും. പ്രഭാതവി ശുദ്ധിയിൽ സൃഷ്ടികർത്താവിന്റെ മുമ്പിൽ സാഷ്ടാംഗം നമസ്കരിക്കുന്ന നിഷ്കളങ്കരായ ഒരുപിടി മനുഷ്യരുടെ രക്തംവീഴ്ത്തിയാണ് റമസാന്റെ ആദ്യദിനം ഒരുകൂട്ടം മനുഷ്യാധമന്മാർ തുടങ്ങിവെച്ചതുതന്നെ. തന്റെ സൃഷ്ടിക്ക് ഏറെ പൊറുത്തുകൊടുക്കുന്ന ദൈവം പരിധിവിട്ടപ്പോൾ തന്റെ കോപത്തിന്റെ കെട്ടഴിച്ചുവിടുന്ന കാഴ്ചയാണ് പിന്നെ ലോകം കണ്ടത്. ദൈവശിക്ഷയെന്ന് വിലപിക്കുന്ന നിഷ്കളങ്കഹൃദയങ്ങളെ ആശ്വസിപ്പിക്കുവാൻ ലോകമെമ്പാടുമുള്ള മനുഷ്യസ്നേഹികൾ ഒത്തു കൂടി. ദുരിതാശ്വാസപ്രവർത്തനം നടത്തിക്കൊണ്ടിരിക്കേ ഇരുട്ടുപടർന്ന മനസ്സും അതിലേറെ തിമിരം ബാധിച്ച തലച്ചോറുമായി വീണ്ടും സ്ഫോട നങ്ങളും കൊലപാതകപരമ്പരകളും. ഇവരെന്തിനുവേണ്ടി!! ആരുടെ മോചനത്തിനായാണ് നരനായാട്ട്.. മനസാക്ഷിയുള്ളവർ ചിന്തിക്കട്ടെ... ലോകത്തെല്ലാഭാഗത്തും എത്രയെത്ര നിരപരാധികളുടെ രക്തം വീഴ്ത്ത പ്പെട്ടു. എത്ര അനാഥബാല്യങ്ങൾ! വന്ധ്യയുവത്വങ്ങൾ! ആരെന്ത് നേടി; ഒരീച്ചയുടെ ചിറകുപോലും സൃഷ്ടിക്കുവാൻ കഴിയാത്തവർ സംഹരി ക്കുന്നതെന്തിനായി. തോക്കു താഴെവെച്ച് ചൂലെടുക്കട്ടെ ഇവർ, സ്വന്തം മനസ്സിന്റെ അകത്തളങ്ങൾ തൂക്കുവാനായി... കാരുണ്യത്തിന്റെ ബാല പാഠങ്ങൾ ഉരുവിടട്ടെ. ലോകത്തെ സ്നേഹിക്കട്ടെ. സഹജീവികളെ സ്നേഹിക്കട്ടെ. അങ്ങനെവേണം പുതിയലോകം തീർക്കുവാൻ. വിമോ ചനം നേടുവാൻ. ഹൃദയങ്ങളെ കീഴടക്കിയവർ മാത്രമേ ലോകത്ത് നേട്ടം കൊയ്തിട്ടുള്ളൂ. ബാക്കിയെല്ലാം താൽക്കാലികംമാത്രം. ദേശ ങ്ങൾ, ജനതകൾ അവർക്കു നേടേണ്ട മോചനം സമാധാനത്തിലാണ്, സ്നേഹത്തിലാണ്. കശ്മീരിലായാലും പലസ്തീനിലായാലും ഇറാക്കി ലായാലും അതെ. വിപ്ലവം തോക്കിൻ കുഴലിലൂടെ വരേണ്ട. ചുരുങ്ങി യപക്ഷം മക്കൾക്കും മാതാക്കൾക്കുമെങ്കിലും... അവർക്ക് ഉറ്റവർവേണം. ഉടയവർവേണം. വിപ്ലവം എന്നാർത്ത് രക്തദാഹം തീർക്കുന്നവരെ ജന ങ്ങൾതന്നെ ഒറ്റപ്പെടുത്തുക. ലോകത്ത് ശാന്തി പുലരട്ടെ. ദൈവസൃഷ്ടി കൾ സമത്വത്തിന്റെ, സാഹോദര്യത്തിന്റെ തണുപ്പറിയട്ടെ.

റസൂൽ തിരുമേനി(സ) ഒരു പ്രഭാഷണത്തിൽ ഇങ്ങനെ പ്രസ്താവിച്ചതായി അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു.

'അല്ലയോ ജനങ്ങളെ! അല്ലാഹു ഹജ്ജ് കർമ്മം അവശ്യം നിർവ്വഹിക്കേണ്ടുന്ന ഒരു അനുഷ്ഠാനമാക്കിയിരിക്കുന്നു. അതുകൊണ്ട് നിങ്ങളത് അനുഷ്ഠിക്കുക.' ഇതുകേട്ട ഒരാൾ ചോദിച്ചു. അല്ലാഹുവിന്റെ ദൂതരേ! ഇതെല്ലാ വർഷവും അനുഷ്ഠിക്കേണ്ടതുണ്ടോ? തിരുനബി(സ) മൗനം അവലംബിച്ചു. അയാൾ ഈ ചോദ്യം മൂന്നുതവണ ആവർത്തിച്ചു. അപ്പോൾ തിരുനബി(സ) അരുളി. അതെ, (വേണം) എന്ന് ഞാൻ മറുപടി പറഞ്ഞിരുന്നെങ്കിൽ ഹജ്ജ് കർമ്മം എല്ലാ വർഷവും നിർബന്ധമായിത്തീരും. നിങ്ങൾക്ക് അതിനുള്ള കഴിവുണ്ടായി എന്ന് വരില്ല. നബി(സ) തുടർന്നു. ഞാൻ എന്തെങ്കിലും ഒന്നിനെപ്പറ്റി പറയാതിരുന്നാൽ നിങ്ങളതിനെപ്പറ്റി എന്നോട് അന്വേഷണം നടത്തരുത്. വളരെ കൂടുതൽ (ആവശ്യമില്ലാത്ത) ചോദ്യങ്ങൾ ചോദിക്കുകയും നബിമാരെ അനുസരിക്കാതിരിക്കുകയും ചെയ്തതിനാലാണ് നിങ്ങൾക്ക് മുമ്പുള്ള ജനതയെ (അല്ലാഹു) നശിപ്പിച്ചുകളഞ്ഞത്. ഞാൻ എന്തെങ്കിലും അനുഷ്ഠിക്കാനായി നിങ്ങളോട് ആജ്ഞാപിച്ചാൽ നിങ്ങളുടെ കഴിവിനനുസരിച്ച് അത് നിർവ്വഹിക്കുക. ഞാൻ എന്തെങ്കിലും വിലക്കിയാൽ നിങ്ങളതിനെ വർജ്ജിക്കുക.

(*മുസ്ലിം*)